ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും

## സർട്ടിഫിക്കറ്റ് പ്രോഗ്രാം

എൽ എസ് ജി – 01

## അധികാര വികേന്ദ്രീകരണം അടിസ്ഥാന ധാരണകൾ


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

*യൂണിറ്റുകൾ തയ്യാറാക്കൽ*
**ഡോ. സി.പി. വിനോദ്**
**അഡ്വ. കെ.ടി. ജോർജ്ജ്**
**ഡോ. വി.കെ. ഗോപി**
**കണ്ണൻ നായർ എം.**
**നന്ദകുമാർ സി**
**പി.വി. രാമകൃഷ്ണൻ**
**കെ.വി. അനിൽകുമാർ**
**കെ. ഗോപാലകൃഷ്ണൻ**

*സംശോധനം*
**കെ. ഗോപാലകൃഷ്ണൻ**
**ഡോ. സണ്ണി ജോർജ്ജ്**

*സ്ഥാപനതല ഏകോപനം*
**ജയചന്ദ്രൻ എം.ബി** (ഡിജിറ്റൽ സർവ്വകലാശാല)
**നേഹ കുര്യൻ** (കില)

*കമ്യൂണിക്കേഷൻ കൺസൾട്ടന്റ്*
**സി.എസ്. സലിൽ**

*പ്രോജക്റ്റ് ലീഡ്*
**ഡോ. സി.പി. വിനോദ്**

© ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, 2021

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും

## സർട്ടിഫിക്കറ്റ് പ്രോഗ്രാം

എൽ എസ് ജി – 01

## അധികാര വികേന്ദ്രീകരണം അടിസ്ഥാന ധാരണകൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

യൂണിറ്റ് 1

# അധികാരവികേന്ദ്രീകരണവും തദ്ദേശഭരണ നിർവഹണവും

## ഘടന

1.1 പഠന ലക്ഷ്യങ്ങൾ
1.2 ആമുഖം
1.3 വികേന്ദ്രീകരണം
1.4 എന്തല്ല വികേന്ദ്രീകരണം ?
1.5 എന്തുകൊണ്ട് വികേന്ദ്രീകരണം ?
1.6 വിവിധതരം വികേന്ദ്രീകരണം
1.7 വികേന്ദ്രീകരണം ഇന്ത്യയിൽ
1.8 ജനാധിപത്യ വികേന്ദ്രീകരണം
1.9 ജനാധിപത്യ വികേന്ദ്രീകരണവും ജനകീയാസൂത്രണവും
1.10 ജനപങ്കാളിത്തം
1.11 തദ്ദേശഭരണ നിർവഹണവും സർക്കാരും ഉദ്യോഗസ്ഥ സംവിധാനവും
1.12 സംഗ്രഹം
1.13 ഉത്തരങ്ങൾ
1.14 സൂചനാ പദങ്ങൾ
1.15 അധിക വായനയ്ക്ക്/അവലംബം

# അധികാരവികേന്ദ്രീകരണവും തദ്ദേശഭരണ നിർവഹണവും

## 1.1 പഠന ലക്ഷ്യങ്ങൾ

1. കേന്ദ്രീകൃത - വികേന്ദ്രീകൃത ഭരണസംവിധാനങ്ങളെക്കുറിച്ചുള്ള അടിസ്ഥാന സങ്കൽപ്പങ്ങളും രാഷ്ട്രീയ വ്യവസ്ഥയ്ക്കകത്ത് ഇവ എങ്ങനെ പ്രസക്തമാകുന്നു എന്നും ബോധ്യപ്പെടുന്നു
2. ജനാധിപത്യം എന്ന ആശയത്തെക്കുറിച്ചും അതിന്റെ പ്രയോഗത്തെക്കുറിച്ചും ധാരണയുണ്ടാകുന്നു.
3 അധികാരവികേന്ദ്രീകരണത്തിന്റെ പ്രസക്തിയും ആവശ്യകതയും ബോധ്യപ്പെടുന്നു.
4 വിവിധതരം വികേന്ദ്രീകരണങ്ങളെക്കുറിച്ച് വ്യക്തത കൈവരിക്കുന്നു
5. ഇന്ത്യയിൽ നടന്നഅധികാരവികേന്ദ്രീകരണ ശ്രമങ്ങളും അവയുടെ പരിണിത ഫലങ്ങളും ബോധ്യപ്പെടുന്നു.
6. ജനാധിപത്യ അധികാര വികേന്ദ്രീകരണം സാക്ഷാത്കരിക്കുന്നതിന് 73, 74 ഭരണഘടനാ ഭേദഗതികളുടെ സാധ്യതകൾ കേരളം എങ്ങനെ ഉപയോഗപ്പെടുത്തി എന്ന് തിരിച്ചറിയുന്നു.
7. പ്രാദേശിക ഭരണവ്യവസ്ഥയിൽ ജനങ്ങൾ, ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കിനെക്കുറിച്ച് ധാരണയുണ്ടാക്കുന്നു.

## 1.2 ആമുഖം

ആധുനിക ഭരണ സംവിധാനങ്ങൾ രൂപപ്പെട്ടകാലം മുതൽക്കുതന്നെ കേന്ദ്രീകരണത്തെകുറിച്ചും വികേന്ദ്രീകരണത്തെക്കുറിച്ചുമുള്ള ചർച്ചകളും സംവാദങ്ങളും നടന്നിട്ടുണ്ട്. കേന്ദ്രീകൃതമായി പ്രവർത്തിച്ചിരുന്ന ഭരണസംവിധാനങ്ങൾക്കകത്തു തന്നെ വികേന്ദ്രീകൃതമായ സാമൂഹിക ക്രമങ്ങളും പ്രവർത്തിച്ചിരുന്നതായി കാണാം. ജനങ്ങൾക്ക് തങ്ങളെ

സംബന്ധിച്ച തീരുമാനമെടുക്കുന്നതിൽ പങ്കാളികളാകുന്നതിനുള്ള അവകാശ ബോധം വികേന്ദ്രീകൃതഭരണക്രമത്തിൽ ദർശിക്കാൻ കഴിയും. വികേന്ദ്രീകരണം എന്ന ആശയ ത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കൽപ്പങ്ങളും രാഷ്ട്രീയ വ്യവസ്ഥയ്ക്കകത്ത് ഈ ആശയം പ്രസക്തമാവുന്നതെങ്ങനെയെന്നും ഇവിടെ വിശദീകരിക്കുന്നു. വിവിധതരം വികേന്ദ്രീ കരണങ്ങൾ എന്തെന്നും രാഷ്ട്രീയ വികേന്ദ്രീകരണവുമായുള്ള ഇവയുടെ ബന്ധവും ചർച്ച ചെയ്യുന്നു. ജനാധിപത്യ വികേന്ദ്രീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്നും വിവിധ ജനാധിപത്യ വികേന്ദ്രീകരണ പരീക്ഷണങ്ങളെക്കുറിച്ചും പങ്കാളിത്തത്തിന്റെ പ്രാധാന്യവും പരിശോധിക്കുന്നു. പ്രാദേശിക ഭരണ നിർവ്വഹണത്തിന്റെയും ഉദ്യോഗ സ്ഥ സംവിധാനത്തിന്റെയും (ബ്യൂറോക്രസി) പൊതുസവിശേഷതകളും വികേന്ദ്രീകൃത വ്യവസ്ഥയിലെ അവയുടെ പ്രത്യേകതകളും ഈ യൂണിറ്റിൽ വിലയിരുത്തുന്നു.

### 1.3 വികേന്ദ്രീകരണം

ഒരു സാമൂഹിക സംവിധാനത്തിനകത്തോ അല്ലെങ്കിൽ സ്ഥാപനത്തിലോ തീരുമാനം എടുക്കുന്നതിനും അതു നടപ്പിലാക്കുന്നതിനുമുള്ള അധികാരം താഴേ തല ത്തിലേക്ക് കൈമാറുന്നതിനെയാണ് വികേന്ദ്രീകരണം എന്ന് പറയുന്നത്. ഏതൊക്കെ തരത്തിലുള്ള തീരുമാനങ്ങൾ ഏതൊക്കെ തലങ്ങളിൽ എടുക്കാം എന്നും ഏതെല്ലാം കാര്യങ്ങൾ ഏതേതു സ്ഥലങ്ങളിൽ നടപ്പിലാക്കാം എന്നും എല്ലാവർക്കും വ്യക്തമായി മനസ്സിലാവുന്നവിധം തീർച്ചപ്പെടുത്തിയായിരിക്കും ഇത്.

എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നതും ചെയ്യുന്നതും മുകൾതട്ടിലുള്ള വിരലിലെ ണ്ണാവുന്നവർ മാത്രമാകുന്നത് കേന്ദ്രീകരണമാകുന്നു. തികച്ചും കേന്ദ്രീകൃതമായ സം വിധാനത്തിനകത്ത് താഴെ തട്ടിലുള്ളവർക്ക് അനുസരിക്കുക എന്ന ചുമതല മാത്രമേ ഉള്ളൂ. കാര്യങ്ങൾ തീരുമാനിക്കുന്നതിലോ നടത്തിപ്പിലോ യാതൊരു പങ്കാളിത്തവും ഉണ്ടാകില്ല. എല്ലാ സ്ഥാപനങ്ങളിലും ഏറിയും കുറഞ്ഞും കേന്ദ്രീകരണവും വികേന്ദ്രീ കരണവും കാണാൻ കഴിയും.

സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു ഭരണസംവിധാനത്തിൽ അധികാരം കേന്ദ്രീകൃതമായാണോ വികേന്ദ്രീകൃതമായാണോ നിലനിൽക്കുന്നത് എന്ന ചോദ്യം പ്രസക്തമാവുന്നത് അത്തരമൊരു തീരുമാനം സമൂഹത്തിലെ മുഴുവൻ ജനങ്ങളെയും ബാ ധിക്കുന്നു എന്നത് കൊണ്ടാണ്. ജനങ്ങളുമായി ബന്ധപ്പെട്ട വികേന്ദ്രീകരണം ആധുനിക സമൂഹത്തിൽ ഭരണകൂടത്തിന്റെ വികേന്ദ്രീകരണമായാണ് കണക്കാക്കുന്നത്. ഭരണകൂ ടവുമായി ബന്ധപ്പെടുന്നതു കൊണ്ടുതന്നെ അത് രാഷ്ട്രീയ വികേന്ദ്രീകരണവുമാകുന്നു.

അധികാര കേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും വ്യത്യസ്ത മാതൃ കകൾ ചരിത്രത്തിലും സമൂഹത്തിലും നമുക്ക് കാണാവുന്നതാണ്. ഭൂമിയുടെ ഉടമസ്ഥതാ അവകാശം വളരെ കുറച്ചു കുടുംബങ്ങളിലും സമുദായങ്ങളിലും മാത്രം നിലനിൽക്കുകയും ബാക്കിയുള്ളവരെല്ലാം നിർബന്ധിതമായി അധ്വാനം നൽകേണ്ടി വന്നതുമായ കേന്ദ്രീകൃത സാമൂഹിക അവസ്ഥ നമ്മുടെ സമൂഹത്തിലടക്കം ലോകത്ത് മിക്കവാറും എല്ലായിടത്തും കുറച്ചു പതിറ്റാണ്ടുകൾ മുൻപ് വരെ നിലനിന്നിരുന്നു. ഇതിന്റെ വിപുലമായ അധികാര ഘടനയായ രാജവാഴ്ച കേന്ദ്രീകരണത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. കേന്ദ്രീ കൃതമായ രാഷ്ട്രീയ അധികാരം ജന്മാവകാശമായും പാരമ്പര്യമായും നിലനിന്നിരുന്ന

ഭരണ വ്യവസ്ഥയായിരുന്ന രാജവാഴ്ച.

ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ജനാധിപത്യം. തുല്യതയുടെയും സാമൂഹിക നീതിയുടെയും സാമ്പത്തിക സമത്വബോധത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളിലേക്ക് അധികാരം കൈമാറുന്ന പ്രക്രിയയാണ് വിശാലമായ അർത്ഥത്തിൽ ജനാധിപത്യം. ഒരാളുടെ തീരുമാനം എല്ലാവരിലും നിർബന്ധമായി അടിച്ചേൽപ്പിക്കുന്നതിന് പകരം എല്ലാവരുടെയും അഭിപ്രായം പരിഗണിക്കുകയും ഭൂരിപക്ഷ അഭിപ്രായം നടപ്പിൽ വരുത്തുകയും ചെയ്യുംവിധം തീരുമാനമെടുക്കുന്നതിനുള്ള അധികാരം ജനങ്ങളിലേക്കോ ജനപ്രതിനിധികളിലേക്കോ വികേന്ദ്രീകരിക്കപ്പെടുന്നു.

ജനാധിപത്യമെന്നാൽ ജനങ്ങളാലുള്ള ഭരണം എന്ന് ലളിതമായി നിർവ്വചിക്കാറുണ്ട്. പരമമായി അധികാരം ജനങ്ങളിലാണെന്നും ജനങ്ങളോട് ഭരിക്കുന്നവർ ഉത്തരവാദപ്പെടുന്നു എന്നും ജനാധിപത്യ വ്യവസ്ഥ ഉറപ്പ് വരുത്തുന്നു. കൂടുതൽ കൂടുതൽ വികേന്ദ്രീകരിക്കുക എന്നാൽ ജനങ്ങളിലേക്ക് കൂടുതൽ അധികാരം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ്.

ആധുനിക ജനാധിപത്യ ഭരണ സംവിധാനത്തിനകത്ത് വ്യത്യസ്ത തലങ്ങൾക്കിടയിൽ, ഉദാഹരണത്തിന്, കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾക്കിടയിൽ അതാതിടങ്ങളിൽ ചെയ്യാൻ കഴിയുന്ന ചുമതലകൾ അതാതിടങ്ങളിൽ നിർവ്വഹിക്കുന്നതിനാവശ്യമായ അധികാരം നിയമപരമായി നിശ്ചയിക്കുകയും വിട്ടുനൽകുകയും ചെയ്യുന്നതിനെയാണ് അധികാരവികേന്ദ്രീകരണം എന്ന് അർത്ഥമാക്കുന്നത്. ഇത്തരത്തിൽ ഒരു തലത്തിൽ നിർവ്വഹിക്കാൻ കഴിയുന്ന കാര്യങ്ങൾ ആ തലത്തിൽ തന്നെ നിർവ്വഹിക്കുക, അവിടെ നിർവ്വഹിക്കാൻ കഴിയാത്ത കാര്യങ്ങൾ മാത്രം മുകൾത്തട്ടിൽ നിർവ്വഹിക്കുക എന്ന തത്വത്തെ കീഴ്തലമുൻഗണനാതത്ത്വം എന്നു പറയുന്നു. അതായത് ഒരു ഗ്രാമപഞ്ചായത്തിന് ചെയ്യാൻ കഴിയുന്ന കാര്യം അവിടെ തന്നെ നിർവ്വഹിക്കണം. അത് സംസ്ഥാനം ഏറ്റെടുക്കേണ്ടതില്ല.

## 1.4 എന്തല്ല വികേന്ദ്രീകരണം?

കേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും സങ്കൽപ്പങ്ങൾ ചർച്ച ചെയ്യുമ്പോൾ വിപരീതങ്ങളായ വ്യവസ്ഥകളും അവസ്ഥകളും ഉദാഹരണമായി പറയാമെങ്കിലും വ്യവസ്ഥാപിത ഭരണ വ്യവസ്ഥയിൽ കേന്ദ്രീകരണവും വികേന്ദ്രീകരണവും പരസ്പര നിഷേധമല്ല. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഘടനകൾ പരസ്പര ബന്ധിതവും വിധേയവുമായി പ്രവർത്തിക്കുന്നത് സന്തുലിതവും കാര്യക്ഷമവുമായ ഒരു ഭരണവ്യവസ്ഥയുടെ പ്രവർത്തനത്തിന് സഹായകമാണ്. ആരോഗ്യകരമായ ജനാധിപത്യ സംവിധാനങ്ങൾ ഇത്തരമൊരു പരസ്പര ബന്ധത്തെ ഊട്ടി ഉറപ്പിക്കുന്നു.

നിയമവാഴ്ചയും ഏകോപിത പ്രവർത്തനവും കേന്ദ്രീകൃത സംവിധാനം ഉറപ്പു വരുത്തുമ്പോൾ ക്രിയാത്മകവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങൾ വികേന്ദ്രീകൃത സംവിധാനത്തിലൂടെ സാധ്യമാവും. അതിരില്ലാത്ത കേന്ദ്രീകരണം സ്വേച്ഛാധിപത്യത്തിലേക്കും നിയന്ത്രണമില്ലാത്ത വികേന്ദ്രീകരണം അരാജകത്വത്തിലേക്കുമാണ് നയിക്കുക. അതിനാൽ നിയമവ്യവസ്ഥയാൽ നിയന്ത്രിക്കപ്പെടാത്ത അധികാരങ്ങളും ചുമതലകളും താഴെ തലങ്ങളിൽ സാധ്യമാക്കുന്നതല്ല വികേന്ദ്രീകരണം.

## 1.5 എന്തുകൊണ്ട് വികേന്ദ്രീകരണം?

ആധുനിക രാഷ്ട്രനിർമാണത്തിന്റെ ഭാഗമായാണ് എല്ലാ സമൂഹങ്ങളും കേന്ദ്ര ഗവണ്മെന്റും പ്രവിശ്യാ ഗവണ്മെന്റുകളും എന്നീ തലങ്ങളിലായി വികേന്ദ്രീകരണം നടപ്പാക്കപ്പെടുന്നത്. ഇതാകട്ടെ പൊതുവേ പത്തൊമ്പതാം നൂറ്റാണ്ട് മുതൽ ഏറ്റിറക്കങ്ങളോടെ സംഭവിച്ചതായാണ് വികേന്ദ്രീകരണ ചരിത്രം പഠിപ്പിക്കുന്നത്.

നഗരജീവിതവും തനതായ നഗര ഭരണക്രമവും നൂറ്റാണ്ടുകളായി നിലനിന്നു വന്നതാണെങ്കിലും വ്യവസായവൽക്കരണമാണ് ഇന്ന് കാണുന്ന തരം വലിയ നഗര വ്യവസ്ഥയെ പശ്ചാത്യ നാടുകളിൽ രൂപപ്പെടുത്തിയത്. വ്യവസായവൽക്കരണത്തോടൊപ്പം തന്നെ രൂപപ്പെട്ട സാമൂഹിക രാഷ്ട്രീയ മാറ്റങ്ങളും നിയമപരമായ ജനാധിപത്യ സംവിധാനങ്ങളുടെ ആവിർഭാവവും പുതിയ തരം നഗര ഭരണത്തിന് കാരണമായി. പത്തൊമ്പതാം നൂറ്റാണ്ടിലെ വലിയ മാറ്റങ്ങളുടെ പ്രധാന പരിണിത ഫലങ്ങളിലൊന്ന് മുനിസിപ്പലൈസേഷനാണ്. സ്വന്തം നികുതി വരുമാനം ഉപയോഗിച്ച് നഗരവാസികൾക്ക് കുടിവെള്ളം, വൈദ്യുതി, പാചക വാതകം, ട്രാം ഗതാഗതം തുടങ്ങിയവ നൽകുന്നതിൽ എടുത്ത സജീവമായ മുൻകൈയാണ് മുനിസിപ്പലൈസേഷൻ എന്ന് വിളിക്കപ്പെടാൻ കാരണമായത്.

എന്നാൽ ലാറ്റിൻ അമേരിക്കയിലും ആഫ്രിക്കയിലും അടക്കമുള്ള മറ്റ് പല രാജ്യങ്ങളിലും സ്വേച്ഛാധിപതികളായ ഭരണകർത്താക്കൾക്കെതിരായി ജനങ്ങൾ നടത്തിയ പ്രതിഷേധത്തിന്റെ ഭാഗമായാണ് വികേന്ദ്രീകരണ ആശയങ്ങളും ഭരണ സ്ഥാപനങ്ങളും രൂപപ്പെട്ടുവന്നത്. കോളനിവൽക്കരിക്കപ്പെട്ട ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ വികേന്ദ്രീകരണ മുന്നേറ്റങ്ങൾ കൂടിയായിരുന്നു. ഭരണ സൗകര്യത്തിനായി ബ്രിട്ടൻ കോളനി രാജ്യങ്ങളിൽ ഭരണപരമായ വികേന്ദ്രീകരണ നയം നടപ്പാക്കിയിരുന്നു. എന്നാൽ ജനങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്നതിനും അടിച്ചമർത്തുന്നതിനുമുള്ള ഉപാധികളായിരുന്നു അത്തരത്തിലുള്ള പ്രാദേശിക ഭരണരൂപങ്ങൾ.

വികേന്ദ്രീകരണം സ്വീകരിക്കുന്നതിന് പല കാരണങ്ങളുമുണ്ട്. ഒരു രാജ്യത്തെ ന്യൂനപക്ഷം വരുന്ന വിഭാഗങ്ങൾക്ക് പലപ്പോഴും കേന്ദ്രീകൃത ഭരണത്തിൽ മതിയായ പ്രതിനിധ്യം ലഭ്യമായെന്ന് വരില്ല. എന്നാൽ പ്രാദേശിക ഭരണത്തിൽ ഈ ജനവിഭാഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ തീർച്ചയായും കഴിയും. വിശാലമായ ജനാധിപത്യ പ്രക്രിയയിൽ വ്യത്യസ്ത ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്നതിന് വികേന്ദ്രീകരണത്തിലൂടെ കഴിയുന്നു. ആദിവാസി പഞ്ചായത്തുകളും ഊരുക്കൂട്ടങ്ങളുമെല്ലാം ആശയപരമായി ഇത്തരമൊരു ഉൾക്കൊള്ളൽ ലക്ഷ്യമാക്കിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തങ്ങളുടെ തനതായ ജീവിത പരിസരത്തിനകത്ത് തങ്ങൾക്ക് വേണ്ടവിധം വിദ്യാഭ്യാസവും, ആരോഗ്യവും, ഉൽപ്പാദനപ്രവർത്തനങ്ങളും സജ്ജമാക്കാൻ അവർക്ക് സഹായകരമാവണം എന്നതാണ് ലക്ഷ്യം. ചെറുതും വലുതുമായ എല്ലാ രാഷ്ട്രീയപാർട്ടികൾക്കും പ്രതിനിധ്യം ഉറപ്പാക്കുന്നതിനും സാധ്യമാകും. സ്ത്രീകളും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവരടക്കമുള്ള എല്ലാവിഭാഗങ്ങളിൽ നിന്നുമുള്ളവരിൽ നേതൃശേഷിയും ഭരണ പരിചയവും പടിപടിയായി വികസിപ്പിക്കുന്നതിനും പ്രാദേശിക ജനാധിപത്യ ഭരണ സംവിധാനങ്ങൾ വഴി സാധ്യമാവുന്നു. സാധാരണക്കാരായ ആളുകളെ ഉയർന്ന നേതൃപദവികളിലേക്ക് എത്തിക്കുന്നതിലൂടെ ജനാധിപത്യം കൂടുതൽ അർത്ഥപൂർണമാവുന്നു.

## പഠന പുരോഗതി വിലയിരുത്തൽ - ഒന്ന്

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**ഒരു മാർക്ക് വീതം**

1. ലോകത്ത് മിക്കവാറും എല്ലായിടത്തും നിലനിന്നിരുന്നതും കേന്ദ്രീകൃതഭരണ വ്യവസ്ഥയ്ക്ക് നല്ല ഉദാഹരണവുമായ ഭരണവ്യവസ്ഥ ഏത് ?
2. പശ്ചാത്യ നാടുകളിൽ മുനിസിപ്പലൈസേഷന് തുടക്കം കുറിച്ചത്എന്ന് ?
3. ഭരണാധികാരികളുടെ ദുർഭരണം മൂലം വികേന്ദ്രീകരണത്തിനു തുടക്കം കുറിച്ചത് എവിടെ ?

**II. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

1. --- - - - - - -വലിയ നഗരവ്യവസ്ഥയ്ക്ക് കാരണമായി?
2. രാജവാഴ്ചയിൽ രാജ്യാധികാരം -- - - - - - --ആയി ലഭിക്കുന്നു?
3. നിയന്ത്രണമില്ലാത്ത വികേന്ദ്രീകരണം---------------ന് കാരണമാകുന്നു?

**III. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**5 മാർക്ക് വീതം**

1. കീഴ്തലമുൻഗണനാതത്ത്വം എന്നാലെന്ത്?
2. അമിതമായ കേന്ദ്രീകരണവും നിയന്ത്രണമില്ലാത്ത വികേന്ദ്രീകരണവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം ?.
3. കോളനി രാജ്യങ്ങളിൽ ബ്രിട്ടൻ വികേന്ദ്രീകരണം നടപ്പിലാക്കിയത് എന്ത് ലക്ഷ്യത്തോടെയായിരുന്നു ?

### 1.6 വിവിധതരം വികേന്ദ്രീകരണങ്ങൾ

വികേന്ദ്രീകരണത്തെ പ്രധാനമായും മൂന്നായി തരംതിരിക്കാം.

1.രാഷ്ട്രീയം 2. ഭരണപരം 3.ധനപരം എന്നിവയാണ് അവ.

### 1.6.1 രാഷ്ട്രീയവികേന്ദ്രീകരണം

ജനങ്ങൾക്ക് നേരിട്ടോ അവർ നേരിട്ട് തിരഞ്ഞെടുക്കുന്ന പ്രതിനിധികൾക്കോ ഭരണപരമായ കാര്യങ്ങളിൽ കൂടുതൽ അധികാരവും പങ്കാളിത്തവും നൽകുന്നതിനെയാണ് രാഷ്ട്രീയ വികേന്ദ്രീകരണം എന്ന് വിളിക്കുന്നത്. വികസന പ്രവർത്തനങ്ങളിലും മറ്റ് സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിലും വിപുലമായ ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ രാഷ്ട്രീയ വികേന്ദ്രീകരണം സഹായിക്കുന്നു. പ്രാദേശികമായ വികസന വിഷയങ്ങളിലും ജീവിതത്തെ ബാധിക്കുന്ന മറ്റു പ്രശ്നങ്ങളിലും കൂട്ടായ ശബ്ദം ഉയരുന്നു എന്ന് ഉറപ്പ് വരു

ത്താൻ രാഷ്ട്രീയ വികേന്ദ്രീകരണം സഹായിക്കുന്നു. നമ്മുടേത് പോലുള്ള ബഹുകക്ഷി വ്യവസ്ഥയിലാണ് രാഷ്ട്രീയ വികേന്ദ്രീകരണം കൂടുതൽ സാധ്യമാവുന്നത്. കൃത്യമായ നിയമനിർമാണങ്ങളിലൂടെയും ചട്ടങ്ങളിലൂടെയുമാണ് ഇത് ഉറപ്പു വരുത്തുന്നത്.

### 1.6.2 ഭരണപരമായ വികേന്ദ്രീകരണം

ഭരണപരമായ വികേന്ദ്രീകരണം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് താഴേതട്ടിൽ വികസന പദ്ധതികളടക്കം നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ, ഫണ്ട്, ചുമതലകൾ, എന്നിവ കൈമാറുന്നതിനെയാണ്. ഒരു ഭരണവ്യവസ്ഥയിൽ കാര്യങ്ങൾ നടത്തുന്നതിനു വ്യവസ്ഥാപിതമായവിധം ചുമതലപ്പെട്ടവർ ആവശ്യമാണ്. ഉദാഹരണത്തിന് നമ്മുടെ ഭരണസംവിധാനത്തിൽ തീരുമാനങ്ങളെടുക്കുന്നത് ജനപ്രതിനിധികളുടെ സമിതികളാണ്. എന്നാൽ പദ്ധതികളുടെ നടത്തിപ്പ്, ആസ്തികളുടെ തുടർനടത്തിപ്പ്, ആസ്തികളുടെ സംരക്ഷണം മുതലായവയുടെ ഔദ്യോഗിക ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്.

ഭരണപരമായ വികേന്ദ്രീകരണം മൂന്ന് തരത്തിലുണ്ട്

1. അപകേന്ദ്രീകരണം
2. ചുമതലപ്പെടുത്തൽ
3. അധികാരകൈമാറ്റം

### i) അപകേന്ദ്രീകരണം അഥവാ ഡീ കോൺസെൻട്രേഷൻ

വളരെ പരിമിതമായ രൂപത്തിലുള്ള ഭരണ വികേന്ദ്രീകരണമാണിത്. കേന്ദ്രീകൃത ഭരണവ്യവസ്ഥയുള്ള ഇടങ്ങളിൽ കണ്ടു വരുന്നത് ഇത്തരത്തിലുള്ള വികേന്ദ്രീകരണമാണ്. കേന്ദ്ര ഭരണകൂടം അതിന്റെ തന്നെ വ്യത്യസ്ത തലങ്ങളിൽ പരിമിതപ്പെടുത്തി ഫണ്ടും, ചുമതലകളും വിഭജിച്ചു കൊടുക്കുന്നതിനെ ഇങ്ങനെ വിളിക്കാം. കൂടാതെ കേന്ദ്ര ഭരണകൂടത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ചുമതലകൾ താൽക്കാലികമായി ജില്ലാ, മേഖല തലങ്ങളിലേക്ക് കൊടുക്കുന്നതോ അല്ലെങ്കിൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങളെ ചുമതലപ്പെടുത്തുന്നതോ ഫീൽഡ്തല ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതോ ആയ വികേന്ദ്രീകരണമാണ് അപകേന്ദ്രീകരണം.

### ii) നിയതമായ ചുമതലപ്പെടുത്തൽ അഥവാ ഡെലിഗേഷൻ

കുറച്ചു കൂടെ വിശാലമായ അർത്ഥത്തിൽ ഭരണപരമായ അധികാരം വികേന്ദ്രീകരിക്കുന്ന സമ്പ്രദായമാണ് ഇത്. കേന്ദ്രീകൃത ഭരണ വ്യവസ്ഥയിൽ, നിയതമായി തന്നെ അധികാരം താഴെയുള്ള വ്യത്യസ്ത സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ സ്വഭാവമുള്ള സംവിധാനങ്ങളിലേക്കും കൈമാറുന്നതാണ് നിയതമായ ചുമതലപ്പെടുത്തൽ. ഒട്ടേറെ കാര്യങ്ങളിൽ സ്വന്തമായി തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം കീഴുദ്യോഗസ്ഥർക്കും സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കും.

### iii) അധികാരകൈമാറ്റം അഥവാ ഡിവൊല്യൂഷൻ

മൂന്നാമത്തെ ഭരണപരമായ വികേന്ദ്രീകരണമാണിത്. അധികാരവും ചുമതലകളും അത് നടപ്പാക്കാനുള്ള ഫണ്ട്, ഉദ്യോഗസ്ഥർ,സ്ഥാപനങ്ങൾ എന്നിവയും പ്രാദേശിക ഗവൺമെന്റുകൾക്ക് നിയമപരമായി കൈമാറുന്നതാണ് അധികാര കൈമാറ്റം. അതത് പ്രാദേശിക ഗവൺമെന്റുകൾക്ക് അവരവർക്കുള്ള നിയമപരമായ അവകാശം വ്യവസ്ഥാപിതമായി പ്രയോഗിക്കുന്നതിനുള്ള കൃത്യമായ അതിർത്തികൾ നിർണയിച്ചാണ് ഈ അധികാരം കൈമാറുന്നത്.

### 1.6.3 ധനപരമായ വികേന്ദ്രീകരണം

പണം ആര് കൈകാര്യം ചെയ്യുന്ന എന്നതും എത്രമാത്രം കൈകാര്യം ചെയ്യുന്നുവെന്നതും അധികാരം നിർണയിക്കുന്ന പ്രധാന ഘടകമാണ്. ഉദാഹരണത്തിന് നമ്മുടെ രാജ്യത്ത് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനങ്ങളിലേക്കും സംസ്ഥാനങ്ങളിൽ നിന്ന് പ്രാദേശിക സർക്കാരുകളിലേക്കും പണം കൈമാറുന്നതിന് നിർണയിക്കപ്പെട്ട വ്യവസ്ഥകളുണ്ട്. പണം നൽകാതെയുള്ള വികേന്ദ്രീകരണം അർത്ഥശൂന്യമാണ്. പണം നൽകുകയും നൽകിയ പണം നിയമ വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുന്നുവെന്ന് വ്യവസ്ഥാപിത മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തുകയും വേണം. ആവശ്യമായ ധനവിഭവം ആവശ്യപ്പെടുന്നതും ലഭ്യമാകുന്നതും അതതിടങ്ങളിലെ രാഷ്ട്രീയ വികേന്ദ്രീകരണത്തിന്റെ തോതുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ജനകീയാസൂത്രണത്തിന് മുൻപ് കേരളത്തിലും ബ്ലോക്ക് ഓഫീസ് വരെ മാത്രമേ പ്രാദേശിക വികസനത്തിനായുള്ള ഫണ്ടുകൾ കാര്യമായി എത്തിയിരുന്നുള്ളു. സംസ്ഥാനപദ്ധതി വിഹിതത്തിന്റെ ഏകദേശം മൂന്നിലൊന്ന് തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം 1996 -97 കാലഘട്ടത്തിൽ എടുത്തത് സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും വിപ്ലവകരമായ തീരുമാനമായിരുന്നു.

### 1.7 വികേന്ദ്രീകരണം ഇന്ത്യയിൽ

കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിന് പ്രാദേശിക സമുദായങ്ങൾക്കകത്ത് മുതിർന്നവരുടെ കൂട്ടായ്മകൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും നിലനിന്നതായി ചരിത്രകാരൻമാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും ജാതി പഞ്ചായത്തും നിലവിലുണ്ടായിരുന്നു. ജാതി പഞ്ചായത്ത് കുലത്തൊഴിലും കല്യാണവും മറ്റ് അനുബന്ധ ചടങ്ങുകളുമായി ബന്ധപ്പെടുത്തിയാണ് പ്രവർത്തിച്ചിരുന്നത്.

പഞ്ചായത്ത് എന്ന പദത്തിന്റെ അർത്ഥം തന്നെ അഞ്ച് പേരുടെ യോഗം എന്നാണ്. ഗ്രാമത്തിലെ പ്രധാന വീടുകളിൽ നിന്നുള്ള മുതിർന്ന പുരുഷൻമാർ മാത്രമായിരുന്നു ഇതിലെ അംഗങ്ങൾ. സെമിന്ദാർമാരടക്കമുള്ള നാട്ടുപ്രമാണിമാരുടെ കീഴിലായി ഗ്രാമീണ ജനവിഭാഗങ്ങൾക്കിടയിൽ വരുന്ന പൊതു ഭൂമിയും വെള്ളവും കന്നുകാലി മേച്ചിൽപ്പുറങ്ങളും വിഷയങ്ങളായി വരുന്ന തർക്കങ്ങൾ തീർക്കുന്ന അധികാര കേന്ദ്രങ്ങളായി ഇവ പ്രവർത്തിച്ചു.

ആധുനിക ജനാധിപത്യ സങ്കൽപ്പത്തിനകത്തുള്ള ഭരണപരമായ വികേന്ദ്രീകരണം ഭരണകൂടത്തെ ജനങ്ങളിൽ എത്തിക്കുന്നതിനും ജനങ്ങളുടെ പങ്കാളിത്തം ഭരണ

നിർവഹണത്തിൽ ഉറപ്പ് വരുത്തുന്നതിനുമാണ്. അതുകൊണ്ടു തന്നെ ജനകേന്ദ്രീകൃതമായ വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ചർച്ചകൾ രാജ്യത്തെ നയരൂപീകരണ വേദികളിലേക്ക് വരുന്നത് സ്വാതന്ത്ര്യാനന്തരമാണ്.

എന്നാൽ, അപകേന്ദ്രീകരണ മാതൃകയിൽ വികേന്ദ്രീകരണം ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ തന്നെ ഇന്ത്യയിൽ നടപ്പിലാക്കിയിരുന്നു. കൊളോണിയൽ ഭരണക്രമത്തിന്റെ അജണ്ട അടിസ്ഥാനപരമായി ചൂഷണമായതിനാൽ അതിനനുസരിച്ച് കോളനി രാജ്യത്തെ നിയന്ത്രിച്ച് ഭരിക്കാൻ അവശ്യമായത്ര വികേന്ദ്രീകരണമാണ് ഇന്ത്യയിലും നടപ്പാക്കിയത്. അതുകൊണ്ടുതന്നെ പ്രാദേശിക ഗവൺമെന്റുകൾ ശക്തിപ്പെടുത്താനുള്ള നിയമനിർമാണങ്ങൾ ഒന്നും തന്നെ പ്രയോഗത്തിൽ ഗുണപരമായി വന്നതായി കാണാൻ കഴിയില്ല.

1688 ൽ മദ്രാസ് മുനിസിപ്പൽ കോർപ്പറേഷനാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ച ആദ്യത്തെ പ്രാദേശിക ഭരണഅതോറിറ്റി. 1870 ൽ ലോർഡ് മേയോ ഭരണപരമായ വികേന്ദ്രീകരണത്തിനുള്ള ആശയം അവതരിപ്പിച്ചു. റിപ്പൺപ്രഭുവാണ് ഇത് പ്രായോഗികമാക്കുന്നതിനുള്ള പ്രധാന ചുവടുകൾ എടുത്തത്. പ്രാദേശിക ഭരണം ശക്തിപ്പെടുത്താനായി 1882 ൽ അദ്ദേഹം നടത്തിയ പ്രഖ്യാപനം ഇന്ത്യയിലെ പ്രാദേശിക ഭരണ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. 1909ലെ 'റോയൽകമ്മീഷൻ ഓൺ ഡീസെൻട്രലൈസേഷൻ' ഗ്രാമപഞ്ചായത്തുകളെ വികസിപ്പിക്കേണ്ടുന്ന ആവശ്യകതയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാനടപടികളും ജനങ്ങൾക്ക് അധികാരം നൽകുന്നതിന് അപ്പുറത്ത് ജനങ്ങളെ നിയന്ത്രിക്കുന്നതിന് ഗ്രാമതലം വരെ എത്തുന്ന സമഗ്രാധികാര ഭരണകൂടം സൃഷ്ടിക്കുകയായിരുന്നു കൊളോണിയൽ ഗവൺമെന്റ് ഫലത്തിൽ ചെയ്തത്.

ജനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാരാക്കുന്നതിന് വേണ്ട പ്രമേയം 1919ൽ തന്നെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഭാഗമായി പാസ്സാക്കിയിരുന്നു. ഭരണഘടനാ നിർമാണ കമ്മിറ്റിയുടെ പരിഗണനയിലേക്ക് വികേന്ദ്രീകരണത്തെക്കുറിച്ച് രണ്ടു തരം രാഷ്ട്രീയ കാഴ്ചപ്പാടുകളാണ് പ്രധാനമായും വന്നിരുന്നത്. ഇന്ത്യൻ ഗ്രാമങ്ങളിലും ഗ്രാമസ്വരാജിലും ഉറച്ചു വിശ്വസിച്ചുകൊണ്ട് ഭരണം ഉടൻ വികേന്ദ്രീകരിക്കണമെന്നുള്ള ഗാന്ധിയൻ സമീപനമായിരുന്നു ഒന്ന്. എന്നാൽ, ഈ രാഷ്ട്രീയ സമീപനത്തോട് അംബേദ്കർ ശക്തമായി വിയോജിച്ചു. ഇന്ത്യൻ ഗ്രാമങ്ങൾ ജാതീയതയുടെയും അറിവില്ലായ്മയുടെയും ഇടുങ്ങിയ ചിന്തയുടെയും ഇടങ്ങളാണെന്നും അധികാരം താഴോട്ട് കൊടുത്താൽ പ്രമാണിവിഭാഗങ്ങൾ അത് കൈയടക്കുമെന്നും ദുർബലരെ ചൂഷണം ചെയ്യാൻ അത് ഉപയോഗപ്പെടുത്തുമെന്നും അദ്ദേഹം വീക്ഷിച്ചു. ഈ അഭിപ്രായത്തിനാണ് ഭരണഘടനാ കമ്മിറ്റിയിൽ മുൻതൂക്കം കിട്ടിയത്.

അതുകൊണ്ടു തന്നെ പഞ്ചായത്ത് സംവിധാനം ഭരണഘടനയിലെ ആർട്ടിക്കിൾ 40 ആയി നിർദ്ദേശക തത്ത്വങ്ങളിൽ മാത്രം ചേർത്തു. പിന്നീട് ഏതാണ്ട് ഒരു ദശകത്തിന് ശേഷം 1957 ൽ ബൽവന്ത്റായ് മേത്തയുടെ അദ്ധ്യക്ഷതയിൽ രൂപീകൃതമായ കമ്മിറ്റി ത്രിതല പഞ്ചായത്തുകൾ എന്ന സങ്കൽപ്പം മുന്നോട്ടു വച്ചു. ഈ കമ്മിറ്റിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 1959 ഒക്ടോബർ 2ന് രാജസ്ഥാനിലെ നാഗോറിൽ പഞ്ചായത്തീ രാജ് സംവിധാനത്തിന്റെ ഔപചാരിക ഉദ്ഘാടനം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നിർവ്വഹിച്ചു. കൊളോണിയൽ പരിഷ്കാരങ്ങളിൽ നിന്നും വ്യത്യസ്തമായി ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ വിപ്ലവകരമായ ചുവടുവയ്പ്പായി ഇത് വിലയിരുത്തപ്പെട്ടു.

# പഠന പുരോഗതി വിലയിരുത്തൽ - രണ്ട്

**I. ശരി ഉത്തരം തിരഞ്ഞെടുത്ത് എഴുതുക**

**1 മാർക്ക് വീതം**

1. മദ്രാസ് മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചത് എന്ന് ?
   a) 1682 b) 1670 c) 1687 d) 1688
2. ഭരണപരമായ വികേന്ദ്രീകരണത്തിൽ ജനങ്ങളെ സംബന്ധിച്ച് മികച്ചതേത്?
   a) ഡെലിഗേഷൻ b) ഡിവൊല്യൂഷൻ
   c) ഡീകോൺസൻട്രേഷൻ d) ഇതൊന്നുമല്ല
3. ഇന്ത്യയിൽ പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിച്ച ബ്രിട്ടീഷുകാരൻ
   a) ലോർഡ് മായോ b) റിപ്പൺ പ്രഭു c) മൊണ്ടേഗു d) വെല്ലസ്ലി
4. പഞ്ചായത്തുകളെ വികസിപ്പിക്കുന്നതിനായി റോയൽ കമ്മീഷൻ ശുപാർശ സമർപ്പിച്ചത്
   a) 1909 ൽ b) 1919 ൽ c) 1887 ൽ d) 1882ൽ
5. ത്രിതല പഞ്ചായത്ത് സംവിധാനം ശുപാർശ ചെയ്ത ആദ്യ കമ്മിറ്റി
   a) റിപ്പൺ കമ്മിറ്റി b) അശോക് മേത്ത കമ്മിറ്റി
   c) ലോർഡ് മേയോ കമ്മിറ്റി d) ബൽവന്ത്റായ് മേത്ത കമ്മിറ്റി

**II. ഒറ്റവാക്കിൽ ഉത്തരമെഴുതുക**

**1 മാർക്ക് വീതം**

1. 73, 74 ഭരണഘടനാ ഭേദഗതികൾക്ക് മുമ്പ് ഭരണഘടനയുടെ ഏത് ആർട്ടിക്കിളിലാണ് പഞ്ചായത്തുകളെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത് ?
2. പഞ്ചായത്ത് എന്ന പദത്തിന്റെ അർത്ഥം എന്താണ് ?
3. വളരെ പരിമിതമായ തോതിലുള്ള ഭരണപരമായ അധികാരവികേന്ദ്രീകരണം ഏതാണ് ?
4. ബൽവന്ത്റായ് മേത്ത കമ്മിറ്റിയുടെ ശുപാർശയെ തുടർന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്ത് ഏത്?
5. ഗ്രാമസ്വരാജ് സങ്കൽപ്പം മുന്നോട്ട് വച്ചതാര്?

**III. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**

**5 മാർക്ക് വീതം**

1. അധികാര കൈമാറ്റം അഥവാ ഡിവൊല്യൂഷൻ മികച്ചതാണെന്ന് അഭിപ്രായം ഉണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്?
2. എന്തുകൊണ്ടാണ് അംബേദ്കർ വികേന്ദ്രീകരണത്തെ എതിർത്തത് ?
3. ഭരണപരമായ വികേന്ദ്രീകരണം എന്നാൽ എന്ത് ?
4. പണ്ടുകാലത്തെ പഞ്ചായത്തുകളുടെ പ്രവർത്തനത്തെ കുറിച്ച് വിശദീകരിക്കുക.

## 1.8 ജനാധിപത്യ വികേന്ദ്രീകരണം

ഇന്ത്യയെപ്പോലെ ഭീമമായ ജനസംഖ്യയുള്ള രാജ്യത്ത് ആനുപാതികമായി നോക്കുമ്പോൾ പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും ഉള്ള ജനപ്രതിനിധികളുടെ എണ്ണം നാമമാത്രമാണ്. ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമുള്ള പ്രാദേശികസഭകൾ വരുന്നതോടെ മാത്രമേ ജനാധിപത്യം അർത്ഥപൂർണമാവൂ. തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രീകൃത സഭകൾക്ക് പുറമെ ജനങ്ങൾക്ക് നേരിട്ട് ഭരണ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന പ്രാദേശിക പങ്കാളിത്ത ജനാധിപത്യക്രമവും പ്രക്രിയയുമാണ് ജനാധിപത്യ വികേന്ദ്രീകരണം.

വിവിധതരം വികേന്ദ്രീകരണങ്ങളിൽ രാഷ്ട്രീയ വികേന്ദ്രീകരണവും അധികാര കൈമാറ്റവും പരമാവധി സാധ്യമാകുന്നത് ജനാധിപത്യ വികേന്ദ്രീകരണത്തിലൂടെയാണ്. ജനാധിപത്യ വികേന്ദ്രീകരണം ഭരണഘടനാപരമായി നിശ്ചയിച്ചാൽ പോലും അത് പ്രായോഗികമാക്കുന്നതിന് അനുകൂലമായ രാഷ്ട്രീയ അന്തരീക്ഷം അനിവാര്യമാണ്. പ്രാഥമികമായി, താഴെ തട്ടിൽ അധികാരം ചോദിച്ച് വാങ്ങാനും കയ്യാളാനും തയാറുള്ള രാഷ്ട്രീയ സമൂഹം ഉണ്ടാവണം. പ്രാദേശിക ഭരണ നിർവ്വഹണ സ്ഥാപനങ്ങളിൽ പണവും ഉദ്യോഗസ്ഥരും ലഭ്യമാവണം. സജീവമായ ബഹുകക്ഷി. സമൂഹമായിരിക്കണം. സ്വതന്ത്രമായ അഭിപ്രായ പ്രകടനം സാധ്യമാവണം. വികസന പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ആവിഷ്കരിക്കുന്ന വികസന പദ്ധതികളിൽ ഉടമസ്ഥതാ ബോധം ഉളവാക്കുന്നതിനും ജനാധിപത്യ വികേന്ദ്രീകരണം സഹായിക്കും. ഭരണ രാഷ്ട്രീയ രംഗങ്ങളിലെ ഉന്നത നേതൃത്വവും വികേന്ദ്രീകരണത്തെ പിന്തുണയ്ക്കേണ്ടതുണ്ട്.

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ഇന്ത്യൻ ഭരണഘടന വളരെ മികച്ച രീതിയിൽ തന്നെ ജനാധിപത്യ വികേന്ദ്രീകരണം സാധ്യമാക്കുന്നതിനുള്ള നിയമപരമായ ചട്ടക്കൂട് ഒരുക്കിയിട്ടുണ്ട്. എന്നാൽ പൂർണ അർത്ഥത്തിൽ പ്രയോഗികമായി ജനാധിപത്യ വികേന്ദ്രീകരണം നടപ്പാക്കുന്നതിൽ കേരളമൊഴികെ ഒട്ടുമിക്ക സംസ്ഥാനങ്ങളും വളരെ പുറകിലാണെന്നും മനസ്സിലാക്കാം. നേരത്തെ സൂചിപ്പിച്ച രാഷ്ട്രീയ അന്തരീക്ഷമാണ് കേരളത്തിന്റെ വികേന്ദ്രീകരണ ആസൂത്രണ അനുഭവത്തെ വ്യതിരിക്തമാക്കുന്നത്.

## 1. 9 ജനാധിപത്യ വികേന്ദ്രീകരണവും ജനകീയാസൂത്രണവും

73,74 ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന ജനാധിപത്യ വികേന്ദ്രീകരണം കേരളം നടപ്പാക്കിയത് ജനകീയാസൂത്രണം എന്ന ജനകീയ പ്രസ്ഥാനത്തിലൂടെയായിരുന്നു. ആസൂത്രണ പദ്ധതികളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റും വിധം പദ്ധതി പ്രവർത്തനങ്ങൾ രൂപീകരിക്കുകയും ഇത്തരത്തിൽ രൂപീകൃതമാവുന്ന പദ്ധതികൾ നടപ്പാക്കാനാവശ്യമായ പണം വാർഷിക ബജറ്റിലൂടെ ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പാക്കിയ കേരളത്തിന്റെ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ മുഖ്യ ആശയം. ഭരണതലത്തിൽ ഇത്തരമൊരു പ്രക്രിയ ഉടൻ സാധ്യമാക്കുന്നതിനായി മാറ്റത്തിനുള്ള 'ബിഗ് ബാങ് സമീപനം, അതായത് ഒറ്റയടിക്ക് മാറ്റം നിലവിൽ വരുത്തുന്നതിനുള്ള സമീപനം ആണ് സ്വീകരിച്ചത്. പദ്ധതി ആസൂത്രണം

ചെയ്യുന്നതിന് ജനങ്ങൾക്കുള്ള കഴിവിനെ സുസ്ഥിരമാക്കുന്നതിനുള്ള സാധ്യതകളാണ് ജനകീയാസൂത്രണം വിഭാവനം ചെയ്തത്.

ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ നാം തുടങ്ങിയ വികേന്ദ്രീകരണ പ്രവർത്തനങ്ങളെ സുസ്ഥാപിതമാക്കുന്നതിനുള്ള നിയമപരിഷ്കാര നടപടികൾ സമാന്തരമായി സ്വീകരിച്ചു. ഇതിനായി കേരളത്തിലെ നിയമങ്ങൾ (കേരള പഞ്ചായത്തിരാജ് നിയമം 1994, കേരള മുനിസിപ്പൽ നിയമം 1994) പരിഷ്കരിക്കുന്നതിനും പുതിയ സംവിധാനങ്ങളും അവയ്ക്കാവശ്യമായ ചട്ടങ്ങളും ചിട്ടപ്പെടുത്തുന്നതിനും ഡോ. സത്യബ്രത സെൻ അധ്യക്ഷനായി കമ്മിറ്റി നിലവിൽ വന്നു. സെൻ കമ്മിറ്റിയെന്ന് വിളിക്കപ്പെട്ട ഈ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഒട്ടേറെ നിയമഭേദഗതികളും ഭരണപരിഷ്കാര നടപടികളും നടപ്പാക്കി.

കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇ എം എസ് നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച ഭരണ പരിഷ്കാര കമ്മീഷൻ ജനാധിപത്യവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള ശക്തമായ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. ഈ കമ്മിറ്റിയുടെ വികേന്ദ്രീകരണ കാഴ്ചപ്പാടിന്റെ സാക്ഷാത്കാരമായിരുന്നു ജനകീയാസൂത്രണം.

### 1.10 ജനപങ്കാളിത്തം

ജീവിതത്തെ നേരിട്ട് ബാധിക്കുന്ന, പ്രത്യേകിച്ചും പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിലും അവ നടപ്പിലാക്കുന്നതിൽ പങ്കാളികളാകുന്നതിലും, ജനങ്ങൾക്കുള്ള അവകാശമാണ് ജനാധിപത്യ വികേന്ദ്രീകരണത്തിൽ പങ്കാളിത്തം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

എന്നാൽ, പ്രായോഗികമായി വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം പല വിധത്തിൽ കാലാകാലങ്ങളായി നടക്കുന്നുണ്ട്. ഉദാഹരണത്തിന്, പൂർണമായും ശ്രമദാനത്തിലൂടെയാണ് പല പഴയ നാട്ടുപാതകളും കുളങ്ങളും തോടുകളും ചെറുഡാമുകളും മറ്റും നിർമ്മിച്ചിട്ടുള്ളത്. സർക്കാരുകളുടെ പ്രത്യേക മുൻകൈ ഒന്നുമില്ലാതെ ഉണ്ടായ കൂട്ടായ പ്രവർത്തനങ്ങളാണവ. കേരളത്തിന്റെ പ്രാദേശിക അടിസ്ഥാന സൗകര്യ വികസനം ഇത്തരം കൂട്ടായ്മകളുടെയും ജനപങ്കാളിത്തത്തിന്റെയും ചരിത്രമുറങ്ങുന്നവ കൂടിയാണ്.

ലോകത്തിന്റെ പലഭാഗങ്ങളിലും ഏകാധിപത്യത്തിനെതിരായ ചെറുത്തുനിൽപ്പുകളുടെ തുടർച്ചയായാണ് ഭരണ നിർവഹണത്തിലും വികസന പ്രവർത്തനങ്ങളിലും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഭരണകൂടങ്ങൾ സ്വീകരിച്ചത്. നേരത്തെ വിവരിച്ചത് പോലെ ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും നടന്ന പങ്കാളിത്ത വികസന പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. എന്നാൽ, എൺപതുകളിലും തൊണ്ണൂറുകളിലുമായി ലോകബാങ്ക് അടക്കമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചു. ഇതുമൂലം സോവിയറ്റ് ബ്ലോക്കിന്റെ തകർച്ചയോടെ രൂപപ്പെട്ട പല പുതിയ രാജ്യങ്ങളിലും അധികാരവികേന്ദ്രീകരണത്തിനുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായി.

ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയ പങ്കാളിത്തം വ്യവസ്ഥാപിതമാക്കാനുള്ള സംവിധാനങ്ങൾ നിയമപരമായി രൂപപ്പെടുത്തി. ഇന്ത്യയുടെ കാര്യത്തിൽ 73, 74 ഭരണഘടനാ ഭേദഗതികൾ ഗ്രാമസഭകളെയും വാർഡ്സഭകളെയും സങ്കൽപ്പിക്കുന്നത്

ഭരണ നിർവ്വഹണത്തിൽ പങ്കാളിത്തം ഉറപ്പാക്കാനുള്ള അടിസ്ഥാന യൂണിറ്റുകളായാണ്. വികസനത്തിന്റെ പേരിലുള്ള ഏകപക്ഷീയമായ കടന്നുകയറ്റങ്ങളെ ചെറുക്കാനുള്ള അധികാരം പോലും ഗ്രാമ/വാർഡ് സഭകളിലൂടെയും തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലുകളിലൂടെയും ജനങ്ങൾക്ക് വന്നുചേരുന്നുണ്ട്.

'അധികാരം ജനങ്ങൾക്ക്' എന്ന മുദ്രാവാക്യം മുന്നോട്ടുവെച്ച ജനകീയാസൂത്രണം തീർച്ചയായും ലക്ഷ്യമിട്ടത് ഭരണത്തിൽ വർധിച്ച ജനപങ്കാളിത്തം ഉറപ്പു വരുത്തുക എന്നു തന്നെയാണ്. എന്നാൽ, ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്ന വർദ്ധിച്ച പങ്കാളിത്തം കാലക്രമേണ കുറഞ്ഞുവന്നു, പങ്കാളിത്തം കൂടുതലും ഗുണഭോക്താക്കളുടെ പങ്കാളിത്തമായി മാറിതുടങ്ങി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നവരുടെ മാത്രം പങ്കാളിത്തം എന്ന രൂപത്തിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള സങ്കൽപ്പവും മാറി. കൂടാതെ ജനങ്ങൾ ആഗ്രഹിക്കുന്ന ആശയങ്ങൾ നടപ്പാകാതെ വരുമ്പോൾ മടുപ്പ് ഉണ്ടാവുകയും പങ്കെടുക്കാനുള്ള താൽപ്പര്യം കുറയുകയും ചെയ്തു. പുതിയകാലത്തിനനുസൃതമായി എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുംവിധം പങ്കാളിത്ത വികസന പ്രക്രിയ മാറ്റേണ്ടിയിരിക്കുന്നു.

പങ്കാളിത്ത ഭരണ നിർവ്വഹണത്തിന് പ്രസിദ്ധമായ ഒരു മാതൃകയായിരുന്നു ബ്രസീലിലെ പോർട്ടെ അല്ലെഗ്രെയിലേത്. 1990കളിൽ ഇവിടെ നടപ്പാക്കിയ പങ്കാളിത്ത ബജറ്റിങ് ലോകത്തിലെ മറ്റ് പല ഇടങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. നഗരവാസികളായ നാട്ടുകാർ എല്ലാ വർഷവും തങ്ങളുടെ പ്രദേശത്തിന്റെ ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനത്തിൽ സ്വയമേവ പങ്കെടുക്കുന്നു. 2017 വരെ വളരെ വിജയകരമായി നടന്ന ഈ മാതൃക, പിന്നീട് രാഷ്ട്രീയ കാരണങ്ങളാൽ ദുർബലമാക്കപ്പെട്ടു.

### 1. 11 തദ്ദേശഭരണനിർവഹണവും സർക്കാരും ഉദ്യോഗസ്ഥഭരണവും

ഒരു ഗവണ്മെന്റ് അഥവാ സർക്കാർ എന്നാൽ ഭരിക്കുന്നതിനുള്ള വ്യവസ്ഥാപിത അധികാര ഘടനയാണ്. യുക്തിഭദ്രമായ ഒരു സംവിധാനം. ഭരണ നിർവഹണം അഥവാ ഗവേണൻസ് എന്നാൽ ഭരിക്കുന്ന പ്രവൃത്തിയുമാണ്. ഭരണ നിർവഹണം കുറച്ചുകൂടെ സങ്കീർണമായ പ്രക്രിയയാണ്. ജനാധിപത്യ ക്രമത്തിൽ പൗരസമൂഹവും പൗരന്മാരും ഭരണ നിർവഹണത്തിന്റെ ഭാഗമാണ്. ജനാധിപത്യ വികേന്ദ്രീകരണത്തിൽ ഈ പങ്കാളിത്തം വ്യവസ്ഥാപിതമാക്കുന്നു, അവകാശവുമാകുന്നു. വികേന്ദ്രീകൃത ഭരണ നിർവഹണത്തിനടിസ്ഥാനമായ തീരുമാനങ്ങൾ എടുക്കാൻ അധികാരമുള്ള ഗ്രാമസഭയിൽ ഒരു വാർഡിലെ വോട്ടർ പട്ടികയിൽ പേരുള്ള എല്ലാവരും അംഗങ്ങളാണ്. എഴുതിവച്ച നിയമങ്ങൾ മാത്രമല്ല, പല സന്ദർഭങ്ങളിലും നാട്ടുനടപ്പുകളും പരമ്പരാഗത വിശ്വാസങ്ങളും ഭരണ നിർവ്വഹണത്തിന്റെ ഭാഗമെന്ന നിലയിൽ പരിഗണിക്കപ്പെടേണ്ടതായി വരും. ഉദാഹരണത്തിന് കാടും പുഴയും കടലും കായലുമടക്കമുള്ള നീർത്തടങ്ങൾ പരിപാലിക്കുമ്പോൾ അതുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരുടെ പ്രത്യേക അവകാശങ്ങൾ നിയമപരമായി വ്യക്തതയില്ലെങ്കിൽ പോലും ഭരണനിർവഹണത്തിൽ പരിഗണിക്കപ്പെടണം. ഇത്തരത്തിൽ സങ്കീർണത നിറഞ്ഞ ഒന്നാണ് തദ്ദേശ ഭരണ നിർവഹണം. പ്രയോഗത്തിൽ ഒട്ടേറെ സൂക്ഷ്മത ആവശ്യമുള്ളതും.

കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഏതൊരു ഭരണ വ്യവസ്ഥയിലും ഉദ്യോഗസ്ഥ ഭരണം അഥവാ ബ്യൂറോക്രസി അവിഭാജ്യ ഘടകമാണ്. ഇന്ന് കാണുന്ന ബ്യൂറോക്രസി

ആധുനിക മുതലാളിത്ത സാമൂഹിക വ്യവസ്ഥയുടെ കൂടെ ഭാഗമായാണ് രൂപപ്പെട്ടുവന്നത്. ബന്ധുത്വത്തിലൂടെയും ബന്ധങ്ങളിലൂടെയുമല്ലാതെ തികച്ചും വ്യക്തി നിരപേക്ഷമായും നിയമപരമായും വ്യവസ്ഥാപിതമായും പ്രവർത്തിക്കേണ്ടുന്ന ഒരു സംഘടിത സംവിധാനമാണ് ഉദ്യോഗസ്ഥഭരണം. ജർമൻ സാമൂഹിക ചിന്തകനായ മാക്സ് വെബർ ആണ് ബ്യൂറോക്രസിയെ ആദ്യമായി നിർവ്വചിച്ചത്. ഏതൊരു സ്ഥാപനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ബ്യൂറോക്രസി ആവശ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. കൃത്യമായി നിർവ്വചിക്കപ്പെട്ട ചുമതലകളും കീഴ്മേൽ ബന്ധങ്ങളും നിയമപരമായി തുല്യഅവകാശങ്ങളും വ്യവസ്ഥാപിത നടപടിക്രമങ്ങളും ഉള്ള ഔദ്യോഗിക സംവിധാനം പുതിയ കാലത്തിന്റെ വളർച്ചയ്ക്കാവശ്യമാണെന്ന് അദ്ദേഹം കരുതി. ഈയൊരു ചിന്താ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ആധുനിക ഉദ്യോഗസ്ഥ സംവിധാനവും പൊതുഭരണവും വികസിക്കുന്നത്. നിയമവും ചട്ടങ്ങളും നിയതമായ ഭരണ ക്രമവുമാണ് ഉദ്യോഗസ്ഥരെ നയിക്കേണ്ടത്. എല്ലാ പ്രവർത്തനങ്ങളിലും നടപടിക്രമം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് ഉദ്യോഗസ്ഥരുടെ കടമയാണ്.

ബ്യൂറോക്രസിയുടെ ഈ സഹജ സ്വഭാവം പലപ്പോഴും ഭരണനിർവഹണത്തിൽ വേഗതയും മാനുഷികതയും നഷ്ടമാകുന്നതിനിടയാക്കാറുണ്ട്. നിയമാധിഷ്ഠിതമായി പ്രവർത്തിക്കുമ്പോഴും വിവേചനബുദ്ധിയുടെ ഉപയോഗം വളരെ ആവശ്യമുള്ള മേഖലയാണ് ഉദ്യോഗസ്ഥഭരണം. പുതിയകാലത്ത് പൊതുഭരണ വികസനമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ യന്ത്രസമാനമായ സർക്കാർ ജീവനക്കാരായല്ല കാണുന്നത്. മാറ്റങ്ങൾ കൊണ്ടുവരാൻ കെൽപ്പുള്ള, സർഗാത്മകമായി പ്രവർത്തിക്കുന്ന, പൊതുഭരണ നേതാക്കന്മാരായാണ് വീക്ഷിക്കുന്നത്. ജനങ്ങൾ തിരഞ്ഞെടുത്ത് വരുന്ന നേതാക്കളും, വ്യവസ്ഥയ്ക്കകത്ത് നേതൃപാടവം പ്രകടിപ്പിച്ച് ജനങ്ങളുടെ വിശ്വസം നേടിയെടുത്ത് വരുന്ന ഉദ്യോഗസ്ഥരും ചേർന്ന് നിന്നുകൊണ്ട് മാറ്റം സൃഷ്ടിക്കാൻ കഴിയും എന്നതിനു ഒട്ടേറെ ഉദാഹരണങ്ങൾ നമുക്കിടയിൽ തന്നെയുണ്ട്. പ്രത്യേകിച്ചും വികേന്ദ്രീകൃതമായ ഒരു ഭരണനിർവഹണ സംവിധാനത്തിനകത്ത് ഈയൊരു കൂട്ടായ്മ വളരെ ആവശ്യവുമാണ്.

## 1.12 സംഗ്രഹം

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും ഭരണത്തിൽ ജനങ്ങൾക്ക്പങ്കാളിത്തം ഉണ്ടാക്കുന്നതിനും അധികാരവികേന്ദ്രീകരണം അനിവാര്യമാണെന്ന് ഈ അദ്ധ്യായം നമ്മെ ബോധ്യപ്പെടുത്തുന്നു. തദ്ദേശ ഭരണ സംവിധാനത്തിലൂടെ ജനങ്ങളെ ഭരണത്തിൽ പങ്കാളികളാക്കാനാണ് ശ്രമിക്കുന്നത്. മുഖാമുഖ ജനാധിപത്യത്തിന്റെ വേദികളായി നമ്മുടെ ഗ്രാമസഭകളും വാർഡ് സഭകളും അതുപോലുള്ള ജനകീയ സംവിധാനങ്ങളും മാറുമ്പോൾ ജനാധിപത്യം ഫലപ്രദവും കാര്യക്ഷമവും സർഗാത്മകവും ആയിത്തീരും. ജനാധിപത്യ വികേന്ദ്രീകരണഭരണക്രമത്തിൽ തീർച്ചയായും ജനങ്ങളോട് പ്രതിജ്ഞാബദ്ധത പുലർത്തിക്കൊണ്ട് മാത്രമേ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധതയെ അടിസ്ഥാനപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് പ്രവർത്തിക്കും വിധമാണ് തദ്ദേശഭരണസംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. ഈ സംവിധാനത്തെ ശക്തിപ്പെടുത്താൻ നാമോരോരുത്തരും പരിശ്രമിക്കേണ്ടതാണ്.

# പഠന പുരോഗതി വിലയിരുത്തൽ - മൂന്ന്

**I. ശരിയോ തെറ്റോ എന്ന് എഴുതുക**

**1 മാർക്ക് വീതം**

1. ഒരു വാർഡിലെ പ്രായപൂർത്തിയായ എല്ലാവരും ആ വാർഡിലെ ഗ്രാമസഭയിൽ അംഗങ്ങളാണ്.
2. ഭരണത്തിൽ പങ്കാളിത്തം ഉറപ്പാക്കാനുള്ള അടിസ്ഥാന യൂണിറ്റുകളാണ് ഗ്രാമസഭകളും വാർഡ് സഭകളും.
3. ഇ എം എസ് നമ്പൂതിരിപ്പാട് അധ്യക്ഷനായ ഭരണപരിഷ്കാര കമ്മീഷൻ ജനാധിപത്യവികേന്ദ്രീകരണത്തിനുള്ള ശക്തമായ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു.

**II. ഒറ്റവാക്കിൽ ഉത്തരമെഴുതുക**

**ഒരു മാർക്ക് വീതം**

1. പോർടെ അലഗ്ര ഏതു കാര്യത്തിലാണ് ലോകപ്രസിദ്ധമായത് ?
2. ജനകീയാസൂത്രണത്തിന്റെ മുദ്രാവാക്യം
3. 1994 ലെ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ അധ്യക്ഷൻ ആരായിരുന്നു ?

**III. ഒന്നോരണ്ടോ വാചകത്തിൽ ഉത്തരം എഴുതുക**

**2 മാർക്ക് വീതം**

1. 'ബിഗ് ബാങ് അപ്രോച്ച് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ?
2. ബ്യൂറോക്രസിയെക്കുറിച്ച് മാക്സ് വെബറുടെ കാഴ്ചപ്പാട് എന്തായിരുന്നു ?
3. ജാതി പഞ്ചായത്ത് എന്നാൽ എന്ത്?

**IV. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**

**5 മാർക്ക് വീതം**

I. പങ്കാളിത്തം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?

2. ജനാധിപത്യ അധികാര വികേന്ദ്രീകരണം വിജയപ്രദമാകണമെങ്കിൽ എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ വേണം ?

3. ജനാധിപത്യ വികേന്ദ്രീകരണം എന്നാൽ എന്ത്?

V. **വിശദമായ ഉത്തരങ്ങൾ എഴുതുക**

**10 മാർക്ക് വീതം**

1. മുനിസിപ്പലൈസേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?
2. വികേന്ദ്രീകരണത്തെ സ്വീകരിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാം ?
3. ബ്യൂറോക്രസിയുടെ ഈ സഹജ സ്വഭാവം വിമർശനങ്ങൾക്ക് കാരണമാകുന്നു. ഏത് സഹജ സ്വഭാവം ? എന്തുകൊണ്ട്?
4. ജനകീയാസൂത്രണപദ്ധതിയിലൂടെ എങ്ങനെയാണ് അധികാരവികേന്ദ്രീകരണം നടപ്പിലാക്കപ്പെട്ടത് ?
5. ഗ്രാമസഭകളിൽ പങ്കാളിത്തം കുറഞ്ഞുവരുന്നു. അതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാം ? പങ്കാളിത്തം എങ്ങനെ മെച്ചപ്പെടുത്താം?

# 1. 13 ഉത്തരങ്ങൾ

**പഠന പുരോഗതി വിലയിരുത്തൽ - ഒന്ന്**

I 1. രാജവാഴ്ച 2. 19 നൂറ്റാണ്ടിൽ 3. ആഫ്രിക്ക/ ലാറ്റിൻ അമേരിക്ക

II 1. വ്യവസായവൽക്കരണം 2. ജന്മാവകാശമായി/ പാരമ്പര്യമായി

3. അരാജകത്വത്തിന്

**പഠന പുരോഗതി വിലയിരുത്തൽ - രണ്ട്**

I. 1. 1887 2. ഡിവൊല്യൂഷൻ 3. റിപ്പൺ പ്രഭു 4. 1909 ൽ

5. ബൽവന്തറായ് മേത്ത കമ്മിറ്റി

II. 1. ആർട്ടിക്കിൾ 40 2. അഞ്ചുപേരുടെ യോഗം 3. ഡീകോൺസെൻട്രേഷൻ

4. നാഗോർ (രാജസ്ഥാൻ) 5. ഗാന്ധിജി

**പഠനപുരോഗതി വിലയിരുത്തൽ - മൂന്ന്**

I. 1. തെറ്റ് 2. ശരി 3. ശരി

II. 1. പങ്കാളിത്ത ബജറ്റിങ് 2. അധികാരം ജനങ്ങൾക്ക്

3. ഡോ. സത്യബ്രത സെൻ

## 1.14 സൂചനാപദങ്ങൾ

വികേന്ദ്രീകരണം: തീരുമാനമെടുക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും താഴെ തലങ്ങളിൽ ലഭ്യമാകുന്ന അധികാരം, അവകാശം

കീഴ്തല മുൻഗണന: ഒരു തലത്തിൽ ചെയ്യാൻ കഴിയുന്ന കാര്യം അവിടെ ചെയ്യാനുള്ള അവകാശം ഉണ്ടാകുക, അത് മുകൾ തലങ്ങളിൽ ചെയ്യാതിരിക്കുക

ഗ്രാമസഭ: കേരള ഗ്രാമപഞ്ചായത്ത് നിയമപ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ ഒരു വാർഡിലെ വോട്ടർമാരുടെ സഭ.

വാർഡ് സഭ: കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം ഒരു നഗരസഭയിലെ ഒരു വാർഡിലെ വോട്ടർമാരുടെ സഭ.

ഊരുക്കൂട്ടം: പട്ടികവർഗ്ഗ ഊരുകളിലെ വോട്ടർമാരുടെ സഭ

അപകേന്ദ്രീകരണം: കേന്ദ്ര ഭരണ സംവിധാനത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ചെയ്യും വിധം താഴേക്ക നൽകുന്ന അധികാരം

ചുമതലപ്പെടുത്തൽ: കേന്ദ്ര ഭരണ സംവിധാനം നിശ്ചിത വ്യവസ്ഥകളോടെ താഴെയുള്ള ഔദ്യോഗിക സംവിധാനങ്ങളിലേക്ക് ആഹാരം കൈമാറുന്നതാണ് 'ചുമതലപ്പെടുത്തൽ'.

അധികാരകൈമാറ്റം: പ്രാദേശിക സർക്കാരുകൾക്ക് അധികാരം, ചുമതലകൾ, ഫണ്ട്, മറ്റ് സംവിധാനങ്ങൾ എന്നിവ കൈമാറുന്നതാണ് ഇത്.

ആർട്ടിക്കിൾ: നമ്മുടെ ഭരണഘടനയുടെ ഒരു ആർട്ടിക്കിൾ അഥവാ അനുച്ഛേദം

Big Bang: മാറ്റം ഒറ്റയടിക്ക് സാധ്യമാക്കുന്നതിനുള്ള പ്രവർത്തനം

ഗവേണൻസ്: ഭരണനിർവഹണം അഥവാ ഭരിക്കുന്ന പ്രവൃത്തി

ബ്യൂറോക്രസി: ഉദ്യോഗസ്ഥഭരണ വ്യവസ്ഥ

## 1.15 അവലംബം / അധിക വായനയ്ക്ക്


1. ലോക്കൽ ഡെമോക്രസി ആൻഡ് ഡെവലപ്മെൻറ്: പീപ്പിൾസ് കാമ്പയ്ൻ ഫോർ ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഇൻ കേരള 2000, തോമസ് ഐസക് ആൻഡ് റിച്ചാർഡ് ഫ്രാങ്കി, ലെഫ്റ്റ് വേർഡ് ബുക്ക്സ്
2. കേരള: എ സ്റ്റഡി ഓഫ് ക്ലാസിക്കൽ ഡെമോക്രാറ്റിക് ഡീസെൻട്രലൈസേഷൻ 2009 എസ്.എം വിജയാനന്ദ്, കില
3. എ ഡികേഡ് ഓഫ് ഡീസെൻട്രലൈസേഷൻ ഇൻ കേരള, 2007, എം എ ഉമ്മൻ ,ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്
4. decentralization_working_report.pdf 1999, യു. എ ൻ. ഡി. പി

## യൂണിറ്റ് 2

# ഭരണഘടനാ ചട്ടക്കൂട്

**ഘടന**


2.1 പഠനലക്ഷ്യങ്ങൾ

2.2 ആമുഖം

2.3 തദ്ദേശഭരണ സ്ഥാപനങ്ങൾ ബ്രിട്ടീഷ് ഭരണത്തിൽ

2.4 തദ്ദേശഭരണ സ്ഥാപനങ്ങൾ - സ്വാതന്ത്ര്യത്തിനുശേഷം

2.5 ഗാന്ധിയൻ ദർശനങ്ങൾ

2.6 ഭരണഘടനയും ഭരണക്രമവും

2.7 തദ്ദേശ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഭരണഘടനാ നിർദ്ദേശങ്ങൾ

2.8 ഭരണഘടനാ ഭേദഗതികൾ

2.9 ഭരണഘടന ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

2.10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

2.11 അധികാരവികേന്ദ്രീകരണം കേരളത്തിൽ

2.12 സംഗ്രഹം

2.13 ഉത്തരങ്ങൾ

2.14 സൂചനാ പദങ്ങൾ

2.15 അധിക വായനയ്ക്ക്/അവലംബം

# ഭരണഘടനാ ചട്ടക്കൂട്

## 2.1 പഠനലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പൂർത്തിയാകുമ്പോൾ ഇനിക്കൊടുത്തിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് പഠിതാക്കൾക്ക് വ്യക്തമായ ധാരണ ഉണ്ടാകുന്നതാണ് -

a) സ്വാതന്ത്ര്യത്തിനു മുൻപുള്ള അധികാരവികേന്ദ്രീകരണ ശ്രമങ്ങൾ എന്തെല്ലാം ?

b) അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാട്

c) ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ

d) ഇന്ത്യൻ ഭരണഘടനയിൽ പ്രാദേശിക ഭരണ സംവിധാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.

e) 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും, ചുമതലകളും എന്തെല്ലാം ?

f) പ്രാദേശിക സർക്കാരുകളുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും

g) അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ സവിശേഷതകൾ

## 2.2 ആമുഖം

ഇന്ത്യയിൽ പുരാതനകാലം മുതൽക്കുതന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിലുണ്ട്. നീണ്ട ബ്രിട്ടീഷ് ഭരണകാലത്ത് നാമമാത്രമായ രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലനിന്നു. ബ്രിട്ടീഷ് ഭരണകാലത്തെ അധികാരവികേന്ദ്രീകരണ ശ്രമങ്ങൾ, മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ, ഭരണഘടനയിലൂടെ ലഭ്യമായ പിൻബലം തുടങ്ങിയവയും ഈ യൂണിറ്റിൽ പരാമർശിക്കുന്നു. 73, 74 ഭരണഘടനാ ഭേദഗതികളുടെ സാധ്യതകളും സവിശേഷതകളും ഈ യൂണിറ്റിൽ അവതരിപ്പിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ കരുത്തുറ്റ ഭരണസംവിധാനങ്ങളാക്കി മാറ്റുന്നതിന് കേരളം കൈക്കൊണ്ട നടപടികൾ കൂടി ഈ യൂണിറ്റിന്റെ പ്രതിപാദ്യ വിഷയങ്ങളായി നൽകിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തിൽ നടന്ന അധികാര വികേന്ദ്രീകരണ ശ്രമങ്ങളുടെ ലഘുചിത്രം കൂടി ഈ യൂണിറ്റിലൂടെ ലഭിക്കും.

## 2.3 തദ്ദേശഭരണ സ്ഥാപനങ്ങൾ ബ്രിട്ടീഷ് ഭരണത്തിൽ

ബ്രിട്ടീഷ് ഇന്ത്യയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നിലവിൽ വരുന്നത് 17-ാംനൂറ്റാണ്ടിലാണ്. ആദ്യത്തെ ടൗൺ കൗൺസിൽ നിലവിൽ വരുന്നത് 1688-ൽ മദ്രാസിലാണ്. തുടർന്ന് ബോംബെ, കൽക്കട്ട എന്നിവിടങ്ങളിലും ടൗൺ കൗൺസിലുകൾ നിലവിൽവന്നു.1870 ആകുമ്പോഴേക്കും ടൗൺ കൗൺസിലുകളുടെ എണ്ണം 543 ആയി വർദ്ധിച്ചു. ഗ്രാമതലങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വിജയകരമായിരുന്നില്ല. വില്ലേജ് കൗൺസിൽ അല്ലെങ്കിൽ പഞ്ചായത്ത് ആയിരുന്ന ഗ്രാമതലങ്ങളിലെ തദ്ദേശഭരണ സ്ഥാപനം. ബ്രിട്ടീഷ് ഇന്ത്യയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഒരു പ്രാധാന്യവും നൽകിയിരുന്നില്ല. ബ്രിട്ടീഷ് ഇന്ത്യയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഘട്ടങ്ങളെ സംബന്ധിച്ച് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഇപ്രകാരം രേഖപ്പെടുത്തി, മുഗൾ സാമ്രാജ്യം മുതൽ "ഇന്ത്യയ്ക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ വലിയ ചരിത്രമുണ്ട്. എന്നാൽ ആ പാരമ്പര്യം ബ്രിട്ടീഷ് ഭരണകാലത്ത് തടസ്സപ്പെടുകയാണുണ്ടായത്."

ബ്രിട്ടീഷ് ഭരണകാലത്ത് തദ്ദേശഭരണവുമായി ബന്ധപ്പെട്ട് പല പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയെല്ലാം കടലാസിൽ മാത്രമായി ഒതുങ്ങുകയാണുണ്ടായത്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച മേയോസ് റെസലൂഷൻ 1870.
- ലോഡ് റിപ്പൺസ് റെസലൂഷൻ 1882
- അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച റോയൽ കമ്മീഷൻ റിപ്പോർട്ട് 1907
- ഗവൺമെന്റ് ഓഫ് ഇന്ത്യ റെസലൂഷൻ 1915.
- ഭരണഘടനാ പരിഷ്ക്കാരങ്ങളെ കുറിച്ചുള്ള മൊണ്ടേഗു-ചെംസ്ഫോർഡ് റിപ്പോർട്ട് 1918.
- ഗവൺമെന്റ് ഓഫ് ഇന്ത്യ റെസലൂഷൻ 1919.
- ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1919.
- ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1935.

## 2.4 തദ്ദേശഭരണസ്ഥാപനങ്ങൾ - സ്വാതന്ത്ര്യത്തിനുശേഷം

സ്വാതന്ത്ര്യത്തിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ - പ്രത്യേകിച്ച് ഗ്രാമതല തദ്ദേശഭരണ സ്ഥാപനങ്ങളുടെ - വളർച്ചയ്ക്കും വികാസത്തിനും വേണ്ടി പല ശ്രമങ്ങളും നടന്നു. 1950-ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. സാമൂഹിക ക്ഷേമം എന്ന സങ്കൽപ്പം അംഗീകരിക്കപ്പെട്ടു. ശാസ്ത്രീയമായ ആസൂത്രണ പ്രക്രിയയ്ക്ക് വേണ്ടി പ്ലാനിംഗ് കമ്മീഷൻ നിലവിൽ വന്നു. സോഷ്യലിസത്തിൽ അധിഷ്ഠിതമായ സമൂഹം എന്നത്അംഗീകരിക്കപ്പെട്ടു. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ, ഏകീകൃത അസംബ്ലിയിലെ ചർച്ചകൾ, പഞ്ചവത്സര പദ്ധതികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ടിന്റെ ആവിർഭാവം തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും ആക്കംകൂട്ടി.

## 2.5 ഗാന്ധിയൻ ദർശനങ്ങൾ

മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വളരെ വലിയ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമസ്വരാജ് എന്ന ഫിലോസഫിയിൽ മഹാത്മാഗാന്ധി ഉറച്ച് വിശ്വസിച്ചു. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ കെട്ടിപ്പടുക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകളുടെ പുനരുജ്ജീവനം അനിവാര്യമാണെന്നും അദ്ദേഹം കരുതി. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങി എല്ലാ അർത്ഥത്തിലും സ്വതന്ത്രമായ ഗ്രാമപഞ്ചായത്തുകളെയാണ് അദ്ദേഹം വിഭാവനം ചെയ്തത്. ഇത്തരം ഗവൺമെന്റുകളെ ഭരിക്കേണ്ടത് ആ നാട്ടിലെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളാണ്. ഈ ആശയം അദ്ദേഹം ശക്തമായി പ്രചരിപ്പിച്ചു.

## 2.6 ഭരണഘടനയും ഭരണക്രമവും

### i) ഭരണഘടനാ ചട്ടക്കൂട്

ഒരു ജനാധിപത്യ രാജ്യത്ത് എല്ലാ നിയമങ്ങളും നിർമ്മിക്കുന്നത് രാജ്യത്തിന്റെ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ്. സർക്കാരും ജനങ്ങളുമായുള്ള ബന്ധം, സർക്കാരിന്റെ വിവിധ ഭാഗങ്ങളായ നിർവഹണ മണ്ഡലം (എക്സിക്യൂട്ടീവ്) നീതിന്യായ മണ്ഡലം (ജുഡീഷ്യറി) നിയമനിർമാണ മണ്ഡലം (ലെജിസ്ലേച്ചർ) എന്നിവ തമ്മിലുള്ള ബന്ധം, അവ ഓരോന്നിന്റേയും ചുമതലകളും അധികാരങ്ങളും തുടങ്ങിയവ നിർണയിക്കുന്നത് ഭരണഘടനയാണ്.

### ii) ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ

ഇന്ത്യ ഒരു പരമാധികാര സ്ഥിതി സമത്വ (സോഷ്യലിസ്റ്റ്)മതേതര ജനാധിപത്യ റിപ്പബ്ലിക് ആണെന്ന് ഭരണഘടന പറയുന്നു. പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിക്കും ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും ഉള്ള സ്വാതന്ത്ര്യവും അവസര സമത്വവും ഭരണഘടന നൽകിയിട്ടുണ്ട്. കൂടാതെ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും ഭരണഘടന നിഷ്കർഷിക്കുന്നു. ഭരണഘടനയിലെ പരമാധികാര രാഷ്ട്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ത്യയ്ക്ക് സ്വതന്ത്രമായി നിലനിൽക്കുവാനുള്ള അധികാരമുണ്ടെന്നും ബാഹ്യമായി ഒരു രാഷ്ട്രത്തെയും ആശ്രയിക്കുന്നതോ അല്ലെങ്കിൽ വിധേയമായിരിക്കുന്നതോ അല്ല എന്നുമാണ്.

### iii) റിപ്പബ്ലിക്

ഒരു രാജ്യത്തിന്റെ ഭരണം നടത്തുന്നത് അവിടത്തെ പൗരന്മാരുടെ പ്രതിനിധികൾ ആണെങ്കിൽ ആ രാജ്യം ഒരു റിപ്പബ്ലിക്കായി അറിയപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ അമ്പത്തിമൂന്നാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത് പാർലമെന്റിലേക്ക് സംസ്ഥാന നിയമസഭകളിലേക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഇലക്ടറൽ കോളേജ് ആണ്.

### v) സോഷ്യലിസം, സെക്കുലറിസം

1976 ൽ ഒരു ഭരണഘടന ഭേദഗതിയിലൂടെ സോഷ്യലിസം (സ്ഥിതി സമത്വം ) എന്ന വാക്ക് ഭരണഘടനയുടെ ആമുഖത്തിൽ (പ്രീയാമ്പിൾ) എഴുതിച്ചേർത്തു. പൊതു മേഖലയും സ്വകാര്യ മേഖലയും തുല്യപ്രാധാന്യം നൽകി വരുന്നതുകൊണ്ട് ഇന്ത്യൻ സമ്പദ്ഘടനയെ മിശ്ര സമ്പദ്ഘടന ആയിട്ടാണ് അറിയപ്പെടുന്നത്. മതേതരത്വം എന്ന വാക്കിനർത്ഥം ഇന്ത്യയ്ക്ക് പ്രത്യേകമായി ഒരു മതം ഇല്ലെന്നും എല്ലാ മതങ്ങൾക്കും തുല്യപരിഗണനയാണ് നൽകുന്നതെന്നും ആണ്.

### vi) പാർലമെന്ററി ഭരണസംവിധാനം

പാർലമെന്ററി സംവിധാനത്തിൽ, ഭരണനിർവഹണ അധികാരസ്ഥാനങ്ങൾ ജന ങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട നിയമ നിർമ്മാണ സഭകൾക്ക് വിധേയപ്പെട്ട് ആയിരിക്കും പ്രവർത്തിക്കുക. നിയമപരമായി ഇന്ത്യയുടെ പരമാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തം ആണെങ്കിലും യഥാർത്ഥ ഭരണ നിർവഹണ അധികാരം പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭയിൽ ആയിരിക്കും. രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതും രാഷ്ട്രപതി തന്റെ ചുമത ലകൾ നിർവഹിക്കുന്നതിൽ അങ്ങനെയുള്ള മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് പ്രവർ ത്തിക്കേണ്ടതും ആകുന്നു എന്ന് ഭരണഘടനയുടെ എഴുപത്തിനാലാം അനുച്ഛേദത്തിൽ പറയുന്നു. പ്രധാനമന്ത്രിയും മന്ത്രിസഭയും യൂണിയൻ പാർലമെന്റിനോട് ഉത്തവാദിത്വ പ്പെട്ടിരിക്കുന്നതും എന്നാൽ പാർലമെന്റിൽ ഭൂരിപക്ഷ വിശ്വാസം നഷ്ടപ്പെടുന്ന സാഹ ചര്യത്തിൽ മന്ത്രിസഭ രാജിവെക്കേണ്ടിവരുന്നതുമാണ്. ഇതുകൊണ്ടാണ് ഇന്ത്യയിൽ പാർലമെന്ററി ഭരണസംവിധാനമാണ് നിലനിൽക്കുന്നത് എന്നു പറയുന്നത്.

### vii) മൗലികാവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ മറ്റൊരു പ്രധാന സവിശേഷത വളരെ കൃത്യമായി പറ യുന്ന മൗലിക അവകാശങ്ങൾ ആണ്. അന്താരാഷ്ട്രതലത്തിൽ മനുഷ്യാവകാശങ്ങളായി കണക്കാക്കപ്പെടുന്നതും ജനാധിപത്യ വ്യവസ്ഥയിൽ പൗരന്മാരുടെ ജീവിതത്തിന് ഒഴി ച്ചുകൂടാനാവാത്തതുമായ അടിസ്ഥാന അവകാശങ്ങൾ ആണ് മൗലികാവകാശ ങ്ങൾ. സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തി നെതിരെയുള്ള അവകാശം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, ഭരണഘടനാ പരിഹാരങ്ങൾക്ക് ഉള്ള അവകാശം എന്നിങ്ങനെ മൗലികാവകാശങ്ങളെ ഇന്ത്യൻ ഭരണഘടനയിൽ ആറായി തിരിച്ചിട്ടുണ്ട് (ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗം)

ഭാഗം മൂന്നിലെ അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് കോടതിയെ സമീ പിക്കാം എന്നുള്ളത് മൗലികാവകാശമായി ചേർത്തിട്ടുണ്ട്. അതുവഴി പൗരന്, മൗലി കാവകാശങ്ങളുടെ സംരക്ഷണം ഉറപ്പു നൽകുന്നു

### viii) നിർദ്ദേശക തത്ത്വങ്ങൾ

ഭരണഘടനയുടെ നാലാം ഭാഗത്ത് അടങ്ങിയിരിക്കുന്ന നിർദ്ദേശകതത്വങ്ങൾ

ഭരണത്തിൽ രാജ്യം കൈക്കൊള്ളേണ്ട ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നു . എന്നാൽ നിർദ്ദേശകതത്ത്വങ്ങൾ കോടതികൾക്ക് ഇടപെട്ട് നടപ്പാക്കാവുന്നതല്ല. എന്നിരുന്നാലും അതിൽ പ്രതിപാദിച്ചിട്ടുള്ള തത്ത്വങ്ങൾ രാഷ്ട്രഭരണത്തിൽ മൗലികമായിട്ടുള്ളതും നിയമനിർമ്മാണത്തിൽ പ്രസ്തുത തത്ത്വങ്ങൾ പ്രയോഗിക്കുന്നത് രാഷ്ട്രത്തിന്റെ കർത്തവ്യം ആയിരിക്കുന്നതാണ് എന്നും പറയുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ രൂപീകരിക്കണമെന്നും അവയ്ക്ക് സ്വയംഭരണസ്ഥാപനങ്ങൾ ആയി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും ചുമതലകളും നൽകണമെന്നും ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ തന്നെ അതിന്റെ നിർദ്ദേശകതത്ത്വങ്ങളിൽ ഉണ്ടായിരുന്നു. 73, 74 ഭരണഘടനാ ഭേദഗതി വഴി ഇവയെ ഭരണഘടനയുടെ നിർബന്ധമായും നടപ്പിലാക്കേണ്ട ഭാഗത്തു ചേർത്തപ്പോഴാണ് അവക്ക് പ്രാധാന്യം ഉണ്ടായത്.

### ix) സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ

സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായവ്യവസ്ഥ നമ്മുടെ ഭരണഘടന ഉറപ്പാക്കുന്നുണ്ട്. ഭരണ നിർവഹണവും നിയമനിർമ്മാണ സംവിധാനങ്ങളും നീതിന്യായ സംവിധാനങ്ങളും പ്രത്യേകമായി നിലനിൽക്കുന്നു. അവയ്ക്ക് നിയതമായ അധികാരങ്ങളും അവകാശങ്ങളും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്നു.

### x) യൂണിയനും സംസ്ഥാനങ്ങളും തമ്മിൽ നിയമനിർമ്മാണ അധികാരവിഭജനം

യൂണിയനും (കേന്ദ്രം) സംസ്ഥാനങ്ങളും തമ്മിൽ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഭരണഘടനയുടെ ഏഴാം പട്ടികയിൽ മൂന്ന് ലിസ്റ്റുകൾ നൽകിയിട്ടുണ്ട്. ലിസ്റ്റ് ഒന്നിന് യൂണിയൻ ലിസ്റ്റ് എന്നും ലിസ്റ്റ് രണ്ടിന് സംസ്ഥാന ലിസ്റ്റ് എന്നും ലിസ്റ്റ് മൂന്നിന് സമവർത്തി ലിസ്റ്റ് (കൺകറന്റ് ലിസ്റ്റ്) എന്നും പറയുന്നു. ഇതിൽ ലിസ്റ്റ് ഒന്നിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെന്റിന് മാത്രമേ അധികാരമുള്ളൂ. ലിസ്റ്റ് രണ്ടിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാനങ്ങൾക്കാണ് അധികാരമുള്ളത്. ഉദാഹരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് നിയമനിർമ്മാണങ്ങൾ നടത്തേണ്ടത് സംസ്ഥാന സർക്കാരുകളാണ്. ലിസ്റ്റ് മൂന്നിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ പാർലമെന്റിനും സംസ്ഥാനങ്ങൾക്കും നിയമനിർമ്മാണാധികാരം ഉണ്ട്.

## 2.7 തദ്ദേശ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഭരണഘടനാ നിർദ്ദേശങ്ങൾ

ഇന്ത്യൻ ഭരണഘടനയിൽ നിർദ്ദേശക തത്ത്വങ്ങളുടെ ഭാഗമായാണ് പഞ്ചായത്തുകൾക്ക് വേണ്ടി അനുച്ഛേദം 40 ചേർക്കപ്പെട്ടത്. ഭരണഘടനയുടെ ആദ്യ ഡ്രാഫ്റ്റിൽ വില്ലേജ് പഞ്ചായത്തുകളെ കുറിച്ച് ഒന്നും പറഞ്ഞിരുന്നില്ല. ഇതേ തുടർന്ന് ശക്തമായ എതിർപ്പ് എല്ലാ ഭാഗത്ത് നിന്നും ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അനുച്ഛേദം 40 എഴുതി ചേർക്കപ്പെട്ടത്. ഈ അനുച്ഛേദ പ്രകാരം സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾ രൂപീകരിച്ച് അവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുവാൻ ആവശ്യമായ അധികാരങ്ങളും ചുമതലകളും വിഭവങ്ങളും നൽകേണ്ടതാണ് ("The

State shall take steps to organize village panchayats and endow them with such powers and authority as may be necessary to enable them to function as units of self-government").

ഭരണഘടനയിൽ സംസ്ഥാന ലിസ്റ്റിൽ ഇനി പറയുന്ന വിധത്തിലാണ് പ്രാദേശിക ഭരണ സംവിധാനം ഉൾക്കൊള്ളിച്ചിരിക്കുന്നത് –

പ്രാദേശിക സർക്കാരുകൾ, അതായത് മുനിസിപ്പൽ കോർപ്പറേഷനുകൾ, ഇംപ്രൂവ്മെ വ്മെന്റ് ട്രസ്റ്റുകൾ, ജില്ലാ ബോർഡുകൾ, മൈനിംഗ് സെറ്റിൽമെന്റ് അതോറിറ്റികൾ എന്നി വയാണ് പ്രാദേശിക സർക്കാരുകളായി കണക്കാക്കുന്നത് ("Local governments, that is to say, the Constitution and powers of Municipal Corporations, improvement trusts, district boards, mining settlement authorities for the purpose of local self-government village administration").

ഭരണഘടനയിലെ ഈ വ്യവസ്ഥകൾക്ക് വളരെ പ്രകടമായ ന്യൂനതകൾ ഉണ്ടായിരുന്നു. ഭരണഘടനാപരമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മാത്രമായി നികുതികൾ ഒന്നും മാറ്റി വച്ചിട്ടില്ലായിരുന്നു. സംസ്ഥാനങ്ങൾക്ക് സംസ്ഥാന ലിസ്റ്റിൽ നിന്നുള്ള നികുതികൾ മുഴുവനായോ ഭാഗികമായോ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ഇതുവഴി സംസ്ഥാനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ അധികാരവും നിയന്ത്രണങ്ങളും സാധ്യമാകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വതന്ത്രമായി പ്രവർത്തിക്കാനാവശ്യമായ അധികാരങ്ങളും, ധനമാർഗ്ഗങ്ങളും, ചുമതലകളും സംസ്ഥാന സർക്കാരുകളുടെ ഇഷ്ടാനുസരണം ചെയ്യാമെന്ന സ്ഥിതി നിലവിൽവന്നു.പല സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വളർച്ചയും വികാസവും ലക്ഷ്യം വെച്ചുള്ള അധികാര, വിഭവ കൈമാറ്റം നടത്തി. പല സംസ്ഥാന സർക്കാരുകളും പേരിന് മാത്രം നൽകി, ഒന്നും നൽകാതെയുമിരുന്നു. ഇപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരം നിലവിൽ വന്നു. സംസ്ഥാന നിയമങ്ങളിൽ തന്നെ ഏകീകൃതസ്വഭാവം ഇല്ലാത്ത അവസ്ഥ വന്നു ചേർന്നു.

ഭരണഘടനാ ഭേദഗതികളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ അധികാര, വിഭവ കൈമാറ്റങ്ങൾ നടന്നില്ല. സംസ്ഥാനങ്ങൾ സംസ്ഥാന ലിസ്റ്റിൽനിന്ന് അധികാരങ്ങളും, വിഭവങ്ങളും, ചുമതലകളും കൈമാറണംഎന്ന സ്ഥിതിവിശേഷം വന്നപ്പോൾ അത് സംസ്ഥാനങ്ങളുടെ ഭാഗത്തു നിന്നുള്ള ശക്തമായ വിമർശനങ്ങൾക്ക് ഇട നൽകി.

# പഠന പുരോഗതി സ്വയംവിലയിരുത്തൽ 1

1. **താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് മാർക്ക് ചെയ്യുക. 1 മാർക്ക് വീതം**

| പ്രസ്താവന | ശരി | തെറ്റ് |
|---|---|---|
| a) ബ്രിട്ടീഷ് ഭരണകാലത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശക്തിപ്പെട്ടു | | |
| b) ഇന്ത്യയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നിലവിൽ വരുന്നത് 17-ാം നൂറ്റാണ്ടിലാണ് | | |
| c) ഇന്ത്യൻ ഭരണഘടന 1950-ൽ നിലവിൽ വന്നു | | |
| d) ഗ്രാമസ്വരാജ് എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് ഗാന്ധിജിയാണ് | | |
| e) ഗ്രാമസ്വരാജ് സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ വിഭാവനം ചെയ്യുന്നു | | |
| f) ഭരണഘടനയുടെ പതിനൊന്നാം പട്ടികയിലാണ് കൺകറന്റ് ലിസ്റ്റ് ഉള്ളത്. | | |

2. **ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**1 മാർക്ക് വീതം**

a) ഗ്രാമസ്വരാജ് ആരുടെ ആശയമാണ്? ............................

b) ഭരണഘടനയിൽ പ്രാദേശിക സർക്കാരുകൾ ഏത് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്? ............................

c) ഇന്ത്യയിൽ ആദ്യത്തെ ടൗൺ കൗൺസിൽ നിലവിൽ വന്നത് ഏത് വർഷമാണ്? ............................

d) സോഷ്യലിസം എന്ന പദം ഭരണഘടനയുടെ ആമുഖത്തിൽ (പ്രീയാമ്പിളിൽ) ഉൾപ്പെടുത്തിയ വർഷം ............................

..........................................................................................................................................

3. **ഒരു പാരഗ്രാഫിൽ ഉത്തരമെഴുതുക.**
**5 മാർക്ക് വീതം**

(a) ഗ്രാമസ്വരാജ് എന്നത് കൊണ്ട് വിവക്ഷിക്കുന്നത് എന്താണ്?

..........................................................................................................

..........................................................................................................

..........................................................................................................

.......................................................................................................

(b) ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ അതിലെ നിർദ്ദേശകതത്ത്വങ്ങളിൽ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള പരാമർശം.

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

(c) റിപ്പബ്ലിക് എന്നാൽ എന്ത്?

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

(d) ഇന്ത്യ ഒരു പരമാധികാര രാഷ്ട്രമാണ് എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്ത് ?

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

## 2.8 ഭരണഘടനാ ഭേദഗതികൾ

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ നിർദ്ദേശക തത്ത്വങ്ങളിലായിരുന്നു സ്ഥാനം എന്നതിനാൽ ഈ സ്ഥാപനങ്ങൾ പ്രതീക്ഷിച്ച രീതിയിൽ വളർന്നു വന്നില്ല. പലപ്പോഴും തിരഞ്ഞെടുപ്പ് സമയാസമയങ്ങളിൽ നടന്നില്ല. സംസ്ഥാന സർക്കാരുകൾ ഈ സ്ഥാപനങ്ങളെ അനാവശ്യമായി പിരിച്ചുവിടുകയും, നീണ്ട കാലം അഡ്മിനിസ്ട്രേഷൻ ഭരണത്തിലാക്കുകയും ചെയ്തു. ഈ സ്ഥാപനങ്ങൾക്ക് സ്വയംഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനാവശ്യമായ അധികാരങ്ങളും ചുമതലകളും കൈമാറാത്ത അവസ്ഥയും വന്നുചേർന്നു. സംസ്ഥാന സർക്കാരുകളുടെ പലതരത്തിലുള്ള കൈകടത്തലുകൾ ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും, വികാസത്തിനും വിഘാതമായി. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഈ സ്ഥാപനങ്ങൾക്ക് ഇന്ത്യയൊട്ടാകെ ഏകീകൃത സ്വഭാവം ഉണ്ടായിരുന്നുമില്ല. ഇപ്രകാരം സംസ്ഥാന സർക്കാരുകളുടെ ഇച്ഛാശക്തിക്കനുസരിച്ച് മാത്രം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലനിന്നുപോന്നു. ഈ സാഹചര്യങ്ങളിലാണ് വ്യക്തമായ ഭരണഘടനാ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമായി വരുന്നത്.

## 2. 9 ഭരണഘടന ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

1992ൽ 73, 74 ഭരണഘടനാ ഭേദഗതികൾ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി. ഈ ഭേദഗതികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരവും സംരക്ഷണവും ലഭിച്ചു എന്ന് മാത്രമല്ല പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും (PRIs) നഗര പ്രദേശങ്ങളിൽ നഗരസഭകൾക്കും (ULBs) ഭരണഘടനാ പിൻബലവും ലഭിച്ചു.

73-ാംഭരണഘടനാ ഭേദഗതി പ്രകാരം എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമപ്രദേശങ്ങളിൽ പഞ്ചായത്ത് സംവിധാനം – വില്ലേജ് ലെവൽ (ഗ്രാമപഞ്ചായത്ത്), ഇന്റർമീഡിയറ്റ് ലെവൽ (ബ്ലോക്ക് പഞ്ചായത്ത്) & ജില്ലാ തലം (ജില്ലാ പഞ്ചായത്ത്) നിലവിൽ വന്നു. ഈ ഭേദഗതിയിലൂടെ ഇന്ത്യയിൽ പഞ്ചായത്തീരാജ് ഘടന ഏകീകൃത സ്വഭാവം കൈവരിച്ചു.

74-ാംഭരണഘടനാ ഭേദഗതി പ്രകാരം നഗരപ്രദേശങ്ങളിൽ നഗര ഗവൺമെന്റുകൾ (ULBs) സ്ഥാപിക്കുന്നതിനും, അധികാരങ്ങളും വിഭവങ്ങളും ചുമതലകളും കൈമാറുന്നതിനും സംസ്ഥാനങ്ങളെ അധികാരപ്പെടുത്തുന്നുണ്ട്. ഇതിൻ പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ടൗൺ പഞ്ചായത്ത് നഗരപ്രദേശങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

### i) എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതി

ഈ ഭേദഗതിയുടെ ഭാഗമായി 'പഞ്ചായത്തുകൾ' എന്ന IX-ം ഭാഗം ഭരണഘടനയിൽ കൂട്ടിച്ചേർത്തു. ഈ ഭാഗത്ത് 243 മുതൽ 243 (O) വരെയുള്ള അനുച്ഛേദങ്ങളും പുതിയ 29 വിഷയങ്ങൾ ഉള്ള പതിനൊന്നാം പട്ടികയും ഉൾപ്പെടുത്തി.

### പ്രധാന സവിശേഷതകൾ

1) ത്രിതല പഞ്ചായത്തീരാജ് സംവിധാനം – ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് സംവിധാനങ്ങൾ.

2) ഗ്രാമസഭ

3) പട്ടികജാതി / പട്ടികവർഗ സംവരണം

4) വനിതാ സംവരണം

5) പഞ്ചായത്തുകളുടെ ഭരണ കാലാവധി അഞ്ചു വർഷം

6) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും പുതിയ വിഭവ കൈമാറ്റ നിർദേശങ്ങൾ സമർപ്പിക്കുന്നതിനും അഞ്ചു വർഷത്തിലൊരിക്കൽ ധനകാര്യ കമ്മീഷൻ.

7) പഞ്ചായത്തുകളിലെ തിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

8) വരവ് ചെലവുകളുടെ പരിശോധനയ്ക്ക് ഓഡിറ്റ് സംവിധാനം.

9) പതിനൊന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട അധികാരങ്ങളും ചുമതലകളും കൈമാറണം.

### ii) എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി

74-ാം ഭരണഘടനാ ഭേദഗതി പ്രകാരം മുനിസിപ്പാലിറ്റികളുടെ രൂപീകരണവും ഭരണകാര്യങ്ങളും ഇന്ത്യൻ ഭരണഘടനയിൽ ഭാഗം IXA-യിൽ 243 (P) മുതൽ 243 (ZG) വരെയുള്ള അനുച്ഛേദങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ 18 ഇനങ്ങൾ മുനിസിപ്പാലിറ്റികളുടെ ചുമതലകളായി ഉൾപ്പെടുത്തുകയും ചെയ്തു.

### പ്രധാന സവിശേഷതകൾ

1) നഗരപ്രദേശങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷനുകളും, മുനിസിപ്പൽ കൗൺസിലുകളും, നഗര പഞ്ചായത്തുകളും ജനസംഖ്യാനുപാതികമായി രൂപീകരിക്കാം.

2) മുനിസിപ്പൽ വാർഡുകളിൽ വാർഡ്കമ്മിറ്റികൾ വേണം.

3) കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനായി ജില്ലകളിൽ ജില്ലാ ആസൂത്രണ കമ്മറ്റികൾ രൂപീകരിക്കണം

4) മെട്രോപോളിറ്റൻ പ്രദേശങ്ങളിൽ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി രൂപീകരിക്കണം.

5) പന്ത്രണ്ടാംപട്ടികയിൽ കൊടുത്തിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട ചുമതലകൾ കൈമാറണം.

6) ഭരണകാലാവധി അഞ്ചു വർഷം, ധനകാര്യകമ്മീഷൻ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഓഡിറ്റ് സംവിധാനം, സംവരണം തുടങ്ങിയ വ്യവസ്ഥകൾ 73-ാം ഭരണഘടനാ ഭേദഗതിയിൽ ഉള്ളതുപോലെ തന്നെയാണ് 74-ാം ഭരണഘടനാ ഭേദഗതിയിലും.

## 2.10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ 73, 74 ഭരണഘടനാ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന നിയമം മൂലം സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

### i) പഞ്ചായത്തുകളുടെ ആസൂത്രണവും ഉത്തരവാദിത്വങ്ങളും

സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും കൂടാതെ നികുതികളും, തീരുവകളും, ചുങ്കങ്ങളും ഫീസും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്കും ഭരണഘടന അധികാരം നൽകുന്നു. കൂടാതെ 11-ാംപട്ടികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സംസ്ഥാന നിയമം മൂലം നിജപ്പെടുത്തുന്ന വിധത്തിൽ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഭരണഘടനയിലെ പതിനൊന്നാം (11) പട്ടികയിൽ ഇനി പറയുന്ന വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### ii) പതിനൊന്നാം പട്ടിക

1. കാർഷിക വികസനം ഉൾപ്പെടെയുള്ള കൃഷി കാര്യങ്ങൾ
2. ഭൂവികസനം, ഭൂപരിഷ്കരണം നടപ്പാക്കൽ, ഭൂമിയുടെ ഏകീകരണവും സംരക്ഷണവും
3. ചെറുകിട ജലസേചനം, ജലവിനിയോഗനിയന്ത്രണം, നീർമറി പ്രദേശത്തിന്റെ വികസനം
4. മൃഗസംരക്ഷണം, ക്ഷീരവികസനം, കോഴി വളർത്തൽ
5. മത്സ്യബന്ധനം, മത്സ്യകൃഷി
6. സാമൂഹ്യവനവത്കരണം, വൃക്ഷംവച്ചുപിടിപ്പിക്കൽ
7. ലഘു വനവിഭവങ്ങൾ
8. ചെറുകിട വ്യവസായം, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ
9. ഖാദി-ഗ്രാമവ്യവസായങ്ങൾ, കുടിൽവ്യവസായങ്ങൾ
10. ഗ്രാമീണ ഭവന നിർമ്മാണം

11. കുടിവെള്ളം
12. കാലിത്തീറ്റയും വിറകും
13. റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, ജലഗതാഗം, മറ്റ് ഗതാഗത സൗകര്യങ്ങൾ
14. ഗ്രാമീണ വൈദ്യുതീകരണവും വൈദ്യുതി വിതരണവും
15. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ
16. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ
17. പ്രാഥമിക വിദ്യാഭ്യാസവും സെക്കൻഡറി വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള വിദ്യാഭ്യാസം
18. സാങ്കേതിക വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും
19. വയോജന വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും
20. ഗ്രന്ഥശാലകൾ
21. സാംസ്കാരിക പ്രവർത്തനങ്ങൾ
22. ചന്തകൾ, മേളകൾ
23. ആരോഗ്യവും ശുചിത്വവും, ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ ഉൾപ്പെടെ
24. കുടുംബക്ഷേമം
25. മാതൃശിശു വികസനം
26. സാമൂഹിക ക്ഷേമം, ഭിന്നശേഷിയിൽപ്പെട്ടവരുടെ ക്ഷേമമുൾപ്പെടെ
27. ദുർബല വിഭാഗങ്ങളുടെ ക്ഷേമം പ്രത്യേകിച്ച്പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമം
28. പൊതുവിതരണ സമ്പ്രദായം
29. സാമൂഹിക സ്വത്തുക്കളുടെ പരിരക്ഷ.

### iii) മുനിസിപ്പാലിറ്റികളുടെ ആസൂത്രണവും ഉത്തരവാദിത്തങ്ങളും

സംസ്ഥാന നിയമ നിർമ്മാണസഭ നിയമം മൂലം നിർണ്ണയിക്കപ്പെടുന്ന , സാമ്പത്തിക വികസനത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നികുതികളും, തീരുവകളും,ചുങ്കങ്ങളും, ഫീസും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും മുനിസിപ്പാലിറ്റികൾക്ക് ഭരണഘടന അധികാരം നൽകുന്നുണ്ട്. കൂടാതെ പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ളവിഷയങ്ങളിൽ സംസ്ഥാനനിയമം നിർണയിക്കപ്പെടുന്ന വിധത്തിൽ മുനിസിപ്പാലിറ്റികൾക്ക് ചുമതലകൾ നിർവഹിക്കാവുന്നതുമാണ്. ഭരണഘടനയിലെ പന്ത്രണ്ടാം പട്ടിക ഇനി കൊടുത്തിരിക്കുന്ന

## iv) പന്ത്രണ്ടാം പട്ടിക

1. ടൗൺ പ്ലാനിംഗ് ഉൾപ്പെടെയുള്ള നഗരാസൂത്രണം
2. ഭൂമിയുടെ ഉപയോഗവും കെട്ടിടങ്ങളുടെ നിർമ്മാണവും നിയന്ത്രിക്കൽ
3. സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനുള്ള ആസൂത്രണം
4. റോഡുകളും പാലങ്ങളും
5. ഗാർഹിക, വ്യവസായ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലവിതരണം
6. പൊതുജനാരോഗ്യം, ശുചീകരണം, ആരോഗ്യ സംരക്ഷണം, ഖര മാലിന്യ മാനേജ്മെന്റ്
7. ഫയർ സർവ്വീസ്
8. നഗരവൽക്കരണം, പരിസ്ഥിതി സംരക്ഷണം, ജൈവ പരിസ്ഥിതി മുതലായ കാര്യങ്ങളുടെ അഭിവൃദ്ധി
9. ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഉൾപ്പടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ അഭിവൃദ്ധി
10. ചേരി പരിഷ്ക്കരണവും മെച്ചപ്പെടുത്തലും
11. നഗര ദാരിദ്ര്യ ലഘൂകരണം
12. നഗരങ്ങളിൽ പാർക്കുകൾ, തോട്ടങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കൽ
13. സാംസ്കാരികവും വിദ്യാഭ്യാസപരവും കലാപരവുമായ കാര്യങ്ങളുടെ പ്രോത്സാഹനം
14. വൈദ്യുത ശ്മശാനങ്ങൾ, ശവം അടക്കുന്ന സ്ഥലം, ശവദാഹത്തിനുള്ള സ്ഥലം എന്നിവ നിർമ്മിക്കൽ
15. കന്നുകാലി പൗണ്ടുകൾ, ജന്തുക്കളോടുള്ള ക്രൂരത തടയൽ
16. ജനന-മരണ രജിസ്ട്രേഷൻ, ജനന-മരണ സ്ഥിതി വിവര കണക്ക്
17. തെരുവ് വിളക്ക്, പാർക്കുകൾ, ബസ് സ്റ്റോപ്പ്, വിസർജ്ജന പുരകൾ ഉൾപ്പടെയുള്ള പൊതുസൗകര്യങ്ങൾ
18. അറവുശാലകളുടെയും തോലുറപ്പണിശാലകളുടെയും നിയന്ത്രണം

## പഠനപുരോഗതി സ്വയം വിലയിരുത്തൽ 2

1. **ഇനി പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് മാർക്ക് ചെയ്യുക.**
**1 മാർക്ക് വീതം**

a) 73, 74 ഭരണഘടനാഭേദഗതികൾ പാർലമെന്റ് പാസ്സാക്കിയത് 1991 ലാണ്.

b) 74-ാംഭരണഘടനാഭേദഗതി നഗരപ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനം രൂപീകരിക്കാനുള്ളതാണ്.

c) ഭരണഘടനയുടെ IX A (Part IX A) ഭാഗത്താണ് പഞ്ചായത്തുകളെ കുറിച്ച് പരാമർശിക്കുന്നത്.

II **ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**ഒരു മാർക്ക് വീതം**

a) സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടത് ആരുടെ ഉത്തരവാദിത്വമാണ് ?
..........................

b) ഭരണഘടനയുടെ 12-ാംപട്ടികയിൽ നഗരസഭകളുടെ പ്രവർത്തനമേഖലകളായി എത്ര വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്? ..........................

c) ഭരണഘടനയുടെ 11-ാംപട്ടികയിൽ പഞ്ചായത്തുകളുടെ പ്രവർത്തന മേഖലകളായി എത്ര വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?..................

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**5 മാർക്ക് വീതം**

1. ഭരണഘടനയുടെ 12-ാംപട്ടികയിൽ പരാമർശിക്കുന്ന അഞ്ചു കാര്യങ്ങൾ എഴുതുക

..........................................................................................

..........................................................................................

..........................................................................................

..........................................................................................

2. ഭരണഘടനയുടെ 11-ാം പട്ടികയിൽ പരാമർശിക്കുന്ന അഞ്ചു കാര്യങ്ങൾ എഴുതുക

....................................................................................................

....................................................................................................

....................................................................................................

....................................................................................................

3. അധികാരവികേന്ദ്രീകരണത്തിനായി കേരളം നടത്തിയ അടിസ്ഥാന നിയമനിർമ്മാണങ്ങൾ ഏതെല്ലാം?

....................................................................................................

....................................................................................................

....................................................................................................

....................................................................................................

### 2.11 അധികാരവികേന്ദ്രീകരണം കേരളത്തിൽ

73, 74 ഭരണഘടനാ ഭേദഗതികളോടു കൂടി ഇന്ത്യയിലെ ഗ്രാമ-നഗര ഭരണസംവിധാനങ്ങൾ ഭരണഘടനയുടെ ഭാഗമായി തീർന്നു. ഭരണഘടനാ ഭേദഗതിയെ തുടർന്ന് 1960-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിനും,1961-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ടിനും പകരമായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് നിലവിൽ വന്നു. 1960-ലെ കേരള പഞ്ചായത്ത് നിയമത്തിനു പകരമായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും കൂടിനിലവിൽ വന്നതോടെ നഗര-ഗ്രാമപ്രദേശങ്ങളിൽ വിപുലമായ ഉത്തരവാദിത്വങ്ങളും അധികാരങ്ങളുമുള്ള പ്രാദേശിക സർക്കാരുകളും നിലവിൽ വരാൻ സാഹചര്യമൊരുങ്ങി.

73, 74 ഭരണഘടനാ ഭേദഗതികളുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച അപൂർവ്വം സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും യഥാർത്ഥ സ്വയംഭരണസ്ഥാപനങ്ങളായി അവയെ മാറ്റുന്നതിനും വേണ്ടി കേരള സർക്കാർ നിയോഗിച്ച സെൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 1999-ൽ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് നിയമങ്ങൾ സമഗ്രമായി പരിഷ്കരിച്ചു. സർക്കാരിന്റെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന ഒട്ടേറെ അധികാരങ്ങളും ചുമതലകളും നഗര-ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. അതോടൊപ്പം ചുമതലകൾ നിർവഹിക്കാനാവശ്യമായ സ്ഥാപനങ്ങളെയും, ജീവനക്കാരെയും ഫണ്ടും കൈമാറുക

കൂടി ചെയ്തപ്പോൾ അത് മറ്റ സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയായി. ജനകീയാസൂത്രണ പ്രസ്ഥാനം ഈ പ്രവർത്തനങ്ങൾക്ക് വേണ്ട ഊർജ്ജവും കരുത്തും നൽകുകയും ചെയ്തു.

### 2.12 സംഗ്രഹം

സ്വാതന്ത്ര്യത്തിന് വളരെ മുമ്പ് തന്നെ ഇന്ത്യയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലനിന്നിരുന്നു. നീണ്ട ബ്രിട്ടീഷ് ഭരണകാലത്ത് നാമമാത്രമായ രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിലനിന്നുപോന്നു. ഈ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടായെങ്കിലും അവ കടലാസിൽ മാത്രമായി ഒതുങ്ങി. സ്വാതന്ത്ര്യത്തിനുശേഷം ഈ സ്ഥാപനങ്ങൾക്ക് ലഭിച്ച ഭരണഘടനാ പരിഗണന, മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് സംബന്ധമായ ദർശനങ്ങൾ എന്നിവ ഈ യൂണിറ്റിൽ നൽകിയിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാ പരിഗണന നൽകിയതുകൊണ്ട് മാത്രം ഈ സ്ഥാപനങ്ങൾ പ്രതീക്ഷിച്ച രീതിയിൽ വളർന്നു വന്നില്ല. ഗ്രാമ-നഗര പ്രദേശങ്ങളിൽ ഇന്ത്യയൊട്ടാകെ ഏകീകൃത സ്വഭാവം കൈവരിക്കാനായില്ല. പലപ്പോഴും തിരഞ്ഞെടുപ്പുകൾ സമയാസമയങ്ങളിൽ നടത്താതെ വന്നു. ഈ സ്ഥാപനങ്ങൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനാവശ്യമായ അധികാരങ്ങളും ചുമതലകളും കൈമാറാത്ത അവസ്ഥയും ഉണ്ടായി. ഈ സാഹചര്യങ്ങളിലാണ് വ്യക്തമായ ഭരണഘടനാ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംജാതമായത്.

73, 74 ഭരണഘടനാ ഭേദഗതികളിൽ ഗ്രാമ-നഗര തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു. ഗ്രാമ-നഗര പ്രദേശങ്ങളിൽ ഏകീകൃത സ്വഭാവം ഉണ്ടാക്കുവാനുള്ള വ്യവസ്ഥകൾ ഈ ഭേദഗതികളിലൂടെ ഉണ്ടായി. സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമുള്ള അധികാരങ്ങൾ ഈ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ടു. തദ്ദേശഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഭരണഘടനയുടെ11, 12 പട്ടികകളിലായി ഉൾപ്പെടുത്തി.

കേരളത്തിൽ 73, 74 ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത്/ മുനിസിപ്പൽ നിയമങ്ങൾ 1994-ൽപാസാക്കി. തുടർന്ന് സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും ഫണ്ടും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി ഈ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും പ്രാദേശിക ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയതോടെ ലോകത്തിന് തന്നെ മാതൃകയാകും വിധം അധികാര വികേന്ദ്രീകരണം കേരളത്തിൽ നടപ്പിലാക്കപ്പെട്ടു.

## പഠനപുരോഗതി സ്വയം വിലയിരുത്തൽ 3

**I. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.**
**5 മാർക്ക് വീതം**

a) 1950-ൽ നിലവിൽ വന്ന ഇന്ത്യൻ ഭരണഘടനയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പിൻബലം നൽകിയ വ്യവസ്ഥകളുടെ മുഖ്യ ന്യൂനതകൾ എന്തെല്ലാം?

b) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പിൻബലം നൽകുന്നതിൽ ഗാന്ധിയൻ സങ്കൽപ്പങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക.

c) സ്വതന്ത്ര ഇന്ത്യയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പിൻബലം നൽകുന്ന വ്യവസ്ഥകൾ ഏവ? വിശദീകരിക്കുക.

d) 73, 74 ഭരണഘടനാ ഭേദഗതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം? ശ്രദ്ധേയമായ സ്വഭാവങ്ങൾ ലിസ്റ്റ് ചെയ്യുക.

**II. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**10 മാർക്ക് വീതം**

a) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പിൻബലം നൽകുന്ന വ്യവസ്ഥകൾ ഏവ? നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിക്കുക.

b) 73, 74 ഭരണഘടനാ ഭേദഗതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം? 73-ാം ഭരണഘടനാ ഭേദഗതിയുടെ ശ്രദ്ധേയമായ സ്വഭാവങ്ങൾ വിശദീകരിക്കുക. 74-ാം ഭരണഘടനാ ഭേദഗതി എങ്ങനെ വ്യത്യസ്തമായിരിക്കുന്നു.

## 2.13 ഉത്തരങ്ങൾ

**പഠന പുരോഗതി സ്വയം വിലയിരുത്തൽ 1**

a) തെറ്റ് b) ശരി c) ശരി d) ശരി e )ശരി f) തെറ്റ്

a) മഹാത്മാഗാന്ധിയുടെ b) സ്റ്റേറ്റ് ലിസ്റ്റിൽ c) 1688 d) 1976

**പഠന പുരോഗതി സ്വയം വിലയിരുത്തൽ 2**

a) തെറ്റ് b) ശരി c) തെറ്റ്

b) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ b) 18 c) 29

## 2.14 സൂചനാ പദങ്ങൾ

| | | |
|---|---|---|
| i. | ത്രിതല പഞ്ചായത്തുകൾ | ആർട്ടിക്കിൾ 243 B പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ മൂന്ന് തലങ്ങളിലായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്) |
| 2. | ഗ്രാമസഭ | അനുച്ഛേദം 243 A പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് വാർഡിൽ വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടുള്ള അംഗങ്ങളുടെ സഭ. |
| 3. | മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ | അനുച്ഛേദം 243 Q പ്രകാരം നഗര പ്രദേശങ്ങളിൽ സ്ഥാപിതമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനം. |
| 4. | വാർഡ്സഭ 1 ലക്ഷം വരെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റിയുടെ ഓരോ വാർഡിലും വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടുള്ള അംഗങ്ങളുടെ സഭ (കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 42 A) | |
| 5. | വാർഡ്കമ്മിറ്റി | ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ രൂപീകരിക്കേണ്ട പ്രാതിനിധ്യ സ്വഭാവമുള്ള സമിതി (അനുച്ഛേദം 243(S). |

## 2.15 അധിക വായനയ്ക്ക് / അവലംബം


- 73-ാം ഭരണഘടനാ ഭേദഗതി 1992 [The Constitution (Seventy third amendment) Act, 1992.]
- 74-ാം ഭരണഘടനാ ഭേദഗതി 1992 [The Constitution (Seventy fourth amendment) Act, 1992.]
- Singh, Virendra, “The Constitution of India”, Allahabad, Ram NarainLalBoni Prasad, 1998.
- Altekar.A.S., “State and Local Government in Ancient India”, Banarus, MotilalBanarsidas 1955.

## യൂണിറ്റ് 3

# കേരളത്തിലെ തദ്ദേശ സർക്കാരുകളുടെ നിയമപരമായ അടിസ്ഥാനം

## ഘടന

3.1 ലക്ഷ്യങ്ങൾ

3.2 ആമുഖം

3.3 പഞ്ചായത്ത് സംവിധാനം പുരാതന ഇന്ത്യയിൽ

3. 4 പ്രാദേശിക ഭരണ സംവിധാനം ബ്രിട്ടീഷ് ഇന്ത്യയിൽ

3. 5 ബ്രിട്ടീഷ് ഇന്ത്യയിലെ അനുകൂലമായ ശ്രമങ്ങൾ

3.6 സ്വാതന്ത്ര്യ സമര പ്രസ്ഥാനവും പ്രാദേശിക സർക്കാരുകളും സർക്കാരുകളും

3.7 ഗ്രാമ സ്വരാജ്

3.8 സ്വാതന്ത്ര്യാനന്തര നടപടികൾ

3.9 ഭരണഘടനാ ഭേദഗതികൾ

3.10 പഞ്ചായത്ത് സംവിധാനം കേരളത്തിൽ

3.11 അധികാര വികേന്ദ്രീകരണം - എന്തുകൊണ്ട് കേരളം?

3.12 പ്രാദേശിക സർക്കാരുകളുടെ വിഭവ സ്രോതസ്സുകൾ

3.13 ധനകാര്യ കമ്മീഷൻ

3.14 വരുമാന സ്രോതസ്സുകൾ

3.15 ചുമതലകൾ, ചുമതലക്കാർ

3.16 ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ തമ്മിലുള്ള പരസ്പരബന്ധം

3.17 നഗരങ്ങളെയും ഗ്രാമങ്ങളെയും ബന്ധിപ്പിക്കാൻ ജില്ലാ ആസൂത്രണ കമ്മിറ്റി

3.18 മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി

3.19 തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്

3.20 ആസൂത്രണ സംവിധാനം

3.21 സംഗ്രഹം

3.22 ഉത്തരങ്ങൾ

3.23 സൂചനാപദങ്ങൾ

3.24 അധിക വായനക്ക്/ അവലംബം

# കേരളത്തിലെ തദ്ദേശ സർക്കാരുകളുടെ നിയമപരമായ അടിസ്ഥാനം

## 3.1 പഠന ലക്ഷ്യങ്ങൾ

1) പുരാതന ഇന്ത്യയിൽ പഞ്ചായത്ത് സംവിധാനം എങ്ങനെ പ്രവർത്തിച്ചിരുന്നു എന്ന് മനസ്സിലാക്കുന്നു.

2) ബ്രിട്ടീഷ് ഭരണകാലത്ത് പ്രാദേശിക ഭരണ സംവിധാനത്തിൽ ഉണ്ടായ മാറ്റങ്ങൾ തിരിച്ചറിയുന്നു.

3) സ്വാതന്ത്ര്യസമര പ്രസ്ഥാനം പ്രാദേശിക ഭരണ സംവിധാനത്തിന് വേണ്ടി നടത്തിയ ഇടപെടലുകളുടെ ഫലങ്ങൾ മനസ്സിലാക്കുന്നു

4) ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന കാഴ്ചപ്പാടിനെക്കുറിച്ച് ധാരണയുണ്ടാക്കുന്നു

5) സ്വാതന്ത്ര്യാനന്തരം പ്രാദേശിക ഭരണ സംവിധാനവുമായി ബന്ധപ്പെട്ട് ഉണ്ടായ സംഭവവികാസങ്ങൾ മനസ്സിലാക്കുന്നു

6) അധികാരവികേന്ദ്രീകരണത്തിൽ കേരളം എങ്ങനെ മാതൃകയായി എന്ന് തിരിച്ചറിയുന്നു.

7) പ്രാദേശിക സർക്കാരുകളുടെ വിഭവ സ്രോതസ്സുകളെ കുറിച്ച് ധാരണയുണ്ടാക്കുന്നു.

8) ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും നഗര ഭരണസംവിധാനങ്ങളും പരസ്പരം ബന്ധത്തോടെ എങ്ങനെ പ്രവർത്തിക്കാൻ കഴിയുന്നു എന്നും അതിനുള്ള വ്യവസ്ഥകളും മനസ്സിലാക്കുന്നു.

9) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടികളും സംവിധാനങ്ങളും തിരിച്ചറിയുന്നു

10) പ്രാദേശിക സർക്കാരുകളുടെ ആസൂത്രണ സംവിധാന വ്യവസ്ഥകൾ മനസ്സിലാക്കുന്നു

## 3.2 ആമുഖം

പുരാതനകാലം മുതൽ നിലനിന്നിരുന്ന പഞ്ചായത്ത് ഭരണ സംവിധാനത്തെ പരിചയപ്പെടുത്തിക്കൊണ്ടാണ് ഈ യൂണിറ്റ് ആരംഭിക്കുന്നത്. ബ്രിട്ടീഷ് ആധിപത്യത്തോടെ പ്രാദേശിക ഭരണ വ്യവസ്ഥയിൽ ഉണ്ടായ മാറ്റങ്ങളും അതിനുള്ള കാരണങ്ങളും പരിശോധിക്കപ്പെടുന്നുണ്ട്. പ്രാദേശിക ഭരണ സംവിധാനത്തിന് വേണ്ടി സ്വാതന്ത്ര്യ സമര പ്രസ്ഥാനം മുന്നോട്ടുവെച്ച ശക്തമായ ആവശ്യങ്ങളും ഗാന്ധിജിയുടെ ഗ്രാമസ്വരാജ് കാഴ്ചപ്പാടുകളും ഈ രംഗത്ത് അനുകൂലമായ ചില മാറ്റങ്ങൾ വരുത്താൻ ബ്രിട്ടീഷുകാരെ നിർബ്ബന്ധിതരാക്കി എന്ന് നമുക്ക് കാണാൻ കഴിയുന്നു.

പ്രാദേശികഭരണസംവിധാനത്തിന്റെ കാര്യത്തിൽ സ്വാതന്ത്ര്യാനന്തരം ഉണ്ടായ വളർച്ചയും തളർച്ചയും വിലയിരുത്തപ്പെടുന്നുണ്ട്. ഒട്ടേറെ കമ്മിറ്റികളുടെയും കമ്മീഷനുകളുടെയും ശുപാർശകൾ ഇക്കാലയളവിലുണ്ടായതായി കാണാം. പ്രാദേശിക ഭരണസംവിധാനത്തിന് കേരളത്തിലുണ്ടായ മാറ്റങ്ങളും വളർച്ചയും ഈ യൂണിറ്റിൽ പരിശോധിക്കപ്പെടുന്നുണ്ട്. എന്തുകൊണ്ട് കേരളം ഇക്കാര്യത്തിൽ ശ്രദ്ധിക്കപ്പെടുന്നു എന്നും എങ്ങനെ ആ നേട്ടങ്ങൾ കൈവരിക്കാനായി എന്നും മനസ്സിലാക്കാൻ കഴിയുന്നു. അധികാരങ്ങളോടൊപ്പം വർദ്ധിച്ച അളവിലുള്ള ഫണ്ട് നൽകുകയും ജനങ്ങളെ പ്രാദേശിക സർക്കാരുകളോടൊപ്പം അണിനിരത്തുകയും ചെയ്യതിലൂടെയാണ് കേരളത്തിന് ഈ രംഗത്ത് മികച്ച നേട്ടം കൈവരിക്കാനായത്.

കേരളത്തിലെ പ്രാദേശിക സർക്കാരുകളിൽ ജനകീയ സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പരിശോധിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭവ സമാഹരണ മാർഗ്ഗങ്ങളെക്കുറിച്ചും വരുമാന സ്രോതസ്സുകളെക്കുറിച്ചും സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഓരോ തദ്ദേശഭരണ സ്ഥാപനവും സ്വതന്ത്ര പ്രാദേശിക സർക്കാരുകൾ ആയി പ്രവർത്തിക്കുമ്പോൾ തന്നെ അവ എങ്ങനെ ഏകോപനത്തോടെയും പരസ്പരം ബന്ധപ്പെട്ടും പ്രവർത്തിക്കുന്നു എന്നും ഈ യൂണിറ്റിൽ നിന്ന് മനസ്സിലാക്കാം. തിരഞ്ഞെടുപ്പ് സംവിധാനങ്ങളെ കുറിച്ചും അത് സംബന്ധിച്ച് ഭരണഘടനയിലും സംസ്ഥാന നിയമങ്ങളിലുമുള്ള വ്യവസ്ഥകളും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. അവസാനമായി പദ്ധതി ആസൂത്രണത്തിനുള്ള നിയമ വ്യവസ്ഥകൾ കൂടി പരിചയപ്പെടുത്തുന്നു.

## 3.3 പഞ്ചായത്ത് സംവിധാനം പുരാതന ഇന്ത്യയിൽ

പുരാതന കാലം മുതൽ നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന ഗ്രാമീണ രാഷ്ട്രീയഭരണ വ്യവസ്ഥയായിരുന്നു പഞ്ചായത്ത്. പാകിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ് തുടങ്ങിയ നമ്മുടെ പല സമീപരാജ്യങ്ങളിലും പഞ്ചായത്ത് എന്ന പേര് തന്നെ ഈ സംവിധാനത്തിന് ഉപയോഗിക്കുന്നു. ഈ പ്രാദേശിക ഭരണസംവിധാനം ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഏറ്റവും പഴക്കം ചെന്ന ഭരണസംവിധാനമാണെന്ന് പറയാം. അഞ്ച് എന്ന് അർത്ഥം വരുന്ന പഞ്ച എന്ന സംസ്കൃത വാക്കും സമ്മേളനം അഥവാ യോഗം എന്നർത്ഥം വരുന്ന ആയത്ത് എന്ന പദവും കൂടിച്ചേർന്നാണ് പഞ്ചായത്ത് എന്ന പദം രൂപപ്പെട്ടത് എന്ന് പറയപ്പെടുന്നു. ഗ്രാമ ജീവിതത്തിന്റെ പഞ്ചേന്ദ്രിയങ്ങളായി പഞ്ചായത്തുകളെ അന്ന് കണക്കാക്കി പോന്നു. ബി സി 1700 കാലത്ത് തന്നെ സ്വയംഭരണ ഗ്രാമ

സംവിധാനം ഇന്ത്യയിൽ നിലനിന്നിരുന്നതായി വേദകാല കൃതികളിൽ കാണാം. അതായത് അക്കാലത്ത് ഗ്രാമങ്ങൾ പ്രാദേശിക സ്വയം ഭരണത്തിനുള്ള അടിസ്ഥാന ഘടകങ്ങളായിരുന്നു എന്ന് കരുതാം.

മനുസ്മൃതിയിലും രാമായണത്തിലും മഹാഭാരതത്തിലും സംഘകാലകൃതികളിലും ഗ്രാമഭരണ സംവിധാനത്തെ കുറിച്ച്പരാമർശങ്ങളുണ്ട്. മാത്രമല്ല പ്രാചീനഗ്രാമഭരണ വ്യവസ്ഥയെക്കുറിച്ച് പരാമർശിക്കുന്ന പുരാതന ഗ്രന്ഥങ്ങളാണ് കൗടില്യന്റെ അർത്ഥ ശാസ്ത്രവും ശുക്രാചാര്യരുടെ നീതിസാരവും. ക്രിസ്തുവർഷം 250 മുതൽ ഇതു സംബ ന്ധിച്ചുള്ള പരാമർശങ്ങൾ ചരിത്ര രേഖകളിലും കാണാൻ കഴിയുന്നു. മൗര്യ ഭരണ കാലത്ത് ഓരോ ഗ്രാമത്തിന്റേയും ഭരണകാര്യങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമികന്മാരുടെ (ഗ്രാമിണികളുടെ) നിയന്ത്രണത്തിൽ നടന്നിരുന്നുവെന്ന് അക്കാലത്ത് ഇന്ത്യ സന്ദർശിച്ച ഗ്രീക്ക് നയതന്ത്രജ്ഞനായ മെഗസ്തനീസ് പ്രസിദ്ധമായ ഇൻഡിക്ക എന്ന തന്റെ കൃതിയിൽ പരാമർശിച്ചിട്ടുണ്ട്. ഗുപ്തഭരണ കാലത്തും തെക്കേ ഇന്ത്യയിൽ ചോള ഭരണകാലത്തും സുശക്തമായ പഞ്ചായത്ത് ഭരണം നിലനിന്നിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. വ്യത്യസ്ത പേരുകളിലും രീതികളിലും ഘടനയിലും ആയിരുന്നെങ്കിലും രാജ്യത്ത് മിക്കവാറും എല്ലായിടത്തും പുരാതനകാലം മുതൽ പഞ്ചായത്ത് ഭരണ സംവിധാനം നിലനിന്നിരുന്നതിനെക്കുറിച്ച് ചരിത്രപരാമർശങ്ങളുണ്ട്. അധികാരത്തിന്റെ കാര്യത്തിലും പ്രവർത്തനരീതിയിലും വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ബ്രിട്ടീഷ് ആധിപത്യം വരെ ഈ പ്രാദേശിക ഭരണ വ്യവസ്ഥ ചലനാത്മകമായിരുന്നു. മാത്രമല്ല ഇവ ഒരു പരിധി വരെ പ്രാദേശിക സ്വയംപര്യാപ്ത സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാന യൂണിറ്റുകളായി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

## 3.4 പ്രാദേശിക ഭരണ സംവിധാനം ബ്രിട്ടീഷ് ഇന്ത്യയിൽ

ബ്രിട്ടീഷ് ആധിപത്യത്തോടെ ഇന്ത്യയിലെ പഞ്ചായത്ത് ഭരണ സംവിധാനം ദുർബലമാകാൻ തുടങ്ങി. പ്രദേശിക സമ്പത്തിന്റേയും അധ്വാനത്തിന്റേയും ചൂഷണവും ആ ചൂഷണ വ്യവസ്ഥ നിലനിർത്തുന്നതിന് അടിച്ചേൽപ്പിച്ച നിയന്ത്രണങ്ങളും മൂലം പഞ്ചായത്ത് സംവിധാനം ബ്രിട്ടീഷ് ഭരണത്തിൽ നിഷ്ക്രിയമായി. ഇതിന്റെ ഏറ്റവും വലിയ പ്രത്യാഘാതങ്ങളിലൊന്ന് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയായിരുന്നു. ബ്രിട്ടീഷ്ഭരണ കാലത്തുതന്നെ പ്രാദേശികഭരണസ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതായി കാണാം. 1687 ഡിസംബർ 30ന് ജെയിംസ് രണ്ടാമൻ രാജാവ് പുറത്തിറക്കിയ ചാർട്ടറിലൂടെ 1688 ൽ മദ്രാസ് മുനിസിപ്പൽ കോർപ്പറേഷൻ ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പ്രാദേശിക ഭരണ സംവിധാനമായി നിലവിൽ വന്നു. മേയേഴ്സ് കോടതി എന്നറിയപ്പെട്ട ജുഡീഷ്യൽ അധികാരം ഉള്ള നീതിന്യായ സംവിധാനവും മുൻസിപ്പാലിറ്റിയുടെ ഭാഗമായി സ്ഥാപിക്കപ്പെട്ടു. (1664 ൽ ഡച്ചുകാർ രൂപീകരിച്ച ഫോർട്ടുകൊച്ചി മുൻസിപ്പാലിറ്റി ആണ് ഇന്ത്യയിൽ സ്ഥാപിതമായ ആദ്യ മുൻസിപ്പാലിറ്റി. പതിനെട്ടാം നൂറ്റാണ്ടിൽ ഡച്ചുകാർ ദുർബലമായതോടെ അത് പിരിച്ചുവിടപ്പെടുകയും ചെയ്തു.) നികുതി പിരിക്കാനുള്ള അധികാരവും റോഡുകൾ നിർമ്മിക്കുക, ഓടകൾ നിർമ്മിക്കുക, ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക, യൂറോപ്യൻ കുട്ടികൾക്ക് വേണ്ടി സ്കൂളുകൾ നടത്തുക തുടങ്ങിയ സേവനങ്ങൾ നടത്തുവാനുള്ള ഉത്തരവാദിത്തവും ഈ മുനിസിപ്പാലിറ്റിക്ക് ഉണ്ടായിരുന്നു. മദ്രാസ്

മുനിസിപ്പാലിറ്റി സ്ഥാപിതമായതിനെത്തുടർന്ന് മേയേഴ്സ് കോടതികൾ ഉൾപ്പെടെയുള്ള സമാന വ്യവസ്ഥകളോടെ കൽക്കത്ത, ബോംബെ മുനിസിപ്പാലിറ്റികളും സ്ഥാപിക്കപ്പെട്ടു. ബ്രിട്ടീഷ് ഭരണം വ്യാപകമാകുന്നതിന് അനുസൃതമായി പല പ്രദേശങ്ങളിലും പ്രാദേശിക ഭരണ സ്ഥാപനങ്ങൾ രൂപീകരിക്കപ്പെടുകയും ചെയ്തു.

മേയോ പ്രഭുവിന്റെ കാലത്ത്, 1870 ൽ പ്രാദേശിക ഭരണസംവിധാനം എന്ന നിലയിൽ ജില്ലാതല ഭരണസ്ഥാപനങ്ങളും നഗരഭരണസ്ഥാപനങ്ങളും രൂപീകൃതമായി. തുടർന്ന് 1884 ൽ വില്ലേജുകൾ ചേർത്ത് പഞ്ചായത്തുകളും താലൂക്ക് തലത്തിൽ താലൂക്ക് ബോർഡുകളും ജില്ലാതലത്തിൽ ജില്ലാ ബോർഡുകളും നിലവിൽ വന്നു. എന്നാൽ, ഇവയുടെ എല്ലാം പ്രധാന ചുമതല നികുതി പിരിവ് ആയിരുന്നു.

## 3.5 ബ്രിട്ടീഷ് ഇന്ത്യയിലെ അനുകൂലമായ ശ്രമങ്ങൾ

ബ്രിട്ടീഷ് ഇന്ത്യയിൽ സ്വയംഭരണ തദ്ദേശസ്ഥാപനങ്ങൾക്ക്തുടക്കമിട്ട വിദേശികളിൽ പ്രമുഖൻ 1880-84 കാലഘട്ടത്തിൽ ബ്രിട്ടീഷ് വൈസ്രോയി ആയിരുന്ന റിപ്പൺ പ്രഭു വാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു പ്രമേയം (Rippon's Resolution) അദ്ദേഹം 1882 മെയ് 18 ന് പുറത്തിറക്കി. ജനാധിപത്യ പ്രക്രിയയിലൂടെ പ്രതിനിധികളെ പ്രാദേശിക ഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത് പ്രാദേശിക ഭരണം ശക്തിപ്പെടുത്തണം എന്നാണ് അദ്ദേഹം മുന്നോട്ടുവച്ചത്. അതുകൊണ്ടുതന്നെ തന്നെ അദ്ദേഹത്തെ പ്രാദേശിക സർക്കാരുകളുടെ പിതാവ് എന്ന് വിളിക്കുന്നു. റിപ്പൺ പ്രമേയത്തെ തുടർന്ന് രാജ്യത്ത് പല നിയമ നിർമാണങ്ങൾ നടന്നു. തിരഞ്ഞെടുക്കപ്പെട്ട കമ്മീഷണർമാർ മുനിസിപ്പാലിറ്റികളിൽ ഉണ്ടായിരിക്കണമെന്നുള്ള നിയമങ്ങൾ 1884 ൽ മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ പാസ്സാക്കപ്പെട്ടു. രാജ്യത്തിന്റെ പലഭാഗങ്ങളിലും സമാനമായ നിയമങ്ങൾ ഉണ്ടായി. ഇക്കാരണങ്ങളാൽ 1899 വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലും അവയുടെ ധനകാര്യ സ്ഥിതിയിലും പുരോഗതിയുണ്ടായി. എന്നാൽ 1899 നു ശേഷം വൈസ്രോയി ആയി വന്ന കഴ്സൺ പ്രഭു ഇക്കാര്യത്തിൽ വേണ്ടത്ര പ്രാധാന്യം നൽകിയില്ല. പിന്നീട് ഇക്കാര്യത്തിൽ ഗുണകരമായ ഒരു നീക്കം ഉണ്ടാകുന്നത് 1907ലെ, ചാൾസ് ഹോഫ്ഹൗസ് അദ്ധ്യക്ഷനായ അധികാരവികേന്ദ്രീകരണ കമ്മീഷൻ (Royal Commission on decentralization -1907) റിപ്പോർട്ടിനെ തുടർന്നാണ്. മുനിസിപ്പാലിറ്റികൾക്ക് ഏറെ പ്രയോജനകരമായ റിപ്പോർട്ട് ആയിരുന്നു ഈ കമ്മീഷൻ മുന്നോട്ട് വെച്ചത്. എന്നാൽ വേണ്ടത്ര ധനസ്രോതസ്സുകൾ ലഭ്യമാക്കാത്തതിനാൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാനായില്ല. മിന്റോ -മോർലി പരിഷ്കാരങ്ങളുടെ ഭാഗമായുണ്ടായ 1909 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്പ്രകാരം മുനിസിപ്പാലിറ്റികൾക്ക് പ്രൊവിൻഷ്യൽ കൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടവകാശം ലഭിച്ചു.

1918 ലെ മൊണ്ടേഗു ചെംസ്ഫോർഡ് (Montague -Chelmsford report-1918) റിപ്പോർട്ടിലാണ് തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലും അവയിലേക്കുള്ള തിരഞ്ഞെടുപ്പുകളിലും ജനങ്ങൾക്കുള്ള താൽപ്പര്യം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത എടുത്ത് പറഞ്ഞത്. പ്രാദേശിക ഭരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആദ്യ ബ്രിട്ടീഷ് നിയമം 1919 ലെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട് വഴി പുറത്തിറങ്ങാൻ ഈ റിപ്പോർട്ട് കാരണമായി. ഈ ആക്ടിനെ തുടർന്നാണ് പ്രവിശ്യകളിൽ

പഞ്ചായത്ത് നിയമം പ്രാബല്യത്തിൽ വന്നത്. 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് കൂടി നിലവിൽ വന്നതോടെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടുള്ള തിരഞ്ഞെടുപ്പ് സമ്പ്രദായം ഉൾപ്പെടെ കൂടുതൽ അധികാരങ്ങൾ കിട്ടുകയും അവ ഒരു പരിധി വരെ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കപ്പെടുകയും ചെയ്തു.

### 3.6 സ്വാതന്ത്ര്യസമരപ്രസ്ഥാനവും പ്രാദേശിക സർക്കാരുകളും

ദേശീയ രംഗത്ത് പ്രാദേശിക ഭരണസംവിധാനത്തിനുവേണ്ടിയുള്ള ആവശ്യം ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനം ശക്തമായി മുന്നോട്ടുവച്ചിരുന്നു. 1919 ഇത് സംബന്ധിച്ച പ്രമേയം പാസാക്കുകയും ചെയ്തു. 1909 ലേയും1919 ലേയും 1935ലേയും ഗവൺമെൻറ് ഓഫ് ഇന്ത്യാ ആക്ടുകളിൽ ഇക്കാര്യത്തിൽ അനുകൂലമായ നിർദ്ദേശങ്ങൾ ഉണ്ടായതിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനം വഹിച്ച പങ്ക് വളരെ വലുതാണ്.സ്വാതന്ത്ര്യസമര പ്രസ്ഥാനം മുന്നോട്ടു വെച്ച സ്വരാജ് എന്ന ആവശ്യത്തോടൊപ്പം ഗ്രാമസ്വരാജ് എന്ന ആശയവും മഹാത്മാഗാന്ധി അവതരിപ്പിച്ചു.

### 3.7 ഗ്രാമ സ്വരാജ്

ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന ശക്തമായ പഞ്ചായത്തുകൾ ഗ്രാമങ്ങളിൽ അനിവാര്യമാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഇരുപത് ആളുകൾ ഒരു കേന്ദ്രത്തിൽ ഇരുന്ന് പ്രവർത്തിച്ചാൽ യഥാർത്ഥ ജനാധിപത്യം ഉണ്ടാവുകയില്ലെന്നും ഓരോ ഗ്രാമത്തിലെയും താഴെ തട്ടിലുള്ള ജനങ്ങളിൽ നിന്നാണ് അത് ഉരുത്തിരിയേണ്ടത്എന്നും അദ്ദേഹം വിശ്വസിച്ചു. യഥാർത്ഥ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകം ഗ്രാമമാണ് എന്നും അതുകൊണ്ടു തന്നെ പഞ്ചായത്തിന്റെ അധികാരം എത്രത്തോളം വർദ്ധിച്ചിരിക്കുന്നുവോ അത്രത്തോളം അത് ജനക്ഷേമകരമായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വയംഭരണ ഗവൺമെന്റ് എന്നർത്ഥത്തിൽ 'ഗ്രാമസ്വരാജ് എന്നാണ് ഗാന്ധിജി വിശേഷിപ്പിച്ചത്. സ്വയംപര്യാപ്ത ഗ്രാമം ആയിരുന്ന ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ്. ബ്രിട്ടീഷ് ഭരണകാലത്ത് പ്രാദേശിക ഭരണ സംവിധാനത്തിൽ ഉണ്ടായ മാറ്റങ്ങൾക്ക് ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കൽപ്പം ചെലുത്തിയ സ്വാധീനം ചെറുതല്ല.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ - ഒന്ന്

**I. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

1) കൗടില്യൻ രചിച്ച കൃതിയാണ്_______

2) ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആദ്യമായി രൂപീകരിച്ച മുനിസിപ്പാലിറ്റിയാണ് _______

3) _________കാരുടെ ഭരണകാലത്താണ് ഫോർട്ട്കൊച്ചി മുൻസിപ്പാലിറ്റി രൂപീകരിക്കപ്പെട്ടത്

4) മൗര്യ ഭരണകാലത്ത് ഇന്ത്യ സന്ദർശിച്ച വിദേശിയാണ്________

**II. ചേരുംപടി ചേർക്കുക. ഒരു മാർക്ക് വീതം**

| | | |
|---|---|---|
| 1 | റോയൽ കമ്മീഷൻ | ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1919 |
| 2 | മിന്റോ -മോർലി പരിഷ്കാരങ്ങൾ | 1882 |
| 3 | റിപ്പൺ പ്രമേയം | 1907 |
| 4 | മൊണ്ടേഗു - ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ | ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1909 |

**III ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക**
**2 മാർക്ക് വീതം**

1. മേയേഴ്സ് കോടതി എന്നാൽ എന്ത്?
2. ബ്രിട്ടീഷ് ആധിപത്യത്തോടെ ഇന്ത്യയിലെ പ്രാദേശിക ഭരണസംവിധാനം ദുർബലമാകാൻ ഉള്ള കാരണങ്ങൾ?

**IV ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**
**5 മാർക്ക് വീതം**

1. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് കാഴ്ചപ്പാട്
2. മദ്രാസ് മുനിസിപ്പാലിറ്റി രൂപീകരിക്കപ്പെട്ട ഘട്ടത്തിൽ ഉണ്ടായിരുന്ന അധികാരങ്ങൾ, ചുമതലകൾ

### 3.8 സ്വാതന്ത്ര്യാനന്തര നടപടികൾ

ഭരണഘടനയിൽ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയത്തിന് വലിയ പ്രാധാന്യം ലഭിച്ചില്ല എന്ന് യൂണിറ്റ് ഒന്നിൽ വ്യക്തമാക്കിയതാണ്. 1949 നവംബർ 26 ന് ഭരണഘടനാ നിർമ്മാണ സഭ അംഗീകരിച്ച ഭരണഘടനയുടെ നിർദേശക തത്ത്വങ്ങളിൽ അനുച്ഛേദം 40ൽ സംസ്ഥാനങ്ങൾ, പഞ്ചായത്തുകൾ രൂപീകരിക്കണമെന്നും അവയ്ക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങൾ നൽകണമെന്നും എന്നും ചേർക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ ഏഴാം പട്ടികയിലെ സംസ്ഥാന ലിസ്റ്റിൽ (അഞ്ചാം) ഉൾക്കുറിപ്പായി പ്രാദേശിക ഭരണസംവിധാനം സംബന്ധിച്ച കാര്യങ്ങൾ ചേർക്കുകയും ചെയ്തു. ഇതേ തുടർന്ന് പല സംസ്ഥാനങ്ങളും നിയമനിർമാണം നടത്തിയെങ്കിലും ഭരണഘടനയുടെ നിർദ്ദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തിയതിനാൽ പ്രാദേശിക ഭരണ സംവിധാനം സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഏറെ മുന്നോട്ടു പോയില്ല. ശക്തമായ പ്രാദേശിക ഭരണസംവിധാനത്തിന്റെ അഭാവം ഇന്ത്യയിലെ ക്ഷേമ, വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിമർശനങ്ങൾ ഏറെയുണ്ടായി. ഇത്തരം വിമർശനങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പ്രാദേശിക ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഒട്ടേറെ കമ്മിറ്റികളെ നിയോഗിക്കുകയുണ്ടായി. അവയിൽ പ്രധാനമായവ ഏതെല്ലാമെന്ന് ഇനി പറയുന്നു.

i) ബൽവന്ത് റായ് മേത്ത കമ്മിറ്റി 1957: ദേശീയ വികസന കൗൺസിൽ നിർദ്ദേശപ്രകാരം നിയോഗിക്കപ്പെട്ട കമ്മിറ്റിയാണ് ബൽവന്ത് റായ് മേത്ത കമ്മിറ്റി. ഗ്രാമ -ബ്ലോക്ക്-ജില്ലാ തലങ്ങളിലായി ത്രിതല പഞ്ചായത്ത് സംവിധാനം വേണമെന്ന് ഈ കമ്മിറ്റി നിർദേശിച്ചു. പഞ്ചായത്തുകൾക്ക് മതിയായ വിഭവസ്രോതസ്സുകൾ കൈമാറണമെന്നും നിർദേശിച്ചു. 1958 ൽ ദേശീയ വികസന കൗൺസിൽ ഈ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചതിനെ തുടർന്ന് പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കുവാൻ ദേശീയതലത്തിൽ തീരുമാനിച്ചു. അതിന്റെ ഭാഗമായി രാജസ്ഥാനിലെ നാഗൂറിൽ ആദ്യ പഞ്ചായത്ത് രാജ് സ്ഥാപനം, പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉദ്ഘാടനം ചെയ്തു. അതോടെ പഞ്ചായത്ത് രാജ് സംവിധാനം ആദ്യമായി നടപ്പിൽ വരുത്തിയ സംസ്ഥാനമായി രാജസ്ഥാൻ മാറി. പഞ്ചായത്തുകൾക്കു വേണ്ടി സ്തുത്യർഹമായ പ്രവർത്തനം നടത്തിയ ബൽവന്ത് റായ് മേത്ത പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു. മാത്രമല്ല അദ്ദേഹത്തിന്റെ ജന്മദിനമായ ഫെബ്രുവരി 19 കേരളത്തിൽ പഞ്ചായത്ത് ദിനമായി ആചരിച്ചു വരികയും ചെയ്യുന്നു. (ഭരണഘടനാ ഭേദഗതിയെ തുടർന്ന് പഞ്ചായത്തീരാജ് സംവിധാനം നിലവിൽവന്ന ഏപ്രിൽ 24 പഞ്ചായത്ത് ദിനമായി ദേശീയതലത്തിൽ 2011 മുതൽ ആചരിച്ചു വരുന്നു)

ii) കെ. സന്താനം കമ്മിറ്റി 1963: നികുതികളും മറ്റ് ഫീസുകളും പിരിക്കുവാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണമെന്നതായിരുന്നു ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശ.

iii) അശോകമേത്ത കമ്മിറ്റി 1978: Committee on Panchayat Raj Institutions

എന്നറിയപ്പെടുന്ന കമ്മിറ്റി ആണിത്. ഗ്രാമതലത്തിലും മണ്ഡൽ തലത്തിലും (ബ്ലോക്ക് തലം)പഞ്ചായത്തുകൾ രൂപീകരിക്കണമെന്നതായിരുന്നു ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശ. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇഎംഎസ് നമ്പൂതിരിപ്പാടും ഈ കമ്മിറ്റിയിൽ അംഗമായിരുന്നു.

iv) ജി വി കെ റാവു കമ്മിറ്റി 1985: ആസൂത്രണത്തിനും വികസനത്തിനുള്ള ശരിയായ യൂണിറ്റ് ജില്ലാ തലത്തിലുള്ള ജില്ലാ പരിഷത് ആയിരിക്കണം എന്നതായിരുന്നു പ്ലാനിങ് കമ്മീഷൻ നിയമിച്ച ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശ.

v) എൽ എം സിങ്‌വി കമ്മിറ്റി 1986: പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്നും അതിനായി ഭരണഘടന തന്നെ ഭേദഗതി ചെയ്യണമെന്നും ഈ കമ്മിറ്റി ശുപാർശ ചെയ്തു.

vi) പി കെ തുംഗോൺ കമ്മിറ്റി 1988: പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ സാധുത നൽകണമെന്ന് പി കെ തുംഗോൺ അധ്യക്ഷനായ പാർലിമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റി ശുപാർശ ചെയ്തു.

പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഈ പറഞ്ഞ കമ്മിറ്റികൾ ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിരുന്നു എങ്കിലും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പഞ്ചായത്ത് രാജ് സംവിധാനം കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിച്ചു എന്ന് പറയാനാവില്ല.

### 3.9 ഭരണഘടനാ ഭേദഗതികൾ

പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനായി 1989 ൽ 64,65 ഭരണഘടനാ ഭേദഗതികൾ പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ അവ പാസാക്കപ്പെട്ടില്ല. തുടർന്ന് 1992 ൽ പഞ്ചായത്തുകൾക്ക് വേണ്ടി 73 ആം ഭരണഘടനാ ഭേദഗതി നിയമവും നഗര ഭരണസ്ഥാപനങ്ങൾക്ക് വേണ്ടി 74 ആം ഭരണഘടനാ ഭേദഗതി നിയമവും പാസാക്കി.

### 3.10 പഞ്ചായത്ത് സംവിധാനം കേരളത്തിൽ

ജനങ്ങൾക്ക് പങ്കാളിത്തമുള്ള ഗ്രാമ ഭരണവ്യവസ്ഥ പ്രാചീന കാലത്തു തന്നെ കേരളത്തിൽ നിലനിന്നിരുന്നതായി സംഘകാല കൃതികളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. തറ കൂട്ടങ്ങൾ ആയിരുന്നു അക്കാലത്ത് ഗ്രാമഭരണം നടത്തിയിരുന്നത്. ഗ്രാമത്തിലെ ജനങ്ങൾ ഗ്രാമത്തലവനെ തിരഞ്ഞെടുക്കുന്ന രീതിയും അന്ന് നിലനിന്നിരുന്നു. ജനാധിപത്യ ഗ്രാമ ഭരണവ്യവസ്ഥ കാലാന്തരത്തിൽ ജാതിവ്യവസ്ഥയ്ക്ക് വഴിമാറുകയും അതുവഴി സവർണ്ണ ഭൂപ്രഭുക്കന്മാർ ഗ്രാമഭരണവ്യവസ്ഥയുടെ ആധിപത്യവും നിയന്ത്രണവും കയ്യടക്കുകയും ചെയ്തു. ഈ രീതി ബ്രിട്ടീഷ് കാലം വരെ തുടർന്നു വന്നു.

കേരള സംസ്ഥാനം രൂപീകൃതമായ 1956 നവംബർ 1 ന മുൻപ് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ വ്യത്യസ്ത തദ്ദേശഭരണ രീതികളും നിയമങ്ങളും ആണ് ഉണ്ടായിരുന്നത്. രാജഭരണത്തിൻ കീഴിലായിരുന്ന തിരുവിതാംകൂറിൽ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ പട്ടണ പ്രദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ നിലവിലുണ്ടായിരുന്നു. 1912 ൽ നികുതിദായകർക്ക് ഔദ്യോഗിക അംഗങ്ങളെ തിരഞ്ഞെടുക്കാനുള്ള അവകാശം ലഭിച്ചിരുന്നു. 1925 ൽ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് നിയമം വഴി പട്ടണ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന ഭരണസംവിധാനം ഗ്രാമങ്ങളിലേക്കും വ്യാപിപ്പിച്ചു. നികുതി പിരിക്കാനുള്ള അധികാരവും ചില ജുഡീഷ്യൽ അധികാരങ്ങളും അന്നത്തെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നതായി കാണാം. 1940 ൽ ഗ്രാമ യൂണിയൻ നിയമം പാസാക്കുകയും ഏറെക്കുറെ ഗ്രാമ പഞ്ചായത്തുകൾക്ക് സമാനമായ ഗ്രാമ യൂണിയനുകൾ നിലവിൽ വരുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് തിരുവിതാംകൂറിൽ നഗര ഭരണസ്ഥാപനങ്ങൾക്ക് പുറമേ ഗ്രാമപഞ്ചായത്തുകൾ ഗ്രാമയൂണിയനുകൾ എന്നിങ്ങനെ രണ്ടുതരം പഞ്ചായത്തുകളും നിലനിന്നിരുന്നു. 1949 തിരു-കൊച്ചി സംയോജനം വരെ ഈ നില തുടർന്നു.

രാജഭരണത്തിൻകീഴിലായിരുന്ന കൊച്ചിയിലും പ്രാദേശിക ഭരണസംവിധാനം നിലനിന്നിരുന്നു. 1914-ലെ കൊച്ചി ഗ്രാമപഞ്ചായത്ത് നിയമം,1922 ലെ കൊച്ചിൻ പഞ്ചായത്ത് റഗുലേഷൻ എന്നിവയായിരുന്നു അന്ന് പ്രവർത്തിച്ചിരുന്ന പഞ്ചായത്തുകൾക്ക് നിദാനമായിരുന്ന നിയമ വ്യവസ്ഥകൾ. 1930കളിൽ ഗ്രാമപഞ്ചായത്ത് സംവിധാനം കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കപ്പെട്ടു. 1910 മുതൽ ടൗൺ കൗൺസിൽ ആയിരുന്ന കൊച്ചി പട്ടണം 1938 ലെ ആക്ട് അനുസരിച്ച് കൊച്ചി മുനിസിപ്പാലിറ്റി ആയി മാറുകയും മുഴുവൻ അംഗങ്ങളെയും ജനങ്ങൾ തിരഞ്ഞെടുക്കുന്ന രീതി നിലവിൽ വരുകയും ചെയ്തു.

മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിനു കീഴിലായിരുന്ന മലബാറിൽ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം തിരു-കൊച്ചി പ്രദേശങ്ങളെ അപേക്ഷിച്ച് ഏറെ താമസിച്ചാണ് ആരംഭിച്ചത്. 1867 ലെയും 1871 ലെയും ടൗൺ എംപ്ലോയ്മെന്റ് ആക്ടുകൾ അനുസരിച്ച് നഗര ഭരണസ്ഥാപനങ്ങൾ മലബാറിൽ പ്രവർത്തിച്ചുവന്നു. റിപ്പൺ പ്രമേയത്തെ തുടർന്നുണ്ടായ 1884 ലെ മദ്രാസ് ലോക്കൽ ബോഡി ആക്ട് അനുസരിച്ച് പ്രാദേശിക ഭരണസംവിധാനത്തിന് ഡിസ്ട്രിക് ബോർഡുകളും താലൂക്ക് ബോർഡുകളും രൂപീകരിക്കപ്പെട്ടു. മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ടിന്റെ അടിസ്ഥാനത്തിൽ മലബാറിന്റെ കുറെ പ്രദേശങ്ങളിൽ വില്ലേജ് പഞ്ചായത്തുകളും രൂപീകരിച്ചിരുന്നു. 1930ൽ എല്ലാ ഗ്രാമ ഭരണസംവിധാനങ്ങളെയും മദ്രാസ് ലോക്കൽ ബോഡി ആക്ടിന്റെ പരിധിയിലാക്കി. 1957 വരെ ഈ രീതിയിലുള്ള സംവിധാനമാണ് മലബാറിൽ തുടർന്നു വന്നത്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 1950 ൽ തിരുവിതാംകൂർ- കൊച്ചി പഞ്ചായത്ത് നിയമം നിലവിൽ വരുകയും അതനുസരിച്ച് പഞ്ചായത്തുകൾ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. മലബാർ പ്രദേശത്ത് 1951 ലെ മദ്രാസ് പഞ്ചായത്ത് നിയമമനുസരിച്ചുള്ള പഞ്ചായത്തുകളും പ്രവർത്തിച്ചുവന്നു. മലബാർ പ്രദേശത്ത് ഡിസ്ട്രിക്ട് ബോർഡിന്റെ പ്രവർത്തനം ഇല്ലാതിരുന്ന പ്രദേശങ്ങളിൽ മാത്രമാണ് വില്ലേജ് പഞ്ചായത്തുകൾ പ്രവർത്തിച്ചു വന്നിരുന്നത്.

1960 ൽ കേരള പഞ്ചായത്ത് നിയമം-1960 പാസ്സാക്കി. 1961 ൽ 1960 ലെ കേരള മുനിസിപ്പാലിറ്റി നിയമവും പാസാക്കി. കോർപ്പറേഷനുകൾക്കുവേണ്ടി 1961 ൽ 1961ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ നിയമവും പാസാക്കി. തുടർന്ന് 1963

ഡിസംബറിൽ പഞ്ചായത്ത് മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകൾ നടക്കുകയും 1964 ജനുവരി ഒന്നിന് കേരള സംസ്ഥാന നിയമ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ആദ്യപഞ്ചായത്ത്-മുനിസിപ്പാലിറ്റി സമിതികൾ നിലവിൽ വരുകയും ചെയ്തു. 73, 74 ഭരണഘടനാ ഭേദഗതികൾക്ക്ശേഷം നിലവിൽ വന്ന 1994 ലെ കേരള പഞ്ചായത്ത് രാജ്, കേരള മുൻസിപ്പാലിറ്റി നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതുവരെ മേൽപ്പറഞ്ഞ നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രാദേശിക ഭരണ സംവിധാനങ്ങളാണ് കേരളത്തിൽ പ്രവർത്തിച്ചുവന്നിരുന്നത്.

കേരളത്തിലെ പഞ്ചായത്ത് ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒട്ടേറെ ശ്രമങ്ങൾ നടക്കുകയുണ്ടായി. 1964 ലെ കേരള പഞ്ചായത്ത് യൂണിയൻ കൗൺസിൽ ജില്ലാ പരിഷത്ത് ബിൽ, 1967-ലെ ത്രിതല പഞ്ചായത്ത് രാജ് ബിൽ, 1971ലെ കേരള ജില്ലാ ഭരണ ബിൽ, 1979ലെ ജില്ലാ ഭരണ ബിൽ എന്നിവ അക്കൂട്ടത്തിൽപ്പെട്ടവയാണ്. ജില്ലാ ഭരണ ബില്ലിന് 1980 ൽ അംഗീകാരം ലഭിച്ചെങ്കിലും അതിൽ വിഭാവനം ചെയ്ത ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പ് 1989-ലാണ് നടന്നത്. എന്നാൽ 1991 ൽ ഈ നിയമം മരവിപ്പിക്കപ്പെടുകയും 1989 ൽ നിലവിൽ വന്ന ജില്ലാ കൗൺസിലുകൾ ഇല്ലാതാവുകയും ചെയ്തു.

### 3.11 അധികാര വികേന്ദ്രീകരണം- എന്തുകൊണ്ട് കേരളം?

ഭരണഘടന വിഭാവനം ചെയ്ത പ്രകാരമുള്ള പ്രാദേശിക സ്വയംഭരണ സർക്കാരുകൾ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എങ്ങനെയാണ് കേരളത്തിലെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറിയത് എന്ന് നമുക്ക് പരിശോധിക്കാം. 73,74 ഭരണഘടനാ ഭേദഗതികൾ പ്രകാരമുള്ള വ്യവസ്ഥകളോടെ ആദ്യ പ്രാദേശിക ഭരണ സമിതികൾ നിലവിൽ വന്നത് 1995 ലാണ്. ഈ പ്രാദേശിക ഭരണ സംവിധാനങ്ങളുടെ കാലഘട്ടത്തിലാണ് കേരളത്തിൽ ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചത്. പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് അധികാരവും ചുമതലകളും മാത്രമല്ല അവ നിറവേറ്റുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനത്തെയും സ്ഥാപനങ്ങളേയും അതോടൊപ്പം വലിയ അളവിൽ ഫണ്ടും ലഭ്യമാകാൻ ജനകീയാസൂത്രണം വഴിയൊരുക്കി. മാത്രമല്ല ലഭ്യമായ അധികാരവും ചുമതലകളും നിറവേറ്റാൻ പ്രാദേശിക ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ജനങ്ങളെ വലിയ അളവിൽ ആ സംവിധാനത്തോടൊപ്പം ചേർക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിഞ്ഞു. വലിയ ജനപങ്കാളിത്തത്തോടെ നടന്ന ഈ അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ കേരളത്തിലെ പ്രാദേശിക ഭരണസ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറി. അങ്ങനെ കേരളം രാജ്യത്തിനു തന്നെ മാതൃകയായി.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ- രണ്ട്

## I. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക

**1 മാർക്ക്**

1) പ്രാദേശിക ഭരണത്തിനായി ഡിസ്ട്രിക്ട്ബോർഡുകളും താലൂക്ക് ബോർഡുകളും രൂപീകരിച്ചത്എവിടെ ?

   (a) കൊച്ചി (b) മദ്രാസ് (c) തിരുവിതാംകൂർ (d) മലബാർ

2) പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി ലഭിക്കുന്നതിനായി ഭരണഘടനാ ഭേദഗതി വേണമെന്ന് പറഞ്ഞ കമ്മിറ്റി

   (a) ജി വി കെ റാവു കമ്മിറ്റി (b) സന്താനംകമ്മിറ്റി
   (c) എൽ എം സിങ്‌വി കമ്മിറ്റി (d) അശോക് മേത്ത കമ്മിറ്റി

3) പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നത്

   (a) ബൽവന്ത്റായ് മേത്ത (b) ജവഹർലാൽ നെഹ്റു
   (c) അശോക് മേത്ത (d) റിപ്പൺ പ്രഭു

4) ആരുടെ ജന്മദിനമാണ് പഞ്ചായത്ത് ദിനമായി കേരളത്തിൽ ആചരിക്കുന്നത്?

   (a) ഇ എം എസ് നമ്പൂതിരിപ്പാട് (b) അശോക് മേത്ത
   (c) ബൽവന്ത് റായ് മേത്ത (d) ജവഹർലാൽ നെഹ്റു

## II ചേരുംപടി ചേർക്കുക. 1 മാർക്ക് വീതം

| | | |
|---|---|---|
| 1 | പ്ലാനിങ് കമ്മീഷൻ നിയോഗിച്ച കമ്മിറ്റി | അശോക് മേത്ത കമ്മിറ്റി |
| 2 | ഇഎംഎസ് നമ്പൂതിരിപ്പാട് അംഗമായിരുന്ന കമ്മിറ്റി | ബൽവന്ത് റായ് മേത്ത കമ്മിറ്റി |
| 3 | പാർലെന്ററി കൺസൽട്ടേറ്റീവ് കമ്മിറ്റി | ജി വി കെ റാവു കമ്മിറ്റി |
| 4 | ദേശീയ വികസന കൗൺസിൽ നിർദ്ദേശ പ്രകാരം രൂപീകരിച്ച കമ്മിറ്റി | പി കെ തുംഗോൺ കമ്മിറ്റി |

## III ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക

**2 മാർക്ക് വീതം**

1) കേരളത്തിലെ പ്രാചീനജനാധിപത്യ ഗ്രാമവ്യവസ്ഥയ്ക്കുണ്ടായ പ്രധാന മാറ്റവും അതിന്റെ പരിണിതഫലങ്ങളും

2) ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ

## IV ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക

**5 മാർക്ക് വീതം**

1) അധികാരവികേന്ദ്രീകരണത്തിൽ എന്തുകൊണ്ട് കേരളം മുന്നിൽ?

2) കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി നടത്തിയ ശ്രമങ്ങൾ

### 3.12 പ്രാദേശിക സർക്കാരുകളുടെ വിഭവ സ്രോതസ്സുകൾ

ഏതൊരു സ്ഥാപനത്തിനും അതിന്റെ ചുമതലകൾ നിറവേറ്റാൻ ആവശ്യമായ വിഭവങ്ങൾ അനിവാര്യമാണ്. വിഭവങ്ങൾ ഇല്ലാത്ത അധികാരങ്ങളും ചുമതലകളും ഫലപ്രാപ്തിയിൽ എത്തുകയില്ല. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് അവർക്ക് ലഭ്യമായ വലിയ അളവിലുള്ള വിഭവ സ്രോതസ്സുകളാണ് അവയെ ജനങ്ങൾക്കിടയിൽ സ്വീകാര്യമാക്കിയത്.

ത്രിതല പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക്പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും പതിനൊന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിനുമുള്ള വിഭവസ്രോതസ്സുകൾ സമാഹരിക്കുന്നതിന് ആവശ്യമായ നിയമ നിർമാണം സംസ്ഥാന സർക്കാർ നടത്തണമെന്ന് ഭരണഘടനയുടെ 243 G അനുച്ഛേദത്തിൽ പറയുന്നുണ്ട്.സമാനമായ വ്യവസ്ഥകൾ ഭരണഘടനയുടെ 243 W അനുച്ഛേദത്തിൽ നഗരഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയും പറഞ്ഞിട്ടുണ്ട്. മാത്രമല്ല ഗ്രാമ പഞ്ചായത്തുകൾക്കും (ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ ഇല്ല) നഗരസഭകൾക്കും അവയുടെ ചുമതലകൾ നിറവേറ്റുന്നതിനായി നികുതികൾ, ഫീസുകൾ മുതലായവ പിരിക്കുന്നതിനുള്ള അവകാശത്തിനായി ആവശ്യമായ നിയമം സംസ്ഥാന സർക്കാർ നിർമ്മിക്കണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 243 Hൽ പഞ്ചായത്തുകളുടെ കാര്യത്തിലും 243 X ൽ നഗരസഭകളുടെ കാര്യത്തിലും പറഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞ ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായുള്ള നിയമവ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഏതൊരു പഞ്ചായത്തും അതിന്റെ വരവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ഫണ്ട് അതായത് പഞ്ചായത്ത്ഫണ്ട് രൂപീകരിക്കണമെന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 212 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഏതെല്ലാം ഇനം വരവുകളാണ് പഞ്ചായത്ത് ഫണ്ടിൽ വരവാക്കേണ്ടത് എന്ന് വകുപ്പ് 212 ൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. പഞ്ചായത്ത് ഫണ്ട് പോലെ ഓരോ നഗരസഭയും ഒരു മുൻസിപ്പൽ ഫണ്ട് രൂപീകരിക്കണമെന്ന് കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 283 ലും പറഞ്ഞിട്ടുണ്ട്.

### 3.13 ധനകാര്യ കമ്മീഷൻ

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ അടിത്തറ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ നിന്നും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് വിഭവം പങ്കുവയ്ക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം പഞ്ചായത്തുകൾക്ക് വേണ്ടിയും നഗരസഭകൾക്ക് വേണ്ടിയും പരാമർശിക്കുന്ന ആർട്ടിക്കിളുകളാണ് യഥാക്രമം 243 ഐ, 243 വൈ എന്നിവ.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 186 ലും കേരള മുനിസിപ്പാലിറ്റി

നിയമത്തിലെ വകുപ്പ് 206 ലും ധനകാര്യ കമ്മീഷനെ സംബന്ധിച്ചും അതിന്റെ ചുമതലകൾ സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്. അഞ്ചു വർഷം കൂടുമ്പോഴാണ് സംസ്ഥാന ധനകാര്യ കമ്മീഷനെ ഗവർണർ നിയമിക്കുന്നത്. അഞ്ച് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ ഇതിനകം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ആറാം ധനകാര്യ കമ്മീഷൻ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. ഓരോ ധനകാര്യ കമ്മീഷന്റെയും ശുപാർശകൾ അതതുകാലത്തെ സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്കനുകൂലമായി പരിഗണിച്ചതിന്റെ ഫലമായാണ് കൂടുതൽ ഫണ്ടുകളും വിഭവസമാഹരണ സാധ്യതകളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ളത്.

### 3.14 വരുമാന സ്രോതസ്സുകൾ

കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ ഇനി പറയുന്നവയാണ്.

(1) നികുതികൾ

(2) ലൈസൻസ്, പെർമിറ്റ്, രജിസ്ട്രേഷൻ മുതലായവയിൽ നിന്നുള്ള ഫീസുകൾ

(3) ബസ് സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ്, പൊതു മാർക്കറ്റ്, പൊതു അറവുശാല, ഹാൾ, ഗ്രൗണ്ട് മുതലായവ ഉപയോഗിക്കുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസുകൾ.

(4) ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ, കെട്ടിടങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് ആസ്തികൾ മുതലായവ ഉപയോഗിക്കുന്നവരിൽ നിന്ന് ഈടാക്കുന്ന വാടക

(5) ശുചീകരണം, വൈദ്യുതി, ഡ്രെയിനേജ് തുടങ്ങിയ സേവനങ്ങൾ പ്രത്യേകമായി ഒരു പ്രദേശത്ത് നൽകിയിട്ടുണ്ടെങ്കിൽ അത് ഉപയോഗിക്കുന്നവരിൽ നിന്നും ഈടാക്കുന്ന സർവീസ്ചാർജ്

(6) സംസ്ഥാന സർക്കാരിൽ നിന്നു കിട്ടുന്ന ഫണ്ടുകൾ (ജനറൽ പർപ്പസ് ഫണ്ട്, മെയിന്റൻസ് ഫണ്ട്, വികസന ഫണ്ട്, സംസ്ഥാന ആവിഷ്കൃത പദ്ധതി, പ്രത്യേക പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ഫണ്ട്മുതലായവ)

(7) കേന്ദ്രസർക്കാരിൽ നിന്ന് കിട്ടുന്ന ഫണ്ടുകൾ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട്മുതലായവ.

(8) വായ്പകൾ

(9) ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന ഗുണഭോക്തൃ വിഹിതം

(10) സംഭാവന,സന്നദ്ധസേവനം മുതലായവ

**(11)** സി.എസ്.ആർ. ഫണ്ട്

### തനതുഫണ്ടുകൾ

കേന്ദ്ര- സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ, വായ്പകൾ എന്നിവ ഒഴികെ നേരത്തെ പറഞ്ഞ മറ്റുള്ളവയെല്ലാം തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് വരുമാനങ്ങളാണ്. ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേ

യും പ്രധാന തനത് വരുമാന സ്രോതസ്സ് വിവിധയിനം നികുതികളാണ്.വസ്തുനികുതി, തൊഴിൽ നികുതി, വിനോദനികുതി, പ്രദർശന നികുതി, സേവന ഉപനികുതി എന്നിവയാണ് പ്രധാനപ്പെട്ട നികുതികൾ. ചുമത്താവുന്ന നികുതികൾ ഏതെല്ലാമെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 200 ലും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 230 ലും പ്രതിപാദിച്ചിട്ടുണ്ട്. ഓരോ ഇനം നികുതികളെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ പ്രത്യേക വകുപ്പുകളായി ബന്ധപ്പെട്ട ആക്ടുകളിൽ നൽകിയിട്ടുമുണ്ട്.

വിവിധയിനം ഫീസുകളാണ് ഈ സ്ഥാപനങ്ങളുടെ മറ്റൊരു പ്രധാന വരുമാന സ്രോ തസ്സ്. വ്യാപാര - വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്കുള്ള ലൈസൻസ് ഫീസ്. സിനിമ പ്രദർശന ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, താമസിച്ചുള്ള ജനന-മരണ രജിസ്ട്രേഷനുകൾക്കുള്ള ഫീസ്, പൊതു-സ്വകാര്യ മാർക്കറ്റ്. സ്വകാര്യ വണ്ടിത്താവളം, സ്വകാര്യ കശാപ്പുശാല, ലൈവ്സ്റ്റോക്ക് ഫാമുകൾ എന്നിവയ്ക്കുള്ള ഫീസ്, പി.പി.ആർ ലൈസൻസ് ഫീസ്. സ്വകാര്യആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോ റിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ് മുതലായവയാണ് പ്രധാന ഫീസുകൾ. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നികുതി പിരിക്കുവാൻ അവകാശമില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധ ഗ്രാ ന്റുകളാണ് ഇവയുടെ പ്രധാന വരുമാന സ്രോതസ്സ്. പ്രാദേശിക ധനകാര്യവും സാമ്പ ത്തിക വികസനവും എന്ന എൽ എസ് ജി 02 ൽ വരുമാന സ്രോതസ്സുകളെ കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതിനാൽ ഇവിടെ കൂടുതൽ വിശദീകരണം നൽകുന്നില്ല.

### 3.15 ചുമതലകൾ, ചുമതലക്കാർ

ഭരണഘടനപ്രകാരം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ 29 ഇനങ്ങളായി നൽകിയിട്ടുണ്ട്. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള ഈ ചുമതലകൾക്കനുസൃതമായി കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികയിൽ ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളും നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളും അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളും പ്രസ്താവിച്ചിട്ടുണ്ട്. ഭരണഘടനയുടെ പട്ടിക 12 ൽ മുനിസിപ്പാലിറ്റികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ 18 ഇനങ്ങളായിപറഞ്ഞിട്ടുണ്ട്. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള ഈ ചുമതലകൾക്ക് അനുസൃതമായി കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിൽ മുനിസിപ്പാലിറ്റികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഇനം തിരിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ഇനം തിരിച്ച് പറഞ്ഞിട്ടുള്ള ചുമതലകൾ നിറവേറ്റുക എന്നത് അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ കടമയാണ്.

ഭരണഘടന പ്രകാരവും പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും നൽകപ്പെട്ട ചുമതലകൾ നിറവേറ്റാനുള്ള അധികാരമാണ് പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഉള്ളത്. ഈ അധികാരം നിറവേറ്റുന്നത് പഞ്ചായത്തുകളുടെ കാര്യത്തിൽ പഞ്ചായത്ത് സമിതിയും മുൻസിപ്പാലിറ്റിയുടെ കാര്യത്തിൽ മുനിസിപ്പൽ കൗൺസിലുമാണ്. കൂട്ടായ ഉത്തരവാദിത്തവും ചുമതലയുമാണ് പ്രാദേശിക ഭരണ സംവിധാനത്തിന്റെ സവിശേഷത. ചുമതലകൾ നിറവേറ്റുന്നതിനായി വിവിധ കമ്മിറ്റി സംവിധാനങ്ങൾ പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി നിയമങ്ങളിൽ വ്യവസ്ഥ

ചെയ്തിട്ടുണ്ട്. സ്റ്റിയറിങ് കമ്മിറ്റി, സ്റ്റാൻഡിങ് കമ്മിറ്റി, പ്രവർത്തന കമ്മിറ്റി, ജോയിന്റ് കമ്മിറ്റി എന്നിവ ചുമതലകൾ നിറവേറ്റുന്നതിൽ ആക്ട് പ്രകാരം പ്രവർത്തിക്കാൻ ചുമതലപ്പെട്ട കമ്മിറ്റികളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ മുഴുവൻ സമയ കാര്യനിർവഹണാധികാരികളുമാണ്.

ചുമതലകൾ നിറവേറ്റുന്നതിന് ആക്ട് പ്രകാരമുള്ള ജനകീയ സംവിധാനങ്ങളാണ് നേരത്തെ പറഞ്ഞിട്ടുള്ളതെങ്കിൽ ഇതോടൊപ്പം ചുമതലകൾ നിറവേറ്റുന്നതിൽ ഉദ്യോഗസ്ഥ സംവിധാനത്തിനും അതിന്റേതായ പങ്ക് നിറവേറ്റാനുണ്ട്. ഏതൊരു തദ്ദേശഭരണ സ്ഥാപനത്തിനും ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതും ആ സെക്രട്ടറി ആ സ്ഥാപനത്തിന്റെ കാര്യനിർവഹണ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതുമാണ്. നിയമാനുസൃതം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികാരപ്പെടുത്തുന്നതും നിയമങ്ങളോ ചട്ടങ്ങളോ മൂലം അധികാരപ്പെടുത്തിയിട്ടുള്ളതുമായ എല്ലാ ചുമതലകളും നിർവഹിക്കാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. വിവിധ വിഷയ മേഖലകളുമായി ബന്ധപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിനായി സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുണ്ട്. അതത് വിഷയ മേഖലയുമായി ബന്ധപ്പെട്ട ചുമതലകൾ നിറവേറ്റാൻ ഇത്തരം സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്. ഇങ്ങനെ കൈമാറപ്പെട്ട സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കേണ്ടവരാണ്. (കമ്മിറ്റി സംവിധാനങ്ങളെക്കുറിച്ചും ഉദ്യോഗസ്ഥ സംവിധാനങ്ങളെക്കുറിച്ചും എൽ.എസ്.ജി.01, ബ്ലോക്ക് 2,യൂണിറ്റ് ഒന്നിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.)

### 3.16 ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം

നമ്മുടെ സംസ്ഥാനത്തെ ഏതൊരു ഗ്രാമ പ്രദേശവും മൂന്ന തട്ടിലുള്ള, അതായത് ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ പ്രവർത്തന മേഖലകളാണ്.അതുകൊണ്ടു തന്നെ ഏതൊരു പ്രദേശത്തു നടക്കുന്ന വികസന- സേവന- ക്ഷേമ പ്രവർത്തനങ്ങളിൽ ആവർത്തനങ്ങളും വിടവുകളും ഒഴിവാക്കുന്നതിന് ഇവ തമ്മിൽ പരസ്പരബന്ധം അനിവാര്യമാണ്. ഈ പരസ്പരബന്ധം ഉറപ്പാക്കുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥകളുണ്ട്. ഏതൊരു ബ്ലോക്ക് പഞ്ചായത്തിലും ആ ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർ അംഗങ്ങളാണ്. അതുപോലെതന്നെ ഒരു ജില്ലാ പഞ്ചായത്തിൽ ആ ജില്ലയിൽ വരുന്ന ബ്ലോക്ക്പഞ്ചായത്തുകളുടെ അധ്യക്ഷന്മാരും അംഗങ്ങളാണ്. അതുവഴി ബ്ലോക്ക് പഞ്ചായത്ത് എടുക്കുന്ന തീരുമാനങ്ങൾ ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്ത് എടുക്കുന്ന തീരുമാനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളും അറിഞ്ഞു കൊണ്ടും പരസ്പര ധാരണയോടെയും ആക്കാൻ കഴിയും. മാത്രമല്ല പദ്ധതി രൂപീകരണ ഘട്ടത്തിൽ ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള പരസ്പരബന്ധം സാധ്യമാക്കാമെന്നതിനുള്ള നടപടിക്രമങ്ങൾ പദ്ധതി ആസൂത്രണ മാർഗരേഖയിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം പദ്ധതി രൂപീകരണ ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിലേതുൾപ്പെടെയുള്ള മുഴുവൻ ജനപ്രതിനിധികളെയും ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാധ്യക്ഷന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ചു ചേർക്കണം. അതുപോലെ ജില്ലാ

പഞ്ചായത്ത്, ജില്ലയിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളെയും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരെയും ബ്ലോക്ക് പഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാധ്യക്ഷന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം നടത്തണം. ഇത്തരം യോഗങ്ങളിലൂടെ പദ്ധതികളിൽ ഉണ്ടാകേണ്ട പരസ്പരബന്ധം ഉറപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച് കൂടിയാലോചനകളിലും വികസന സെമിനാറുകളിലും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ പങ്കെടുക്കുന്നതിലൂടെയും പരസ്പരബന്ധം സാധ്യമാക്കാൻ കഴിയുന്നു. പഞ്ചായത്തുകൾക്ക് ഒന്നോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അവർക്ക് കൂട്ടായി ഉത്തരവാദിത്വമുള്ള ഏത് ആവശ്യത്തിലേക്കും വേണ്ടി ജോയിന്റ് കമ്മിറ്റി രൂപീകരിക്കാവുന്നതാണെന്ന പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 165, യോജിച്ച പ്രവർത്തനത്തിനുള്ള നിയമസാധുതയും നൽകുന്നു. ജോയിന്റ് കമ്മിറ്റികളെ സംബന്ധിച്ച് സമാനമായ വ്യവസ്ഥ മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 37 ലും പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമം വകുപ്പ് 282, മുനിസിപ്പാലിറ്റി നിയമം വകുപ്പ് 561 എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ സൗഹാർദ്ദപരമായി തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയിട്ടുള്ളതാണ്.

### 3.17 നഗരങ്ങളെയും ഗ്രാമങ്ങളെയും ബന്ധിപ്പിക്കാൻ ജില്ലാ ആസൂത്രണ കമ്മിറ്റി

സാമൂഹിക- സാമ്പത്തിക- സാംസ്കാരിക- ഭൂമിശാസ്ത്ര- പാരിസ്ഥിതികഘടകങ്ങൾ പരിഗണിച്ചാൽ, ഓരോ തദ്ദേശഭരണ സ്ഥാപനവും ഒറ്റയ്ക്കൊറ്റയ്ക്ക് പ്രവർത്തിക്കുമ്പോൾ തന്നെ അവ തമ്മിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങളും അനിവാര്യമാണ്. ജില്ലകളിൽ ത്രിതല പഞ്ചായത്തുകളുടെ പരസ്പര ബന്ധിത പ്രവർത്തനങ്ങളോടൊപ്പം തന്നെ മുനിസിപ്പാലിറ്റികളുടെ പ്രവർത്തനവും ഏകോപിപ്പിക്കേണ്ടതുണ്ട്. അതിനാണ് ജില്ലാ ആസൂത്രണ കമ്മിറ്റികൾ (DPC) ഓരോ ജില്ലയിലും രൂപീകരിക്കണമെന്ന് ഭരണ ഘടനയിൽ ആർട്ടിക്കിൾ 243 ZD ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. ഭരണഘടനാ വ്യവസ്ഥകൾക്ക് അനുസൃതമായി കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 53ൽ ജില്ലാ ആസൂത്രണ കമ്മിറ്റികൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനും വേണ്ടി ജില്ലാതലത്തിൽ ഓരോ ജില്ലയ്ക്കും ഒരു ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്ന് മുൻസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 53-ൽ പ്രതിപാദിച്ചിട്ടുണ്ട്.

ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ സംയോജിപ്പിച്ച് ജില്ലയ്ക്ക് മുഴുവനായി ഒരു കരട് ജില്ലാ വികസന പദ്ധതി തയ്യാറാക്കേണ്ട ചുമതല ജില്ലാ ആസൂത്രണ കമ്മിറ്റിക്കുണ്ട്. ഇങ്ങനെയുള്ള ജില്ലാ പദ്ധതി തയ്യാറാക്കുമ്പോൾ, സ്ഥലപരമായ ആസൂത്രണം ജലത്തിന്റെയും മറ്റ് പ്രകൃതിദത്തമായ വിഭവങ്ങളുടെയും പങ്കുവെക്കൽ, അടിസ്ഥാന സൗകര്യത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും സംയോജിത വികസനം എന്നിവ ഉൾപ്പെടെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇടയിൽ പൊതു താൽപ്പര്യമുള്ള കാര്യങ്ങളും കൂടാതെ സാമ്പത്തികമോ അല്ലാത്തതോ ആയ ലഭ്യമായ വിഭവങ്ങളുടെ വ്യാപ്തിയും തരവും പരിഗണിക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന കരട് ജില്ലാ പദ്ധതി ജില്ലാ ആസൂത്രണ കമ്മിറ്റി ചെയർമാൻ സംസ്ഥാന സർക്കാരിന് കൊടുക്കേണ്ടതും, സംസ്ഥാന

പദ്ധതി തയ്യാറാക്കുമ്പോൾ ഇങ്ങനെ സമർപ്പിക്കപ്പെട്ട കരട് ജില്ലാ പദ്ധതി നിർദേശങ്ങൾ സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതുമാണ്. നമ്മുടെ സംസ്ഥാനത്ത് 15 അംഗങ്ങളടങ്ങുന്നതാണ് ജില്ലാ ആസൂത്രണ കമ്മിറ്റി. അതിന്റെ ചെയർപേഴ്സൺ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മെമ്പർ സെക്രട്ടറി ജില്ലാ കളക്ടറുമാണ്.

### 3.18 മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി

ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമാനമായ രീതിയിൽ ഒരു മെട്രോപൊളിറ്റൻ പ്രദേശത്തിന് വേണ്ടി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി രൂപീകരിക്കണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZE ൽപറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ അതിനനുസൃതമായി കേരള മുൻസിപ്പാലിറ്റി നിയമനത്തിലെ വകുപ്പ് 54 ൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ കേരളത്തിൽ മെട്രോപൊളിറ്റൻ പ്രദേശങ്ങൾ ഇല്ലാത്തതിനാൽ ഈ കമ്മിറ്റി പ്രാബല്യത്തിലില്ല.

### 3.19 തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്

പഞ്ചായത്തുകളെ സംബന്ധിച്ച് ഗ്രാമസഭ, പഞ്ചായത്തുകളുടെ രൂപീകരണം, ഘടന, സംവരണം, കാലാവധി, അംഗങ്ങളുടെ അയോഗ്യത എന്നിവ സംബന്ധിച്ച ഭരണഘടനാവ്യവസ്ഥകൾ ഭരണഘടനയുടെ ആർട്ടിക്കിൾ 243 A മുതൽ 243 F വരെയുള്ള അനുച്ഛേദങ്ങളിലായി യഥാക്രമം നൽകിയിട്ടുണ്ട്. അതുപോലെ മുൻസിപ്പാലിറ്റികളുടെ രൂപീകരണം, ഘടന, വാർഡ് കമ്മിറ്റികളുടെ രൂപീകരണം, സംവരണം, കാലാവധി, അംഗങ്ങളുടെ അയോഗ്യത എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ യഥാക്രമം 243 Q മുതൽ 243 V വരെയുള്ള അനുച്ഛേദങ്ങളിലായും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനായി ഓരോ സംസ്ഥാനവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 243 K ൽ പറയുന്നുണ്ട്. ഈ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിലും ആയിരിക്കണം മുൻസിപ്പാലിറ്റികൾ ഉൾപ്പെടെയുള്ള പ്രദേശിക ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തേണ്ടത്. ഈ വ്യവസ്ഥകൾക്കനുസൃതമായി കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 6 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിലായി വോട്ടർ പട്ടിക തയ്യാറാക്കൽ മുതൽ തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെ അദ്ധ്യായം 5, 12 എന്നിവയിലായി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും നൽകിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് സംബന്ധിച്ച സമാനമായ കാര്യങ്ങൾ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 6 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിലായും വിശദീകരിച്ചിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് അഞ്ചുവർഷം കൂടുമ്പോൾ ഉള്ള പൊതു തിരഞ്ഞെടുപ്പ്, ഒഴിവുകൾ ഉണ്ടാവുമ്പോൾ നടക്കുന്ന ഉപ തിരഞ്ഞെടുപ്പ്, അധ്യക്ഷന്മാരുടെ തിരഞ്ഞെടുപ്പ്, സ്റ്റാൻഡിങ് കമ്മിറ്റികളുടെ തിരഞ്ഞെടുപ്പ്, അവിശ്വാസ പ്രമേയ ചർച്ച എന്നിവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിലുമാണ് നടന്നു വരുന്നത്.

### 3.20 ആസൂത്രണ സംവിധാനം

ഭരണഘടനയുടെ അനുച്ഛേദം 243 G പഞ്ചായത്തുകൾക്കും 243W മുനിസിപ്പാലിറ്റി കൾക്കും, സാമ്പത്തിക വികസനത്തിനും സാമൂഹികനീതിക്കും വേണ്ടി പദ്ധതികൾ തയ്യാറാക്കുവാനും ചുമതലപ്പെട്ട വിഷയങ്ങളിൽ പദ്ധതികളുടെ നിർവഹണം നടത്താ നും അധികാരം നൽകിയിട്ടുണ്ട്. അതിൻപ്രകാരം പഞ്ചായത്ത് രാജ് നിയമം വകുപ്പ് 175, മുൻസിപ്പാലിറ്റി നിയമം വകുപ്പ് 51 എന്നിവ യഥാക്രമം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വികസന പദ്ധതികൾ തയ്യാറാക്കാൻ ചുമതല നൽകുന്നു. 1996ൽകേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ പുതിയ മാതൃക സൃഷ്ടിച്ചു. നിയതമായ നടപടിക്രമങ്ങളിലൂടെ പദ്ധതി തയ്യാറാക്കുന്നതിന് വിശദമായ പദ്ധതി ആസൂത്രണ മാർഗരേഖ കാലാകാലങ്ങളിൽ സർക്കാരുകൾ പുറപ്പെടുവിക്കാറുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലുള്ള ആസൂത്രണസമിതികളും വർക്കിങ് ഗ്രൂപ്പുകളും ആസൂത്രണ പ്രവർ ത്തനങ്ങളിൽ കാര്യമായ പങ്കുവഹിക്കുന്നു. ജില്ലാ ആസൂത്രണ കമ്മിറ്റികളാണ് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. ആസൂത്രണം സം ബന്ധിച്ച വിശദമായ കാര്യങ്ങൾ എൽ എസ് ജി 03, ആസൂത്രണവും വികസനവും എന്ന ഭാഗത്ത് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

### 3.21 സംഗ്രഹം

ശക്തമായ ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭരണകാര്യങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. പ്രാചീനകാലം മുതൽ തന്നെ നമ്മുടെ രാജ്യത്ത് വ്യത്യസ്ത രീതിയിലുള്ള പ്രാദേശിക ഭരണ വ്യവസ്ഥ നിലനിന്നിരുന്നതായി നാം മനസ്സിലാക്കി. ബ്രിട്ടീഷ് ആധിപത്യത്തോടെ സർഗ്ഗാത്മക പ്രാദേശിക സ്വയംഭരണ വ്യവസ്ഥ അവരുടെ ചൂഷണ താൽപ്പര്യങ്ങളാൽ ദുർബലപ്പെടാൻ ഇടയായതും സ്വാതന്ത്ര്യസമര പ്രസ്ഥാനവും ഗാന്ധിജിയുടെ ഗ്രാമസ്വരാജ് കാഴ്ചപ്പാടും ഗ്രാമ ഭരണ വ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ ത്തിൽ തന്നെ രാജഭരണം നിലനിന്നിരുന്ന തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിലും ബ്രിട്ടീഷ് അധീനതയിലായിരുന്ന മലബാറിലും പ്രാദേശിക ഭരണ വ്യവസ്ഥ ശക്തി പ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നതായി കാണാം.

സ്വാതന്ത്ര്യാനന്തരം ഭരണഘടനാ പിൻബലം ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും പഞ്ചായത്തുകളുടെ ശാക്തീകരണത്തിന് ചില ശ്രമങ്ങൾ നടന്നതായി കാണാം. എന്നാൽ തുടർന്ന് പ്രാദേശിക ഭരണ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നതായി കാണുന്നില്ല. ഒട്ടേറെ കമ്മിറ്റികളും കമ്മീഷനുകളും ഈ കാലഘട്ടത്തിൽ അവരുടെ ശുപാർശകൾ സമർപ്പിച്ചു എന്നല്ലാതെ എടുത്തുപറയത്തക്ക നേട്ടങ്ങളൊന്നും തൊണ്ണൂറുകൾ വരെ ഇക്കാര്യത്തിൽ ഉണ്ടായതായി കാണുന്നില്ല. സാമ്പത്തിക വിക സനത്തിനും സാമൂഹിക നീതിക്കും വേണ്ടി പദ്ധതി തയ്യാറാക്കാനുള്ള അധികാരങ്ങ ളോടെ ഭരണഘടനാ പിൻബലമുള്ള സ്ഥാപനങ്ങളായി ത്രിതല പഞ്ചായത്തുകളും നഗര ഭരണസ്ഥാപനങ്ങളും മാറിയത് 73,74 ഭരണഘടനാ ഭേദഗതികളോടെ ആണെന്നും കാണാൻ കഴിയുന്നു.

73,74 ഭരണഘടനാ ഭേദഗതികൾ അവസരമാക്കിക്കൊണ്ട് അധികാര വികേ

ന്ദ്രീകരണത്തിനായി കേരളത്തിൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ഈ രംഗത്ത് ലോകശ്രദ്ധയാകർഷിച്ച പ്രവർത്തനങ്ങൾ നടത്തി അധികാര വികേന്ദ്രീകരണത്തിലും പ്രാദേശിക ആസൂത്രണത്തിലും മാതൃക സൃഷ്ടിച്ചു. പ്രാചീന കാലം മുതൽ നിലനിന്നിരുന്ന അനൗപചാരിക പ്രാദേശിക ഭരണ വ്യവസ്ഥ ഇന്ന് കേരളത്തിലെങ്കിലും ഔപചാരിക പ്രാദേശിക സ്വയംഭരണ സർക്കാരുകളായി മാറി എന്ന് ഈ യൂണിറ്റിൽ നിന്നും നമുക്ക് ബോധ്യപ്പെടുന്നു.

## പഠന പുരോഗതി സ്വയം വിലയിരുത്തൽ- മൂന്ന്

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**1 മാർക്ക് വീതം**

1) പഞ്ചായത്തിന്റെ മുഴുവൻ സമയ കാര്യനിർവഹണാധികാരി ആര്?
2) ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് ഗ്രാമപഞ്ചായത്തുകൾക്ക് നികുതി, ഫീസ് എന്നിവ പിരിക്കാനുള്ള വ്യവസ്ഥകൾ പരാമർശിക്കുന്നത്?
3) ആർട്ടിക്കിൾ 243 ZD പ്രകാരം രൂപീകരിക്കപ്പെടുന്ന കമ്മിറ്റി ഏത്?
4) നഗരസഭകളിലെ സ്റ്റാൻഡിങ് കമ്മിറ്റി തിരഞ്ഞെടുപ്പ് നടത്താനുള്ള ചുമതല ആർക്ക്?
5) ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ച വർഷം?

**II. ശരിയോ തെറ്റോഎന്ന്എഴുതുക**
**1 മാർക്ക് വീതം**

1) ഭരണഘടനയിൽ മുനിസിപ്പാലിറ്റികളുടെ ചുമതലകൾ പറഞ്ഞിട്ടുള്ളത് പട്ടിക 11 ലാണ്.
2) ഭരണഘടനയുടെ ആർട്ടിക്കിൾ 243 K യിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുള്ളത്.
3) കരട് ജില്ലാവികസന പദ്ധതി തയ്യാറാക്കാനുള്ള ചുമതല ജില്ലാ പഞ്ചായത്തിനാണ്.
4) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലാ പഞ്ചായത്ത് അംഗങ്ങളാണ്.
5) പഞ്ചായത്ത് രാജ് ആക്ടിന്റെ പട്ടിക മൂന്നിലാണ് ഗ്രാമ പഞ്ചായത്തിന്റെ ചുമതലകൾ പറഞ്ഞിട്ടുള്ളത്.

**III ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**
**2 മാർക്ക് വീതം**

1) ജില്ലാ ആസൂത്രണകമ്മിറ്റികൾ രൂപീകരിക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തതിന്റെ പ്രധാന ലക്ഷ്യം എന്ത്?

2) ത്രിതല പഞ്ചായത്തുകൾ തമ്മിൽ പരസ്പര ബന്ധത്തോടെ പ്രവർത്തിക്കേണ്ടതുണ്ടെന്ന് പറയാൻ കാരണമെന്ത്?

3) നഗരങ്ങളുടെ പ്രധാന നികുതി വരുമാനങ്ങളും ഈടാക്കുന്ന പ്രധാന ഫീസുകളും ഏതെല്ലാം?

4) സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കണമെന്ന് ഭരണഘടനയിൽ പറയാൻ കാരണമെന്ത്?

5) തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് വരുമാനം എന്നാൽ എന്ത്? പ്രധാന തനത് വരുമാനങ്ങൾ ഏതെല്ലാം?

**IV ഒരു പുറത്തിൽ കവിയാതെ വിശദീകരിക്കുക**
**5 മാർക്ക് വീതം**

1) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ തമ്മിലെ പരസ്പരബന്ധവും ഏകോപനവും സാധ്യമാക്കാനുള്ള വ്യവസ്ഥകൾ ഏതെല്ലാം?

2) പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം അവരുടെ ചുമതല നിറവേറ്റുന്നതിനുള്ള ജനകീയ ഉദ്യോഗസ്ഥ സംവിധാനങ്ങളെ കുറിച്ച് വിശദീകരിക്കുക.

## 3.22 ഉത്തരങ്ങൾ

**പഠന പുരോഗതി സ്വയം വിലയിരുത്തൽ- ഒന്ന്**

I (1) അർത്ഥശാസ്ത്രം (2) മദ്രാസ് മുനിസിപ്പാലിറ്റി
(3) ഡച്ചുകാരുടെ (4) മെഗസ്തനീസ്

II (1) 1907 (2) ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1909
(3)1882 (4) ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1919

**പഠനപുരോഗതി സ്വയം വിലയിരുത്തൽ - രണ്ട്**

I (1) മലബാറിൽ (2) എൽ എം സിങ്‌വി കമ്മിറ്റി
(3) ജവഹർലാൽനെഹ്റു (4) ബൽവന്ത്റായ് മേത്ത

II (1) ജി വി കെ റാവുകമ്മിറ്റി (2) അശോക് മേത്ത കമ്മിറ്റി
(3) തുംഗോൺ കമ്മിറ്റി (4) ബൽവന്ത് റായ് മേത്ത കമ്മിറ്റി

**പഠനപുരോഗതി സ്വയം വിലയിരുത്തൽ - മൂന്ന്**

I (1) പഞ്ചായത്ത് പ്രസിഡന്റ് (2) 243H (3) ജില്ലാ പ്ലാനിംഗ് കമ്മിറ്റി (4) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (5) 1996

II (1) തെറ്റ് (2) ശരി (3) തെറ്റ് (4) ശരി (5)ശരി

### 3.23 സൂചനാ പദങ്ങൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനം/ തദ്ദേശഭരണ സ്ഥാപനം/ പ്രാദേശിക സ്വയംഭരണ സ്ഥാപനം/പ്രാദേശിക സർക്കാർ/ പ്രാദേശിക ഭരണ സ്ഥാപനം/ പ്രാദേശിക സ്വയംഭരണ സർക്കാർ എന്നാൽ ഏതെങ്കിലും തരത്തിലുള്ള ഒരു പഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റി അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ
2. നഗരഭരണ സ്ഥാപനം എന്നാൽ ഒരു മുനിസിപ്പാലിറ്റി അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ
3. പഞ്ചായത്ത് രാജ് ആക്ട് എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്
4. മുനിസിപ്പാലിറ്റി ആക്ട് എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്
5. ജില്ലാ ആസൂത്രണ കമ്മിറ്റി എന്നാൽ മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 53 പ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റി
6. സ്റ്റിയറിങ് കമ്മിറ്റി എന്നാൽ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 162 B പ്രകാരം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി ആക്ട് 23 പ്രകാരം മുനിസിപ്പാലിറ്റികളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റി
7. സ്റ്റാൻഡിങ് കമ്മിറ്റി എന്നാൽപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 161 പ്രകാരം മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 20 പ്രകാരവും അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റി

### 3.24 അധികവായനക്ക് / അവലംബം


1) ഇന്ത്യൻ ഭരണഘടന
2) കേരള പഞ്ചായത്ത് രാജ് ആക്ട് 1994
3) കേരള മുനിസിപ്പാലിറ്റി ആക്ട് 1994
4) Road map for Panchayati Raj, Ministry of Panchayati Raj Government of India, 2011
5) A Study of Local Finance in Kerala, M A Oommen, 2017
6) Thaddesakam 2021, Published by Director of Panchayat Thiruvananthapuram.

## യൂണിറ്റ് 4

# പ്രാദേശിക ഭരണത്തിലെ ജനപങ്കാളിത്ത വേദികൾ

### ഘടന


4.1 പഠന ലക്ഷ്യങ്ങൾ

4.2 ആമുഖം

4.3 ഗ്രാമസഭ - പ്രസക്തി

4.4 ഭരണഘടനയും സംസ്ഥാന നിയമങ്ങളും ഉറപ്പു നൽകുന്ന അവകാശങ്ങൾ

4.5 ഗ്രാമസഭ

4.6 ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ

4.7 ഗ്രാമസഭകൾ കാര്യക്ഷമമാക്കാൻ

4.8 മുനിസിപ്പാലിറ്റികളും വാർഡ് സഭകളും

4.9 വലിയ നഗരസഭകളിൽ വാർഡ് കമ്മിറ്റി

4.10 പ്രത്യേക ഗ്രാമസഭകൾ /വാർഡ് സഭകൾ

4.11 ഗ്രാമസഭ /വാർഡ് സഭകളുടെ സംഘാടനം

4.12 ഊരുകൂട്ടങ്ങൾ

4.13 മത്സ്യസഭ

4.14 സേവാഗ്രാം ഗ്രാമ കേന്ദ്രം/വാർഡ് കേന്ദ്രം

4.15 സ്ഥാപനതല ജനകീയ സമിതികൾ

4.16 തദ്ദേശ ഭരണ സ്ഥാപനതല ജനകീയ സമിതികൾ

4.17 വാർഡ്തല ജനകീയ സമിതികൾ

4.18 കേരളത്തിലെ സന്നദ്ധ പ്രവർത്തനം, സന്നദ്ധ സേവനം, ശ്രമദാനം

4.19 സംഗ്രഹം

4.20 ഉത്തരങ്ങൾ

4.21 സൂചനാപദങ്ങൾ

4.22 അധിക വായനയ്ക്ക്/അവലംബം

# പ്രാദേശിക ഭരണത്തിലെ ജനപങ്കാളിത്ത വേദികൾ

## 4.1 പഠന ലക്ഷ്യങ്ങൾ

1) ഭരണഘടനയും കേരള പഞ്ചായത്ത് രാജ് നിയമവും ഗ്രാമസഭയ്ക്ക് നൽകിയിട്ടുള്ള പ്രാധാന്യം തിരിച്ചറിയാൻ കഴിയുന്നു.
2) ഗ്രാമസഭയുടെ സവിശേഷതകൾ, അധികാരങ്ങൾ, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദീകരിക്കാൻ കഴിയുന്നു.
3) വാർഡ് സഭ, വാർഡ് കമ്മിറ്റി എന്നിവ താരതമ്യം ചെയ്യാൻ കഴിയുന്നു.
4) പ്രത്യേക വിഭാഗക്കാർക്ക് വേണ്ടിയുള്ള ഗ്രാമസഭകൾ /വാർഡ് സഭകൾ എന്താണെന്നും അതിന്റെ പ്രസക്തിയും വിവരിക്കാൻ കഴിയുന്നു.
5) ഊരുകൂട്ടം, മത്സ്യസഭ, സേവാഗ്രാമം, ഗ്രാമകേന്ദ്രം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നു.
6) പ്രാദേശികഭരണവുമായി ബന്ധപ്പെട്ട്, സ്ഥാപനതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും വാർഡ്തലത്തിലും പ്രവർത്തിക്കുന്ന ജനകീയ സമിതികൾ ഏതൊക്കെയാണെന്ന് വിവരിക്കുന്നു.
7) പ്രാദേശിക ഭരണ ശാക്തീകരണത്തിൽ വിവിധ ജനകീയ സംഘടനാ സംവിധാനങ്ങൾക്കുള്ള പ്രസക്തി ബോധ്യപ്പെടുത്താൻ കഴിയുന്നു.
8) കേരളത്തിന്റെ സന്നദ്ധ സേവന പാരമ്പര്യം തിരിച്ചറിയാനും ഇന്നത്തെ സാഹചര്യത്തിൽ സന്നദ്ധ സേവന സേനയുടെ ആവശ്യകത ബോധ്യപ്പെടുത്താനും കഴിയുന്നു.

## 4.2 ആമുഖം

ജനാധിപത്യം സർഗാത്മകവും ഫലപ്രദവും ആകണമെങ്കിൽ ഭരണകാര്യങ്ങളിൽ ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം അനിവാര്യമാണെന്നും അത് സാധ്യമാക്കാൻ കഴിയുന്നത് പ്രാദേശിക ഭരണ സ്ഥാപനങ്ങളിലൂടെയാണെന്നും ഉള്ള കാഴ്ചപ്പാടിന്റെ കൂടി അടിസ്ഥാനത്തിലാണ് ത്രിതല പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഭരണഘടനാ പിൻബലം നൽകപ്പെട്ടത്. അതു

കൊണ്ടുതന്നെ പ്രാദേശിക ഭരണ സംവിധാനത്തിന്റെ കാതൽ ജനപങ്കാളിത്തമാണ്. മുഴുവൻ വോട്ടർമാർക്കും ഭരണത്തിൽ പങ്കാളികളാകാൻ കഴിയുംവിധം ഗ്രാമസഭകളെ ഭരണഘടനാ പിൻബലമുള്ള സംവിധാനമാക്കി. നഗരപ്രദേശങ്ങൾക്കായി വാർഡ് കമ്മിറ്റികളും ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു. കേരളത്തിലാകട്ടെ ഒരു പടികൂടി മുന്നേറി ഗ്രാമസഭകൾക്ക് സമാനമായ അധികാര അവകാശങ്ങളോടെ ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് സഭകളും മുനിസിപ്പാലിറ്റി നിയമത്തിൽ വ്യവസ്ഥ ചെയ്തു.

ഗ്രാമസഭ, വാർഡ് സഭ, വാർഡ് കമ്മിറ്റി എന്നിവയുടെ സവിശേഷതകൾ,അധികാരങ്ങൾ, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ മുതലായവയെക്കുറിച്ച് ഭരണഘടന, കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ പറഞ്ഞിട്ടുള്ള പ്രധാന വ്യവസ്ഥകൾ ഈ യൂണിറ്റിൽ പരാമർശിക്കുന്നു. പ്രാദേശിക ഭരണ സംവിധാനത്തിന്റെ അടിസ്ഥാന ഘടകങ്ങളായ ഗ്രാമസഭകൾ,വാർഡ് സഭകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും പ്രതിപാദിക്കുന്നുണ്ട്.

കേരളത്തിന്റെ സവിശേഷതയായ ജനകീയാസൂത്രണം ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഒട്ടേറെ നടപടികൾ സ്വീകരിച്ചിരുന്നു. ഭരണഘടനയിലോ പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങളിലോ വ്യവസ്ഥ ചെയ്തവയല്ലെങ്കിലും പദ്ധതി ആസൂത്രണത്തിന്റേയും പ്രാദേശിക ഭരണ പ്രവർത്തനങ്ങളുടെയും ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ, ഗുണഭോക്തൃ സമിതികൾ, സ്ഥാപനതല മാനേജിങ് കമ്മിറ്റികൾ തുടങ്ങി ഒട്ടേറെ ജനകീയ സംവിധാനങ്ങളെ നാം വ്യവസ്ഥാപിതമാക്കിയിട്ടുണ്ട്. പ്രത്യേക വിഭാഗങ്ങൾക്കു വേണ്ടിയുള്ള ഗ്രാമസഭകൾ/ വാർഡ് സഭകൾ, ഊരുകൂട്ടങ്ങൾ, മത്സ്യസഭകൾ, സേവാഗ്രാം ഗ്രാമ /വാർഡ് കേന്ദ്രങ്ങൾ തുടങ്ങി ഒട്ടേറെ ജനകീയ സംവിധാനങ്ങൾ, അക്കൂട്ടത്തിൽ പെടുന്നു. അവയുടെ പ്രസക്തിയും പ്രാധാന്യവും പ്രവർത്തനരീതികളും ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു.

പ്രാദേശിക ഭരണ കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി സ്ഥാപനതലങ്ങളിലും തദ്ദേശഭരണ സ്ഥാപന തലത്തിലും വാർഡ് തലത്തിലും ഒട്ടേറെ ജനകീയ സമിതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയുടെ പ്രാധാന്യവും ഈ യൂണിറ്റിൽ പരാമർശിക്കപ്പെടുന്നു. സന്നദ്ധ സേവന പാരമ്പര്യത്തെ ഉൾപ്പെടുത്തിക്കൊണ്ട് സമീപകാലത്തുണ്ടായ ദുരന്തസാഹചര്യങ്ങളിൽ നമ്മുടെ സന്നദ്ധ സേവന സംസ്കാരം പ്രയോജനപ്പെട്ടതും ലോകശ്രദ്ധയാകർഷിച്ചതും ഈ യൂണിറ്റിൽ പരാമർശിക്കുന്നുണ്ട്.

### 4.3 ഗ്രാമസഭ - പ്രസക്തി

പുരാതന കാലത്ത് നിലനിന്നിരുന്ന പഞ്ചായത്തുകളുടെ സവിശേഷത അവ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്ത വേദികളായിരുന്നു എന്നതാണ്. സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥകളിലുണ്ടായിക്കൊണ്ടിരുന്ന മാറ്റം പഞ്ചായത്തുകളേയും ബാധിച്ചതിന്റെ ഫലമായി ജാതിവ്യവസ്ഥയുടെ സ്വാധീനത്താൽ സവർണ മേധാവിത്വം പഞ്ചായത്ത് സംവിധാനത്തെ കയ്യടക്കിയതും ബ്രിട്ടീഷ് ഭരണ സമയത്ത് കരമടയ്ക്കുന്നവർക്ക്മാത്രം വോട്ടവകാശം പരിമിതപ്പെടുത്തി നൽകിയതുമെല്ലാം പങ്കാളിത്ത ജനാധിപത്യത്തിനേറ്റ ക്ഷതങ്ങളായിരുന്നു. ഇങ്ങനെ പിന്നോട്ടടികൾ ഒട്ടേറെ ഉണ്ടായെങ്കിലും ഭരണത്തിൽ

പങ്കാളികളാകാനും ഭരണകൂട ജനവിരുദ്ധതകളെ ചോദ്യം ചെയ്യാനുള്ള ജനങ്ങളുടെ താൽപര്യത്തെ ഇല്ലായ്മചെയ്യാൻ ഒരിക്കലും കഴിഞ്ഞില്ല. ഭരണകാര്യങ്ങളിൽ പങ്കാളി കളാകാനുള്ള ജനങ്ങളുടെ അവകാശത്തെ നിഷേധിച്ച ബ്രിട്ടീഷ് ഭരണകാലത്തുപോലും അതിനെ ചോദ്യം ചെയ്യാനും ഈ അവകാശം നേടിയെടുക്കാനും വേണ്ടിയുള്ള പോരാ ട്ടങ്ങളും സ്വാതന്ത്ര്യസമരപ്രസ്ഥാനം നടത്തിയിരുന്നു. അതിന്റെ കൂടി ഫലമായിട്ടാണ് പ്രാദേശിക ഭരണ സംവിധാനത്തിൽ പരിമിതമായെങ്കിലും ജനാധിപത്യാവകാശങ്ങൾ അനുവദിക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായത്.

ഭരണത്തിൽ പങ്കാളികളാകുക എന്നത് തങ്ങളുടെ അവകാശമായി പൂർണ അർത്ഥ ത്തിൽ പ്രയോഗത്തിൽ വരുത്താനായിരുന്നില്ലെങ്കിലും ഭരണകർത്താക്കളെ അക്കാര്യം ബോധ്യപ്പെടുത്താനെങ്കിലും ജനങ്ങൾക്ക് പണ്ടും കഴിഞ്ഞിരുന്നു എന്നതിന്റെ തെളി വായിരുന്നു രാജഭരണം നിലനിന്നിരുന്ന തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിലും ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്നിടങ്ങളിലും അക്കാലങ്ങളിലുണ്ടായ പ്രാദേശിക ഭരണം സംബന്ധിച്ച നിയമങ്ങൾ.

സ്വാതന്ത്ര്യാനന്തരവും പ്രാദേശിക ഭരണത്തിലെ ജനപങ്കാളിത്താവകാശത്തിനാ യി ശക്തമായ വാദങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. അതിന്റെ പ്രതിഫലങ്ങളായിരുന്നു വർഷത്തിൽ രണ്ടു തവണയെങ്കിലും വില്ലേജ് കമ്മറ്റികൾ ഗ്രാമസഭകൾ വിളിച്ചുചേർ ക്കണമെന്ന അശോക് മേത്ത കമ്മിറ്റിയുടെ നിർദ്ദേശം, പ്രത്യക്ഷ ജനാധിപത്യ വേദി കളായി ഗ്രാമസഭകൾ ഉണ്ടാകണമെന്ന സിങ്‌വി കമ്മിറ്റിയുടെ നിർദ്ദേശം മുതലായവ. ജനാധിപത്യത്തിന്റെ നിലനിൽപ്പിനും ഭരണകാര്യക്ഷമതയ്ക്കും സുതാര്യമായ ഭരണവ്യ വസ്ഥക്കും ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകാൻ കഴിയുന്ന പ്രത്യക്ഷ ജനാധിപത്യ വേദി എന്നോ മുഖാമുഖ ജനാധിപത്യ വേദി എന്നോ വിളിക്കാവുന്ന വേദികൾ ഉണ്ടായി രിക്കണമെന്ന്പ്രാദേശിക ഭരണ സംവിധാനത്തിന് വേണ്ടി രൂപീകരിക്കപ്പെട്ട എല്ലാ കമ്മിറ്റികളും കമ്മീഷനുകളും ശക്തമായി പറഞ്ഞിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായി കൂടിയാണ് 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങളിൽ ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കെടുക്കുവാനുള്ള അവകാശം ഭരണഘടന തന്നെ സ്ഥാപിച്ചു നൽകിയത്. അതാണ് ഭരണഘടനയിൽ വ്യവസ്ഥ ചെയ്ത ഗ്രാമസഭകളും വാർഡ് കമ്മിറ്റികളും.

## 4.4 ഭരണഘടനയും സംസ്ഥാന നിയമങ്ങളും ഉറപ്പു നൽകുന്ന അവകാശങ്ങൾ

ഒരു വില്ലേജ് തല പഞ്ചായത്ത് പ്രദേശങ്ങളിലുൾപ്പെട്ട സമ്മതിദാനവകാശപ്പ ട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾ ഉൾപ്പെട്ട സമിതിയാണ് ഗ്രാമസഭ എന്ന് ഭരണഘടനയുടെ അനുച്ഛേദം 243 ൽ പറയുന്നു. അനുച്ഛേദം 243 എ അനുസരിച്ച് അങ്ങനെയുള്ള ഒരു ഗ്രാമസഭയ്ക്ക് സംസ്ഥാന നിയമം വഴി വ്യവസ്ഥ ചെയ്തിട്ടുള്ള അധി കാരങ്ങളും ചുമതലകളും നിർവഹിക്കാവുന്നതുമാണ്. ഈ ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം ഗ്രാമസഭകൾ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ഘടകമാകുന്നു, വോട്ടർമാർ പഞ്ചായത്ത് മെമ്പർമാരെ പോലെ ഭരണഘടന പിൻബലമുള്ള ഗ്രാമസഭയിലെ മെമ്പർ മാരുമാകുന്നു. ജനങ്ങൾക്ക് ഭരണകാര്യങ്ങളിൽ പങ്കാളികളകാൻ മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റി രൂപീകരിക്കണമെന്ന വ്യവസ്ഥ ഭരണഘടനയുടെ അനുച്ഛേദം 243 എസ്സിലും പറഞ്ഞിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ രണ്ടാം അധ്യായത്തിൽ വകുപ്പ് 3 ൽ 1,

2 ഉപവകുപ്പുകളിലായി എന്താണ് ഗ്രാമസഭ എന്നും വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും വകുപ്പ് 3 ബി യിൽ ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ 42, 43, 44 വകുപ്പുകൾ വാർഡ് കമ്മിറ്റി സംബന്ധിച്ചും വകുപ്പ് 42 എ വാർഡ് സഭ സംബന്ധിച്ചും പ്രതിപാദിക്കുന്നു.

#### 4.5 ഗ്രാമസഭ

### i) ഗ്രാമസഭ എന്നാൽ

ഒരു ഗ്രാമ പഞ്ചായത്തിലെ ഒരു നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരു ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ഗ്രാമസഭ എന്ന് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 അനുശാസിക്കുന്നു. അതുപ്രകാരം വോട്ടർ പട്ടികയിൽ പേരുള്ള ഏതൊരാൾക്കും ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കാനും അഭിപ്രായങ്ങൾ പറയാനും തീരുമാനങ്ങളിൽ പങ്കാളിയാകാനും ഉള്ള അവകാശവും അധികാരവുമുണ്ട്.

### ii) ഗ്രാമസഭായോഗം

ഗ്രാമപഞ്ചായത്തിലെ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗമാണ് ഗ്രാമസഭാ കൺവീനർ. കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ വിളിച്ചുചേർക്കേണ്ടത് കൺവീനറുടെ ചുമതലയാണ്. പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതാണ്. പൊതുനോട്ടീസ് മുഖേന ഗ്രാമസഭാവിവരം ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും യോഗത്തിലേക്ക് ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തേയും ജില്ലാപഞ്ചായത്തംഗത്തെയും നിയമസഭാംഗത്തെയും ഗ്രാമസഭയുടെ കൺവീനർ നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭാ കൺവീനറായ ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ കടമകൾ നിർവഹിക്കാൻ ശാരീരികമായോ, മറ്റുതരത്തിലോ സാധിക്കാതെ വന്നാൽ, പ്രസിഡന്റിന്, തൊട്ടടുത്തുള്ള, ഏതെങ്കിലും നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന വാർഡ് മെമ്പറെ കൺവീനറായി നിയമിക്കാവുന്നതാണ്.

### iii) ഗ്രാമസഭയുടെ പ്രത്യേക യോഗം

ഗ്രാമസഭയിലെ പത്ത് ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ, ആവശ്യത്തോടൊപ്പം നൽകിയ കാര്യപരിപാടിയോടുകൂടി ഗ്രാമസഭയുടെ പ്രത്യേക യോഗം ഗ്രാമസഭാ കൺവീനറായ വാർഡ് മെമ്പർ പതിനഞ്ച് ദിവസത്തിനകം വിളിച്ചുകൂട്ടേണ്ടതാണ്. ഇത്തരത്തിലുള്ള യോഗങ്ങൾ വിളിച്ചുചേർക്കേണ്ടത് സാധാരണ യോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽമാത്രം ആയിരിക്കേണ്ടതാണ്.

### iv) ഗ്രാമസഭയുടെ യോഗാദ്ധ്യക്ഷൻ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ് ഗ്രാമസഭയുടെ യോഗാധ്യക്ഷൻ. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ, രണ്ട് പേരുടെയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭാ കൺവീനറോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

## v) വർഷത്തിലെ ആദ്യ യോഗം

ആദ്യയോഗത്തിൽ താഴെ പറയുന്ന രേഖകൾ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായ ത്ത് വെക്കേണ്ടതാണ്.

എ) മുൻ വർഷത്തെയും തൻ വർഷത്തെയും വികസന പരിപാടികളെയും അതിന്റെ ചെലവിനെയും സംബന്ധിച്ച റിപ്പോർട്ട്.

ബി) മുൻവർഷത്തെ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ്.

സി) ഭരണനിർവഹണ റിപ്പോർട്ട്

ഗ്രാമസഭാ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചാ യത്തുകൾ അർഹമായ പരിഗണന നൽകണമെന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ട്. ഗ്രാ മസഭാ തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ അദ്ധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## vi) ഗ്രാമസഭയുടെ കോറം

നിയോജകമണ്ഡലത്തിലെ സമ്മതിദായകരുടെ എണ്ണത്തിന്റെ പത്ത് ശതമാനമാണ് കോറം. (വകുപ്പ് 3 എ(4)) കോറം തികയാതെ മാറ്റിവെക്കുന്ന ഗ്രാമസഭയുടെ യോഗം വീണ്ടും കൂടുമ്പോൾ ആ യോഗത്തിന്റെ കോറം അമ്പത് പേർ ആയിരിക്കുന്നതാണ്.

## vii) ഗ്രാമസഭാ കോ - ഓർഡിനേറ്റർ

ഗ്രാമപഞ്ചായത്ത്, ഒരു ഉദ്യോഗസ്ഥനെ ഗ്രാമസഭാ കോ-ഓർഡിനേറ്ററായി നാ മനിർദ്ദേശം ചെയ്യേണ്ടതാണ്. ഗ്രാമസഭ വിളിച്ചുകൂട്ടൽ, നടത്തിപ്പ്, തീരുമാനങ്ങൾ മിനുട്സ് പുസ്തകത്തിൽ രേഖപ്പെടുത്തൽ, തുടർനടപടികൾ എടുക്കൽ എന്നീ കാര്യ ങ്ങൾക്ക് ഗ്രാമസഭാ കൺവീനറെ സഹായിക്കേണ്ടത് ഗ്രാമസഭാ കോ-ഓർഡിനേറ്ററുടെ ചുതലയാണ്.

## viii) ഉദ്യോഗസ്ഥരുടെ പങ്കാളിത്തം

പ്രസിഡന്റ് ആവശ്യപ്പെടുന്നതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ഗ്രാ മസഭാ യോഗങ്ങളിൽ പങ്കെടുക്കേണ്ടതും ആവശ്യമായ വിവരങ്ങളും റിപ്പോർട്ടുകളും, തീരുമാനങ്ങൾ കൈകാള്ളുന്നതിനാവശ്യമായ നിയമ - സാങ്കേതിക ഉപദേശങ്ങളും നൽകേണ്ടതുമാണ്.

## ix) ഗ്രാമസഭാ യോഗതിയ്യതി, സമയം എന്നിവ തീരുമാനിക്കൽ

അതത് സമയത്തെ വിഷയങ്ങൾക്കനുസൃതമായി അജണ്ട തീരുമാനിച്ച് ഗ്രാമസഭാ യോഗങ്ങൾ ചേരുന്നതിന് ഭരണസമിതി തീരുമാനമെടുക്കേണ്ടതാണ്. ഗ്രാമസഭ ചേരുന്ന തിന് മുമ്പായി ചെയ്യേണ്ടതായ എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ ആവശ്യമായ സമയം ഉറപ്പാക്കിക്കൊണ്ടു മാത്രമേ ഗ്രാമസഭാ തിയ്യതികൾ നിശ്ചയിക്കാവൂ. കഴിയുന്നതും ഒരേ സമയം ഒന്നിലധികം ഗ്രാമസഭകൾ ചേരാതിരിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പ്രസിഡന്റിനും ഉദ്യോഗസ്ഥർക്കും എല്ലാ ഗ്രാമസഭാ യോഗങ്ങളിലും

പങ്കെടുക്കാൻ കഴിയൂ. കൺവീനർക്ക് നിർബന്ധമായും പങ്കെടുക്കാൻ കഴിയുന്ന വിധവും വോട്ടർമാർക്ക് പങ്കെടുക്കാൻ അനുയോജ്യമായ രീതിയിലുമായിരിക്കണം തിയ്യതികൾ നിശ്ചയിക്കേണ്ടത്. അജണ്ടയുടെ പ്രാധാന്യം, വൈപുല്യം എന്നിവയും കണക്കിലെടുക്കണം. യോഗത്തിന് കുറഞ്ഞത് നാല് മണിക്കൂർ സമയമെങ്കിലും ലഭ്യമാകണം. പൊതു അവധി ദിവസങ്ങളാണ് അഭികാമ്യം. ഈ പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചായിയിരിക്കണം തിയ്യതിയും സമയവും നിശ്ചയിക്കേണ്ടത്.

### xi) ഗ്രാമസഭ കൂടുന്ന സ്ഥലം

വോട്ടർമാർക്ക് എത്തിപ്പെടാൻ ഏറ്റവും അനുയോജ്യവും പങ്കെടുക്കുന്നവർക്കെല്ലാം ഇരിക്കാനും ഗ്രൂപ്പ് ചർച്ച നടത്താനും സൗകര്യമുള്ളതായിരിക്കണം യോഗസ്ഥലം.

### xii) അജണ്ട

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിർബന്ധമായി ഉൾപ്പെടുത്തേണ്ട ഇനങ്ങൾ, സർക്കാർനിർദ്ദേശങ്ങൾ,ഭരണസമിതി തീരുമാനങ്ങൾ, സ്റ്റാന്റിങ് കമ്മിറ്റി നിർദ്ദേശങ്ങൾ, ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ, പൊതുജനങ്ങളുടെ ആവശ്യങ്ങൾ എന്നിവ പരിഗണിച്ചും ആരാഞ്ഞും വേണം അജണ്ട നിശ്ചയിക്കാൻ. സെക്രട്ടറി, പ്രസിഡന്റുമായി ആലോചിച്ച് അജണ്ടയുടെ കരട് തയ്യാറാക്കണം. അത് ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിക്കുകയും വേണം. എല്ലാ വാർഡുകളിലേയും ഗ്രാമസഭകൾക്കു വേണ്ടി പൊതുവായ അജണ്ട നിശ്ചയിക്കാവുന്നതാണ്. എന്നാൽ, ഒരു വാർഡിൽ പ്രത്യേക വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്യേണ്ടതുമാണ്.

### xiii)രേഖകൾ തയ്യാറാക്കൽ

ഓരോ ഗ്രാമസഭയുടെയും അജണ്ടയ്ക്കനുസരിച്ച് അവതരിപ്പിക്കേണ്ട രേഖകൾ മുൻകൂട്ടി നിശ്ചയിച്ച് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം സെക്രട്ടറിക്കും സ്ഥാപന മേധാവികൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും ആയിരിക്കും. അവതരിപ്പിക്കേണ്ട രേഖകളുടെ ആവശ്യമായ പകർപ്പുകൾ എടുക്കേണ്ടതാണ്. ഇതിന്റെ ചുമതല സെക്രട്ടറിക്കാണ്.

### xiv) ഗ്രാമസഭയിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ട രേഖകൾ

സർക്കാർ കാലാകാലങ്ങളിൽ ഗ്രാമസഭകളിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള രേഖകൾ (കരട്. പദ്ധതി നിദ്ദേശങ്ങൾ, ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ്, കരട് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് മുതലായവ ഉദാഹരണം) ഗ്രാമസഭകളിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ രേഖകളും റിപ്പോർട്ടുകളും നൽകാൻ സ്ഥാപന മേധാവികളും നിർവഹണ ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്.

### xv) സംഘാടക സമിതി രൂപീകരിക്കൽ

ഓരോ ഗ്രാമസഭാ യോഗത്തിനും മുമ്പായി വാർഡ് തലത്തിൽ സംഘാടക സമിതി രൂപീകരിക്കണം. രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, കുടുംബശ്രീ-എ ഡി എസ് ഭാരവാ

ഹികൾ, പാടശേഖര സമിതി ഭാരവാഹികൾ, പി ടി എ ഭാരവാഹികൾ, വിദ്യാർത്ഥി സംഘടനാ ഭാരവാഹികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുസമ്മതർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടായിരിക്കണം സംഘാടക സമിതി രൂപീകരിക്കേണ്ട ത്. അറിയിപ്പ് നൽകൽ, പ്രചാരണം, രജിസ്ട്രേഷൻ, ക്ഷണം, ഗ്രൂപ്പ് ചർച്ചയ്ക്ക് നേതൃത്വം നൽകൽ തുടങ്ങിയ ചുമതലകൾ ഈ യോഗത്തിൽ വച്ച് നിശ്ചയിച്ച് ഗ്രൂപ്പ് തിരിച്ച് ചുമതലപ്പെടുത്താവുന്നതാണ്.

### xvi) അറിയിപ്പ് നൽകൽ

സംഘാടക സമിതിയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും ഏഴുദിവസം മുമ്പ് നോട്ടീസ് എത്തിക്കുകയും നോട്ടീസ് കൈപ്പറ്റിയതായി ഒപ്പിട്ടു വാങ്ങുകയും വേണം. ഗ്രാമസഭയുടെ അജണ്ടയും പങ്കെടുക്കേണ്ടതിന്റെ പ്രാധാന്യവും പറഞ്ഞു ബോധ്യപ്പെ ടുത്തണം.

### xvii) പ്രചാരണം

സാധ്യമായ പ്രചാരണോപാധികൾ ഉപയോഗപ്പെടുത്തി മതിയായ പ്രചാരണം നൽകണം. ഗ്രാമസഭാ വാർത്താബോർഡ്, പോസ്റ്റർ, ബാനർ, മൈക്ക് അനൗൺസ് മെന്റ്, സിനിമാസ്ലൈഡ്, പ്രാദേശിക ടെലിവിഷൻ ചാനൽ, സ്കൂൾ അസംബ്ലി, നവമാ ധ്യമങ്ങൾ എന്നിവ ഉപയോഗപ്പെടുത്തണം.

### xviii) രജിസ്ട്രേഷൻ

രജിസ്ട്രേഷന് ആവശ്യമായ മുന്നൊരുക്കങ്ങൾ നിർദ്ദിഷ്ട സമയത്തിനകം തന്നെ ചെയ്തിരിക്കണം. അതിന് ഉദ്യോഗസ്ഥരെ/ ചുമതലക്കാരെ നിശ്ചയിക്കണം. രജിസ്ട്രേ ഷന്റെ പൂർണ്ണ ചുമതല ഗ്രാമസഭാ കോ-ഓർഡിനേറ്റർക്കാണ്.

### xix) സമയക്രമം

രാവിലെ എട്ട് മുതൽ വൈകുന്നേരം ആറ് വരെയുള്ള സമയത്തിനിടയ്ക്കാണ് ഗ്രാമ സഭ യോഗം നടത്തേണ്ടത്. നിശ്ചയിച്ച സമയത്തു തന്നെ പരിപാടി ആരംഭിക്കാനും അവസാനിപ്പിക്കാനും ശ്രദ്ധിക്കണം.

### xx) കാര്യപരിപാടി

കാര്യപരിപാടി മുൻകൂട്ടി നിശ്ചയിക്കണം. പൊതുകാര്യപരിപാടിയുടെ അടിസ്ഥാന ത്തിലായിരിക്കണം ഗ്രാമസഭ നടത്തേണ്ടത്. എന്നാൽ അതത് സമയത്തെ വിഷയ ങ്ങളുടെ പ്രത്യേകതയും വാർഡിലെ പ്രത്യേകാവശ്യങ്ങളും പരിഗണിച്ച് കാര്യപരിപാ ടി ഭേദഗതി ചെയ്യാവുന്നതാണ്. ഗ്രൂപ്പ് ചർച്ച, പൊതുചർച്ച എന്നിവയ്ക്ക് ആവശ്യമായ സമയം നീക്കി വെക്കണം.

### xxi) തീരുമാനങ്ങൾ, നിർദ്ദേശങ്ങൾ

പൊതു ചർച്ചയുടെയും ഗ്രൂപ്പ് ചർച്ചകളുടെയും എഴുതി തയ്യാറാക്കി അവതരിപ്പിക്കുന്ന

റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഗ്രാമസഭയുടെ പൊതുവായ തീരുമാനങ്ങളും നിർദ്ദേശങ്ങളും യോഗാവസാനം നടക്കുന്ന പൊതുയോഗത്തിൽ (പ്ലീനറി) വെച്ച് കൈക്കൊള്ളേണ്ടതാണ്.

### xxii) മിനുട്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തൽ

മിനുട്സും, തീരുമാനങ്ങളും ഗ്രാമസഭാ തീരുമാന രജിസ്റ്ററിൽ യോഗ സ്ഥലത്ത് വച്ച് യോഗ സമയത്തു തന്നെ രേഖപ്പെടുത്തേണ്ടതാണ്. അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഗ്രാമസഭാ കോ-ഓർഡിനേറ്റർക്കാണ്. വിമർശനങ്ങളും ആക്ഷേപങ്ങളും വിയോജിപ്പുകളും ഉണ്ടായിട്ടുണ്ടെങ്കിൽ അവയും മിനുട്സിൽ രേഖപ്പെടുത്തണം.

### xxiii) എഴുതിയ തീരുമാനങ്ങൾ,നിർദ്ദേശങ്ങൾ എന്നിവ വായിച്ചു കേൾപ്പിക്കൽ

ഗ്രാമസഭയുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും തീരുമാന രജിസ്റ്ററിൽ എഴുതിയത്, ഗ്രാമസഭാ കോ-ഓർഡിനേറ്റർ പൊതുയോഗത്തിൽ വായിച്ചു കേൾപ്പിക്കേണ്ടതാണ്.

### xxiv) മിനുട്സിലും തീരുമാനത്തിലും ഒപ്പ് വെക്കൽ

രേഖപ്പെടുത്തിയ തീരുമാനങ്ങൾക്ക് താഴെ പങ്കെടുത്ത മുഴുവൻ ജനപ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ, ഗ്രാമസഭാ കോ-ഓർഡിനേറ്റർ, ഫെസിലിറ്റേറ്റർമാർ, പങ്കെടുത്ത മറ്റ് അഞ്ച് പേർ (കുറഞ്ഞത്) എന്നിവർ ഒപ്പുവെക്കണം. കൂടാതെ പങ്കെടുത്ത ഏതൊരു വോട്ടറും അതിൽ ഒപ്പ് വെക്കണമെന്ന് ആവശ്യപ്പെട്ടാൽ അനുവദിക്കേണ്ടതാണ്.

### xxv) ഗ്രാമസഭാ രേഖകളുടെ സൂക്ഷിപ്പ്

രജിസ്ട്രേഷൻ ഫോറങ്ങൾ, ഗ്രൂപ്പ് ചർച്ചാ നിർദ്ദേശങ്ങൾ, മിനുട്സ്/ തീരുമാന രജിസ്റ്റർ എന്നിവയും ഗ്രാമസഭാ യോഗത്തിന്റെ ഫോട്ടോഗ്രാഫും തൊട്ടടുത്ത ദിവസം തന്നെ ഗ്രാമസഭാ കോ-ഓർഡിനേറ്ററായ ഉദ്യോഗസ്ഥൻ സെക്രട്ടറിയെ ഏൽപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്. അവ ഔദ്യോഗിക രേഖകളായി കണക്കാക്കി സൂക്ഷിക്കേണ്ട ചുമതല സെക്രട്ടറിക്കാണ്.

### 4.6 ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 3 എ വകുപ്പിൽ ഇവ വിശദമായി നൽകിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ചിലത് മാത്രം ഇനി പറയുന്നു.

a) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടികളുടെയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിശ്ചയിക്കുകയും ചെയ്യുക.

b) തെരുവുവിളക്കുകൾ, തെരുവിലെയോ, അല്ലെങ്കിൽ പൊതുവായതോ ആയ വാട്ടർ ടാപ്പുകൾ, പൊതു കിണറുകൾ, പൊതുസാനിട്ടേഷൻ യൂണിറ്റുകൾ, ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതു സൗകര്യ പദ്ധതികൾ എന്നിവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.

c) സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവപോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക.

d) ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക.

e) ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ചും വിശദമായി അറിയുക.

f) ഗ്രാമസഭാപ്രദേശത്ത് നടപ്പാക്കിയതോ, നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റ്, അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങൾ തുടങ്ങിയവ അറിയാൻ ഗ്രാമസഭയ്ക്ക് അവകാശമുണ്ടായിരിക്കും.

g) ഗ്രാമസഭയുടെ പരിഗണനയ്ക്കുവരുന്ന ഓഡിറ്റ് റിപ്പോർട്ട്, പെർഫോമെൻസ് ഓഡിറ്റ് റിപ്പോർട്ട് എന്നിവ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്.

h) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് സൂക്ഷ്മ പരിശോധന നടത്തി മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിനായി നൽകുക. എന്നാൽ, ഗ്രാമസഭ അംഗീകാരിച്ച് നൽകുന്ന ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ല.

## 4.7 ഗ്രാമസഭകൾ കാര്യക്ഷമമാക്കാൻ

ഗ്രാമസഭകൾ ജനാധിപത്യത്തിന്റെ നട്ടെല്ലാണ്. അതുകൊണ്ടു തന്നെ അവ കാര്യക്ഷമമാക്കേണ്ടത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അനിവാര്യവുമാണ്. ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിലൂടെ ഗ്രാമസഭാ യോഗങ്ങൾ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

1. കഴിവതും അവധി ദിവസങ്ങളിൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുക.

2. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കുറഞ്ഞത് നാല് മണിക്കൂർ സമയമെങ്കിലും ലഭിക്കത്തക്കവിധം ഗ്രാമസഭാ യോഗങ്ങൾ നിശ്ചയിക്കുക.

3. ഒരേ സമയം ഒന്നിലധികം ഗ്രാമസഭകൾ വിളിച്ചു ചേർക്കാതിരിക്കുക.

4. കൃത്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ, ആസൂത്രണം എന്നിവ നടത്തുക.

5. ഉദ്ഘാടന സമ്മേളനം അര മണിക്കൂറായി പരിമിതപ്പെടുത്തുക.

6. മുഴുവൻ വോട്ടർമാരേയും ഗ്രാമസഭാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

7. എല്ലാ സാമൂഹിക-സാമ്പത്തിക ജനവിഭാഗങ്ങളിലും ഉൾപ്പെട്ടവരെ ഗ്രാമ സഭകളിൽ പങ്കെടുപ്പിക്കുന്നതിന് പ്രത്യേക പരിശ്രമം നടത്തുക.

8. മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും സംഘാടനത്തിനും മതിയായ സമയം ലഭിക്കും വിധം മുൻകൂട്ടി തീയതികൾ തീരുമാനിക്കുക.

9. പദ്ധതി ആസൂത്രണത്തിൽ, ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ, മറ്റ് പൊതുഭരണ കാര്യങ്ങളിൽ ഗ്രാമസഭയുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും സംക്ഷിപ്ത രൂപത്തിൽ വ്യക്തമാക്കുന്ന ക്ഷണക്കത്ത്/ നോട്ടീസ് അച്ചടിച്ച് മുൻകൂട്ടി എല്ലാ വീടുകളിലും എത്തിക്കുക.

10. അയൽക്കൂട്ടം പ്രവർത്തകർ, വനിതാ സ്വയം സഹായ സംഘാംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, എസ് സി / എസ് ടി പ്രമോട്ടർമാർ, എൻ എസ് എസ്, എൻ സി സി, എസ് പി സി പ്രവർത്തകർ മുതലായവരെ ഗ്രാമസഭയുടെ അറിയിപ്പ് നൽകുന്നതിനും പ്രചരണത്തിനുമുള്ള ചുമതല ഏൽപ്പിക്കുക. ഇക്കാര്യത്തിനായി സ്ക്വാഡ് രൂപീകരിച്ച് ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുക.

11 ഗ്രാമസഭാ യോഗങ്ങൾ സംബന്ധിച്ച നോട്ടീസ് ബോർഡ് പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക.

12. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സാമൂഹിക - സന്നദ്ധ - ബഹുജന സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം മുൻകൂട്ടി വിളിച്ച്, ഗ്രാമസഭയിലെ പങ്കാളിത്തം വർദ്ധിപ്പിക്കൽ, അജണ്ട എന്നിവ സംബന്ധിച്ച് ചർച്ച ചെയ്ത് ധാരണയുണ്ടാക്കുക.

13. പ്രദേശത്തെ സ്കൂളുകൾ, അങ്കണവാടികൾ എന്നിവയിലൂടെ ഗ്രാമസഭകൾ സംബന്ധിച്ച അറിയിപ്പ് നൽകുക.

14. സർക്കാരിതര സംഘടനകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവയുടെ സേവനം ഗ്രാമസഭയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തുക.

15. സ്വയാർജ്ജിത വൈദഗ്ധ്യം കൊണ്ട് സഭ സമ്പുഷ്ടമാക്കാൻ കഴിയുന്ന വ്യക്തികളെ നേരിൽ കണ്ട് ക്ഷണിച്ച് ഗ്രാമസഭയിൽ പങ്കെടുപ്പിക്കുക.

16. ഗ്രാമസഭായോഗങ്ങൾ ആ പ്രദേശത്തെ സാമൂഹിക സംഘടനകളുടെ പങ്കാളിത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ സംഘടിപ്പിക്കുക.

## പഠന പുരോഗതി സ്വയം വിലയിരുത്തൽ- ഒന്ന്

**I. ശരിയോ തെറ്റോ എന്ന് എഴുതുക**
**ഒരു മാർക്ക് വീതം**

1) ഭരണഘടന പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യഘടകമാണ് വാർഡ്കമ്മിറ്റി.

2) അശോക് മേത്ത കമ്മിറ്റിയാണ് വർഷത്തിൽ രണ്ടു തവണയെങ്കിലും ഗ്രാമസഭകൾ വിളിച്ചു ചേർക്കണമെന്ന് പറഞ്ഞത്.

3) ഗ്രാമസഭ അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിലെ മുൻഗണനാക്രമം ഗ്രാമപഞ്ചായത്തിന് മാറ്റം വരുത്താൻ പാടില്ല.

4) ഗ്രാമസഭാ യോഗത്തിൽ ഹാജരായ ഏതൊരാൾക്കും ഗ്രാമസഭ മിനുട്സിൽ ഒപ്പു വയ്ക്കാൻ അവകാശമുണ്ട്.

**II. ശരിയുത്തരം തെരഞ്ഞെടുക്കുക**
**ഒരു മാർക്ക് വീതം**

1) ഗ്രാമസഭയുടെ കോറം സമ്മതിദായകരുടെ

(a) പകുതി (b) 50 പേർ (c) 10 ശതമാനം (d)20 ശതമാനം

2) ഗ്രാമസഭാരേഖകൾ സൂക്ഷിക്കേണ്ട ചുമതല ആർക്ക്?

(a)വാർഡ് മെമ്പർക്ക് (b) ഗ്രാമസഭ കോ-ഓർഡിനേറ്റർക്ക്

(c) സെക്രട്ടറിക്ക് (d) റിസോഴ്സ് പേഴ്സണ്

3) ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റി രൂപീകരിക്കണം എന്ന് പറഞ്ഞിട്ടുള്ളത്?

(a) 243 (b) 243 എസ് (c) 243 എ (d) 243 ബി

4) ഗ്രാമസഭ കോ-ഓർഡിനേറ്റർ ആരാണ്?

(a) വാർഡ് മെമ്പർ (b)സെക്രട്ടറി (c) റിസോഴ്സ് പേഴ്സൺ
(d) ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ

**III. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

1) പഞ്ചായത്ത് പ്രദേശത്തിലുൾപ്പെട്ട സമ്മതിദാനാവകാശ പട്ടികയിൽ പേർ രജിസ്റ്റർ ചെയ്യപ്പെട്ടുള്ള ആളുകൾ ഉൾപ്പെട്ട സമിതിയാണ് ഗ്രാമസഭ എന്ന് ഭരണഘടനയുടെ അനുച്ഛേദം-----------ൽപറയുന്നു.

2) ഗ്രാമസഭയുടെ കൺവീനർ --------------------------ആണ്.

3) ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുള്ളത് പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ്-------------ൽ ആണ്.

4) കുറഞ്ഞപക്ഷം-----------മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭവിളിച്ച ചേർക്കണം

**IV. ഒന്നോരണ്ടോ വാചകത്തിൽ ഉത്തരം എഴുതുക**
**2 മാർക്ക് വീതം**

1) ഭരണഘടനയുടെ അനുച്ഛേദം 243 അനുസരിച്ച് ഗ്രാമസഭ എന്നാൽ എന്ത്?

2) ഗ്രാമസഭ യോഗത്തിനുശേഷം എന്തെല്ലാം രേഖകൾ ഗ്രാമസഭാ കോ-ഓർഡിനേറ്റർ സെക്രട്ടറിയെ ഏൽപ്പിക്കണം?

3) എന്താണ് ഗ്രാമസഭയുടെ പ്രത്യേക യോഗം?

**V. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**5 മാർക്ക് വീതം**

1) ഗ്രാമസഭയുടെ അധികാരങ്ങളിൽ പ്രധാനപ്പെട്ട ഏഴ് എണ്ണം എഴുതുക

2) ഗ്രാമസഭ യോഗ തീയതി തീരുമാനിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

3) ഗ്രാമസഭ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ എഴുതുക

### 4.8 മുനിസിപ്പാലിറ്റികളും വാർഡ് സഭകളും

#### i) വാർഡ്സഭ എന്നാൽ

ഗ്രാമസഭകൾക്ക് തുല്യമായ രീതിയിൽ നഗരസഭകളിൽ നിലനിൽക്കുന്ന സംവിധാനമാണ് വാർഡ്സഭ. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 42 എ അനുസരിച്ച്, ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പാലിറ്റിയിൽ ഓരോ വാർഡിലും ആ വാർഡിലെ വോട്ടർപട്ടികയിൽ പേരു ചേർത്തിട്ടുള്ള എല്ലാ ആളുകളും ഉൾപ്പെടുന്ന സഭയാണ് വാർഡ് സഭ.വാർഡ് സഭയുടെ കൺവീനർ വാർഡ് കൗൺസിലറാണ്.

### ii) യോഗങ്ങൾ

വാർഡ് സഭ, കുറഞ്ഞപക്ഷം മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. യോഗത്തിൽ ചെയർപേഴ്സൺ, അദ്ദേഹത്തിന്റെ അഭാവത്തിൽ ഡപ്യൂട്ടി ചെയർപേഴ്സൺ/ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, അവരുടെ അസാന്നിദ്ധ്യത്തിൽ കൺവീനർ ആണ് ആദ്ധ്യക്ഷ്യം വഹിക്കേണ്ടത്.

### iii) വാർഡ് സഭയുടെ കോറം

ഒരു വാർഡ് സഭയുടെ കോറം ആകെ അംഗങ്ങളുടെ (ആകെ വോട്ടർമാരുടെ) 10 ശതമാനമാണ്. എന്നാൽ കോറം തികയാതെ മാറ്റി വച്ച് വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ കോറം 50 ആയിരിക്കുന്നതാണ്.

### iv) വാർഡ് സഭയിൽ പങ്കെടുക്കേണ്ടവർ

വാർഡിലെ വോട്ടർമാരെ കൂടാതെ ചെയർപേഴ്സൺ ആവശ്യപ്പെടുന്നതനുസരിച്ച് മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും വാർഡ് സഭായോഗത്തിൽ പങ്കെടുക്കണം. കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന വാർഡ്സഭാ കോ-ഓർഡിനേറ്റർ വാർഡ് സഭ സംഘടിപ്പിക്കുന്നതിൽ, നടത്തിപ്പിൽ, മിനുട്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിൽ, തുടർ നടപടികൾ എടുക്കുന്നതിൽ എല്ലാം കൺവീനറെ സഹായിക്കണം.

### v) വാർഡ് സഭാ സബ് കമ്മിറ്റി

വാർഡ് സഭയുടെ ഏതെങ്കിലും പദ്ധതിയോ, നയമോ, തീരുമാനമോ, പൊതുവായോ, പ്രത്യേകമായോ, നടപ്പാക്കുന്നതിന് സഹായിക്കുന്നതിനും വാർഡ് സഭയുടെ അവകാശങ്ങളും ചുമതലകളും അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കും വാർഡ് സഭയ്ക്ക് പത്തിൽ കുറയാതെ അംഗങ്ങളുള്ള സബ് കമ്മിറ്റി രൂപീകരിക്കാം.

## 4.9 വലിയ നഗരസഭകളിൽ വാർഡ് കമ്മിറ്റി

### i) വാർഡ് കമ്മിറ്റി എവിടെയെല്ലാം ?

വകുപ്പ് 42 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റിയിൽ ആണ് വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടത്. കൗൺസിൽ രൂപീകരിച്ച് മൂന്നു മാസത്തിനകം ഓരോ വാർഡിലും മുനിസിപ്പാലിറ്റി ആക്ട് 43 വകുപ്പ് പ്രകാരമുള്ള വാർഡ് കമ്മിറ്റി ചെയർപേഴ്സൺ രൂപീകരിക്കണം.

### ii) വാർഡ് കമ്മിറ്റിയുടെ ഘടന

1. വാർഡ് കൗൺസിലറാണ് വാർഡ് കമ്മിറ്റിയുടെ ചെയർമാൻ. കൂടാതെ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആ വാർഡിലെ റെസിഡന്റ്സ് അസോസിയേഷനുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന 15 പേർ, ഓരോ രാഷ്ട്രീയ കക്ഷിയും നിർദ്ദേശിക്കുന്ന ഒരാൾ, വീതം. വാർഡിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേധാവികൾ, അയൽക്കൂട്ടങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 20

പേർ, ചെയർപേഴ്സണും വാർഡ് കൗൺസിലറും കൂട്ടായി നാമനിർദ്ദേശം ചെയ്യുന്ന 20 പേർ, സാംസ്കാരിക സംഘടനകളെയും സന്നദ്ധ സംഘടനകളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പ്രതിനിധീകരിക്കുന്ന 10 പേർ, തൊഴിൽപരമായി വൈദഗ്ദ്ധ്യമുള്ളവരെ പ്രതിനിധീകരിച്ച് അഞ്ച് പേർ, രജിസ്റ്റേഡ് ട്രേഡ് യൂണിയനുകളിൽ പെട്ട അഞ്ച് പേർ എന്നിവരും വാർഡ് കമ്മിറ്റിയിൽ ഉൾപ്പെടുന്നു.

### iii) യോഗങ്ങളുടെ കാലയളവ്

വാർഡ് കമ്മിറ്റിയുടെ യോഗം വാർഡ് കമ്മിറ്റി ചെയർമാനായ കൗൺസിലർ മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും വിളിച്ചുകൂട്ടണം. എന്നാൽ ആവശ്യാനുസരണം, എപ്പോൾ വേണമെങ്കിലും വാർഡ് കമ്മിറ്റി വിളിച്ച് കൂട്ടാവുന്നതാണ്.

### iv) യോഗ നോട്ടീസ്

വാർഡ് കമ്മിറ്റിയുടെ നോട്ടീസ് യോഗ തിയ്യതിക്ക് ഏഴു ദിവസം മുമ്പായി അംഗങ്ങൾക്ക് നൽകണം, പകർപ്പ് നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും വേണം. നോട്ടീസിൽ സ്ഥലം, തീയതി, സമയം, അജണ്ട എന്നിവ രേഖപ്പെടുത്തുകയും വേണം.

### v) കോറം

വാർഡ് കമ്മിറ്റിയുടെ കോറം അതിന്റെ അംഗസംഖ്യയുടെ അഞ്ചിലൊന്ന് ആയിരിക്കുന്നതാണ്. യോഗത്തിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞ് 30 മിനുട്ടിനുള്ളിൽ കോറം തികയുന്നില്ലെങ്കിൽ അദ്ധ്യക്ഷൻ യോഗം മറ്റൊരു ദിവസത്തേക്ക് മാറ്റി വെക്കണം. കോറം തികയാത്തതുകൊണ്ട് മാറ്റിവെക്കുന്ന യോഗം 15 ദിവസത്തിനകം വീണ്ടും കൂടണം.

### vi) ഹാജർ രജിസ്റ്റർ

വാർഡ് കമ്മിറ്റിയിലുള്ള അംഗങ്ങളുടെ പേര് വിവരങ്ങളടങ്ങിയ രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ഹാജരാകുന്ന അംഗങ്ങൾ അതിൽ ഹാജർ രേഖപ്പെടുത്തേണ്ടതുമാണ്.

### vii) അധ്യക്ഷൻ

വാർഡ് കൗൺസിലർ കൂടിയായ വാർഡ് കമ്മിറ്റിയുടെ ചെയർമാനാണ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടത്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഹാജരുള്ള അംഗങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുത്ത ഒരു വ്യക്തിക്ക് അധ്യക്ഷത വഹിക്കാവുന്നതാണ്.

### viii) വാർഡ് കമ്മിറ്റിയുടെ / വാർഡ് സഭയുടെ അവകാശങ്ങൾ

മുനിസിപ്പാലിറ്റി നിയമം വകുപ്പ് 46 (2) അനുസരിച്ച് ഇനി പറയുന്ന അവകാശങ്ങൾ ഉണ്ട്.

1. അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭിക്കുക.
2. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ കണക്കുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുക.
3. കൗൺസിൽ തീരുമാനങ്ങൾ യുക്തിപൂർവ്വം ആണോ എന്നറിയാൻ അന്വേഷണം നടത്തുക.
4. വാർഡ്സഭ/കമ്മിറ്റി തീരുമാനത്തിൻമേൽ എടുത്ത തുടർ നടപടികളെപ്പറ്റിയും, തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളെപ്പറ്റിയും വിശദീകരണങ്ങൾ അറിയുക.
5. വാർഡിലെ നഗരാസൂത്രണ പദ്ധതികൾ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുക.

വാർഡ് കമ്മിറ്റിയുടെയും വാർഡ് സഭയുടെയും ചുമതലകൾ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് 45 ലും അവയുടെ കർത്തവ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് 46(1) ലും നൽകിയിട്ടുണ്ട്.

### 4.10 പ്രത്യേക ഗ്രാമസഭകൾ /വാർഡ് സഭകൾ

പൊതുഗ്രാമസഭകളിൽ /വാർഡ് സഭകളിൽ നടക്കുന്ന ചർച്ചകളിലോ അവിടെ പരിഗണിക്കുന്ന വിഷയങ്ങളിലോ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വേണ്ടത്ര പരിഗണന പലപ്പോഴും ലഭിക്കാറില്ല. അതുകൊണ്ടുതന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ചർച്ചചെയ്യുന്നതിനുമായി ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങൾ ചേരേണ്ടതിന്റെ ആവശ്യകത പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗരേഖ (ജി.ഒ. (എം.എസ്.) 362/2013/ തസ്വഭവ. തീയ്യതി: 26.11.2013) യിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. ഇനി പറയുന്ന ഓരോ വിഭാഗത്തിനുവേണ്ടിയും പ്രത്യേക ഗ്രാമസഭാ/ വാർഡ് സഭാ യോഗങ്ങൾ പദ്ധതി ആസൂത്രണ ഗ്രാമസഭകളോടനുബന്ധിച്ച്/വാർഡ്സഭകളോടനുബന്ധിച്ച് ചേരേണ്ടതാണ്.

### 1) കുട്ടികളുടെ പ്രത്യേക ഗ്രാമസഭ/ വാർഡ് സഭ

a) കുട്ടികളെ പ്രാദേശിക ഭരണ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും അവർക്കായുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനുമുള്ള പൊതുവേദിയായി കുട്ടികളുടെ പ്രത്യേക ഗ്രാമസഭ/ വാർഡ് സഭയെ ഉപയോഗപ്പെടുത്തണം.

b) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലുമുള്ള 10നും 18നും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികളും ഇത്തരം ഗ്രാമസഭ/ വാർഡ് സഭകളിൽ അംഗങ്ങളായിരിക്കും.

c) ഇത്തരം ഗ്രാമസഭ/ വാർഡ് സഭകളുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾ അർഹമായ പരിഗണന നൽകേണ്ടതാണ്.

**2. യുവജനങ്ങളുടെ പ്രത്യേക ഗ്രാമസഭ/ വാർഡ് സഭ**

a) പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും യുവജന ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഇവരുടെ കൂട്ടായ്മകൾ വളർത്തിയെടുക്കുന്നതിനും യുവജനങ്ങളുടെ പ്രത്യേക ഗ്രാമ/ വാർഡ് സഭാ യോഗങ്ങൾ ലക്ഷ്യമിടുന്നു.

b) 18നും35നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി വാർഡ് തലത്തിലാണ് യുവജന ഗ്രാമസഭ/ വാർഡ് സഭ ചേരേണ്ടത്.

**3. സ്ത്രീകളുടെ പ്രത്യേക ഗ്രാമസഭ/വാർഡ് സഭ**

a) ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകളെ ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനും സ്ത്രീകൾ നേരിടുന്ന വിവിധ വികസന സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനും സ്ത്രീകൾക്ക് മാത്രമായി ഗ്രാമസഭകൾ/ വാർഡ് സഭകൾ ചേരേണ്ടതാണ്.

b) ഓരോ വാർഡിലും 18ന് മേൽ പ്രായമുള്ള സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ടാണ് ഇത്തരം ഗ്രാമസഭ/ വാർഡ്സഭ നടത്തേണ്ടത്.

**4. മുതിർന്ന പൗരന്മാരുടെ പ്രത്യേക ഗ്രാമസഭ/ വാർഡ്സഭ**

മുതിർന്ന പൗരന്മാർക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനും വികസന പ്രക്രിയയിൽ അവരുടെ പ്രവർത്തന പരിചയവും അനുഭവ സമ്പത്തും ഫലപ്രദമായി വിനിയോഗിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രത്യേക ഗ്രാമസഭ/ വാർഡ് സഭകൾ ചേരുന്നത്.

**5. ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭ/ വാർഡ് സഭ**

a) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പൊതുധാരയിലെത്തിക്കുന്നതിനും അവരുടെ അവകാശ സംരക്ഷണത്തിനും വികസനത്തിനും ഊന്നൽ നൽകേണ്ടതുണ്ട്. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പദ്ധതികൾക്ക് രൂപംകൊടുക്കുമ്പോൾ അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേക സഭകൾ വിളിച്ചുചേർക്കണം.

b) ഭിന്നശേഷിയുള്ളവർക്ക് വാർഡ് സഭകളിൽ അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനോ, അനുകൂല തീരുമാനങ്ങൾ എടുപ്പിക്കുന്നതിനോ ചില പരിമിതികളുണ്ട്. അവരുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പ്രകടിപ്പിക്കുന്നതിനും ഭരണ രംഗത്ത് ഈ വിഭാഗത്തിന്റെ ഇടപെടൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും അവർക്ക് വേണ്ടിയുള്ള പ്രത്യേക ഗ്രാമസഭകൾ ആവശ്യമാണ്.

**4.11 പ്രത്യേക ഗ്രാമസഭ /വാർഡ് സഭകളുടെ സംഘാടനം**

1. പ്രത്യേക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഗ്രാമസഭകളുടെ /വാർഡ് സഭകളുടെ

കൺവീനർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട വാർഡിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധിയായിരിക്കും.

2. പ്രത്യേക ഗ്രാമസഭ / വാർഡ് സഭ യോഗത്തിന്റെ അദ്ധ്യക്ഷൻ പഞ്ചായത്തിന്റെ/ നഗരസഭയുടെ അദ്ധ്യക്ഷനായിരിക്കും.

3. പ്രത്യേക ഗ്രാമസഭ/ വാർഡ്സഭ യോഗം വിളിച്ചു ചേർക്കേണ്ടത് കൺവീനറായ വാർഡ് മെമ്പർ/വാർഡ് കൗൺസിലർ ആണ്. എന്നാൽ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭ അല്ലെങ്കിൽ വാർഡ്സഭ ഗ്രാമപഞ്ചായത്ത്/ നഗരസഭാ തലത്തിലാണ് വിളിച്ചു ചേർക്കേണ്ടത്. അത് വിളിച്ചു ചേർക്കേണ്ട ചുമതല ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സനാണ്.

4. തദ്ദേശ ഭരണ സ്ഥാപനം തീരുമാനിക്കുന്ന ഉദ്യോഗസ്ഥൻ പ്രത്യേക ഗ്രാമസഭകളുടെ / വാർഡ് സഭകളുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കേണ്ടതാണ്.

5. യോഗ നടപടിക്രമങ്ങൾ, തുടർ നടപടികൾ എന്നിവ ഗ്രാമസഭ/ വാർഡ് സഭാ യോഗത്തിന്റേത് തന്നെയായിരിക്കും.

### 4.12 ഊരുകൂട്ടങ്ങൾ

i) പട്ടികവർഗ വിഭാഗത്തിന്റെ പ്രത്യേക ജീവിത രീതികളും സാമൂഹിക ഘടനയും കാരണം അവർക്ക് വേണ്ട വികസന ക്ഷേമ പ്രവർത്തനങ്ങൾ അവർ തന്നെ ചർച്ച നടത്തി അവർ തന്നെ തീരുമാനിച്ച് നടപ്പാക്കണം. അതിനുള്ള വേദികളാണ് ഊരുകൂട്ടങ്ങൾ.

ii) പട്ടികവർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിനു മുമ്പായി പട്ടികവർഗ ഊരുകളിൽ ഗ്രാമസഭ യോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അധ്യക്ഷതയിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ മാർഗരേഖയിൽ (29-01-2018 ലെ 11/2018/തസ്വഭവ നമ്പർ ഉത്തരവ്) ഖണ്ഡിക 3.2.2(1) ൽ പറഞ്ഞിരിക്കുന്ന (പട്ടികവർഗ കുടുംബങ്ങൾ അടുത്തടുത്ത് താമസിക്കുന്ന പ്രദേശമാണ് ഊരുകൾ. ഒരു ഊരിലെ വോട്ടർ പട്ടികയിൽ പേരുള്ള മുഴുവൻ പേരും അടങ്ങുന്നതാണ് ഊരുകൂട്ടം. ഓരോ ഊരിനും ഒരു ഊരുമൂപ്പൻ ഉണ്ടായിരിക്കും.)

iii) അജണ്ട തയ്യാറാക്കുന്നതിനും യോഗം സംഘടിപ്പിക്കുന്നതിനും വേണ്ടി ഊരുമൂപ്പൻ, ഊരിലെ രണ്ടു പ്രതിനിധികൾ, ട്രൈബൽ പ്രൊമോട്ടർമാർ, പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പിലെ ഒരു പട്ടികവർഗ പ്രതിനിധി, പട്ടികവർഗ അയൽക്കൂട്ട പ്രതിനിധി, രജിസ്റ്റർ ചെയ്ത പട്ടികവർഗ സന്നദ്ധ സംഘടനകളുടെ രണ്ട് പ്രതിനിധികൾ എന്നിവരടങ്ങുന്ന 9 മുതൽ 11 വരെ അംഗങ്ങൾ അടങ്ങുന്ന ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

iv) മേൽപ്പറഞ്ഞ ഗ്രൂപ്പ് അംഗങ്ങൾ ഊരുകൂട്ട യോഗങ്ങൾ നടത്തുന്നതിനുള്ള സ്ഥലവും അനുയോജ്യമായ സമയവും നിശ്ചയിക്കേണ്ടതാണ്.

v) ഊരുകൂട്ട യോഗത്തിൽ പങ്കെടുപ്പിക്കേണ്ട ഊരിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകളുടെയും ലിസ്റ്റ് തയ്യാറാക്കി അവരെ യോഗത്തിൽ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കണം. (മുഴുവൻ അംഗങ്ങളുടെയും വീട്ടിലെത്തി യോഗ നോട്ടീസ് നൽകണം. അതുപോലെ തന്നെ ഊരിലെ പൊതുവായ സ്ഥലങ്ങളിൽ യോഗ നോട്ടീസ് പ്രദർശിപ്പിക്കണം.)

vi) ഊരുകളിൽ അറിയിപ്പ് എത്തിക്കുമ്പോൾ പ്രത്യേക ഊരുകൂട്ടം വിളിക്കുന്നതിനുള്ള കാരണവും അവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളുടെ വിശദാംശങ്ങളും മറ്റും അവരെ മുൻകൂട്ടി ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

vii) ഊരുകൂട്ട യോഗ നോട്ടീസിലെ കാര്യപരിപാടി അനുസരിച്ച് ഊരുകൂട്ട യോഗങ്ങൾ കൃത്യസമയത്ത് ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ നടത്തേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരിൽ അമ്പത് ശതമാനത്തിലധികം യോഗത്തിൽ പങ്കെടുക്കണം.

viii) ഊരുകൂട്ട യോഗത്തിന്റെ മിനുട്സ് ട്രൈബൽ പ്രൊമോട്ടർ തയ്യാറാക്കണം. അതുപോലെ തന്നെ യോഗത്തിൽ നടക്കുന്ന ഗ്രൂപ്പുതല ചർച്ചകളിലെ പ്രസക്തമായ കാര്യങ്ങൾ ഊരുകൂട്ട നടത്തിപ്പിനായി ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ രേഖപ്പെടുത്തണം.

ix) ഊരുകൂട്ട യോഗങ്ങളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ/ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

### 4.13 മത്സ്യസഭ

പ്രത്യക്ഷ ജനാധിപത്യം ഉറപ്പുവരുത്തുന്ന ഗ്രാമസഭകളിൽ/വാർഡ് സഭകളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം വിവിധ കാരണങ്ങളാൽ സജീവമല്ല. ഇത് പരിഹരിക്കാൻ ഗ്രാമസഭകൾക്ക് മുന്നോടിയായി മത്സ്യസഭകൾ സംഘടിപ്പിക്കണം. അതുവഴി ലഭ്യമായ വിഭവങ്ങളുടെയും ഫണ്ടിന്റേയും സംവിധാനങ്ങളുടെയും വിനിയോഗം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഓരോ തീരദേശ വാർഡിലും ഒരു മത്സ്യസഭ എന്ന രീതിയിലാണ് രൂപീകരിക്കേണ്ടത്.

പരമ്പരാഗത മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന അംഗങ്ങൾ (അതായത്, കർമ്മോന്മുഖ/അനുബന്ധ മത്സ്യത്തൊഴിലാളികൾ) ഉള്ള കുടുംബങ്ങൾക്ക് മാത്രമാണ് അംഗത്വ യോഗ്യതയുള്ളത്. കുടുംബത്തിലെ ഒരംഗമെങ്കിലും കർമ്മോന്മുഖ/ അനുബന്ധ മത്സ്യത്തൊഴിലാളി ആയിരിക്കണം. അങ്ങനെയുള്ള കുടുംബങ്ങളിലെ ഓരോ വാർഡിലേയും വോട്ടർപട്ടികയിൽ പേരുള്ള കുടുംബാംഗങ്ങൾക്ക് മത്സ്യസഭയിൽ പങ്കെടുക്കുവാനുള്ള യോഗ്യതയുണ്ട്.

## മത്സ്യസഭായോഗങ്ങൾ

a) ഗ്രാമസഭ/ വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പായിട്ടാണ് മത്സ്യസഭാ യോഗം സംഘടിപ്പിക്കേണ്ടത്. മത്സ്യസഭയിൽ ഉരുത്തിരിയുന്ന കാര്യങ്ങൾക്ക് ഗ്രാമസഭയിൽ/ വാർഡ് സഭയിൽ അർഹമായ പരിഗണന ലഭിക്കുന്നുണ്ടെന്ന് ചെയർപേഴ്സൺ/ കൺവീനർ ഉറപ്പുവരുത്തേണ്ടതാണ്.

b) ജനാധിപത്യ പങ്കാളിത്ത രീതിയിലായിരിക്കണം മത്സ്യസഭയുടെ പ്രവർത്തനം. മത്സ്യത്തൊഴിലാളികളുടെ പരമാവധി പ്രാതിനിധ്യം യോഗത്തിൽ കൺവീനർ ഉറപ്പുവരുത്തണം. മത്സ്യഭവൻ ഉദ്യോഗസ്ഥരുടെ സജീവ പങ്കാളിത്തവും ഉണ്ടായിരിക്കണം.

c) മത്സ്യസഭ യോഗ നോട്ടീസ് (കാര്യപരിപാടി സഹിതം) അഞ്ചു ദിവസം മുമ്പായി നൽകേണ്ടതാണ്.

d) മത്സ്യതൊഴിലാളികൾക്ക് സൗകര്യപ്രദമായ സമയത്തായിരിക്കണം മത്സ്യ സഭാ യോഗം സംഘടിപ്പിക്കേണ്ടത്. പ്രാദേശിക പ്രത്യേകതകളും മത്സ്യ ബന്ധന സീസണും പരിഗണിച്ചായിരിക്കണം യോഗം സംഘടിപ്പിക്കേണ്ടത്.

c) അടിയന്തിര സാഹചര്യങ്ങളിൽ (പ്രകൃതിക്ഷോഭം/ ക്രമസമാധാന തകർച്ച മുതലായവ) അടിയന്തിര യോഗം ചെയർപേഴ്സൺ വിളിക്കേണ്ടതാണ്.

f) ഒരു മത്സ്യസഭയിലെ ആകെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ 51 ശതമാനം കുടുംബങ്ങളാണ് മത്സ്യസഭാ യോഗത്തിന്റെ കോറം.

g) ഫലപ്രദമായ ആസൂത്രണ പ്രവർത്തനങ്ങളുടെ സംയോജനത്തിന് മത്സ്യ മേഖലയിലെ സർക്കാർ ഉദ്യോഗസ്ഥരുടെ (മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്) പ്രാതിനിധ്യം മത്സ്യസഭയിൽ ഉറപ്പുവരുത്തേണ്ടതാണ്.

h) മത്സ്യത്തൊഴിലാളികളുടെ എണ്ണം ഗണ്യമായി കൂടുതലുള്ള മത്സ്യസഭകളുടെ യോഗത്തിൽ ചെറു ഗ്രൂപ്പുകളായി ചർച്ച ചെയ്യുവാനുള്ള സംവിധാനം ഒരുക്കണം.

i) മത്സ്യഭവൻ പരിസരത്തോ തീരപ്രദേശത്ത് സൗകര്യമുള്ള പൊതു സ്ഥാപനത്തിലോ/പൊതുസ്ഥലങ്ങളിലോ മത്സ്യസഭായോഗം കൂടാവുന്നതാണ്. പങ്കാളിത്തം എന്നത് ഹാജർ പുസ്തകത്തിലെ ഒപ്പിനും ഉപരിയായി തീരുമാനങ്ങളിൽ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രകടിപ്പിക്കാനുള്ള അവസരം, അവരുടെ അഭിപ്രായനിർദ്ദേശങ്ങൾക്ക് ലഭിക്കുന്ന പരിഗണന തുടങ്ങിയവയെ അടിസ്ഥാനമാക്കി വിലയിരുത്തപ്പെടേണ്ടതാണ്.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ - രണ്ട്

**I. ശരിയായ ഉത്തരങ്ങൾ തിരഞ്ഞെടുത്ത് എഴുതുക**
**ഒരു മാർക്ക് വീതം**

1) വാർഡ് കമ്മിറ്റിയുടെ കോറം അംഗങ്ങളുടെ
(a) 10 ശതമാനം (b) മൂന്നിലൊന്ന് (c) 50 പേർ (d) അഞ്ചിലൊന്ന്

2) പ്രത്യേക വാർഡ് സഭ /ഗ്രാമസഭാ യോഗാധ്യക്ഷൻ
(a) നഗരസഭയുടെ/ഗ്രാമപഞ്ചായത്തിന്റെ അധ്യക്ഷൻ (b) വാർഡ് കൗൺസിലർ/മെമ്പർ (c) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (d) സെക്രട്ടറി

3) വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടത്
(a) ചെയർപേഴ്സൺ (b) സെക്രട്ടറി
(c) വാർഡ് കൗൺസിലർ (d) സംസ്ഥാന സർക്കാർ

4) വാർഡ് സഭ സബ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം
(a)20 (b) 10 ൽ താഴെ (c) 10 ൽ കുറയരുത് (d) 10

**II. ശരിയോ തെറ്റോ എന്ന് എഴുതുക**
**ഒരു മാർക്ക് വീതം**

1) ജനസംഖ്യ ഒരു ലക്ഷത്തിൽ കുറവുള്ള മുൻസിപ്പാലിറ്റിയിൽ വാർഡ് കമ്മിറ്റി രൂപീകരിക്കണം.

2) വാർഡ് കമ്മിറ്റിയുടെ ചെയർമാൻ വാർഡ് കൗൺസിലർ ആണ്.

3) പ്രത്യേക വിഭാഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന ഗ്രാമസഭയുടെ കൺവീനർ ആ പ്രത്യേക വിഭാഗത്തിൽപ്പെട്ട ഒരാളായിരിക്കണം.

4) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭ വാർഡ്തലത്തിൽ നിർബന്ധമായും ചേരണം

**III. ചേരുംപടി ചേർക്കുക**
**1 മാർക്ക് വീതം**

| | | |
|---|---|---|
| a | വാർഡ് കമ്മിറ്റിയുടെ കർത്തവ്യങ്ങൾ | മുൻസിപ്പാലിറ്റി നിയമം 42 എ |
| b | വാർഡ് സഭയുടെ അവകാശങ്ങൾ | മുൻസിപ്പാലിറ്റി നിയമം 46 (1) |
| c | വാർഡ് സഭ | ഭരണഘടന അനുച്ഛേദം 243 എസ് |
| d | വാർഡ് കമ്മിറ്റി | മുൻസിപ്പാലിറ്റി നിയമം 46 (2) |

**IV. ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക**
**2 മാർക്ക് വീതം**

1) വാർഡ്സഭ എന്നാൽ എന്ത്?

2) ഒരു മുനിസിപ്പൽ കൗൺസിലർക്ക് എപ്പോഴാണ് വാർഡ് സഭായോഗത്തിൽ അധ്യക്ഷത വഹിക്കാൻ കഴിയുക?

3) പ്രത്യേക ഗ്രാമസഭകൾ അനിവാര്യമാകുന്നത് എന്തുകൊണ്ട്?

**V. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**
**5 മാർക്ക് വീതം**

1) വാർഡ് കമ്മിറ്റിയുടെ ഘടന വിശദീകരിക്കുക

2) വാർഡ് കമ്മിറ്റിയുടെ/ വാർഡ് സഭയുടെ അവകാശങ്ങൾ

3) പ്രത്യേക ഗ്രാമസഭകളുടെ സംഘാടനം വിശദീകരിക്കുക

### 4.14 സേവാഗ്രാം ഗ്രാമ കേന്ദ്രം/വാർഡ് കേന്ദ്രം

പ്രാദേശിക ഭരണ സംവിധാനത്തിന്റെ അടിസ്ഥാന യൂണിറ്റ് വാർഡുകളാണ്. പ്രാദേശിക ഭരണം വാർഡ് തലങ്ങളിലേക്ക് എത്തിക്കുന്നതിന് ഗ്രാമസഭകൾക്ക്/ വാർഡ് സഭകൾക്ക് ആസ്ഥാനം ആവശ്യമാണ്. ഈ ഉദ്ദേശത്തോടെയാണ് പന്ത്രണ്ടാംപദ്ധതിയുടെ ആസൂത്രണ മാർഗരേഖയിൽ ഓരോ വാർഡിലും ഗ്രാമസഭ/വാർഡ് സഭാ കേന്ദ്രങ്ങളായി സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളും വാർഡ് കേന്ദ്രങ്ങളും സ്ഥാപിക്കണമെന്ന് നിർദേശിക്കപ്പെട്ടത്.

ഗ്രാമസഭ/ വാർഡ് സഭ ആസ്ഥാനങ്ങളായി പ്രവർത്തിക്കുന്നതോടൊപ്പം ഇവ, വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന വിവിധ ഔദ്യോഗിക സമിതികളുടെ ആസ്ഥാനം കൂടിയായിരിക്കണമെന്ന് വിഭാവനം ചെയ്യുന്നു. വാർഡുതലത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സമിതികൾ നൽകുന്ന സേവനങ്ങൾക്ക് പുറമേ തദ്ദേശഭരണ സ്ഥാപന ഓഫീസിന്റെ വിവിധ സേവനങ്ങൾ വാർഡുകളിൽ ലഭ്യമാക്കുന്നതിനുള്ള എക്സ്റ്റെൻഷൻ സെന്ററായും വാർഡ് മെമ്പറുടെ/കൗൺസിലറുടെ ഓഫീസായും ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നാണ് വിവക്ഷിച്ചിട്ടുള്ളത്. ഫീൽഡ് പ്രവർത്തന ചുമതലക്കാരായ, തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥർ നിശ്ചിത ദിവസങ്ങളിൽ നിശ്ചിതസമയങ്ങളിൽ ഈ കേന്ദ്രങ്ങളിൽ ഹാജരാകുക എന്ന് കൂടി വരുന്നതോടെ പ്രാദേശിക ഭരണം വാർഡ് തലങ്ങളിലേക്ക് വികേന്ദ്രീകരിക്കപ്പെടും.

ഗ്രാമകേന്ദ്രം /വാർഡ് കേന്ദ്രം പ്രവർത്തിക്കാനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ നഗരസഭ ഒരുക്കുകയും വാർഡ് മെമ്പറുടെ/കൗൺസിലറുടെ നേതൃത്വത്തിൽ അത് പ്രവർത്തിപ്പിക്കുകയും ചെയ്യുക എന്നാണ് ഉദ്ദേശിക്കുന്നത്. വാർഡ് ജനപ്രതിനിധിക്ക് പുറമെ അദ്ദേഹം കണ്ടെത്തുന്ന അഞ്ചോ

ആറോ സന്നദ്ധപ്രവർത്തകരെ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമ കേന്ദ്രത്തിന്റെ/ വാർഡ് കേന്ദ്രത്തിന്റെ സേവനം കഴിയുന്നതും എല്ലാ ദിവസവും രണ്ടോ മൂന്നോ മണിക്കൂർ സമയം പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

പ്രളയദുരന്ത പ്രവർത്തന സമയത്തും കോവിഡ് ദുരിതാശ്വാസ -പ്രതിരോധ പ്രവർത്തനങ്ങളിലും സന്നദ്ധപ്രവർത്തകരുടെ വാർഡ് തല ഏകോപനത്തിന്റെ അനിവാര്യത ബോധ്യപ്പെട്ടതാണ്. സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും നടത്തുന്ന പ്രവർത്തനങ്ങളുടെ വാർഡ് തല ഏകോപന കേന്ദ്രങ്ങളായി സേവാഗ്രാമം ഗ്രാമകേന്ദ്രങ്ങൾ /വാർഡ് കേന്ദ്രങ്ങൾ മാറുന്നത് കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭിക്കാൻ സഹായകരമാകും. ഇതുസംബന്ധിച്ച വിശദമായ മാർഗരേഖ (25/06/2014ന് 112/2014/തസ്വഭവ നമ്പർ) ഉത്തരവായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

### 4.15 സ്ഥാപനതല ജനകീയ സമിതികൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനുവേണ്ടിയുള്ള സ്ഥാപനതല ജനകീയ സമിതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള ജനകീയ സമിതികളുടെ പ്രവർത്തനം വഴി ജനസൗഹൃദഭരണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. സ്ഥാപനതല ജനകീയ സമിതികൾ ഓരോ സ്ഥാപനത്തിലും കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ അവ ഓരോന്നും പ്രാദേശിക ഭരണത്തിന്റെ കാര്യക്ഷമതയുടെ പ്രകടമായ തെളിവുകളായിരിക്കും. സ്ഥാപനതല ജനകീയ സമിതികളിൽ പ്രധാനമായവ ഇനി പറയുന്നു.

**1) പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിങ് കമ്മിറ്റികൾ**

തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, ഹോമിയോപ്പതി തുടങ്ങി എല്ലാ വിഭാഗത്തിൽപെട്ട ആരോഗ്യസ്ഥാപനങ്ങളിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സണും ആരോഗ്യസ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയും ആയി മാനേജിങ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആരോഗ്യസ്ഥാപനത്തിന്റെ വികസനത്തിനും ആരോഗ്യസ്ഥാപനം നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ട എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതല.

**2) മാനേജിങ് കമ്മിറ്റികൾ മറ്റ് സ്ഥാപനങ്ങളിൽ**

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിങ് കമ്മിറ്റികൾ പോലെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും മാനേജിങ്ങ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പുറമേ സന്നദ്ധപ്രവർത്തകർ, വിദഗ്ധർ, ഗുണഭോക്താക്കൾ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ എന്നിവരെക്കൂടി ഇത്തരം കമ്മറ്റികളിൽ ഉൾപ്പെടുത്തുന്നത് ഈ സ്ഥാപനങ്ങളുടെ ജനകീയതലം വിപുലപ്പെടുത്താൻ സഹായകരമാകും.

**3) അങ്കണവാടി ലെവൽ മോണിറ്ററിങ് ആൻഡ് സപ്പോർട്ടിങ് കമ്മിറ്റി (ALMSC)**

**4) അധ്യാപക-രക്ഷാകർതൃസമിതികൾ, സ്കൂൾമാനേജ്മെന്റ് കമ്മിറ്റികൾ**

### 4.16 തദ്ദേശ ഭരണ സ്ഥാപനതല ജനകീയ സമിതികൾ

പ്രാദേശിക ഭരണം ജനപങ്കാളിത്ത പൂർണമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനതലത്തിലും വാർഡ് തലങ്ങളിലും ഒട്ടേറെ ജനകീയ സമിതികൾ (ഔദ്യോഗിക-അർദ്ധ ഔദ്യോഗിക സ്വഭാവത്തോടെ) പ്രവർത്തിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം ജനകീയ സമിതികളിലൂടെ ജനപ്രതിനിധികൾക്കു പുറമേ നിരവധിയാളുകൾ പ്രാദേശിക ഭരണത്തിൽ ഏറിയും കുറഞ്ഞും പങ്കാളികളാകുന്നുണ്ട്. ഭരണം സുതാര്യമാക്കുന്നതിനും ഭരണ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഈ പങ്കാളിത്തം സഹായകരമാകുന്നു. മിക്കവാറും സന്നദ്ധാടിസ്ഥനത്തിൽ പ്രവർത്തിക്കുന്ന ഇത്തരം ജനകീയ സമിതികളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതും പ്രാദേശിക ഭരണകാര്യക്ഷമതയ്ക്ക് അനിവാര്യമാണ്.

ഓരോ ജനകീയസമിതിയും പ്രത്യേക മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രവർത്തിക്കുന്നത്. അവയുടെ വിശദാംശങ്ങൾ ഇവിടെ പരാമർശിക്കുന്നില്ല. ഗ്രാമപഞ്ചായത്ത്/ നഗരസഭാതലത്തിൽ പ്രവർത്തിക്കുന്ന പ്രധാന ജനകീയ സമിതികളുടെ പേരുകൾ മാത്രം ഇനി പറയുന്നു.

1) തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതി
2) തദ്ദേശഭരണ സ്ഥാപനതല കാർഷിക വികസന സമിതി
3) കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി
4) തദ്ദേശഭരണ സ്ഥാപനതല വിദ്യാഭ്യാസ സമിതി
5) പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പുകൾ
6) തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാ സമിതി (സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വത്തിനുള്ളത്)
7) കോവിഡ് 19-തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാ സമിതി
8) പാലിയേറ്റീവ് കെയർ ഹോം കെയർടീം, മാനേജ്മെന്റ് കമ്മിറ്റി, നിർവഹണ കമ്മിറ്റി
9) സുഭിക്ഷ കേരളം -തദ്ദേശഭരണ സ്ഥാപനതലസമിതി
10) തദ്ദേശഭരണ സ്ഥാപനതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി
11) ഹരിതകേരളം-തദ്ദേശഭരണ സ്ഥാപനതല മിഷൻ
12) ദുരന്ത നിവാരണ ലോക്കൽ അതോറിറ്റി
13) ഹരിതകർമ്മസേന

## 4.17 വാർഡ്തല ജനകീയ സമിതികൾ

സർക്കാർ നിർദ്ദേശാനുസരണം തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ ജനകീയ സമിതികൾ വാർഡ് തലത്തിലോ വാർഡുകളിൽ ഒന്നിലധികമായോ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രാദേശിക ഭരണത്തിന്റെ ജനകീയാടിത്തറ ശക്തിപ്പെടുത്താൻ അവയുടെ പ്രവർത്തനം താഴെ തലത്തിൽ സഹായകരമാണ്. അതുകൊണ്ടുതന്നെ അവ ശക്തിപ്പെടുത്തേണ്ടതുമാണ്. പ്രധാനപ്പെട്ട അത്തരം സമിതികളുടെ പേരുകൾ മാത്രം ഇനി പറയുന്നു.

1) വാർഡ് വികസന സമിതി
2) കുടുംബശ്രീ ഏരിയ ഡവലപ്മെന്റ് സൊസൈറ്റി
3) വാർഡ്തല ആരോഗ്യ - ശുചിത്വ - പോഷണസമിതി
4) വാർഡുതല ജാഗ്രതാസമിതി (സ്ത്രീകളുടെയുംകുട്ടികളുടെയും സംരക്ഷണത്തിനുള്ളത്)
5) കോവിഡ് 19 - വാർഡുതല ജാഗ്രതാസമിതി
6) അയൽസഭകൾ/ അയൽക്കൂട്ടങ്ങൾ/ അയൽപക്കസമിതികൾ
7) പാടശേഖരസമിതികൾ

## 4.18 കേരളത്തിലെ സന്നദ്ധ പ്രവർത്തനം, സന്നദ്ധ സേവനം, ശ്രമദാനം

നമ്മുടെ നാട്ടിലെ ജനങ്ങളുടെ എടുത്തുപറയത്തക്ക പ്രത്യേകത, പ്രശ്നങ്ങൾ വരുമ്പോൾ ജാതി-മത-ലിംഗ ഭേദമെന്യേ ഒറ്റക്കെട്ടായി നിന്ന് ഇടപെട്ട് പരിഹാരം കാണാൻ ശ്രമിക്കുന്ന എന്നുള്ളതാണ്. ഓഖി,പ്രളയം, കോവിഡ്, തുടങ്ങിയവയിലൊക്കെത്തന്നെ അതിന്റെ മികച്ച ഉദാഹരണങ്ങൾ നാം കണ്ടതാണ്. പണ്ട് കാലം മുതൽക്ക് തന്നെ വിവാഹം, മരണം, പുരകെട്ടിമേയൽ, വെള്ളക്കെട്ട് നീക്കൽ, തടയണകൾ നിർമ്മിക്കൽ, കിണർ വൃത്തിയാക്കൽ, പരിസര ശുചീകരണം തുടങ്ങിയവയിലൊക്കെ പരിസരവാസികൾ സ്വമേധയാ സഹായികളും പങ്കാളികളുമായി മാറിയിരുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ഒമ്പതാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയായതോടെ ജനകീയ ഇടപെടലും പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിന് ധാരാളം അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ 50 ശതമാനത്തിലേറെയും പ്രോജക്ടുകൾ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഒമ്പതാംപദ്ധതിയുടെ ആരംഭകാലത്ത് അവ ഏറ്റെടുത്തു നടത്തിയിരുന്നത് കരാറുകാരായിരുന്നു. കരാറുകാർ ഒത്തു ചേർന്ന് പ്രവൃത്തികളുടെ കരാർ തുക ഉയർത്തുക, ഏറ്റെടുത്ത പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാതിരിക്കുക, ഗുണനിലവാരമില്ലാതെ പ്രവൃത്തികൾ ചെയ്യുക, അവർക്ക് താൽപര്യമില്ലാത്ത പ്രവൃത്തികൾ എറ്റെടുക്കാതിരിക്കുക തുടങ്ങിയവ ചെയ്തത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ തന്നെ പ്രതികൂലമായി ബാധിച്ചു. ഇത്തരം പ്രശ്നങ്ങൾ മറികടക്കുക, വികസനപ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് പങ്കെടുക്കാൻ കൂടുതൽ അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയായിരുന്നു ഒമ്പതാം പദ്ധതിയിൽ ഗുണഭോക്തൃ സമിതികൾക്ക് വലിയ പ്രാധാന്യം നൽകിയത്.

സന്നദ്ധ പ്രവർത്തനത്തിന്റെ വലിയ സാധ്യതയാണ് ഗുണഭോക്തൃ സമിതികളിലൂടെ ഉപയോഗപ്പെടുത്തിയത്. ഓരോ പ്രവൃത്തിക്കും വേണ്ടി രൂപീകരിക്കപ്പെട്ട ഗുണഭോക്തൃ സമിതികൾ ആ പ്രവൃത്തി തങ്ങൾക്കു വേണ്ടിയുള്ളതാണെന്ന ബോധ്യത്തോടെ പ്രദേശത്തുനിന്ന് ലഭ്യമാക്കാൻ കഴിയുന്ന സന്നദ്ധ പ്രവർത്തനം ഉപയോഗപ്പെടുത്തിയും പ്രാദേശിക വിഭവസമാഹരണം നടത്തിയും വലിയ നേട്ടങ്ങൾ സൃഷ്ടിച്ചു. ശ്രമദാന പ്രവർത്തനം വഴി സമൂഹ ആസ്തികൾ സൃഷ്ടിക്കുന്ന കൂട്ടായ്മയുടെ ആ പഴയ സംസ്കാരം ഗുണഭോക്തൃ സമിതികളിലൂടെ പുനസൃഷ്ടിക്കുകയായിരുന്നു. സംസ്ഥാന വ്യാപകമായി നടന്ന ഇത്തരം പ്രവർത്തനങ്ങളിലൂടെ സന്നദ്ധ സേവനത്തിന് പുതിയ മാതൃക സൃഷ്ടിക്കപ്പെട്ടു.

ഒമ്പതാം പദ്ധതിയിൽ ഉയർന്ന് വന്ന സന്നദ്ധപ്രവർത്തന മുന്നേറ്റം പിന്നീട് വളരെ പ്രകടമായി കണ്ടത് ഓഖി ദുരന്തകാലത്താണ്. തുടർന്ന് 2018ലെ പ്രളയ കാലത്ത് നടന്ന സന്നദ്ധ/ശ്രമദാന പ്രവർത്തനങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റി. ഇതിന്റെ തുടർച്ചയാണ് സംസ്ഥാന സർക്കാർ പ്രളയാന്തര കേരളത്തിന്റെ പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ടുള്ള "റീബിൽഡ് കേരള ഇനീഷിയേറ്റീവ്" ന് രൂപം കൊടുത്തത്. 2019ലും പ്രളയ ദുരന്തം ആവർത്തിച്ചതോടെ കേരളം പ്രകൃതി ദുരന്തസാധ്യതാ മേഖലയാണെന്ന് വ്യക്തമായി. ദുരന്തങ്ങളെ നേരിടാൻ സന്നദ്ധപ്രവർത്തകരുടെ ഒരു സേന സജ്ജമാക്കുന്നതിനായി "സന്നദ്ധം" പോർട്ടലിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സന്നദ്ധ പ്രവർത്തനം നടത്താൻ തയ്യാറുള്ള ആർക്കും അതിൽപേർ രജിസ്റ്റർ ചെയ്യാം. ദുരന്തമുണ്ടാകുമ്പോൾ പ്രാദേശിക തലത്തിൽ പെട്ടെന്ന തന്നെ ഇടപെടാൻ ഇങ്ങനെ രൂപീകരിക്കപ്പെടുന്ന സന്നദ്ധസേനയിലൂടെ കഴിയും.

കോവിഡ് കാലഘട്ടത്തിൽ രോഗവ്യാപനം തടയുന്നതിലും രോഗികൾക്ക് പലതരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിലും സന്നദ്ധ പ്രവർത്തകരെ വ്യാപകമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞത് വലിയ നേട്ടങ്ങൾക്ക് കാരണമായി.

കേരളത്തിന്റെ മണ്ണ് സന്നദ്ധ-ശ്രമദാന പ്രവർത്തനങ്ങളുടെ പാരമ്പര്യത്തിന്റേതാണ്. ലോകശ്രദ്ധ പിടിച്ചുപറ്റിയ നിരവധി മാതൃകകൾ സൃഷ്ടിച്ച കേരളത്തിന് സന്നദ്ധ പ്രവർത്തനത്തിന്റെ കാര്യത്തിലും അതിന് സാധിച്ചിട്ടുണ്ട്. മനുഷ്യമനസ്സിൽ സ്വാർത്ഥ ചിന്തയും ലാഭക്കൊതിയും വളർത്തിക്കൊണ്ടുവരാൻ ബോധപൂർവ്വം ശ്രമം നടക്കുന്ന ഈ കാലഘട്ടത്തിൽ നന്മയുടെയും സ്നേഹത്തിന്റേയും പ്രതീകമായി സന്നദ്ധ പ്രവർത്തനത്തിന്റെ നല്ല മാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിന് ഇന്നും കഴിയുന്നു എന്നത് ശ്രദ്ധേയമാണ്. നമ്മുടെ സന്നദ്ധ പ്രവർത്തനപാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ഏറെ വലുതാണ്.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ-മൂന്ന്

**I. പേരെഴുതുക. ഒരു മാർക്ക് വീതം**

1) പൊതുജന ആരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിയുടെ ചെയർ പേഴ്സൺ ആര്?

2) ഊരുകൂട്ടയോഗത്തിന്റെ അധ്യക്ഷൻ ആര്?

3) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ രൂപംകൊടുത്ത ഇനീഷ്യേറ്റീവ്.

4) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി രൂപീകരിക്കപ്പെട്ട പഞ്ചായത്ത് തല സമിതിയുടെ പേര്.

**II. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

1) ----------------- പ്രവർത്തനങ്ങൾക്ക് വേണ്ടി ഹോം കെയർ ടീം, മാനേജ്മെന്റ് കമ്മിറ്റി, നിർവഹണ കമ്മിറ്റി എന്നിവയുണ്ട്.

2) -----------ഊരുകൂട്ട യോഗത്തിന്റെ മിനുട്സ് തയ്യാറാക്കേണ്ടതാണ്.

3) ഒരു മത്സ്യസഭയിലെ ആകെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ--------- ശതമാനമാണ് മത്സ്യസഭായോഗത്തിന്റെ കോറം.

4) ----------- വാർഡ് മെമ്പറുടെ ഓഫീസായും പ്രവർത്തിക്കും.

**III. ശരിയോ തെറ്റോ എന്ന് എഴുതുക
ഒരു മാർക്ക് വീതം**

1) മത്സ്യസഭായോഗത്തിൽ പങ്കെടുക്കാനുള്ള യോഗ്യത തീരദേശപഞ്ചായത്തിൽ താമസിക്കുന്ന കുടുംബത്തിലെ അംഗമായിരിക്കണം എന്നതാണ്.

2) കുടുംബശ്രീയുടെ തദ്ദേശഭരണസ്ഥാപനതല സംവിധാനമാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി.

3) ഊരുകൂട്ട യോഗം സാധുതയുള്ളതാകണമെങ്കിൽ ഊരിലെ ആകെ വോട്ടർമാരിൽ 10% മെങ്കിലും ഊരുകൂട്ട യോഗത്തിൽ പങ്കെടുക്കണം.

4) ദുരന്തനിവാരണവുമായി ബന്ധപ്പെട്ട സംവിധാനമാണ് ലോക്കൽ അതോറിറ്റി.

IV. **ഒരു ഖണ്ഡികയിൽഉത്തരമെഴുതുക**
**5 മാർക്ക് വീതം**

1) സേവാഗ്രാമം ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം
2) പഞ്ചായത്ത്തല ജനകീയ സമിതികൾ
3) സ്ഥാപനതല ജനകീയ സമിതികൾ
4) വാർഡ്തല ജനകീയ സമിതികൾ

V. **ഒരുപേജിൽ കവിയാതെ വിശദീകരിക്കുക**
**10 മാർക്ക് വീതം**

1) കേരളത്തിലെ സന്നദ്ധ പ്രവർത്തനം, സന്നദ്ധ സേവനം, ശ്രമദാനം.
2) ഊരുകൂട്ടം
3) മത്സ്യസഭ
4) ഒമ്പതാം പദ്ധതിയും ഗുണഭോക്തൃ സമിതികളും

**4.19 സംഗ്രഹം**

പ്രാദേശിക ഭരണ സംവിധാനത്തെ സജീവമാക്കി നിർത്തുന്നതിലും കാര്യക്ഷമമാക്കി മുന്നോട്ടു കൊണ്ടുപോകുന്നതിലും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന ജനപങ്കാളിത്ത വേദികൾക്കുള്ള പങ്ക് വളരെ വലുതാണ്. കേന്ദ്രീകൃത ഭരണ വ്യവസ്ഥയിൽ ഭരണ സംവിധാനത്തിൽനിന്ന് ജനങ്ങൾ അകന്നു പോകാനുള്ള സാഹചര്യങ്ങളാണ് കൂടുതലെങ്കിൽ പ്രാദേശിക ഭരണസംവിധാനത്തിൽ ജനപങ്കാളിത്ത വേദികളിലൂടെ വിവിധ വിഭാഗം ജനങ്ങൾ ഭരണസംവിധാനത്തിന്റെ ഭാഗമാകുകയും അവർ ഭരണകർത്താക്കളാകുകയും ചെയ്യുന്നു. അത് എങ്ങനെ സാധ്യമാക്കാൻ കഴിയുന്നു എന്ന പരിശോധനകളാണ് ഈ യൂണിറ്റിന്റെ പരാമർശ വിഷയം.

ഗ്രാമസഭ, വാർഡ് സഭ, വാർഡ് കമ്മിറ്റി പ്രത്യേക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഗ്രാമസഭകൾ /വാർഡ് സഭകൾ തുടങ്ങി വാർഡ് തല ജനകീയ സമിതികൾ വരെയുള്ള ജനകീയ സംവിധാനങ്ങളെ കുറിച്ചും അവയുടെ അധികാരങ്ങൾ, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ, ഘടന, പ്രവർത്തനരീതി മുതലായവയും പ്രതിപാദിച്ചു കൊണ്ട് പ്രാദേശിക ഭരണ സംവിധാനത്തിലെ ജനകീയ സംവിധാനങ്ങളെ കുറിച്ചുള്ള വ്യക്തമായ ചിത്രം വരച്ചുകാട്ടുവാൻ ശ്രമിച്ചിട്ടുണ്ട്. അതിലൂടെ ജനകീയ സംവിധാനങ്ങൾക്കും സന്നദ്ധ സേവന പ്രവർത്തനങ്ങൾക്കും എങ്ങനെ തദ്ദേശഭരണത്തെ ശക്തിപ്പെടുത്താൻ കഴിയുമെന്ന് ഈ യൂണിറ്റ് വ്യക്തമാക്കിത്തരുന്നു.

**4.20 ഉത്തരങ്ങൾ**

**പഠന പുരോഗതി സ്വയം വിലയിരുത്തൽ - ഒന്ന്**

I. 1) തെറ്റ് 2 ) ശരി 3 ) ശരി 4) ശരി

II. 1) 10% 2) സെക്രട്ടറിക്ക്

3) 243എസ് 4) ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ

III. 1) 243 2) വാർഡ് മെമ്പർ 3) 3 ബിയിൽ. 4) 3

**പഠന പുരോഗതി സ്വയം വിലയിരുത്തൽ - രണ്ട്**

I. 1) അഞ്ചിലൊന്ന് 2) നഗരസഭയുടെ/ഗ്രാമപഞ്ചായത്തിന്റെ അധ്യക്ഷൻ

3) ചെയർപേഴ്സൺ 4) പത്തിൽ കുറയരുത്

II. 1) തെറ്റ് 2) ശരി 3) തെറ്റ് 4) തെറ്റ്

III. 1) മുനിസിപ്പാലിറ്റി നിയമം 46 (1) 2) മുനിസിപ്പാലിറ്റി നിയമം 42 എ
3) മുനിസിപ്പാലിറ്റി നിയമം 46 (2) (4) ഭരണഘടന അനുച്ഛേദം 243 എസ്

**പഠന പുരോഗതി സ്വയം വിലയിരുത്തൽ - മൂന്ന്**

I. 1) തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ 2) ഊരു മൂപ്പൻ
3) റീബിൽഡ് കേരള ഇനീഷ്യേറ്റീവ് 4) പഞ്ചായത്ത് തല ജാഗ്രതാ സമിതി

II. 1) പാലിയേറ്റീവ് കെയർ 2) ട്രൈബൽ പ്രമോട്ടർ

3) 51 4) ഗ്രാമ കേന്ദ്രം

III. 1) തെറ്റ്. 2) ശരി. 3) തെറ്റ്. 4) ശരി

**4.21 സൂചനാപദങ്ങൾ**

ഗുണഭോക്തൃ ലിസ്റ്റ്: മുൻകൂട്ടി നിശ്ചയിച്ച അർഹത മാനദണ്ഡങ്ങളുടെയും മുൻഗണന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ഓരോ ആനുകൂല്യത്തിനും വേണ്ടി അപേക്ഷിച്ചവരുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ്. ഗ്രാമപഞ്ചായത്ത് / നഗരസഭ സഭ കരട് ലിസ്റ്റ് തയ്യാറാക്കുന്നു. അത് ഗ്രാമസഭ /വാർഡ് സഭ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുന്നതോടെ അന്തിമ ഗുണഭോക്തൃ ലിസ്റ്റായി മാറുന്നു.

ഓഖി : 2017 നവംബറിൽ തീരപ്രദേശങ്ങളിൽ ആഞ്ഞടിച്ച ഈ ചുഴലിക്കാറ്റിൽ നിരവധിപേർ മരിക്കുകയും ഒട്ടേറെ പേരെ കാണാതാവുകയും ചെയ്തു.

കോവിഡ് - 19: SARS-CoV-2 (സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം -കൊറോണ -2) വൈറസ് മൂലം ഉണ്ടാകുന്ന മഹാമാരി. ചൈനയിലെ വുഹാനിൽ ആദ്യം കണ്ടെത്തിയ ഈ വൈറസ് പിന്നീട് ലോകം മുഴുവൻ വ്യാപിച്ചു.

ഊരുകൂട്ടം: പട്ടികവർഗ കുടുംബങ്ങൾ അടുത്തടുത്ത് താമസിക്കുന്ന പ്രദേശങ്ങളാണ് ഊരുകൾ. ഊരിലെ വോട്ടർപട്ടികയിൽ പേരുള്ളവർ അടങ്ങുന്ന സമിതിയാണ് ഊരുകൂട്ടം.

**4.22 അധിക വായനയ്ക്ക് /അവലംബം**

- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം
- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം
- ഇന്ത്യൻ ഭരണഘടന
- ഗ്രാമസഭ കൈപ്പുസ്തകം- കില
- പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗരേഖ
- പതിമൂന്നാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗരേഖ

യൂണിറ്റ് 5

# കേരളത്തിലെ അധികാര വികേന്ദ്രീകരണ മുൻകൈകൾ

**ഘടന**

5.1 പഠന ലക്ഷ്യങ്ങൾ

5.2 ആമുഖം

5.3 സംസ്ഥാന വികസന കൗൺസിൽ

5.4 കേരള ലോക്കൽ ഗവൺമെൻറ് കമ്മീഷൻ

5.5 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

5.6 ശുചിത്വ മിഷൻ

5.7 ഇൻഫർമേഷൻ കേരള മിഷൻ

5.8 തദ്ദേശ സർക്കാരുകളുടെ അസോസിയേഷനുകൾ

5.9 ഫീൽഡ് തല മുൻകൈ പ്രവർത്തനങ്ങൾ

5.10 സംഗ്രഹം

5.11 ഉത്തരങ്ങൾ

5.12 സൂചനാ പദങ്ങൾ

5.13 അധിക വായനയ്ക്ക്/ അവലംബം

# കേരളത്തിലെ അധികാര
# വികേന്ദ്രീകരണ മുൻകൈകൾ

## 5.1 പഠന ലക്ഷ്യങ്ങൾ

- കേരളത്തിലെ അധികാരവികേന്ദ്രീകരണ മുൻകൈ പ്രവർത്തനങ്ങളെക്കുറിച്ചും അവയുടെ പ്രസക്തിയെക്കുറിച്ചും വിശദീകരിക്കാൻ കഴിയുന്നു.
- സംസ്ഥാന വികസന കൗൺസിലിന്റെ പ്രസക്തി ബോധ്യപ്പെടുന്നു.
- കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കാൻ കഴിയുന്നു.
- കിലയെ കുറിച്ച് വിശദമായി മനസ്സിലാക്കി വിവരണം നൽകാൻ കഴിയുന്നു.
- ശുചിത്വമിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംക്ഷിപ്തമായി പറയാൻ കഴിയുന്നു.
- പ്രാദേശിക സർക്കാരുകളുടെ അസോസിയേഷനുകളുടെ പ്രസക്തി, അവ ഏതെല്ലാം, അവയുടെ ഘടന എന്നിവ വിവരിക്കാൻ കഴിയുന്നു.

## 5.2 ആമുഖം

ജനാധിപത്യ അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിൽ നമുക്ക് ഏറെ മുന്നിൽ എത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ഈ രംഗത്ത് നാം പ്രാവർത്തികമാക്കിയ ചില മുൻകൈകളാണ്. അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് 1996 ൽ അന്നത്തെ സംസ്ഥാന സർക്കാർ തന്നെ മുൻകൈ എടുത്ത് തുടങ്ങിയതാണ് ജനകീയാസൂത്രണ പ്രസ്ഥാനം. മുൻകാലങ്ങളിലൊന്നും കാണാൻ കഴിഞ്ഞിട്ടില്ലാത്ത വിധം സന്നദ്ധപ്രവർത്തകരുടെ ഒരു വലിയ നിര കെട്ടിപ്പടുക്കാൻ ആ മുൻകൈയ്യിലൂടെ സാധ്യമായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്കൊപ്പം ജനങ്ങളെക്കൂടി അണിനിരത്താൻ ആ മുൻകൈയിലൂടെ കഴിഞ്ഞതാണ് ജനകീയാസൂത്രണം ലോക ശ്രദ്ധയാകർഷിക്കാൻ ഇടയായത്.

അധികാരവും ഫണ്ടും, സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും ഒറ്റയടിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ ഉയർന്നു വന്ന പ്രധാനപ്പെട്ട

ചോദ്യം ഈ അധികാരങ്ങൾ കൈയാളാൻ താഴെ തലത്തിലുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ശേഷിയുണ്ടോ എന്നതായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ ചുമതലക്കാരായിട്ടുള്ള ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടെയും കാര്യശേഷി വികസനം വെല്ലുവിളിയായ ആ ഘട്ടത്തിൽ അത് ഏറ്റെടുത്തു കൊണ്ട് കിലയുടെ ഭാഗത്തുനിന്നുണ്ടായ മുൻകൈകകളിലൂടെയാണ് താഴെ തലത്തിൽ അധികാരം കയ്യാളാനുള്ള ശേഷി ആർജ്ജിച്ചത്. കില നടത്തിയ അത്തരം മുൻകൈ പ്രവർത്തനങ്ങൾ, പ്രാദേശിക ഭരണസംവിധാനത്തെ ശക്തിപ്പെടുത്തി എന്ന് മാത്രമല്ല കിലയുടെ വളർച്ചയ്ക്ക് അത് ഏറെ സഹായകരമായി എന്നും ഈ യൂണിറ്റിലൂടെ വ്യക്തമാക്കപ്പെടുന്നു. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രാദേശിക ഭരണസംവിധാനത്തെ കാര്യക്ഷമമാക്കുന്നതിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ കെ എം) വഹിച്ച പങ്ക് ഇവിടെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ മറ്റു ചില മുൻകൈ പ്രവർത്തനങ്ങളാണ് സംസ്ഥാന വികസന കൗൺസിൽ, കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, തദ്ദേശഭരണസ്ഥാപനങ്ങളുടെ അസോസിയേഷനുകൾ എന്നിവ. അവയെക്കുറിച്ചും, മുകൾ തലങ്ങളിൽ നടന്ന ഇത്തരം മുൻകൈ പ്രവർത്തനങ്ങൾ പ്രാദേശിക ഭരണ വ്യവസ്ഥയെ കാര്യക്ഷമവും ഫലപ്രദമാക്കുന്നതിൽ വഹിച്ച പങ്ക് എത്ര മാത്രം വലുതാണെന്നും ഈ യൂണിറ്റ് ബോധ്യപ്പെടുത്തുന്നു.

പ്രാദേശിക തലങ്ങളിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് താഴെ തലത്തിലുള്ള ജനകീയ മുൻകൈ പ്രവർത്തനങ്ങളാണ്. അവയെക്കുറിച്ച് മുൻ യൂണിറ്റിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഔദ്യോഗിക സംവിധാനങ്ങളോടൊപ്പം ജനകീയ സംവിധാനങ്ങളും മുൻകൈയെടുത്തു നടത്തിയ പ്രവർത്തനങ്ങളാണ് പ്രാദേശിക ഭരണ സംവിധാനത്തെ വ്യവസ്ഥാപിതമാക്കാൻ സഹായിച്ചത് എന്ന് നമുക്ക് ബോധ്യപ്പെടാൻ ഈ യൂണിറ്റ് സഹായകരമാകും.

## 5.3 സംസ്ഥാന വികസന കൗൺസിൽ

### a) ലക്ഷ്യം

സംസ്ഥാന സർക്കാരിന്റെ നയരൂപീകരണത്തിൽ പ്രാദേശിക സർക്കാരുകളുടെ ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും മതിയായ പരിഗണന ലഭിക്കാനുതകുന്ന ഔദ്യോഗിക സംവിധാനമാണ് സംസ്ഥാന വികസന കൗൺസിൽ. സെൻ കമ്മിറ്റിയുടെ ശുപാർശ കൂടി പരിഗണിച്ചുകൊണ്ട് 1999 ലാണ് ഈ സംവിധാനം നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 55 ലാണ് സംസ്ഥാന കൗൺസിലിന്റെ ഘടന, ചുമതലകൾ എന്നിവ വ്യക്തമാക്കിയിട്ടുള്ളത്.

### b) ഘടന

ഘടന ഇനി പറയും പ്രകാരമാണ്.

- ചെയർമാൻ - മുഖ്യമന്ത്രി
- വൈസ് ചെയർമാൻമാർ - സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷനേതാവ്
- അംഗങ്ങൾ - സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ജില്ലാ

ആസൂത്രണ കമ്മിറ്റികളുടെ ചെയർമാന്മാർ, മുൻസിപ്പൽ കോർപ്പറേഷൻ മേയർമാർ, സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുവീതം മുനിസിപ്പൽ ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ.

- മെമ്പർ സെക്രട്ടറി - സംസ്ഥാന ചീഫ് സെക്രട്ടറി

### c) കൗൺസിൽ യോഗം

സംസ്ഥാന വികസന കൗൺസിലിന്റെ യോഗം ആറുമാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്.

### d) കൗൺസിലിന്റെ ചുമതലകൾ

- തദ്ദേശ വികസനത്തിനും മേഖലാ വികസനത്തിനും ഉള്ള നയം രൂപീകരിക്കുക
- ജില്ലാ പദ്ധതികളും സംസ്ഥാന പദ്ധതികളും ഏകോപിപ്പിക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രബലപ്പെടുത്തുന്നതിനായി നയം രൂപീകരിക്കുക
- വികസന സംബന്ധമായി ജില്ലകൾ തമ്മിലുള്ള പൊതു പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക

## 5.4 കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ

### a) പശ്ചാത്തലം

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2012 ൽ രൂപീകൃതമായ സംവിധാനമാണ് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ. ഒമ്പതാം പദ്ധതി മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സർക്കാരുകളായി പ്രവർത്തിക്കാൻ തുടങ്ങിയതോടെ ഒട്ടേറെ മാറ്റങ്ങൾ ഈ രംഗത്ത് അനിവാര്യമായി. ഈ മാറ്റങ്ങൾ എങ്ങനെ ആയിരിക്കണം എന്ന് നിർദ്ദേശിക്കുന്നതിനായി 1997 ൽ എസ് ബി സെൻ അധ്യക്ഷനായി 'കമ്മിറ്റി ഓൺ ഡീസെൻട്രലൈലൈസേഷൻ ഓഫ് പവേഴ്സ്' രൂപീകരിക്കപ്പെട്ടു. ഈ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1999 ൽ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ കാതലായ ഒട്ടേറെ ഭേദഗതികൾ വരുത്തുകയുണ്ടായി. നമ്മുടെ പ്രാദേശിക ഭരണവ്യവസ്ഥയിൽ വലിയ മാറ്റങ്ങൾക്ക് ഈ ഭേദഗതികൾ കാരണമായി. ഈ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വി.ജെ. തങ്കപ്പൻ അധ്യക്ഷനായി 2006 ൽ ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 2011 ൽ കാലാവധി അവസാനിച്ച ഈ കമ്മിറ്റിയുടെ തുടർച്ച എന്ന നിലയിലാണ് 2012 ൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകൃതമായത്. 2016 ൽ രൂപീകൃതമായതാണ് നിലവിലെ കമ്മീഷൻ.

## b) ചുമതലകൾ

ഇനി പറയുന്ന കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക എന്നതാണ് നിലവിലെ കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള പ്രധാന ചുമതലകൾ.

- അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ സ്ഥാപനവൽക്കരണം
- പ്രാദേശിക ഭരണം ജനോപകാരപ്രദവും മാതൃകാപരവുമാക്കൽ
- പ്രാദേശിക ഭരണം കാര്യക്ഷമവും സുതാര്യവും ഉത്തരവാദിത്തപൂർണ്ണവും ആക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ
- തദ്ദേശഭരണ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം
- ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പ് രൂപീകരിക്കൽ

പുതിയ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപകൽപ്പന ചെയ്ത്, കരട് ചട്ടങ്ങൾ തയ്യാറാക്കി 2018 ൽ തന്നെ സർക്കാരിന് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗര-ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗം എന്നിവയെയെല്ലാം ഏകോപിപ്പിച്ച് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ - ഒന്ന്

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**ഒരു മാർക്ക് വീതം**

a) 2006 ൽ രൂപീകൃതമായ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ചെയർമാൻ ആരായിരുന്നു ?

b) സംസ്ഥാന വികസന കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആര് ?

c) ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച വർഷം ?

**II. ശരിയോ തെറ്റോ എന്ന് എഴുതുക**
**ഒരു മാർക്ക് വീതം**

a) 2012 ൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകൃതമായി.

b) നഗര-ഗ്രാമാസൂത്രണ വകുപ്പ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്നില്ല

c) പ്രതിപക്ഷ നേതാവ് സംസ്ഥാന വികസന കൗൺസിലിന്റെ വൈസ് ചെയർമാനാണ്.

**III. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

a) സംസ്ഥാന വികസന കൗൺസിൽ - - - -മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണം.

b) വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രാദേശിക ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിന് പ്രധാന പങ്കുവഹിച്ച സ്ഥാപനമാണ് - - - - -

c) - - - - - ആണ് സംസ്ഥാന വികസന കൗൺസിലിന്റെ ചെയർമാൻ.

**IV. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**5 മാർക്ക് വീതം**

a) സംസ്ഥാന വികസന കൗൺസിലിന്റെ ചുമതലകൾ എന്തെല്ലാം ?

b) കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകൃതമായതിന് ഒരു പശ്ചാത്തലമുണ്ട്. അത് എന്താണെന്ന് വിവരിക്കുക

c) കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ ചുമതലകൾ എന്തെല്ലാം ?

## 5. 5 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില)

### a) സ്ഥാപന ഘടന

1997 ൽ ആരംഭിച്ച ഒമ്പതാം പഞ്ചവത്സര പദ്ധതിയോടെ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ ഭരണ നിർവഹണ പ്രവർത്തനങ്ങളോടൊപ്പം പദ്ധതി ആസൂത്രണ - നിർവഹണ പ്രവർത്തനങ്ങൾ കൂടി ചെയ്യേണ്ടി വന്നപ്പോൾ ഉയർന്നുവന്ന പ്രധാന ചോദ്യം, ഇത്രയേറെ പ്രവർത്തനങ്ങൾ നടത്താനുള്ള ശേഷി ഈ സ്ഥാപനങ്ങൾക്ക് ഉണ്ടോ എന്നതായിരുന്നു. ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിൽ പ്രധാന പങ്കുവഹിച്ച സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ അഥവാ കില.

1990ലാണ് കില ആരംഭിച്ചതെങ്കിലും പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് വിപുലമായ പരിശീലനങ്ങൾക്ക് തുടക്കം കുറിച്ചത് 1996 ൽ ജനകീയാസൂത്രണം ആരംഭിച്ചതോടെയാണ്. അന്ന് തുടങ്ങിയ വിപുലവും വൈവിധ്യവുമാർന്ന പരിശീലന - ഗവേഷണ പ്രവർത്തനങ്ങൾ കേരളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണവും ശക്തിപ്പെടുത്തുക എന്ന മുഖ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്ര ധർമ്മ സ്ഥാപന നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്ത്കാവിൽ പ്രവർത്തിക്കുന്ന ഈ സ്വയംഭരണ സ്ഥാപനം കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയാണ് സ്ഥാപിക്കപ്പെട്ടത്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അധ്യക്ഷനായ ഗവേണിംഗ് കൗൺസിലും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഭരണപരവും നയപരവുമായ തീരുമാനങ്ങളെടുക്കുന്നത്. സ്ഥാപനത്തിന്റെ തലവൻ ഡയറക്ടർ ജനറൽ ആണ്.

### b) പ്രാദേശിക കേന്ദ്രങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഇനി പറയുന്ന സ്ഥാപനങ്ങൾ കിലയുമായി സംയോജിപ്പിക്കുകയും അവ കിലയുടെ പ്രാദേശിക കേന്ദ്രങ്ങളായി പ്രവർത്തിച്ച് വരികയും ചെയ്യുന്നു. (ഈ സ്ഥാപനങ്ങളുടെ നിലവിലുള്ള പേരാണ് ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളത്)

1. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD), കൊട്ടാരക്കര (സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ്ഡെവലപ്മെന്റ്, കില)
2. അഹാഡ്സ്, അഗളി (പാലക്കാട് ജില്ല). (സെന്റർ ഫോർ ട്രൈബൽ ഡെവലപ്മെന്റ് ആൻഡ് നാച്ചുറൽ റിസോഴ്സ്, കില)
3. വികസന പരിശീലന കേന്ദ്രം, മണ്ണുത്തി (സെന്റർ ഫോർ ഗുഡ് ഗവേണൻസ്, കില)
4. വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര (സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡവലപ്പ്മെന്റ്, കില)

5. വികസന പരിശീലന കേന്ദ്രം, തളിപ്പറമ്പ് (സെന്റർ ഫോർ ഓർഗാനിക് ഫാമിങ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്, കില)

ഇവ കൂടാതെ മറ്റൊരു പ്രാദേശികകേന്ദ്രം തിരുവനന്തപുരത്തും പ്രവർത്തിക്കുന്നു.

**c) ചുമതലകൾ, ഉത്തരവാദിത്തങ്ങൾ**

1. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാമൂഹിക -സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുക

2. അധികാര വികേന്ദ്രീകരണം, പൊതുഭരണം, പ്രാദേശികാസൂത്രണം എന്നിവയിൽ പഠന-ഗവേഷണങ്ങൾ നടത്തുക. അതിലൂടെ ആർജിക്കുന്ന അറിവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് ഉപയോഗപ്പെടുത്തുക.

3. ഈ പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമ നിർമ്മാണത്തിനും നയരൂപീകരണത്തിനും ആവശ്യമായ വിദഗ്ധ ഉപദേശവും സഹായവും നൽകുക.

4. പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അതത് സമയങ്ങളിൽ ആവശ്യമായ മാർഗരേഖകൾ തയ്യാറാക്കി നൽകാൻ വേണ്ട സഹായങ്ങൾ നൽകുക.

5. കിലയിലും കിലയുടെ പ്രാദേശിക കേന്ദ്രങ്ങളിലും വച്ച് നൽകുന്ന പരിശീലനങ്ങൾക്ക് പുറമേ ജില്ലാതലത്തിൽ വികേന്ദ്രീകൃതമായ പരിശീലന സംവിധാനം കൂടി സൃഷ്ടിച്ച് കൊണ്ടാണ് സമയബന്ധിതമായി തദ്ദേശഭരണസ്ഥാപനങ്ങളുടെ പരിശീലന ആവശ്യങ്ങൾ നിറവേറ്റുന്നത്. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ പരിശീലന സാധ്യതകൾ വിപുലമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നിലവിൽ പരിശീലനങ്ങളിലേറെയും നൽകിവരുന്നത്.

**d) ദേശീയ-അന്തർദേശീയ ബന്ധങ്ങൾ, പ്രവർത്തനങ്ങൾ**

1. അധികാര വികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനുള്ള ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട പരിശീലന സ്ഥാപനമായ കിലയിൽ ദേശീയ, അന്തർദേശീയ തലങ്ങളിലുള്ള പരിശീലനങ്ങളും ശിൽപ്പശാലകളും നടത്തിവരുന്നു.

2. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം കിലയെ പ്രാദേശികാസൂത്രണത്തിന്റേയും പ്രാദേശിക ഭരണ നിർവഹണത്തിന്റേയും 'സെന്റർ ഓഫ് എക്സലൻസ്' ആയി അംഗീകരിച്ചിട്ടുണ്ട്.

3. UNDP, UNFPA, UNEP, UNICEF, UN HABITAT, SDC, കോമൺവെൽത്ത് ഗവൺമെന്റ് ഫോറം, ജർമൻ വികസന ഏജൻസി, ലോകബാങ്ക്

തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുമായി/സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു.

4. HUDCO, NIUA, കേന്ദ്ര പഞ്ചായത്ത് രാജ് - ഗ്രാമവികസന - നഗരവികസന മന്ത്രാലയങ്ങൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ആൻഡ് പഞ്ചായത്തീ രാജ് മുതലായ ദേശീയ സ്ഥാപനങ്ങൾ/ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.
5. ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളുമായി/ അവിടുത്തെ സ്ഥാപനങ്ങളുമായി കിലയ്ക്ക് ദീർഘകാല കരാറുകൾ ഉണ്ട് .
6. IIT ബോംബെ, ISEC ബാംഗ്ലൂർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നിവയുമായി സംയുക്ത കരാറുകളിലും കില ഏർപ്പെട്ടിട്ടുണ്ട്.

**e) പ്രത്യേക വിഭാഗങ്ങൾക്ക് /വിഷയങ്ങൾക്ക് സെന്ററുകൾ**

പ്രത്യേക പരിഗണന ആവശ്യമായ വിഭാഗങ്ങൾക്കും സവിശേഷ ശ്രദ്ധ ആവശ്യമായ വിഷയങ്ങൾക്കും വേണ്ടി പഠന-ഗവേഷണങ്ങളും പരിശീലനങ്ങളും നൽകുന്നതിനായി ഇനിപ്പറയുന്ന പ്രത്യേക സെന്ററുകൾ കിലയിൽ പ്രവർത്തിച്ചുവരുന്നു.

1. Centre for Urban Governance
2. Child Resource Centre
3. Gender School for Local Governments
4. Centre for Subaltern Studies
5. Geo Informatics Centre
6. Centre for Environment, Bio diversity and Climate change
7. Centre for Sustainable Development
8. Innovation and Incubation Hub

**f) മുൻകൈ പ്രവർത്തനങ്ങൾ**

1. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം കിലയുടെ ആശയാവിഷ്കാരമാണ്.
2. തദ്ദേശഭരണ സ്ഥാപന ഓഫീസുകൾക്കും അവയുടെ ഘടക സ്ഥാപനങ്ങൾക്കും അന്താരാഷ്ട്ര ഗുണമേന്മാ സർട്ടിഫിക്കേഷൻ (ഐ എസ് ഒ) നേടിയെടുക്കുന്നതിനുള്ള കൺസൾട്ടൻസി സ്ഥാപനമായി കില പ്രവർത്തിച്ചുവരുന്നു. (ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളുടെ സർട്ടിഫിക്കേഷൻ ഇതിനകം ഏതാണ്ട് പൂർത്തിയായിരിക്കുന്നു. ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ, ഘടക സ്ഥാപനങ്ങൾ എന്നിവയുടെ സർട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.)
3. ഭിന്നശേഷി സൗഹൃദ - ബാലസൗഹൃദ - സ്ത്രീസൗഹൃദ - വയോജനസൗഹൃദ

പ്രാദേശികഭരണം എന്ന കാഴ്ചപ്പാടും ആശയവും തദ്ദേശ ഭരണ സ്ഥാപന ങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

4. ഓൺലൈൻ പരിശീലനങ്ങളും കോഴ്സുകളും ecourses.kila.ac.in എന്ന പോർട്ടലിലൂടെ നടത്തിവരുന്നു.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേട്ടങ്ങളും അനുഭവങ്ങളും പങ്കു വെക്കുന്നതിനായി നേർക്കാഴ്ച എന്ന യൂട്യൂബ് ചാനൽ കിലയുടേതായി ഉണ്ട് .
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംശയ നിവാരണത്തിനായി ഹെൽപ്പ് ലൈൻ സംവിധാനം കിലയിൽ പ്രവർത്തിക്കുന്നുണ്ട്.

### g) പ്രസിദ്ധീകരണങ്ങൾ

ഗവേഷണ പ്രബന്ധങ്ങൾ, പരിശീലകർക്കും പരിശീലനാർത്ഥികൾക്കും വേണ്ടിയുള്ള കൈപുസ്തകങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലും ഘടക സ്ഥാപനങ്ങളിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കും സാമൂഹിക-സന്നദ്ധ പ്രവർത്തകർക്കും വേണ്ടിയുള്ള കൈപുസ്തകങ്ങൾ, ദേശീയ -അന്താരാഷ്ട്ര പരിശീലനങ്ങൾക്ക് വേണ്ടിയുള്ള സഹായികൾ തുടങ്ങി നിരവധിയായ പ്രസിദ്ധീകരണങ്ങൾ കിലയുടേതായുണ്ട്. പരിശീലനങ്ങളുടെ ആവശ്യകതയനുസരിച്ച് അവയിൽ പലതും തമിഴ്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ KILA JOURNAL തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നു.

### h. ഇ എം എസ് സ്മാരക അധികാരവികേന്ദ്രീകരണ -തദ്ദേശഭരണ മ്യൂസിയം

അധികാര വികേന്ദ്രീകരണത്തിന്റെ 25 വർഷത്തെ അനുഭവങ്ങൾ, ചരിത്രം, സൃഷ്ടിക്കപ്പെട്ട മാതൃകകൾ, പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങൾ, കൈ പുസ്തകങ്ങൾ മുതലായവയുടെ ശേഖരണവും പ്രദർശനവുമടങ്ങുന്നതാണ് ഇ എം എസ് സ്മാരക അധികാര വികേന്ദ്രീകരണ തദ്ദേശഭരണ മ്യൂസിയം. കിലയിൽ സജ്ജീകരിച്ചിട്ടുള്ള ഈ മ്യൂസിയം ഒരു പഠനകേന്ദ്രം കൂടിയാണ്.

### 5.6 ശുചിത്വ മിഷൻ

പരിസ്ഥിതി ആരോഗ്യകരമാക്കി സംരക്ഷിക്കുക, ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലകളാണ്. മാലിന്യമുക്തമായ കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളെയും നഗരസഭകളെയും പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള മുൻകൈയെടുക്കുന്നതിനാണ് കേരളത്തിൽ ശുചിത്വമിഷൻ രൂപീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വം കൈവരിക്കുക എന്നതാണ് ലക്ഷ്യം.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ - രണ്ട്

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**ഒരു മാർക്ക് വീതം**

a) അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കിലയിൽ സജ്ജീകരിച്ചിട്ടുള്ള മ്യൂസിയം ഏത്?

b) കില ആരംഭിച്ച വർഷം ഏത്?

c) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് കിലയിൽ പ്രവർത്തിക്കുന്ന പ്രത്യേക സെന്റർ ഏത്?

**II. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

a) ---------------- ആണ് കിലയുടെ ഗവേണിംഗ് കൗൺസിലിന്റെ അധ്യക്ഷൻ.

b) കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം കിലയെ--------- ആയി അംഗീകരിച്ചിട്ടുണ്ട്.

C) ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള--------------- സ്ഥാപനമായി കില പ്രവർത്തിച്ചുവരുന്നു.

**III. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക**
**ഒരു മാർക്ക് വീതം**

1) സെന്റർ ഫോർ ഗുഡ് ഗവേണൻസ് സ്ഥിതിചെയ്യുന്നത്.

(a) കൊട്ടാരക്കര (b) മണ്ണുത്തി (c) തിരുവനന്തപുരം

2) മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മിഷൻ.

(a) ആർദ്രം മിഷൻ (b) ഹരിത കേരള മിഷൻ (c) ശുചിത്വ മിഷൻ

3) കിലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്നത്.

(a) തിരുവനന്തപുരം (b) തൃശ്ശൂർ (c) കണ്ണൂർ

**IV. ഒരു ഖണ്ഡികയിൽഉത്തരമെഴുതുക**
**5 മാർക്ക് വീതം**

a) കിലയുടെ പ്രധാന ചുമതലകൾ, ഉത്തരവാദിത്തങ്ങൾ?

b) കിലയുടെ നേതൃത്വത്തിൽ നടന്ന പ്രധാന മുൻകൈ പ്രവർത്തനങ്ങൾ ഏന്തെല്ലാം?

c) കില ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങൾ ഏതെല്ലാം?

d) ശുചിത്വമിഷൻ രൂപീകരിക്കപ്പെട്ടതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം?

## 5.7 ഇൻഫർമേഷൻ കേരള മിഷൻ (ഐ കെ എം)

### a) രൂപീകരണം

ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രാദേശിക ഭരണം എങ്ങനെ കാര്യക്ഷമവും സുതാര്യവും ആക്കാം എന്നും പ്രാദേശിക ഭരണ സ്ഥാപനങ്ങളിലൂടെ നൽകുന്ന സേവനങ്ങൾ എങ്ങനെ കൂടുതൽ വേഗത്തിൽ ആക്കാമെന്നും ഉള്ള അന്വേഷണത്തിന്റെ ഫലമായി രൂപപ്പെട്ട സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ അഥവാ ഐ കെ എം 1999 ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 2014 ൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തു.

### b) മുഖ്യ ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല - ജില്ലാതല ഓഫീസുകൾ, ജില്ലാ പ്ലാനിങ് ഓഫീസുകൾ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുക
- മേൽപ്പറഞ്ഞ ശൃംഖല വഴി ഇ- ഗവേണൻസ് നടപ്പിലാക്കുക

### c) നടത്തിയ പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചു.
- കമ്പ്യൂട്ടർ ശൃംഖല സ്ഥാപിച്ച് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വിന്യസിച്ചു.
- മുൻകാല രേഖകൾ ഡിജിറ്റലൈസ് ചെയ്തു.
- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകി.
- കമ്പ്യൂട്ടർ ശൃംഖലയും സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെബ് അധിഷ്ഠിത ഇ-ഗവേണൻസും നടപ്പാക്കി.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും അവയിൽനിന്ന് നൽകുന്ന സേവനങ്ങളും പൊതുജനങ്ങൾക്ക് ഉൾപ്പെടെ വെബിലൂടെ ലഭ്യമാക്കി.

### d) സോഫ്റ്റ്‌വെയറുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മിക്കവാറും പ്രവർത്തനങ്ങൾ ഇപ്പോൾ വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വഴിയാണ് നടത്തിവരുന്നത്. ഇ-ഗവേണൻസിനായി ഐ കെ എം വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ ഏതെല്ലാമെന്ന് ഇനി പറയുന്നു.

| ക്രമ നം | അപ്ലിക്കേഷന്റെ പേര് | ഉപയോഗം |
|---|---|---|
| 1. | സുലേഖ | പദ്ധതി രൂപീകരണം,നിർവഹണം, മോണിറ്ററിംഗ് |
| 2. | സേവന(സിവിൽ രജിസ്ട്രേഷൻ) | ജനന-മരണ-വിവാഹ രജിസ്ട്രേഷൻ |
| 3. | സേവന (പെൻഷൻ) | സാമൂഹിക സുരക്ഷാ പെൻഷനുകൾ, പദ്ധതികൾ |
| 4. | സഞ്ചയ | വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് മുതലായവ |
| 5. | സാംഖ്യ | ഡബിൾ എൻട്രി അക്കൗണ്ടിംഗ് |
| 6. | സ്ഥാപന | ജീവനക്കാരുടെ സേവനവേതന വിഷയങ്ങൾ |
| 7. | സൂചിക | ഫ്രണ്ട് ഓഫീസ് സംവിധാനം ഫയൽ ട്രാക്കിംഗ് ഓഫീസ് നടപടികൾ |
| 8. | സങ്കേതം | കെട്ടിട നിർമ്മാണ അനുമതി |
| 9. | സകർമ്മ | യോഗനടപടികൾ |
| 10. | സഞ്ചിത | നിയമങ്ങൾ ചട്ടങ്ങൾ ഉത്തരവുകൾ |
| 11. | സചിത്ര (Asset) | ആസ്തി വിവരങ്ങൾ |
| 12. | സചിത്ര (GIS) | ഭൂപടങ്ങൾ, മാപ്പുകൾ തയ്യാറാക്കൽ |
| 13. | സഹായ | ഓട്ടോമാറ്റിക് സ്കൂൾ ഹാജർ സംവിധാനം |
| 14. | സുഭദ്ര | ബജറ്റ്, സാമ്പത്തിക മാനേജ്മെന്റ് |
| 15. | സുഗമ | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| 16. | സംവേദിത | വെബ്സൈറ്റ് ലഭ്യമാക്കുന്നതിനുള്ള പാക്കേജ് |
| 17. | സമഗ്ര | വിവിധ ഇനം ആപ്ലിക്കേഷനുകൾ ഒറ്റ വിൻഡോയിൽ |
| 18. | ഐ എൽ ജി എം എസ് (Integrated Local Govermance Management System-ILGMS) | തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴവൻ സേവനങ്ങളും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കൽ |
| 19. | K-Smart | തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴവൻ സേവനങ്ങളും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കൽ |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കാര്യക്ഷമവും സുതാര്യവും ഗുണമേന്മയുള്ളതുമായ സേവനം സമയബന്ധിതമായി പൊതുജനങ്ങൾക്ക് എത്തിക്കുന്നതിൽ ഐ കെ എമ്മിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന ഇ-ഗവേണൻസിന് വലിയ പങ്ക് വഹിക്കാനായിട്ടുണ്ട്.

## 5. 8 തദ്ദേശ സർക്കാരുകളുടെ അസോസിയേഷനുകൾ

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കൂടുതൽ ജനകീയ വേദികൾ സൃഷ്ടിക്കുക, അവയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകൾക്ക് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിനും ഓരോ സന്ദർഭങ്ങളിലുമുണ്ടാകുന്ന ആവശ്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട പ്രാദേശികഭരണത്തിനുള്ള ആശയ രൂപീകരണത്തിനുമായിട്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷനുകൾക്ക് രൂപം കൊടുത്തിട്ടുള്ളത്. അവ എതെല്ലാമെന്ന് ഇനി ചേർക്കുന്നു.

### a) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല സംഘടനയാണ് ഇത്. ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നാണ് ഇതിന്റെ കമ്മിറ്റിയേയും ഭാര വാഹികളെയും തിരഞ്ഞെടുക്കുന്നത്. തിരുവനന്തപുരത്ത്, അഹമ്മദ് കുരിക്കൾ സ്മാരക മന്ദിരത്തിലാണ് (പഞ്ചായത്ത്ഭവൻ) സംഘടനയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്നത്.

### b) കേരള ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ സംസ്ഥാനതല സംഘടനയാണിത്. തിരുവനന്തപുരം സ്വരാജ് ഭവനിലാണ് ഇതിന്റെ ആസ്ഥാനം. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നാണ് ഈ സംഘടനയുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്.

### c) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ

ജില്ലാ പഞ്ചായത്തുകളുടെ സംസ്ഥാനതല സംഘടനയാണിത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഭാരവാഹികൾ അടങ്ങിയതാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ

### d) ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ

1978 ൽ സ്ഥാപിതമായ സംഘടനയുടെ ഭാരവാഹികളെ മുനിസിപ്പൽ ചെയർമാന്മാരിൽ നിന്നാണ് തിരഞ്ഞെടുക്കുന്നത്. തിരുവനന്തപുരം വഴുതക്കാടുള്ള സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ് ആണ് ഇതിന്റെ ആസ്ഥാനം.

### e) മേയേഴ്സ് കൗൺസിൽ

സംസ്ഥാനത്തെ കോർപ്പറേഷൻ മേയർമാരുടെ സംഘടനയാണിത്.

## 5. 9 ഫീൽഡ് തല മുൻകൈ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ സംവി

ധാനങ്ങളെ ഈ യൂണിറ്റിലൂടെ പരിചയപ്പെട്ടുവല്ലോ. ഈ സംവിധാനങ്ങളെല്ലാം മുക ൾതലത്തിൽ വഹിക്കുന്ന നേതൃത്വപരമായ പങ്കും പിന്തുണയും വിലപ്പെട്ടവയാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ പ്രാദേശിക തലങ്ങളിൽ ഭരണ നിർവഹണവും പദ്ധതി പ്രവർത്തനങ്ങളും കാര്യക്ഷമമാകണമെങ്കിൽ അവിടെ നടക്കേണ്ട ഫീൽഡ് തല പ്രവർത്തനങ്ങൾ വിപുലവും വൈവിധ്യമാർന്നതും കുറ്റമറ്റതുമാകണം. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നടപടികൾ നാം സ്വീകരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ഇനി പറയുന്നു.

ഫീൽഡ് തല മുൻകൈ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ ജനകീയാസൂത്രണാരംഭത്തിൽ തന്നെ ബോധപൂർവ്വമായ ശ്രമം നടക്കുകയുണ്ടായി. പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിലും ചുരുങ്ങിയത് പത്ത് വീതം ലോക്കൽ റിസോഴ്സ് പേഴ്സൺമാരും തദ്ദേശഭരണ സ്ഥാപനത്തിൽ കുറഞ്ഞത് 10 റിസോഴ്സ് പേഴ്സൺമാരും വേണമെന്ന് അന്ന് നിർദ്ദേശിക്കപ്പെടുകയും ഏറെക്കുറെ പ്രാവർത്തികമാക്കുകയും ചെയ്തു. വിവിധ വിഷയ മേഖലകളിൽ 10-15 പേർ വീതമുള്ള വർക്കിംഗ് ഗ്രൂപ്പുകൾ വേണമെന്ന നിർദ്ദേശം കൂടിയായതോടെ പദ്ധതി ആസൂത്രണത്തിലെ ഫീൽഡ് തല മുൻകൈ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. പദ്ധതി നിർവഹണത്തിലേക്ക് കടന്നതോടെ ഗുണഭോക്തൃ സമിതികൾ, മോണിറ്ററിങ് കമ്മിറ്റികൾ, ഗ്രാമസഭാ സബ്കമ്മിറ്റികൾ തുടങ്ങിയവ കൂടി സജീവമായതോടെ ആസൂത്രണ-നിർവഹണ കാര്യങ്ങളിലെ മുൻകൈകൾ വിപുലമായി. അങ്ങനെയുണ്ടായ ഫീൽഡ് തല മുൻകൈ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണത്തെ മുന്നോട്ട് കൊണ്ടു പോയതും പ്രാദേശിക ഭരണത്തെ വ്യവസ്ഥാപിതമാക്കിയതും.

കാർഷിക മേഖലയിലും വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലുമെല്ലാം ഇതുപോലുള്ള മുൻകൈ പ്രവർത്തനങ്ങൾ ധാരാളമുണ്ടായിട്ടുണ്ട് . അതിന്റെയെല്ലാം ഫലമായിട്ടാണ് മികച്ച ഒട്ടേറെ മാതൃകകൾ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞത്. അടുത്ത കാലത്തുണ്ടായ രണ്ട് ഫീൽഡ് തല മുൻകൈകൾ കൂടി പരിശോധിക്കാം.

a) ദുരന്തങ്ങളിലുണ്ടായ പ്രാദേശിക മുൻകൈ പ്രവർത്തനങ്ങൾ 2017 ലുണ്ടായ ഓഖി, 2018ലും 2019 ലുമുണ്ടായ പ്രളയങ്ങൾ എന്നിവ നേരിടുന്നതിൽ സന്നദ്ധ പ്രവർത്തകരാൽ രൂപപ്പെട്ട പ്രാദേശികതല മുൻകൈ പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തനത്തിന്റെ മികച്ച മാതൃകകളായി. ദുരന്തങ്ങൾ ആവർത്തിക്കപ്പെട്ടതോടെ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാനും ചുരുങ്ങിയത് 10 പേർ വീതമെങ്കിലുമുള്ള നാല് അടിയന്തര പ്രതികരണ ടീം (Emergency Response Team -ERT) രൂപീകരിക്കുവാനും 4-12-2019 ലെ 156/ 2019 നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചത് പ്രാദേശികതല മുൻകൈ പ്രവർത്തനങ്ങളുടെ അനിവാര്യതയുടെ സാക്ഷ്യപ്പെടുത്തലാണ്. ഇത്തരം പ്രാദേശികതല മുൻകൈകൾക്ക് നേതൃത്വം നൽകുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൂടിയാകുമ്പോൾ ഫലപ്രാപ്തി തെളിയിക്കപ്പെട്ടതുമാണ്.

b) കോവിഡ്- 19 പ്രതിരോധ -സഹായ പ്രവർത്തനങ്ങൾ : പ്രാദേശികതല മുൻകൈ പ്രവർത്തനങ്ങളുടെ മികച്ച ഉദാഹരണങ്ങൾക്ക് കോവിഡ്കാല

കേരളം സാക്ഷ്യം വഹിച്ചു. കോവിഡ് ഫസ്റ്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകളിലും ഡോമിസൈൽ സെന്ററുകളിലും രോഗബാധിതരും ക്വാറന്റൈനിൽ കഴിയുന്നവരുമായവരുടെ വീടുകളിലുമെല്ലാം സഹായമെത്തിക്കുന്നതിലും രോഗവ്യാപനം തടയുന്നതിനുമാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിലും വാർഡ് തല-പഞ്ചായത്ത്/ നഗരസഭാതല ജാഗ്രതാ സമിതികളിലുമുള്ള സന്നദ്ധ പ്രവർത്തകരും RRT (Rapid Response Team) വളണ്ടിയർമാരും നടത്തിയ ഫീൽഡ് തല മുൻകൈകൾ കോവിഡ് മഹാമാരിയെ നേരിടുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല.

പഞ്ചായത്ത്/നഗരസഭാതലത്തിലും വാർഡുതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ തലത്തിലും രൂപീകരിച്ചിട്ടുള്ള ജനകീയ സംവിധാനങ്ങളാണ് ഫീൽഡ് തല മുൻകൈകളിലേറെയും സൃഷ്ടിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജീവസുറ്റതും സർഗാത്മകവുമാക്കി തീർക്കുന്നതിൽ ജനപ്രതിനിധികളോടും ഉദ്യോഗസ്ഥരോടും ഒപ്പമോ മുമ്പിലോ പ്രവർത്തിച്ച സന്നദ്ധപ്രവർത്തകരുടെ മുൻകൈ പ്രവർത്തനങ്ങൾ നൽകിയ സംഭാവന വിലമതിക്കാനാവാത്തതാണ്. തുടർന്നും അതിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപന ഭരണകർത്താക്കളുടെ ദൗത്യവും ചുമതലയുമായിരിക്കണം. എങ്കിൽ മാത്രമേ പ്രാദേശിക ഭരണം ചലനാത്മകവും സജീവവുമാകുയുള്ളൂ.

## 5. 10.സംഗ്രഹം (Summing up)

ജനകീയാസൂത്രണാരംഭത്തിൽ രൂപപ്പെട്ട ലോക്കൽ റിസോഴ്സ് പേഴ്സൺമാർ മുതൽ കോവിഡ് മഹാമാരി കാലത്തുണ്ടായ റാപ്പിഡ് റെസ്പോൺസ് ടീം വരെയുള്ള അധികാര വികേന്ദ്രീകരണത്തിലെ സംസ്ഥാനതല- പ്രാദേശികതല മുൻകൈകളെക്കുറിച്ചും ജനകീയ സംവിധാനങ്ങളെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഈ യൂണിറ്റിൽ കാണാം. സംസ്ഥാന തലത്തിൽ ഉണ്ടായ മുൻകൈകളെക്കുറിച്ചാണ് ഈ യൂണിറ്റിൽ കൂടുതലും പ്രതിപാദിച്ചിട്ടുള്ളത്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട, സംസ്ഥാന വികസന കൗൺസിൽ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ എന്നിവ എത്രമാത്രം പ്രസക്തമാണെന്ന് ഈ യൂണിറ്റിൽ നിന്നും വ്യക്തമായി. അതുപോലെ തദ്ദേശ സർക്കാരുകളുടെ അസോസിയേഷനുകളുടെ പ്രാധാന്യം ബോധ്യപ്പെടാനും ഈ യൂണിറ്റ് സഹായകരമാകും. അധികാര വികേന്ദ്രീകരണത്തിന്റെ മുൻകൈ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ഐകെഎം, ശുചിത്വമിഷൻ എന്നിവയെക്കുറിച്ചും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിൽ കില വഹിച്ച പങ്കും കിലയുടെ ഇന്നത്തെ ഉയർന്ന പദവിയും മനസ്സിലാക്കാനും ഈ യൂണിറ്റിലൂടെ കഴിയുന്നു.

പ്രാദേശിക തലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന മുൻകൈ പ്രവർത്തനങ്ങൾ ഒട്ടേറെയാണ്. പ്രാദേശിക മുൻകൈകളിലേറെയും സന്നദ്ധപ്രവർത്തനത്തിലൂടെ രൂപപ്പെട്ടവയാണ്, അവ കൂട്ടായ്മയുടെയും നന്മയുടെയും പ്രതീകങ്ങളുമാണ്. അത്തരം മുൻകൈകൾ സൃഷ്ടിക്കാൻ അനുകൂലമായ അന്തരീക്ഷം എന്നും ഇവിടെ നിലനിൽക്കേണ്ടത് അനിവാര്യവുമാണ്.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ-മൂന്ന്

**I. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

a) ഐ കെ എം വികസിപ്പിച്ച അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറാണ് --------------------

b) ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ എന്ന സംഘടന സ്ഥാപിതമായ വർഷം ---------------- ആണ്.

c) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആസ്ഥാനം ---------------------- സ്ഥിതിചെയ്യുന്നത്.

**II. ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**ഒരു മാർക്ക് വീതം**

a) 1999 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 2014 ൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായി. ഏതാണ് സ്ഥാപനം?

b) സകർമ സോഫ്റ്റ്‌വെയർ ഏത് ആവശ്യത്തിന് ഉപയോഗിക്കുന്നു?

c) സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ ഉണ്ട്. സേവന എന്ന പേരിൽ മറ്റൊരു സോഫ്റ്റ്‌വെയർ കൂടിയുണ്ട്. അത് ഏതാവശ്യത്തിന് ഉപയോഗിക്കുന്നു?

**III. ലഘുകുറിപ്പ് എഴുതുക**
**2 മാർക്ക് വീതം**

a) തദ്ദേശ സർക്കാരുകളുടെ അസോസിയേഷനുകൾ ഏതെല്ലാം?

b) ഐ കെ എമ്മിന്റെ മുഖ്യ ചുമതലകൾ ഏവ?

**IV. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**5 മാർക്ക് വീതം**

a) കേരളത്തിലെ ദുരന്തങ്ങളിലുണ്ടായ പ്രാദേശിക മുൻകൈ പ്രവർത്തനങ്ങൾ

b) ഐ കെ എം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?

c) പ്രാദേശിക ഭരണം വ്യവസ്ഥാപിതമാക്കുന്നതിൽ ഫീൽഡ് തല മുൻകൈ പ്രവർത്തനങ്ങളുടെ പങ്ക് വിശദീകരിക്കുക.

d) തദ്ദേശ സർക്കാരുകളുടെ അസോസിയേഷനുകളുടെ പ്രസക്തി വിവരിക്കുക.

**5.11. ഉത്തരങ്ങൾ**

**പഠന പുരോഗതി സ്വയം വിലയിരുത്തൽ - ഒന്ന്**

I. a) വി ജെ തങ്കപ്പൻ b) സംസ്ഥാന ചീഫ് സെക്രട്ടറി c)1996

II. a) ശരി b) തെറ്റ് c) ശരി

III. a) 6 b) ഇൻഫർമേഷൻ കേരള മിഷൻ/ഐ കെ എം c) മുഖ്യമന്ത്രി

**പഠന പുരോഗതി സ്വയം വിലയിരുത്തൽ - രണ്ട്**

I. (a) ഇ എം എസ് സ്മാരക അധികാര വികേന്ദ്രീകരണ തദ്ദേശഭരണ മ്യൂസിയം
(b)1990 (c) Gender School for Local Government

II. (a) തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി (b) സെന്റർ ഓഫ് എക്സലൻസ്
(c) കൺസൾട്ടൻസി

III. a) മണ്ണുത്തി (b) ശുചിത്വമിഷൻ (c) തൃശ്ശൂർ

**പഠനപുരോഗതി സ്വയം വിലയിരുത്തൽ - മൂന്ന്**

I. (a) സാംഖ്യ (b) 1978ൽ
(c) അഹമ്മദ് കുരിക്കൾ സ്മാരക മന്ദിരത്തിൽ /പഞ്ചായത്ത് ഭവനിൽ

II. (a) ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം)
(b) യോഗനടപടികൾ (c) സേവന (പെൻഷൻ)

**5.12 സൂചന പദങ്ങൾ**

1) കില: കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
2) UNDP : United Nations Development Programme
3) UNFPA :United Nations Fund for Population Activities
4) UNEP : United Nations Environment Programme
5) S D C: Swiss Agency for Development and Co operation
6) HUDCO: Housing and Urban Development Corporation Limited
7) NIUA: National Institute of Urban Affairs
8) ISEC: Institute of Social and Economic Change, Bangalore
9) IKM : Information Kerala Mission

### 5.13 അധിക വായനയ്ക്ക്/ അവലംബം


- കേരള മുനിസിപ്പാലിറ്റി നിയമം 1994
- Thaddesakam 2021, Published by Director of Panchayat, Thiruvananthapuram
- Kerala-Classical Democratic Decentralisation, S M Vijayanad, 2009
- Kerala's Decentralisation at a Glance, KILA, 2014

## യൂണിറ്റ് 6

# അധികാരവികേന്ദ്രീകരണത്തിലെ മാറുന്ന അതിരുകൾ

ഘടന

6.1 പഠന ലക്ഷ്യങ്ങൾ
6.2 ആമുഖം
6.3 മാറുന്ന അതിരുകൾ
6.4 കമ്മിറ്റികളും ശുപാർശകളും ദേശീയ തലത്തിൽ
6.5 കേരളത്തിലെ അധികാരവികേന്ദ്രീകരണ കമ്മിറ്റി (സെൻ കമ്മിറ്റി)
6.6 കേരളത്തിലെ ഭരണ പരിഷ്കാര കമ്മീഷനുകൾ
6.7 വികേന്ദ്രീകൃതാസൂത്രണ വിലയിരുത്തൽ കമ്മിറ്റി (എം.എ, ഉമ്മൻ കമ്മിറ്റി)
6.8 ഉദ്ഗ്രഥനത്തിലേക്കും സംയോജനത്തിലേക്കും പുതിയ ചക്രവാളങ്ങൾ
6.9 സംഗ്രഹം
6.10 ഉത്തരങ്ങൾ
6.11 സൂചനാപദങ്ങൾ
6.12 അധിക വായനയ്ക്ക് / അവലംബം

# അധികാരവികേന്ദ്രീകരണത്തിലെ മാറുന്ന അതിരുകൾ

## 6.1 പഠന ലക്ഷ്യങ്ങൾ

1) വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കപ്പെട്ടതിന്റെ സാഹചര്യങ്ങളും അതിന്റെ പരിണിതഫലങ്ങളും വിശദീകരിക്കാൻ കഴിയുന്നു.

2) ഇന്ത്യയിലെ വികേന്ദ്രീകൃത ഭരണസംവിധാനത്തിനായുള്ള നയരൂപീകരണത്തിൽ ദേശീയ തലത്തിൽ രൂപീകരിക്കപ്പെട്ട വിവിധ കമ്മിറ്റികളുടെ പങ്ക് വിശദീകരിക്കാൻ കഴിയുന്നു.

3) കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിൽ ഭരണ പരിഷ്കാര കമ്മീഷനുകൾ വഹിച്ച പങ്ക് വിലയിരുത്താൻ കഴിയുന്നു.

4) സെൻ കമ്മിറ്റി, ഉമ്മൻ കമ്മിറ്റി എന്നിവയുടെ ശുപാർശകൾ വിവരിക്കാനും അവ നമ്മുടെ പ്രാദേശിക ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് ചൂണ്ടിക്കാട്ടാനും കഴിയുന്നു.

5) വികസന- സേവന- ക്ഷേമ പരിപാടികൾ തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ സംയോജിപ്പിക്കാനും ഉദ്ഗ്രഥിക്കാനുമുള്ള സാധ്യതകൾ തിരിച്ചറിയാൻ കഴിയുന്നു.

## 6.2 ആമുഖം

പുരാതനകാലം മുതൽ പ്രവർത്തിച്ചുവന്നിരുന്ന പഞ്ചായത്ത് ഭരണവ്യവസ്ഥ ഒട്ടേറെ മാറ്റങ്ങളിലൂടെയാണ് ഇന്ന് കാണുന്ന പ്രാദേശിക സർക്കാർ എന്ന നിലയിലേക്ക് എത്തിയത്. അധികാരം മുകൾതലങ്ങളിൽ കയ്യടക്കാൻ വേണ്ടി അതാത് കാലങ്ങളിൽ സമൂഹത്തിൽ സ്വാധീനമുള്ളവർ ശ്രമിച്ചതും അതേസമയം തങ്ങൾക്ക് ഭരണകാര്യങ്ങളിൽ കൂടുതൽ പങ്കാളിത്തത്തിനായി ജനങ്ങൾ നടത്തിയ ഇടപെടലുകളും മാറ്റങ്ങൾക്ക് കാരണമായി. ഈ മാറ്റങ്ങൾ അവയുടെ ഘടനയിൽ മാത്രമല്ല പ്രവർത്തന മേഖലകളിലും മാറ്റങ്ങൾ സൃഷ്ടിച്ചു. തങ്ങളുടെ ചൂഷണ താൽപ്പര്യങ്ങൾക്ക് പ്രാദേശിക ഭരണ താൽപ്പര്യങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ചിന്തിച്ച ബ്രിട്ടീഷ് ഭരണ

കാലത്തുപോലും ഈ വ്യവസ്ഥയുടെ അതിരുകൾക്ക് ഇത്തരം മാറ്റങ്ങളുണ്ടായിട്ടുണ്ട്.

സ്വാതന്ത്ര്യത്തിനുശേഷം അധികാര വികേന്ദ്രീകരണത്തിനും പ്രാദേശിക ഭരണ സമ്പ്രദായത്തിനും വേണ്ടിയുള്ള ശ്രമങ്ങൾ ഏറെയുണ്ടായിട്ടുണ്ട്. ജനങ്ങളുടെ ഭാഗത്തു നിന്നും ഈ ആവശ്യം ശക്തമാകുമ്പോൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തായിരിക്കണമെന്നും അതിനുവേണ്ടി നടത്തേണ്ട നിയമനിർമ്മാണങ്ങൾ എന്തെല്ലാമായിരിക്കണമെന്നും പലപ്പോഴായി വ്യാപകമായ ചർച്ചകൾക്ക് വിധേയമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിദഗ്ധരുടെയും ജനങ്ങളുടെയും അഭിപ്രായം തേടി അവ കൂടി പരിഗണിച്ച് നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്നതിന്, നിയമ നിർമ്മാണം നടത്താനധികാരമുള്ള കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചു വരുന്ന സമ്പ്രദായമാണ് വിദഗ്ധ സമിതികൾ രൂപീകരിച്ച്, ആ സമിതികളെക്കൊണ്ട് പഠനം നടത്തുക എന്നത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അധികാര വികേന്ദ്രീകരണത്തിനായി പഠനങ്ങൾ നടത്തിയ പ്രധാന കമ്മിറ്റികൾ ബൽവന്ത് റായ് മേത്ത കമ്മിറ്റി, അശോക് മേത്ത കമ്മിറ്റി, ജി വി കെ റാവു കമ്മിറ്റി, എൽ എം സിങ്‌വി കമ്മിറ്റി തുടങ്ങിയവയാണ്. കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിനായി പഠനങ്ങൾ നടത്തിയത് ഭരണ പരിഷ്കാര കമ്മറ്റികളും സെൻ കമ്മറ്റിയും ആണ്. വികേന്ദ്രീകൃത ആസൂത്രണത്തെ കുറിച്ച് പഠനം നടത്തിയ കമ്മിറ്റിയാണ് എം എ ഉമ്മൻ കമ്മിറ്റി. ഈ കമ്മിറ്റികളുടെ പഠനങ്ങളുടെ പ്രധാന കണ്ടെത്തലുകളും നിഗമനങ്ങളും നയരൂപീകരണത്തിനായുള്ള നിർദ്ദേശങ്ങളും സംക്ഷിപ്തമായി ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നു. കൂടാതെ ശക്തമായ പ്രാദേശിക ഭരണം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് എല്ലാ വികസന- സേവന- ക്ഷേമ പ്രവർത്തനങ്ങളും താഴെ പ്രാദേശിക ഭരണ സ്ഥാപന തലത്തിൽ സംയോജിപ്പിച്ചും ഉദ്ഗ്രഥിച്ചും നടപ്പാക്കി അവയുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാക്കാനുള്ള സാധ്യതകളും പരിശോധിക്കുന്നു.

## 6.3 മാറുന്ന അതിരുകൾ

"Power corrupts, absolute power corrupts absolutely" എന്നാണ് പണ്ഡിതമതം. അധികാരം എത്രത്തോളം കേന്ദ്രീകരിക്കുന്നുവോ അത്രത്തോളം അത് ദുഷിക്കാനിട വരും എന്നും ആ അധികാരവ്യവസ്ഥ തകർച്ചയിലേക്ക് നീങ്ങുമെന്നും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കേന്ദ്രീകൃത രാജ്യഭരണ വ്യവസ്ഥകളും ഭൂപ്രഭുത്വ വ്യവസ്ഥയും വിദേശാധിപത്യവുമെല്ലാം നിലനിന്നിരുന്നപ്പോഴും, രാജ്യത്ത് പ്രാദേശിക തലങ്ങളിൽ, ഭരണസംവിധാനമെന്നോ സ്വയംഭരണ സംവിധാനമെന്നോ വ്യക്തമായി വേർതിരിക്കാനാവില്ലെങ്കിൽപ്പോലും അത്തരം പ്രാദേശികഭരണ രീതികൾ വികേന്ദ്രീകരിക്കപ്പെട്ട അധികാരത്തിന്റെ സൂചനകളായി നിലനിന്നിരുന്നുവെന്ന് മുൻ യൂണിറ്റുകളിൽ പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്രീകൃത ഭരണ വ്യവസ്ഥയിലും ചില മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും അവ പങ്കാളിത്ത ജനാധിപത്യ ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് മാതൃകയാകുന്നവയാണെന്നും ചരിത്രം വ്യക്ത

മാക്കുന്നു. താഴെതട്ടിൽ അധികാരം കയ്യാളുന്നതിനുള്ള മാറ്റത്തിന്റെ തുടക്കം പണ്ടു മുതലേ കാണാൻ കഴിയും. അത്തരം പുരാതനകാല അനുഭവങ്ങൾ മുൻ യൂണിറ്റുകളിൽ പറയുന്നതിനാൽ വീണ്ടും ഇവിടെ പരാമർശിക്കുന്നില്ല. ആധുനിക കാലത്ത് പോലും മാറ്റത്തിനുള്ള അന്വേഷണങ്ങളിലൂടെ ചില നല്ല മാതൃകകൾ രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. രവീന്ദ്രനാഥടാഗോർ നടത്തിയ ശ്രീനികേതൻ പരീക്ഷണം, എഫ് എൽ ബ്രെയിലിന്റെ ഗുർഗോൺ സംരംഭം, സേവാഗ്രാമിലൂടെ ഗാന്ധിജി രൂപംകൊടുത്ത ഗ്രാമ പുനർനിർമ്മാണ പരിപാടികൾ, എസ് കെ ഡെയുടെ നേതൃത്വത്തിൽ നടന്ന ഇറ്റാവ പ്രോജക്ട് തുടങ്ങിയവ വികേന്ദ്രീകൃതമായും ജനപങ്കാളിത്തത്തോടെയും വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി എങ്ങനെ നടത്താൻ കഴിയും എന്നതിന്റെ നല്ല ചില ഉദാഹരണങ്ങളാണ്. ഇതുപോലെ വേറെയും ഉദാഹരണങ്ങൾ കാണാൻ കഴിയും.

1951 ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സര പദ്ധതിയിലൂടെ രാജ്യത്ത് ഔദ്യോഗികമായ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ വികസന പ്രവർത്തനങ്ങൾ താഴേതലം വരെ എത്തിക്കുന്നതിന് വേണ്ടി കൂടിയായിരുന്നു വികേന്ദ്രീകൃത രീതിയിലുള്ള സാമൂഹിക വികസന പരിപാടി ആരംഭിച്ചത്. അതോടെ ഉദ്യോഗസ്ഥ നേതൃത്വത്തിൽ ആണെങ്കിൽപോലും സാമൂഹിക വികസന പരിപാടികൾ ബ്ലോക്ക് തലം വരെ കേന്ദ്രീകരിക്കപ്പെട്ടു. നാഷണൽ എക്സ്റ്റെൻഷൻ സർവീസ് (NES) ബ്ലോക്കുകൾ സാമൂഹിക വികസന പരിപാടികളുടെ കേന്ദ്രങ്ങളായി. രാജ്യത്ത് വികസന പരിപാടികളുടെ വികേന്ദ്രീകരിക്കൽ പ്രക്രിയ ഇവിടെ തുടങ്ങുന്നു. എന്നാൽ രാജ്യവ്യാപകമായി നടപ്പിലാക്കിയ ബ്ലോക്ക് സംവിധാനത്തിലെ ജനപങ്കാളിത്തക്കുറവ് സാമൂഹിക വികസന പരിപാടികൾ കാര്യക്ഷമതയില്ലായ്മക്ക് കാരണമാവുന്നു എന്ന വിമർശനം ഉയർന്നു. ഇത് ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ നിയമനത്തിനും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കമ്മിറ്റിയുടെ ശക്തമായ ശുപാർശകളിലേക്കും വഴിതുറന്നു. ഇവിടെ അതിരുകൾ മാറുന്നത് പഞ്ചായത്തുകളുടെ ചരിത്രം നമുക്ക് കാണിച്ചു തരുന്നു.

പഞ്ചായത്തുകളുടെ ശാക്തീകരണത്തിനും അധികാരവികേന്ദ്രീകരണത്തിനും വേണ്ടിയുള്ള വാദങ്ങൾ ശക്തമായി നിലനിന്നിരുന്നതിന്റെ ഫലമായാണ് ബൽവന്ത് റായ് മേത്ത കമ്മിറ്റി ഉൾപ്പെടെ നിരവധി കമ്മിറ്റികളും കമ്മീഷനുകളും രൂപീകരിക്കപ്പെട്ടതും അവയുടെ ശുപാർശകൾ വ്യാപകമായി ചർച്ചചെയ്യപ്പെട്ടതും. ഈ ചർച്ചകൾ 73,74 ഭരണഘടനാ ഭേദഗതികൾ പാർലമെന്റ് പാസ്സാക്കുന്നിടംവരെ എത്തി. അവിടെയും അതിരുകൾ മാറുന്നത് നമുക്ക്കാണാം. പ്രാദേശിക ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ശ്രദ്ധേയമായ ശുപാർശകൾ സമർപ്പിച്ച പ്രധാന കമ്മിറ്റികളും അവയുടെ പ്രധാന ശുപാർശകളും ഹ്രസ്വമായി പരാമർശിക്കുന്നു.

## 6.4 കമ്മിറ്റികളും ശുപാർശകളും - ദേശീയ തലത്തിൽ

### I. ബൽവന്ത് റായ് മേത്ത കമ്മിറ്റി

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയുടെ പ്രാദേശിക വികസനത്തിനായി ആവിഷ്കരിച്ച പരിപാടിയാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നും ഇതിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഡവലപ്മെന്റ് ബ്ലോക്കുകൾ സ്ഥാപിക്കുകയും അവയിലൂടെ വിവിധങ്ങളായ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുവെന്നും ആദ്യമേതന്നെ സൂ

ചിപ്പിച്ചുവല്ലോ. എന്നാൽ കാര്യമായ വികസന മുന്നേറ്റം ഈ പ്രവർത്തനങ്ങൾ വഴി സാധിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ഇതേക്കുറിച്ച് വിശദമായ പഠനം നടത്തി നിർദേശങ്ങൾ സമർപ്പിക്കുന്നതിനായാണ് 1957ൽ ബൽവന്ത് റായ് മേത്ത ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ചത്.

ബൽവന്ത് റായ് മേത്ത കമ്മറ്റിയുടെ പഠനത്തിലൂടെ തിരിച്ചറിഞ്ഞ പ്രധാന കാര്യം ജനപങ്കാളിത്തത്തിന്റെ അഭാവമാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പരാജയത്തിന് മുഖ്യകാരണമായത് എന്നായിരുന്നു. പ്രാദേശിക വികസന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ത്രിതല പഞ്ചായത്ത് സംവിധാനം അനിവാര്യമാണെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ഇനി പറയുന്ന വിധത്തിലായിരുന്നു ആ നിർദേശം.

1. ഗ്രാമപഞ്ചായത്ത് (വില്ലേജ് തലത്തിൽ)
2. പഞ്ചായത്ത് സമിതി (മധ്യ തലത്തിൽ)
3. ജില്ലാ പരിഷത്ത് (ജില്ലാ തലത്തിൽ)

അങ്ങിനെ ആദ്യമായി ത്രിതല പഞ്ചായത്ത് സംവിധാനം നിർദ്ദേശിക്കപ്പെട്ടു.

ഈ കമ്മറ്റിയുടെ മറ്റൊരു സുപ്രധാന നിർദേശം പഞ്ചായത്തുകൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നതാകണമെന്നും ഗവൺമെന്റ് നിശ്ചിത ചുമതലകളും ഉത്തരവാദിത്തങ്ങളും പഞ്ചായത്തുകൾക്കായി നീക്കിവെക്കണം എന്നതുമായിരുന്നു.

കൂടാതെ വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും വികേന്ദ്രീകരിച്ചു കൊടുക്കണമെന്നും, മേൽത്തട്ടിലുള്ള ആസൂത്രണവും മേൽനോട്ടവും മാർഗനിർദ്ദേശങ്ങൾ നൽകലും മാത്രം ഗവൺമെന്റ് ചെയ്താൽ മതിയെന്നും നിർദേശിച്ചു. ചുമതലകൾ വികേന്ദ്രീകരിച്ചു നൽകേണ്ട വിധം കമ്മറ്റി നിർദ്ദേശിക്കുകയും ചെയ്തു. കമ്മിറ്റി നിർദേശിച്ച ത്രിതല പഞ്ചായത്തുകളും അവയ്ക്ക് നിർദ്ദേശിച്ച ചുമതലകളും ഇനി പറയുന്നു.

### a) ഗ്രാമപഞ്ചായത്ത് (വില്ലേജ് തലത്തിൽ)

വില്ലേജ് തലത്തിലുള്ള ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളായി കണ്ടെത്തിയത് കുടിവെള്ള വിതരണം, ശുചിത്വം, തെരുവുവിളക്ക്, റോഡുകളുടെ പരിപാലനം, ഭൂപരിപാലനം, റെക്കോർഡുകളുടെ സൂക്ഷിപ്പ്, പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം എന്നിവയായിരുന്നു. ഗ്രാമപഞ്ചായത്തുകളുടെ വിഭവ സ്രോതസ്സ് വിപുലീകരിക്കുന്നതിന് മധ്യതലത്തിലുള്ള പഞ്ചായത്ത് സമിതിയുടെ ഒരു നിശ്ചിത വിഹിതവും പിരിച്ചെടുക്കുന്ന ഭൂനികുതിയുടെ നാലിൽ മൂന്നു ഭാഗവും നൽകണമെന്ന് നിർദേശിച്ചു. വില്ലേജ് പഞ്ചായത്തുകളുടെ ബജറ്റ് അംഗീകരിക്കേണ്ടത് മധ്യ തലത്തിലുള്ള പഞ്ചായത്ത് സമിതി ആയിരിക്കണമെന്നും നിർദേശിക്കപ്പെട്ടു.

### b) പഞ്ചായത്തുസമിതി (മദ്ധ്യതലത്തിൽ)

നിലവിലുണ്ടായിരുന്ന ഡവലപ്മെന്റ് ബ്ലോക്കുകളെ അടിസ്ഥാനമാക്കി മധ്യതലത്തിൽ പഞ്ചായത്തു സമിതി രൂപീകരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടു. ഒരു കൂട്ടം വില്ലേജ് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പഞ്ചായത്തു സമിതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവരും

കോ-ഓപ്റ്റ് ചെയ്യപ്പെടുന്നവരുമാണ് മെമ്പർമാരായി വരേണ്ടത്. കാർഷിക വികസനം, കന്നുകാലി വളർത്തൽ, പ്രദേശിക വ്യവസായ വികസനം, പൊതുജനാരോഗ്യം, സാമൂഹിക ക്ഷേമം, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ്, വിവര ശേഖരവും സൂക്ഷിപ്പും എന്നിവയാണ് പഞ്ചായത്ത് സമിതിയുടെ ചുമതലകളായി നിർദ്ദേശിക്കപ്പെട്ടത്. കൂടാതെ സംസ്ഥാന ഗവൺമെന്റ് പരിപാടികളും, പഞ്ചായത്ത് സമിതിയുടെ വിഭവ സ്രോതസ് കണ്ടെത്തിയത് (1) ഭൂനികുതിയുടെ നിശ്ചിത ശതമാനം, (2) ഭൂനികുതിയിൻമേലുള്ള സെസ്സ്, (3) പ്രൊഫഷണൽ ടാക്സ്, (4) സ്വത്ത് കൈമാറ്റത്തിൻമേലുള്ള സർചാർജ്ജ് ഡ്യൂട്ടി, (5) പ്രോപ്പർട്ടിയിൽ നിന്നുമുള്ള റെന്റും പ്രോഫിറ്റും, (6) ബിൽഡിങ്ങ് ടാക്സ്, (7) എന്റർടെയിൻമെന്റ് ടാക്സ്, (8) പ്രൈമറി എജ്യുക്കേഷൻ സെസ്സ്, (9) മാർക്കറ്റുകളിൽ നിന്നുമുള്ള വരുമാനം, (10) മോട്ടോർ വെഹിക്കിൾ ടാക്സിന്റെ വിഹിതം, (11) ടോളുകളിൽ നിന്നും ലീസുകളിൽ നിന്നുമുള്ള വരുമാനം, (12) പൊതുജനങ്ങളിൽ നിന്നുള്ള സംഭാവന, (13) ഗവൺമെന്റിൽ നിന്നു ലഭിക്കുന്ന സംഭാവന എന്നിവയിലൂടെയാണ്. പഞ്ചായത്ത് സമിതിയുടെ ബജറ്റ് അംഗീകരിക്കേണ്ടത് ജില്ലാ പരിഷത്തായിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

### c) ജില്ലാ പരിഷത്ത് (ജില്ലാതലത്തിൽ)

ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ പരിഷത്തിൽ പഞ്ചായത്ത് സമിതികളിലെ ചെയർമാൻമാരും, എം എൽ എ മാരും എം പി മാരും അംഗങ്ങളായി നിർദ്ദേശിക്കപ്പെട്ടു. ജില്ലാ പരിഷത്തിന് ഉപദേശക സമിതിയുടെ സ്വഭാവമാണ് നിർദ്ദേശിക്കപ്പെട്ടത്.

ബൽവന്ത്റായ് മേത്ത കമ്മിറ്റിയുടെ മറ്റൊരു സുപ്രധാന നിർദ്ദേശമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർക്കും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകണമെന്നത്.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ --- ഒന്ന്

I. **ശരിയോ തെറ്റോ എന്ന് വിലയിരുത്തുക**
**ഒരു മാർക്ക് വീതം**

1. ബൽവന്ത് റായ് മേത്ത കമ്മിറ്റി 1957 ൽ രൂപീകരിച്ചു.

   ☐ ശരി ☐ തെറ്റ്

2. ജനപങ്കാളിത്തമില്ലായ്മയാണ് കമ്മ്യൂണിറ്റി ഡെലവലപ്മെന്റ് പ്രോജക്ടിന്റെ പരാജയ കാരണമെന്ന് ബൽവന്ത് റായ് മേത്ത കണ്ടെത്തി.

   ☐ ശരി ☐ തെറ്റ്

3. ബൽവന്ത് റായ് മേത്ത കമ്മിറ്റി ദ്വിതല പഞ്ചായത്ത് സംവിധാനമാണ് നിർദ്ദേശിച്ചത്.

   ☐ ശരി ☐ തെറ്റ്

4. ബൽവന്ത് റായ് മേത്ത കമ്മിറ്റി നിർദ്ദേശിച്ച ജില്ലാ പരിഷത്തിൽ ജില്ലാ കളക്ടറാണ് ചെയർമാൻ.

   ☐ ശരി ☐ തെറ്റ്

II **ചേരും പടി ചേർക്കുക**
**ഒരു മാർക്ക് വീതം**

| | | |
|---|---|---|
| (a) | ഗുർഗോൺ | രവീന്ദ്രനാഥ്ടാഗോർ |
| (b) | ഇറ്റാവ | എഫ്. എൽ ബ്രെയിൽ |
| (c) | ശ്രീനികേതൻ | ഗാന്ധിജി |
| (d) | സേവാഗ്രാം | എസ് കെ ഡെ |

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**3 മാർക്ക് വീതം**

1. ബൽവന്ത് റായ് മേത്ത കമ്മിറ്റി നിർദ്ദേശിച്ച വില്ലേജ് തലത്തിലുള്ള ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകൾ എന്തെല്ലാം?
2. ബൽവന്ത് റായ് മേത്ത കമ്മിറ്റി നിർദ്ദേശിച്ച പഞ്ചായത്തു സമിതി (മദ്ധ്യ തലം) യുടെ വരുമാന സ്രോതസ്സുകൾ ഏതെല്ലാം?
3. ബൽവന്ത് റായ് മേത്ത കമ്മിറ്റി നിർദ്ദേശിച്ച പഞ്ചായത്തു സമിതി (മദ്ധ്യ തലം) യുടെ ചുമതലകൾ എന്തെല്ലാം?

## II. അശോക് മേത്ത കമ്മിറ്റി

> ഇന്ത്യയിലെ ഗ്രാമീണ ജീവിതത്തിന്റെ ലക്ഷ്യവും മാർഗവുമാകുന്ന ഒരു തത്ത്വശാസ്ത്രമായി പഞ്ചായത്തീരാജ് സംഭാവന നൽകേണ്ടതാണ്.
>
> Altogether both as an end means Panchayati Raj should contribute to the philosophy as well as practice of a rich, rewarding life in rural India.
>
> **അശോക് മേത്ത കമ്മിറ്റി**

അശോക് മേത്ത ചെയർമാനായുള്ള കമ്മിറ്റി 1977 ൽ രൂപീകരിക്കപ്പെട്ടു. ഈ കമ്മിറ്റിയിൽ കേരളത്തിൽനിന്നും ഇ എം എസ് നമ്പൂതിരിപ്പാടും മെമ്പറായിരുന്നു. ഗ്രാമവികസനത്തിലൂടെ കാർഷിക ഉത്പാദനം വർദ്ധിപ്പിച്ചുകൊണ്ടും തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്നതിനായി അധികാര വികേന്ദ്രീകരണം നടത്തി പഞ്ചായത്തുകളെ പുനഃസംഘടിപ്പിച്ച് ശാക്തീകരിക്കുക എന്നതായിരുന്നു ലക്ഷ്യം.

അശോക് മേത്ത കമ്മിറ്റി അതിന്റെ റിപ്പോർട്ട് 1978 ആഗസ്റ്റ് മാസം 17-ാം തിയ്യതി സമർപ്പിച്ചു. പ്രധാനപ്പെട്ട നിർദ്ദേശങ്ങളായി പറയാവുന്നത് (1) രണ്ട് തട്ടുകളിലായി പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ സ്ഥാപിക്കുക (ബ്ലോക്കുതലത്തിൽ മണ്ഡൽ പഞ്ചായത്തും, ജില്ലാ തലത്തിൽ ജില്ലാ പരിഷത്തും), (2) ജില്ലാ പരിഷത്ത് പ്രധാന ചുമതല വഹിക്കുക, (3) തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് എല്ലാ തട്ടുകളിലും പ്രാധാന്യമുണ്ടായിരിക്കുക (ഉദ്യോഗസ്ഥരേക്കാൾ), (4) ജില്ലയിലെ വികസനവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും ജില്ലാ പരിഷത്തിനു കീഴിൽ കൊണ്ടുവരിക, (5) ജില്ലാതല ആസൂത്രണത്തിന്റെ ചുമതല ജില്ലാപരിഷത്തിനു നൽകുക എന്നിവയാണ്.

പഞ്ചായത്തു തിരഞ്ഞെടുപ്പ് നടത്തേണ്ടത് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചുകൊണ്ട് സംസ്ഥാനതല ചീഫ് ഇലക്ഷൻ ഓഫീസറായിരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. പക്ഷപാതപരമായി പെരുമാറിക്കൊണ്ട് പഞ്ചായത്തുകളെ പിരിച്ചു വിടരുതെന്നും ഏതെങ്കിലും കാരണത്താൽ പഞ്ചായത്തുകളെ പിരിച്ചു വിടേണ്ടി വന്നാൽ ആറു മാസത്തിനുള്ളിൽ തിരഞ്ഞെടുപ്പ് നടത്തണമെന്നും നിർദ്ദേശിച്ചു.

കമ്മിറ്റി നിർദ്ദേശിച്ച വിവിധ പഞ്ചായത്തുകളും അവയുടെ സവിശേഷതകളും ഇനി കൊടുക്കുന്നു.

### 1) മണ്ഡൽ പഞ്ചായത്തുകൾ

ബ്ലോക്കു തലത്തിലുള്ള മണ്ഡൽ പഞ്ചായത്തുകളിൽ മൂന്നു തലത്തിലുള്ള മെമ്പർമാരാണ് നിർദ്ദേശിക്കപ്പെട്ടത്. (1) നേരിട്ടു തിരഞ്ഞെടുക്കപ്പെട്ടുവരുന്ന 15 അംഗങ്ങൾ, (2) ഫാർമേഴ്സ് സർവ്വീസ് സൊസൈറ്റിയുടെ പ്രതിനിധികൾ, (3) മണ്ഡൽ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഏറ്റവും അധികം വോട്ടു ലഭിച്ച രണ്ടു വനിത മെമ്പർമാർ. മണ്ഡൽ

പഞ്ചായത്തു പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത് നേരിട്ട് തിരഞ്ഞെടുക്കപ്പെട്ട ജനപ്ര തിനിധികളുടെ ഇടയിൽ നിന്നായിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

### 2) വില്ലേജ് കമ്മിറ്റികളും ഗ്രാമസഭയും

കൂടാതെ മണ്ഡൽ പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇലക്ടൽ യൂണിറ്റിലെ മെമ്പർ, ജില്ലാ പരിഷത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇലക്ടൽ യൂണിറ്റിലെ മെമ്പർ, ചെറുകിട നാമമാത്ര കൃഷിക്കാരുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വില്ലേജ് കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടു. വില്ലേജ് കമ്മിറ്റികൾക്ക് നേതൃത്വം കൊടുക്കുന്നത് മണ്ഡൽ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായി രിക്കും. ഓരോ വില്ലേജ് കമ്മിറ്റിയും വർഷത്തിൽ രണ്ട് ഗ്രാമസഭകൾ നിർബന്ധമായും സംഘടിപ്പിക്കേണ്ടതാണ്. മണ്ഡൽ പഞ്ചായത്തുകൾ വില്ലേജ് തല ത്തിൽ നടപ്പാക്കാനു ദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദീകരിക്കുന്നതിനും ജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമാണ് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നത്.

### 3) ജില്ലാ പരിഷത്ത്

ജില്ലാ പരിഷത്തിൽ മെമ്പർമാരാണ് നിർദ്ദേശിക്കപ്പെട്ടത്. (1) തിരഞ്ഞെടുക്ക പ്പെട്ടുവരുന്ന ജില്ലാ പരിഷത്തിലെ ജനപ്രതിനിധികൾ, (2) മണ്ഡൽ പഞ്ചായത്തു പ്ര സിഡന്റുമാർ, (3) മുനിസിപ്പാലിറ്റിയിൽ നിന്നും നാമനിർദ്ദേശം നൽകപ്പെടുന്നവർ, (4) ജില്ലാ ഭൂസഹകരണ ഫെഡറേഷനിൽ നിന്നും നാമനിർദ്ദേശം നൽകപ്പെടുന്നവർ, ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന രണ്ടു വനിതാ പ്രതിനിധികൾ. ജില്ലാ പരിഷത്തിന്റെ ചെയർപേഴ്സണെ നേരിട്ടു തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെയും എക്സ് ഒഫിഷ്യോ മെമ്പർമാരുടെയും ഇടയിൽ നിന്നും തിരഞ്ഞെടുക്കപ്പെടണമെന്നാണ് നിർദ്ദേശിക്കപ്പെ ട്ടത്. ജില്ലാ പഞ്ചായത്തുകൾ കമ്മിറ്റികൾ മുഖാന്തരമായിരിക്കണം ഭരണ നിർവ്വഹണം നടത്തുന്നത്. കൃഷി, വിദ്യാഭ്യാസം, ചെറുകിട വ്യവസായം, ധനകാര്യം, പൊതുമരാമ ത്ത്, സാമൂഹികനീതി എന്നിവയാണ് നിർദ്ദേശിക്കപ്പെട്ട പ്രധാന കമ്മിറ്റികൾ. ഈ കമ്മിറ്റികളുടെ ചെയർമാൻമാർ മെമ്പർമാരായുള്ള സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഒരോ ജില്ലാ പരിഷത്തിലും ഉണ്ടായിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

### 4) പ്ലാനിംഗ് കമ്മിറ്റി (ആസൂത്രണ സമിതി)

പദ്ധതിയാസൂത്രണത്തിനും വിലയിരുത്തുന്നതിനുമായി പ്ലാനിംഗ് കമ്മിറ്റി വേ ണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ജില്ലാ പരിഷത്തിലെ തിരഞ്ഞെടുക്കപ്പെട്ടുവരുന്ന എല്ലാ മെമ്പർമാരും, അതതു ജില്ലകളിലുള്ള എം എൽ എ മാർ, എം പി മാർ എന്നിവരുമാണ് ഇതിലെ മെമ്പർമാർ.

### 5) ന്യായ പഞ്ചായത്തുകൾ

നിശ്ചിത യോഗ്യതയുള്ള ജഡ്ജിമാരെ ഉൾപ്പെടുത്തികൊണ്ടാണ് ന്യായപഞ്ചായ ത്തുകൾ രൂപീകരിക്കേണ്ടതെന്ന് നിർദ്ദേശിച്ചു. എന്നാൽ ഇപ്രകാരം രൂപീകരിക്കുന്ന ന്യായപഞ്ചായത്തുകൾ 'വികസന' പഞ്ചായത്തുകളുമായി കൂട്ടിച്ചേർക്കപ്പെടരുതെന്നും

നിർദ്ദേശിക്കപ്പെട്ടു. കാര്യനിർവ്വഹണത്തിനുള്ള 'വികസന' പഞ്ചായത്തിന് ന്യായ പഞ്ചായത്തിന്റെ ചുമതലകൾ കൂടി നൽകിയാൽ ജനങ്ങൾക്കു നീതി ലഭിക്കുന്നതിനുള്ള സാധ്യത കുറയുമെന്ന് കമ്മിറ്റി വിലയിരുത്തി.

## III. എൽ എം സിങ്‌വി കമ്മിറ്റി

ഇന്ത്യയിലെ പഞ്ചായത്തീരാജ് സംവിധാനം സമഗ്രമായി പഠിച്ച് അവയെ ശാക്തീകരിക്കുന്നതിനുള്ള സമഗ്ര നിർദ്ദേശം നൽകുന്നതിനായാണ് 1986 ൽ എൽ എം സിങ്‌വി കമ്മിറ്റി രൂപീകരിച്ചത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളായിരിക്കണമെന്നും ഗ്രാമസഭകൾ പ്രത്യക്ഷ ജനാധിപത്യത്തിന്റെ സാക്ഷാത്കാരം ആയിരിക്കണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ താഴെ നിന്നും മുകളിലേക്ക് പടുത്തുയർത്തുന്ന ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിനുള്ള സ്ഥാപനങ്ങളായാണ് സംഘടിപ്പിക്കേണ്ടതെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. ആസൂത്രണത്തിലും വികസനത്തിലും ജനങ്ങളെ പങ്കാളികളാക്കി സമൂഹത്തിന് സുപ്രധാന സ്ഥാനം നൽകണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു. ഭരണഘടനയിൽ ഒരു പുതിയ അദ്ധ്യായമായി ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകണമെന്നും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ മൂന്നാം തട്ടിലുള്ള ഭരണകൂടങ്ങളായി പ്രഖ്യാപിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് ഗൗരവമായി കാണണമെന്നും നിശ്ചിത കാലയളയിൽ തിരഞ്ഞെടുപ്പ് നടത്തണമെന്നും അതിനായി ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന കമ്മീഷനെയോ മറ്റു സംവിധാനങ്ങളെയോ ചുമതലപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. പഞ്ചായത്തുകളുടെ ഇലക്ഷൻ, സസ്പെൻഷൻ, പിരിച്ചുവിടൽ ജനപ്രതിനിധികൾക്കെതിരെയുള്ള നടപടികൾ എന്നിവ തീരുമാനിക്കുന്നതിനായി ഒരു പഞ്ചായത്തു ജുഡീഷ്യൽ കമ്മീഷൻ വേണമെന്ന് കമ്മിറ്റി രേഖപ്പെടുത്തി.

കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് നിശ്ചയിക്കപ്പെട്ട വിഷയങ്ങളിൽ നികുതി ചുമത്താനും അവ പിരിച്ചെടുക്കാനുമുള്ള അധികാരം നൽകണമെന്നും ദേശീയ ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക വിഹിതം നൽകണമെന്നും സംസ്ഥാനങ്ങളുടെ വിഭവസ്രോതസ്സുകളെ പഞ്ചായത്തുകൾക്ക് നൽകുന്നതിനെ സംബന്ധിച്ചുള്ള നിർദേശങ്ങൾ സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകണമെന്നും നിർദ്ദേശിച്ചു. സ്വയംഭരണം, നിയമവാഴ്ച എന്നിവയിലധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥ വികസിപ്പിക്കുന്നതിനായി ന്യായപഞ്ചായത്തുകൾ രൂപീകരിക്കണമെന്നും കമ്മിറ്റി നിർദേശിച്ചു.

## IV. ജി വി കെ റാവു കമ്മിറ്റി

ഇന്ത്യയിലെ ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജനത്തിനുമായുള്ള പരിപാടികളെ വിലയിരുത്തുന്നതിനും നിർദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 1985ൽ ജി വി കെ റാവു ചെയർമാനായി കമ്മിറ്റി രൂപീകരിച്ചു. ജി വി കെ റാവു കണ്ടെത്തിയ ഒരു പ്രധാന കാര്യം, വികസനപ്രവർത്തനങ്ങൾ ബ്യൂറോക്രസിയുടെ പിടിമുറുക്കത്തി

ലായെന്നും അവ ജനങ്ങളിൽനിന്നും അകന്ന പോയിക്കൊണ്ടിരിക്കുന്ന എന്നതുമാണ്. ഈ പ്രവണതയെ മറികടന്നുകൊണ്ട് പഞ്ചായത്തുകളെ പുനർജ്ജീവിപ്പിക്കാനുള്ള നിർദ്ദേശങ്ങളാണ് കമ്മിറ്റി മുന്നോട്ട് വച്ചത്. ജില്ലയെ ആസൂത്രണത്തിന്റെ അടിസ്ഥാന യൂണിറ്റായി കണ്ടുകൊണ്ട് ജില്ലാ പരിഷത്തിനെ വികസനത്തിന്റെ മുഖ്യഘടകമായി ശാക്തീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ഇതോടൊപ്പം സംസ്ഥാന തലത്തിലുള്ള ആസൂത്രണ പ്രവർത്തനങ്ങൾ കഴിവതും ജില്ലാതലത്തിലേക്ക് കൈമാറണമെന്നും നിർദ്ദേശിച്ചു. കൂടാതെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ എന്നീ കാര്യങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കണമെന്ന് കമ്മിറ്റി രേഖപ്പെടുത്തി. പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സമയബന്ധിതമായി നടപ്പാക്കണമെന്നും നിദ്ദേശിച്ചു. ജി വി കെ റാവു കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കാളിത്തം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ്.

## 6.5 കേരളത്തിലെ അധികാരവികേന്ദ്രീകരണ കമ്മിറ്റി (സെൻ കമ്മിറ്റി)

കേരളത്തിലെ അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനായി വിശദമായ പഠനം നടത്തുന്നതിന് 1996 ൽ എസ്. ബി. സെൻ ചെയർമാൻ ആയി കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും 1999 ൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാക്തികരിക്കപ്പെട്ടു. സെൻ കമ്മിറ്റി മുന്നോട്ട് വച്ച അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഇനി പറയുന്നവയാണ്.

### a) സ്വയംഭരണാധികാരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നും അനുവദിക്കപ്പെട്ട പ്രവർത്തന മേഖലകളിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നും ഇത് സൂചിപ്പിക്കുന്നു. വികസനകാര്യങ്ങളിൽ ദേശീയ, സംസ്ഥാന മുൻഗണനകൾക്ക് വിധേയമായിക്കൊണ്ടുള്ള സ്വാതന്ത്ര്യമാണ് ഇവിടെ വിവക്ഷിക്കുന്നത്. സ്വയംഭരണ അധികാരത്തിന് മൂന്ന് തലങ്ങളുണ്ട്

1. നിർവഹണ സ്വാതന്ത്ര്യം
2. സാമ്പത്തിക സ്വാതന്ത്ര്യം
3. ഭരണപരമായ സ്വാതന്ത്ര്യം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ നിർവഹണ മേഖലകൾ നിശ്ചയിക്കുകയും അതിന് ആവശ്യമായ വിഭവങ്ങൾ, ഉദ്യോഗസ്ഥർ, ഭരണപരമായ സംവിധാനം, സ്വതന്ത്രമായി തീരുമാനം എടുക്കുവാനും നടപ്പാക്കുവാനും ഉള്ള അധികാരം എന്നിവ ഉണ്ടായിരിക്കണം എന്നതുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## b) കീഴ്തല മുൻഗണന

വിവിധ തട്ടുകളായി നിൽക്കുന്ന സ്ഥാപനങ്ങൾ ഉണ്ടാകുമ്പോൾ ഓരോ സ്ഥാപനത്തിനും ചുമതല വിഭജിച്ചു നൽകുന്നതിന്റെ അടിസ്ഥാനം കീഴ്തല മുൻഗണന ആയിരിക്കണം. ഒരു തട്ടിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ആ തട്ടിൽ തന്നെ നൽകുന്നതാണ് കീഴ്തല മുൻഗണന. അതിനുശേഷം ബാക്കി വരുന്ന കാര്യങ്ങൾ അതിന് തൊട്ടുമുകളിലുള്ള തട്ടിന് നൽകുക. അതായത് ഒരു ഗ്രാമപഞ്ചായത്തിന് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നതോ ഒരു ഗ്രാമപഞ്ചായത്തിന് സ്വന്തമായി ചെയ്യാൻ കഴിയാത്തതോ ആയ കാര്യമാണെങ്കിൽ അത് തൊട്ടുമുകളിലുള്ള ബ്ലോക്ക് പഞ്ചായത്തിന് നൽകുക. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന പ്രവർത്തനം ആണെങ്കിൽ അത് ജില്ലാപഞ്ചായത്തിന് നൽകുക. ശേഷിയുടെ അടിസ്ഥാനത്തിൽ താഴെ തട്ടിനു മുൻഗണന നൽകുക, താഴെ തട്ടിന്റെ ശേഷി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുക, അധികാരപരിധി ലംഘിക്കുന്നില്ല എന്ന് ഉറപ്പാക്കുക എന്നിവ ഈ തത്വത്തിൽ അടങ്ങിയിരിക്കുന്നു.

## c) ചുമതല വിഭജനം

വിവിധ തട്ടുകൾ തമ്മിലും വിവിധ ചുമതലകൾ തമ്മിലും വിഭജനം സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. ഓരോ തട്ടിലും അവരവരുടെ അധികാരപരിധിയിലുള്ളതു ചെയ്യുമ്പോൾ ഓരോരുത്തരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും കടമകളും തമ്മിലുള്ള വിഭജനം വ്യക്തതയുള്ളതായിരിക്കണം

## d) അനുപൂരകത

ഓരോ തലത്തിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുപൂരകമായി വേണം പ്രവർത്തിക്കുവാൻ എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## e) സമാനത

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, മുൻഗണന നിശ്ചയിക്കൽ, ധനസഹായം നൽകൽ തുടങ്ങിയ കാര്യങ്ങളിൽ പൊതുവായ മാനദണ്ഡങ്ങളും നിബന്ധനകളും ഉണ്ടായിരിക്കണം.

## f) ജനപങ്കാളിത്തം

തീരുമാനമെടുക്കുന്നതിൽ ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാവുക, അതിനുള്ള അവസരം അവർക്ക് ലഭിക്കുക എന്നിവയാണ് അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാകുന്നതിന്റെ ദൃഷ്ടാന്തങ്ങൾ. ഭരണകാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള അവസരം ഗ്രാമസഭകളിലൂടേയും വാർഡ് സഭകളിലൂടേയും പദ്ധതി രൂപീകരണ -നിർവഹണ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തത്തിലൂടെയും ജനങ്ങൾക്കു ലഭ്യമാകുന്നു.

## g) ഉത്തരവാദിത്തം

ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തവും കടപ്പാടും ജനങ്ങളോട് ആയിരിക്കണം എന്നാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഗ്രാമസഭ /വാർഡ് സഭ വിലയിരുത്തുകയും സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയും വേണം.

## h) സുതാര്യത

എല്ലാ തീരുമാനങ്ങളും നിലവിലുള്ള നിയമങ്ങൾക്കു വിധേയമായും സാമൂഹിക സമവായത്തിന്റെ അടിസ്ഥാനത്തിലും കൈക്കൊള്ളണം. തീരുമാനങ്ങളുടെ യുക്തി പൊതുജനങ്ങളെ അറിയിക്കണം. ഓരോ കാര്യത്തിനും ചെലവഴിച്ച ഫണ്ടിനെ കുറിച്ച് അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. അതിനാൽ ഭരണ വികസന കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന നടപടിക്രമങ്ങളും ഭാഷയും ജനസൗഹൃദപരമായിരിക്കണം.

## സെൻ കമ്മറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ

സമഗ്രവും വിശദവും ആയി നൽകിയിട്ടുള്ള സെൻ കമ്മറ്റിയുടെ നിർദേശങ്ങൾ സംക്ഷിപ്തമായി ഇനി പറയുന്നു.

1. ജനങ്ങൾക്ക് പ്രതികരിക്കാനും അവരുടെ സാഹചര്യങ്ങൾക്കനുസൃതമായി വികസന നയം രൂപപ്പെടുത്താനും ജനങ്ങളെ ശാക്തീകരിക്കുന്ന രീതിയിലായിരിക്കണം പ്രാദേശിക ഭരണസംവിധാനം
2. സാമ്പത്തിക വികസനവും സാമൂഹികനീതിയും കൈവരിക്കുന്നതിന് പര്യാപ്തമായ അധികാരങ്ങളും വിഭവങ്ങളും ഉള്ള പ്രാദേശിക സർക്കാരുകൾ ആയിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
3. ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയ വോട്ടർമാരുടെ വേദികൾ കൂടുതൽ കാര്യക്ഷമവും പ്രവർത്തനക്ഷമവും ആകണം. ഇതുവഴിയാണ് പ്രാദേശിക ഭരണകൂടങ്ങളുടെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നത്. അതിനാൽ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ജനങ്ങളിലേക്ക് എത്തിച്ചേരണം. ഇത് എവിടെയും തടസ്സപ്പെട്ടുകൂടാ. അധികാരം ജനങ്ങൾക്കുള്ളതാണ് അത് അവരിലേക്ക് എത്തിക്കുക എന്നതാണ് അധികാരവികേന്ദ്രീകരണം കൊണ്ട് അത്യന്തികമായി പ്രതീക്ഷിക്കുന്നത്.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ -- രണ്ട്

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക**
**ഒരു മാർക്ക് വീതം**

1) അശോക് മേത്ത കമ്മിറ്റി ഏതു വർഷമാണ് രൂപീകരിച്ചത്?
2) പഞ്ചായത്ത് ജുഡീഷ്യൽ കമ്മീഷൻ വേണം എന്ന് നിർദ്ദേശിച്ച കമ്മിറ്റി ഏത്?
3) വികസന പ്രവർത്തനങ്ങൾ ബ്യൂറോക്രസിയുടെ പിടിയിലായെന്ന് പറഞ്ഞ കമ്മിറ്റി ഏത്?
4) അശോക് മേത്ത കമ്മിറ്റിയിൽ കേരളത്തിൽനിന്നുള്ള ഒരു അംഗം ഉണ്ടായിരുന്നു. അത് ആരായിരുന്നു ?
5) ജില്ലാതലത്തിൽ പ്ലാനിംഗ് കമ്മിറ്റി വേണമെന്ന് നിർദ്ദേശിച്ചത് ഏത് കമ്മിറ്റിയാണ്?

**I. പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

1) ന്യായ പഞ്ചായത്ത് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ച കമ്മിറ്റിയാണ് ---------
2) സെൻ കമ്മിറ്റി രൂപീകരിക്കപ്പെട്ട വർഷം--------ആണ്
3) ----------തട്ടുകളായാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ അശോക് മേത്ത കമ്മിറ്റി വിഭാവനം ചെയ്തത്
4) വില്ലേജ് കമ്മിറ്റികൾ വർഷത്തിൽ ------തവണ ഗ്രാമസഭകൾ സംഘടിപ്പിക്കണമെന്ന് എന്ന് അശോക് മേത്ത കമ്മിറ്റി നിർദ്ദേശിച്ചു.
5) ബ്ലോക്ക് തലത്തിലുള്ള പഞ്ചായത്തിന്-----പഞ്ചായത്ത് എന്നാണ് അശോക് മേത്ത കമ്മിറ്റി നിർദേശിച്ചത്.

**II. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**
**അഞ്ച് മാർക്ക് വീതം**

1) അശോക് മേത്ത കമ്മിറ്റിയുടെ പഠന ലക്ഷ്യങ്ങൾ എന്തായിരുന്നു ?
2) ജി വി കെ റാവു കമ്മിറ്റിയുടെ 3 പ്രധാന നിർദ്ദേശങ്ങൾ
3) അശോക് മേത്ത കമ്മിറ്റി നിർദേശിച്ച ജില്ലാ പരിക്ഷത്തിലെ കമ്മിറ്റികളുടെ സംവിധാനം വിശദീകരിക്കുക
4) കീഴ്തല മുൻഗണന എന്നാൽ എന്ത് ?

III. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക
5 മാർക്ക് വീതം

1) സിങ്‌വി കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം ?

2) സെൻ കമ്മിറ്റി മുന്നോട്ടുവെച്ച അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ എന്തെല്ലാം ?

3) സെൻ കമ്മറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം ?

## 6.6 കേരളത്തിലെ ഭരണ പരിഷ്കാര കമ്മീഷനുകൾ

എത്ര ഫലപ്രദമായ സംവിധാനം ആണെങ്കിലും ആ സംവിധാനം അതേപടി ദീർഘകാലം കാര്യക്ഷമമായി മുന്നോട്ട കൊണ്ടുപോകാനാവില്ല. കാലാകാലങ്ങളിൽ അത് മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കണം. അല്ലാത്തപക്ഷം ജീർണ്ണതയായിരിക്കും ഫലം. അതുകൊണ്ട് തുടർച്ചയായ പരിശോധനയും വിലയിരുത്തലും ഒരു സംവിധാനത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്. ഈ ഉദ്ദേശത്തോടെയാണ് ഭരണപരിഷ്കാര കമ്മീഷനുകൾ രൂപീകരിക്കുന്നതും അവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതും. കേരള സംസ്ഥാനം രൂപീകൃതമായ ശേഷം ഇതിനകം നാല് ഭരണപരിഷ്കരണ കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അവ ഓരോന്നും മുന്നോട്ടുവച്ച പ്രധാന ശുപാർശകൾ ഇനി പ്രതിപാദിക്കുന്നു. അതോടൊപ്പം ഒരു കാര്യം കൂടി പ്രത്യേകം പരാമർശിക്കേണ്ടതുണ്ട് അതായത് എല്ലാ കമ്മീഷനുകളും അധികാരവികേന്ദ്രീകരണത്തിനും പഞ്ചായത്തുകളുടെ രൂപീകരണത്തിനും വേണ്ടിയുള്ള നയരൂപീകരണത്തിൽ സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്.

### a) ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ

ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 1957 ൽ കേരളത്തിന്റെ ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കപ്പെട്ടു. ഭരണപരവും ധനപരവുമായി അധികാരമുള്ള ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കണമെന്നും റവന്യൂ വകുപ്പിലെ ജീവനക്കാരെ പഞ്ചായത്തുമായി സംയോജിപ്പിക്കണമെന്നും കമ്മീഷൻ നിർദേശിച്ചു. പഞ്ചായത്തിന്റെ പ്രധാന ചുമതലകളായി കണ്ടെത്തിയത് പഞ്ചായത്ത് പ്രദേശത്തിന്റെ സ്വയംഭരണവും വികസന പ്രവർത്തനങ്ങളുടെ നേതൃത്വവുമാണ് (സ്കൂൾ, ആശുപത്രി തുടങ്ങിയവ). കൂടാതെ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി താലൂക്ക് തലത്തിൽ താലൂക്ക് കൗൺസിൽ രൂപീകരിക്കണമെന്നും നിർദേശിച്ചു. പഞ്ചായത്ത് -മുനിസിപ്പൽ സ്ഥാപനങ്ങളുടെ പ്രവർത്തന ഏകോപനത്തിനുള്ള ഉപദേശം നൽകുക എന്നതാണ് താലൂക്ക് കൗൺസിലിന്റെ ചുമതലയായി നിർദേശിക്കപ്പെട്ടത് . പഞ്ചായത്ത് - മുനിസിപ്പൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുപോകുന്നതിനുള്ള ഉപദേശം നൽകുന്നതിനായി ജില്ലാ കൗൺസിൽ രൂപീകരിക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

## b) രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ

എം.കെ.വെള്ളോടിയുടെ നേതൃത്വത്തിൽ 1965 ൽ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കപ്പെട്ടു. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുമ്പോൾ റവന്യൂ വില്ലേജിന്റെ ഭൂപ്രദേശം ഉൾക്കൊള്ളുന്ന രീതിയിലായിരിക്കണം എന്ന് കമ്മീഷൻ നിർദേശിച്ചു.

സംസ്ഥാന സർക്കാർ പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഫണ്ട് ശേഖരണത്തിലുള്ള പഞ്ചായത്തിന്റെ മികവ് ഒരു മാനദണ്ഡമാകണമെന്ന് നിർദേശിക്കപ്പെട്ടു. ഒന്നാം ഭരണപരിഷ്കാര കമ്മീഷന്റെ നിർദേശത്തിൽ നിന്നു വ്യത്യസ്തമായി താലൂക്ക് പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങളുടെ ചുമതലകൾ നൽകേണ്ടതാണെന്നും നിർദ്ദേശിച്ചു.

## c) മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ

ഇ കെ നായനാരുടെ നേതൃത്വത്തിൽ 1997 ൽ മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. നിർവചിക്കപ്പെട്ട പ്രവർത്തനമേഖലകളും സ്വയംഭരണാധികാരവുമുള്ള പ്രാദേശിക സർക്കാരുകൾ രൂപീകരിക്കുന്നതാണ് അധികാരവികേന്ദ്രീകരണം എന്ന് കമ്മീഷൻ വ്യക്തമാക്കി. ജനങ്ങളുടെ രക്ഷകരായി പ്രാദേശിക ജനപ്രതിനിധികൾ പ്രവർത്തിച്ചുകൊണ്ടും അധികാരം ജനങ്ങളിലേക്ക് കൈമാറിക്കൊണ്ടും സാധാരണ ജനങ്ങളെ ശാക്തീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും നിയന്ത്രണപരമായ ചുമതലകളുടെ വലിയ പങ്ക് നൽകണമെന്നും പൊതുജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും പരാതി പരിഹാര സംവിധാനം ഉണ്ടാകണമെന്നും കമ്മീഷൻ നിർദേശിച്ചു.

## d) നാലാം ഭരണപരിഷ്കാര കമ്മീഷൻ

വി എസ് അച്യുതാനന്ദൻ ചെയർമാനായി 2016 ൽ നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകൃതമായി. ഇനി പറയുന്ന ഏഴ് മുഖ്യ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്മീഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു പോയത്.

1. പൗര കേന്ദ്രീകൃത സേവനങ്ങൾ
2. പരിസ്ഥിതിയും സുസ്ഥിര വികസനവും
3. പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേക്ക്
4. ആസൂത്രണവും ധനകാര്യവും
5. ഫലപ്രാപ്തി ഉള്ളതും കാര്യക്ഷമവുമായ ഭരണം
6. അടിസ്ഥാന സൗകര്യങ്ങൾ-ഉപയോഗവും സംരക്ഷണവും
7. ഉത്തരവാദിത്താധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം

ഈ പ്രമേയങ്ങളെ അടിസ്ഥാനമാക്കി കൊണ്ട് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ 13 റിപ്പോർട്ടുകൾ ഈ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തിന്റെ സമൂലപരിഷ്കരണത്തിനുതകുന്ന നിർദേശങ്ങളടങ്ങിയ 'വിജിലൻസ് സംവിധാനം-പരിഷ്കരണം' എന്ന ആദ്യ റിപ്പോർട്ട് 2017

ൽ സമർപ്പിക്കപ്പെട്ടു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും അവയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളാണ് കമ്മീഷന്റെ പത്താമത് റിപ്പോർട്ടിന്റെ ഉള്ളടക്കം. 2021 ൽ സമർപ്പിച്ച പതിമൂന്നാം റിപ്പോർട്ടിന്റെ ഉള്ളടക്കം സെക്രട്ടറിയേറ്റ് പരിഷ്കരണം, ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളാണ്.

## 6.7 വികേന്ദ്രീകൃതാസൂത്രണ വിലയിരുത്തൽ കമ്മിറ്റി (എം എ ഉമ്മൻ കമ്മിറ്റി)

കേരളത്തിൽ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പിലാക്കി ഒരു ദശകം കഴിഞ്ഞപ്പോൾ അതേക്കുറിച്ച് വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2007 ൽ പ്രൊഫസർ എം എ ഉമ്മൻ ചെയർമാനായി ഒരു കമ്മിറ്റിയെ (Committee for Evaluation of Decentralized Planning and Development) സംസ്ഥാന സർക്കാർ നിയമിച്ചു. വിശദവും ആഴത്തിലുള്ളതുമായ വിലയിരുത്തലിനു ശേഷം 2009 മാർച്ചിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട്, നിലനിൽക്കുന്ന പോരായ്മകളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുതകുന്ന ഒട്ടേറെ ഫലപ്രദമായ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ച റിപ്പോർട്ടാണ് കമ്മിറ്റി സമർപ്പിച്ചത്.

ജനപങ്കാളിത്തം വർധിപ്പിക്കേണ്ടതിന്റെ അനിവാര്യത. ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യശേഷി വികസനം, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് പ്രാദേശിക ഭരണത്തിലുള്ള പങ്കാളിത്തം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം, സേവന ഗുണമേന്മ വർദ്ധനവ്, ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തൽ, ജില്ലാ പദ്ധതിയുടെ പ്രാധാന്യം തുടങ്ങി വികേന്ദ്രീകൃത ആസൂത്രണവും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട സമസ്തമേഖലകളിലും ഈ കമ്മിറ്റി ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി

## 6. 8 ഉദ്ഗ്രഥനത്തിലേക്കും സംയോജനത്തിലേക്കും പുതിയ ചക്രവാളങ്ങൾ

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ, വിശിഷ്യാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ജനങ്ങളോട് ഏറെ അടുത്തു നിൽക്കുന്നതും ജനങ്ങളെ കേൾക്കാൻ തയാറുള്ളതുമായ പ്രാദേശിക സർക്കാരുകളാണ്. ജനനം മുതൽ മരണം വരെയുള്ള കാലയളവിൽ ഓരോ പൗരനും ജനന-മരണ കാര്യങ്ങൾക്ക് ഉൾപ്പെടെ ഒട്ടേറെ കാര്യങ്ങൾക്ക് ബന്ധപ്പെടേണ്ടി വരുന്ന സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാരുകൾ ഇന്ന് മാറിയിരിക്കുന്നു.

ഭരണഘടനയും സംസ്ഥാന നിയമങ്ങളും നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന (ഉദാഹരണം ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, പി എം എ വൈ ഭവന പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ മുതലായവ) ഒട്ടേറെ പദ്ധതികളുടെ നിർവ്വഹണവും അതാത് കാലങ്ങളിൽ സംസ്ഥാന സർക്കാർ ഏൽപ്പിക്കുന്ന ചുമതലകളുടെ (പ്രളയം, കോവിഡ് മുതലായവ ഉദാഹരണം) ഭാഗമായി ചെയ്യേണ്ടിവരുന്ന പ്രവർത്തനങ്ങളും ഒക്കെ കൂടി നിരവധിയായ കാര്യങ്ങളാണ് പ്രാദേശിക സർക്കാരുകൾക്ക് ചെയ്യേണ്ടി

വരുന്നത്. കൂടാതെ ഒട്ടേറെ സ്ഥാപനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും വേറെയും.

എല്ലാതരം പ്രവർത്തനങ്ങളും ഉൾചേർക്കാൻ വിധം അയഞ്ഞ സമീപനത്തോട് കൂടിയുള്ള (flexible) പ്രവർത്തന രീതിയാണ് പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായിട്ടുള്ളത്. കാരണം ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള ഭരണസംവിധാനം എന്ന നിലയ്ക്കും ജനങ്ങൾക്ക് പങ്കാളിത്തമുള്ള സംവിധാനം എന്ന നിലയ്ക്കും എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും താഴെ തലപ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ കഴിയുക അവ പ്രാദേശിക സർക്കാരുകളുടെ പങ്കാളിത്തത്തോടെ ചെയ്യുമ്പോഴാണ്. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിലും കോവിഡ് ദുരിതാശ്വാസ - പ്രതിരോധ പ്രവർത്തനങ്ങളിലും എല്ലാം നാം അത് കണ്ടതാണ്.

വികസന- ക്ഷേമ- സേവനങ്ങൾ നടത്താൻ ചുമതലപ്പെട്ട മിക്കവാറും വകുപ്പുകളുടെ താഴെ തലത്തിലുള്ള സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും ചുമതലയിലും ആണ് (ആരോഗ്യ സ്ഥാപനങ്ങൾ, മൃഗാശുപത്രികൾ, സ്കൂളുകൾ മുതലായവ ഉദാഹരണം). അതുകൊണ്ടുതന്നെ ജനങ്ങൾക്ക് പ്രാപ്യമാകേണ്ട എല്ലാ വികസന - ക്ഷേമ- സേവന പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് / നഗര സ്ഥാപന തലത്തിൽ സംയോജിപ്പിക്കാൻ കഴിയുന്ന ഏറ്റവും അനുയോജ്യമായ പ്ലാറ്റ്ഫോം പ്രാദേശിക സർക്കാരുകളാണ്. അങ്ങനെ സംയോജിപ്പിക്കപ്പെടുമ്പോൾ അവിടെ പുതിയ ചക്രവാളങ്ങൾ നമുക്ക് ദർശിക്കാൻ കഴിയുന്നു. അതെങ്ങനെയെന്നു നോക്കാം.

പ്രാദേശിക ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച്, അവിടെ വകുപ്പുകളില്ല, സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ആണുള്ളത്. അതുകൊണ്ടുതന്നെ ഏതു വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തനവും അവിടെ നടക്കുന്ന മറ്റു പ്രവർത്തനങ്ങളോടൊപ്പം സംയോജിപ്പിക്കാൻ കഴിയും. ആ സംയോജിപ്പിക്കൽ യാന്ത്രികമായ ഒരു ഉൾപ്പെടുത്തലാകാതെ സർഗാത്മ കതയോടെയുള്ള ഒരു ഉൾച്ചേർക്കലാകുമ്പോൾ അത് ഉദ്ഗ്രഥനമാകുന്നു. പലയിടത്തും നടന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത റവന്യൂ, പോലീസ് ഉദ്യോഗസ്ഥർ പോലും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഇണങ്ങി ചേർന്ന് പ്രവർത്തിക്കുന്ന പുതിയ ചക്രവാളങ്ങൾ അവിടെ നമുക്ക് ദർശിക്കാൻ കഴിയുന്നു. ഉദ്ഗ്രഥനത്തിന്റേയും സംയോജനത്തിൻ്റേയും ഏറ്റവും നല്ല സാക്ഷ്യപ്പെടുത്തലുകളാണവ. കൂടാതെ, തദ്ദേശ സ്വയംഭരണ വകുപ്പിനകത്ത് പഞ്ചായത്ത്, ഗ്രാമ വികസനം, നഗരകാര്യം, എഞ്ചിനിയറിങ്. ടൗൺ പ്ലാനിങ് എന്നീ വകുപ്പുകൾ ഏകീകരിച്ച് ഒറ്റ വകുപ്പായിരിക്കുന്നു. ഇതോടെ ത്രിതല പഞ്ചായത്തുകൾ തമ്മിലും നഗരസഭകൾ ഉൾപ്പടെ സ്ഥാപ നങ്ങൾക്കിടയിലും വർദ്ധിച്ച തരത്തിൽ ഉദ്ഗ്രഥനവും സംയോജനവും സാധ്യമാവും.

# പഠന പുരോഗതി സ്വയം വിലയിരുത്തൽ - മൂന്ന്

1 **പൂരിപ്പിക്കുക. ഒരു മാർക്ക് വീതം**

എ ) ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കപ്പെട്ട വർഷം ------------- ആണ്.

ബി ) - - - - - - - - ഭരണപരിഷ്കാര കമ്മീഷന്റെ പത്താമത് റിപ്പോർട്ടിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഉള്ളത്.

സി ) കേരള സംസ്ഥാന രൂപീകരണ ശേഷം ആകെ ------------- ഭരണപരിഷ്കാര കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടുണ്ട്.

2 **പേരെഴുതുക. ഒരു മാർക്ക് വീതം**

എ) താലൂക്ക് കൗൺസിലുകൾ രൂപീകരിക്കണമെന്ന നിർദേശിച്ച ഭരണപരിഷ്കാര കമ്മീഷൻ.

ബി) ജില്ലാ -ബ്ലോക്ക്- പഞ്ചായത്ത് തലങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ വേണമെന്ന് പറഞ്ഞ ഭരണപരിഷ്കാര കമ്മീഷൻ

സി) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഏഴ് മുഖ്യ പ്രമേയങ്ങളിൽ ആദ്യത്തേത് ഏത്?

3 **ചേരും പടി ചേർക്കുക**
**ഒരു മാർക്ക് വീതം**

| | ഭരണപരിഷ്കാര കമ്മീഷൻ | അധ്യക്ഷൻ |
|---|---|---|
| A) | ഒന്ന് | ഇ.കെ. നായനാർ |
| b) | രണ്ട് | എം. കെ.വെള്ളോടി |
| c) | മൂന്ന് | വി. എസ്. അച്യുതാനന്ദൻ |
| d) | നാല് | ഇ. എം. എസ്. നമ്പൂതിരിപ്പാട് |

4 **ശരിയോ തെറ്റോ എന്ന് എഴുതുക**
**ഒരു മാർക്ക് വീതം**

എ) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ പതിമൂന്നാം റിപ്പോർട്ടിൽ സെക്രട്ടേറിയറ്റ് പരിഷ്കരണം നിർദേശിച്ചിട്ടുണ്ട്

ബി) നാലാം ഭരണപരിഷ്കാര കമ്മീഷൻ 2017 ൽ രൂപീകരിക്കപ്പെട്ടു.

സി) പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ തനത് ഫണ്ട് ശേഖരണം ഒരു മാനദണ്ഡം ആക്കണമെന്ന് ഒന്നാം ഭരണപരിഷ്ക്കാര കമ്മീഷൻ നിർദ്ദേശിച്ചു.

.......................................................................................................................

5 **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക**
**3 മാർക്ക് വീതം**

എ) കേരളത്തിലെ ഒന്നാം ഭരണപരിഷ്കാര കമ്മീഷന്റെ പ്രധാന നിർദേശങ്ങൾ എന്തെല്ലാം?

ബി) എന്തുകൊണ്ടാണ് ഭരണപരിഷ്കാര കമ്മീഷനുകൾ അനിവാര്യമാകുന്നത്?

സി) നാലാം ഭരണപരിഷ്ക്കാര കമ്മീഷന്റെ ഏഴ് മുഖ്യ പ്രമേയങ്ങൾ ഏതെല്ലാം?

ഡി) രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ മുന്നോട്ടുവച്ച പ്രധാന നിർദേശങ്ങൾ എന്തെല്ലാം?

ഇ) എം എ ഉമ്മൻ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം ?

## 6.9 സംഗ്രഹം

പഞ്ചായത്ത് സംവിധാനവും പ്രാദേശിക ഭരണവ്യവസ്ഥയും ശക്തിപ്പെടുത്തുന്നതിനായി സ്വാതന്ത്ര്യത്തിനുശേഷം രൂപീകരിക്കപ്പെട്ട വിവിധ കമ്മിറ്റികളെക്കുറിച്ചും അവയുടെ പ്രധാന നിർദേശങ്ങളെക്കുറിച്ചുമുള്ള പരിശോധനയാണ് ഈ യൂണിറ്റിൽ നടത്തിയിട്ടുള്ളത്. പ്രാദേശിക ഭരണസംവിധാനം ഇന്നത്തെ അവസ്ഥയിലേക്ക് എത്തിക്കുന്നതിൽ ഈ കമ്മിറ്റികളുടെ ശുപാർശകളുടെ സ്വാധീനം ഏറെ ഉണ്ടായിട്ടുണ്ടെന്ന് അവ പരിശോധിക്കുന്നതിലൂടെ ബോധ്യപ്പെടുന്നു. അഞ്ചുപേരുടെ പഴയ പഞ്ചായത്ത് സമിതിയിൽ നിന്നും ഇന്ന് കാണുന്ന ശക്തമായ പ്രാദേശിക സർക്കാരുകളായി മാറിയ പ്രാദേശിക ഭരണസംവിധാനം അതിന്റെ പ്രവർത്തന മേഖലകളുടെ അതിരുകൾ ഭേദിച്ചുകൊണ്ടാണ് മുന്നേറിയത് എന്ന് ഇതിൽ വ്യക്തമാക്കപ്പെടുന്നു. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഉണ്ടായ പ്രധാന കമ്മിറ്റികളുടെ ശുപാർശകളുടെ ചുരുക്ക വിവരങ്ങൾ ഈ യൂണിറ്റിൽ വായിച്ചെടുക്കാം. ഭരണ കാര്യക്ഷമതയ്ക്കും, വികസന -ക്ഷേമ-സേവന പ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കും, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും സംയോജനത്തിനും ഉദ്ഗ്രഥനത്തിനും തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള സാധ്യതകളും പരിശോധിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പ്രാദേശിക ഭരണ വ്യവസ്ഥ അതിന്റെ അതിരുകൾ ഭേദിച്ചുകൊണ്ട് പുതിയ ചക്രവാളങ്ങൾ തേടുന്നതിന്റെ ചിത്രമാണ് ഈ യൂണിറ്റ് വരച്ചുകാട്ടുന്നത്.

## 6.10 ഉത്തരങ്ങൾ

### പഠന പുരോഗതി സ്വയം വിലയിരുത്തൽ - ഒന്ന്

I. (1) ശരി (2)ശരി
(3) തെറ്റ് (4) ശരി

II. (1) എഫ് എൽ ബ്രെയിൽ (2) എസ് കെ ഡെ
(3) രവീന്ദ്രനാഥ് ടാഗോർ (4) ഗാന്ധിജി

### ഒരു മാർക്ക് വീതം പഠനപുരോഗതി സ്വയം വിലയിരുത്തൽ - രണ്ട്

I) (1) 1977 (2) സിങ്‌വി കമ്മിറ്റി (3) ജി വി കെ റാവു കമ്മിറ്റി
(4) ഇ എം എസ് നമ്പൂതിരിപ്പാട് (5) അശോക് മേത്ത

II) (1) സിങ്‌വി കമ്മിറ്റി (2) 1996 (3) രണ്ട്
(4) 2 തവണ (5) മണ്ഡൽപഞ്ചായത്ത്

### പഠനപുരോഗതി സ്വയം വിലയിരുത്തൽ - മൂന്ന്

1 (എ ) 1957 (ബി) നാലാം ഭരണ പരിഷ്ക്കാര കമ്മീഷൻ (സി ) 4

2) (എ ) ഒന്നാം ഭരണ പരിഷ്കാര കമ്മീഷൻ
(ബി) മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ
(സി) പൗരകേന്ദ്രീകൃത സേവനങ്ങൾ

3.) (എ ) ഇ എം എസ് നമ്പൂതിരിപ്പാട് (ബി )എം കെ വെള്ളോടി
(സി) ഇ കെ നായനാർ (ഡി) വി എസ് അച്യുതാനന്ദൻ

4.) (എ) ശരി (ബി) തെറ്റ് (സി) തെറ്റ്

## 6.11 സൂചനാപദങ്ങൾ

**1. കമ്മീഷൻ:**

ഒന്നോ അതിലധികമോ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉണ്ടാക്കുന്ന സംവിധാനം

**2. ഭരണപരിഷ്കാര കമ്മീഷൻ:**

ഭരണസംവിധാനത്തിന്റേയും ഉദ്യോഗസ്ഥ സംവിധാനത്തിന്റേയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിക്കുന്ന കമ്മീഷൻ.

3. **പഞ്ചായത്തീരാജ്:**

ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലെ മൂന്ന് തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മൊത്തത്തിൽ പഞ്ചായത്തീരാജ് എന്ന് പറയുന്നു.

4. **വികേന്ദ്രീകരണം:**

ഭരണാധികാരവും വിഭവങ്ങളും ഉത്തരവാദിത്തങ്ങളും താഴെ തട്ടിലേക്ക് നൽകുന്നതിനെ വികേന്ദ്രീകരണം എന്ന് പറയുന്നു.

5. **ത്രിതല പഞ്ചായത്ത് സംവിധാനം:**

ഇന്ത്യയിലെ ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം ഗ്രാമപ്രദേശങ്ങൾക്ക് വേണ്ടി രൂപീകരിക്കുന്ന വില്ലേജ് പഞ്ചായത്ത്, മധ്യതല പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയടങ്ങുന്ന സംവിധാനം .

**6. 12 അധിക വായനയ്ക്ക് / അവലംബം**


1) ബൽവന്ത്റായ് മേത്ത കമ്മിറ്റി റിപ്പോർട്ട് (1957), Report of the Team for the Study of Community Project and National Extension Service, Committee on Plan Projects, New Delhi

2) അശോക്മേത്ത കമ്മിറ്റി റിപ്പോർട്ട് (1978), Report of the committee on Panchayati Raj Institutions, Department of Rural Development, Ministry of Agriculture, Government of India New Delhi

3) ഇ എം എസ് നമ്പൂതിരിപ്പാട് (1978), Note on Ashok Mehta Committee Report

4) ജി വി കെ റാവു കമ്മിറ്റി റിപ്പോർട്ട് (1985), Report of the committee on Administrative Arrangements for Rural Development and Poverty Alleviation, Programmes, Department of Rural Development, Ministry of Agriculture, New Delhi

5) സെൻ കമ്മിറ്റിറി പ്പോർട്ട് (1996), Committee on Decentralisation of Power, Government of Kerala

6) ഇന്ത്യൻ ഭരണഘടന

7) Report of Committee for Evaluation of Decentralized Planning and Development, March 2009

8) കമ്മീഷൻ പ്രവർത്തനങ്ങൾ 2016-2021: നാലാം ഭരണപരിഷ്ക്കാര കമ്മീഷന്റെ (കേരളം) പതിനാലാമത് റിപ്പോർട്ട്, ഏപ്രിൽ 2021